ENTRI

1 Crore User Downloads

# LP-UP

## Free 1000 Questions

## SET-3



**1. മനശാസ്ത്രം വ്യവഹാരത്തിൻറെയും അനുഭവത്തിൻറെയും ശാസ്ത്രമാണ് എന്ന് അഭിപ്രായപ്പെട്ടത് ?**

A) സ്കിന്നർ
B) കർട്ട് കോഫ്ക്ക
C) ജോൺ ഡ്യൂയി
D) മാക്സ് വർതീമർ

**Solution:**

- ക്രോ ആൻഡ് ക്രോ - മനശാസ്ത്രം മാനവ വ്യവഹാരങ്ങളുടെയും മനുഷ്യ ബന്ധങ്ങളുടെയും പഠനമാണ്.
- കർട്ട് കോഫ്ക്ക - മനശാസ്ത്രം ബാഹ്യലോകവുമായി സമ്പർക്കം പുലർത്തുന്ന ജീവികളുടെ വ്യവഹാരത്തിൻറെ ശാസ്ത്രീയ പഠനമാണ്.
- സ്കിന്നർ - മനശാസ്ത്രം വ്യവഹാരത്തിൻറെയും അനുഭവത്തിൻറെയും ശാസ്ത്രമാണ്.

**2. മുന്നേ നേടിയ അറിവ് പ്രയോജനപ്പെടുത്താതെ തന്നെ പുതിയ സന്ദർഭങ്ങളിൽ ചിന്തിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും സഹായിക്കുന്ന ബുദ്ധി ?**

A) ഖര ബുദ്ധി
B) ദ്രവ ബുദ്ധി
C) സാമാന്യ ബുദ്ധി
D) ഇവയൊന്നുമല്ല

**Solution:**

റയ്മണ്ട് കാറ്റലിൻറെ അഭിപ്രായത്തിൽ ബുദ്ധിക്ക് രണ്ട് മുഖങ്ങളുണ്ട്.

1. ഖര ബുദ്ധി
2. ദ്രവ ബുദ്ധി

- ഖര ബുദ്ധി- നേരത്തെ നേടിയ അറിവ് , നൈപുണി , അനുഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി പ്രശനം പരിഹരിക്കുന്നതിന് സഹായിക്കുന്ന ബുദ്ധി.
- ദ്രവ ബുദ്ധി-മുന്നേ നേടിയ അറിവ് പ്രയോജനപ്പെടുത്താതെ തന്നെ പുതിയ സന്ദർഭങ്ങളിൽ ചിന്തിക്കാനും പ്രശ്നങ്ങൾ പരിഹരിക്കാനും സഹായിക്കുന്ന ബുദ്ധി.

**3. താഴെ നൽകിയിരിക്കുന്ന ശരിയായ പ്രസ്താവനകൾ ഏതെല്ലാം:**

1. മനശാസ്ത്രത്തെ അതിൻറെ പ്രായോഗികതയുടെ അടിസ്ഥാനത്തിൽ രണ്ടായി തിരിച്ചിരിക്കുന്നു.
2. കേവല മനശാസ്ത്രം , അപസാമാന്യ മനശാസ്ത്രം എന്നിവയാണ് അവ.
3. സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന മനശാസ്ത്ര ശാഖ- കേവല മനശാസ്ത്രം

A) 1,2 B) 1,2,3 C) 1,3 D) 2,3

**Solution:**

- കേവല മനശാസ്ത്രം- സാമൂഹ്യ ജീവിതവുമായി ബന്ധപ്പെട്ട വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന മനശാസ്ത് ശാഖ.
- പ്രയുക്ത മനശാസ്ത്രം- ശാസ്ത്രം മനുഷ്യന് ഉപയോഗപ്രാദമാകുമ്പോൾ അഥവാ പ്രായോഗിക തലത്തിൽ ആവശ്യമായി വരുമ്പോൾ ആ ശാസ്ത്രം പ്രയുക്ത മനശാസ്ത്രമാകുന്നു.

**4. വിദ്യാഭ്യാസ മനശാസ്ത്രവുമായി ബന്ധപ്പെട്ട് താഴെ നല്കിയിരിക്കുന്നവയിൽ ശരിയല്ലാത്ത പ്രസ്താവനകൾ ഏതെല്ലാം:**

1. വിദ്യാഭ്യാസ മനശാസ്ത്രം ബോധന പഠനങ്ങളെ കൈകാര്യം ചെയ്യുന്ന മനശാസ്ത്ര ശാഖയാണ് എന്ന് അഭിപ്രായപ്പെട്ടത് - പീൽ
2. വിദ്യാഭ്യാസ മനശാസ്ത്രം വിദ്യാഭ്യാസത്തിൻറെ ശാസ്ത്രമാണ് - പീൽ
3. വിദ്യാഭ്യാസ മനശാസ്ത്രം വ്യത്യസ്ത മനശാസ്ത്ര ശാഖകളുടെ സങ്കലനം എന്ന് അഭിപ്രായപ്പെട്ടത് - ഓസ്ബെൽ
4. വിദ്യാഭ്യാസ മനശാസ്ത്രം പ്രയുക്ത മനശാസ്ത്രം ആണ്

A) 1,2 B) 3,4 C) 1 D) 2,3,4

**Solution:**

- കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട സമായോജനം, പഠന പ്രവർത്തനങ്ങൾ, പഠന തന്ത്രങ്ങൾ തുടങ്ങിയവയിലെ മനശാസ്ത്രപരമായ തിരിച്ചറിവുകൾക്ക് വിദ്യാഭ്യാസ മനശാസ്ത്രം സഹായിക്കുന്നു.

- വിദ്യാർത്ഥിയുടെ നേട്ടങ്ങൾ, പഠന പ്രക്രിയ, പഠനത്തിലെ വ്യക്തിഗത വ്യത്യാസങ്ങൾ, പഠന വൈകല്യങ്ങൾ മുതലായവ ഉൾപ്പെടെ ആളുകൾ പഠിക്കുന്ന രീതിയെക്കുറിച്ചുള്ള പഠനമാണ് വിദ്യാഭ്യാസ മനശാസ്ത്രം.
- പ്രായോഗികതയുടെ അടിസ്ഥാനത്തിൽ മനഃശാസ്ത്രത്തെ പ്രയുക്ത മനഃശാസ്ത്രം,കേവല മനശാസ്ത്രമെന്നു രണ്ടായി തിരിച്ചിരിക്കുന്നു.
- വിദ്യാഭ്യാസ മനശാസ്ത്രം പ്രയുക്ത മനഃശാസ്ത്രമാണ്.

## 5. താഴെ നല്കിയിരിക്കുന്നവയിൽ പഠന വക്രത്തിൽ ഉൾപെടുന്നവ ഏതെല്ലാം:

1. ഋജുരേഖാ വക്രം
2. നത മധ്യ വക്രം
3. സമ്മിശ്ര വക്രം
4. പഠന പീഠ വക്രം

A) 1,2,3 B) 1,2,3,4 C) 2,3,4 D) 1,3,4

**Solution:**

- പഠന വക്രം എന്നത് കാലക്രമേണ എന്തെങ്കിലും പഠിക്കുന്നതിൻറെ അല്ലെങ്കിൽ ആവർത്തിച്ചുള്ള അനുഭവങ്ങളുടെ ഗ്രാഫ് രൂപത്തിലുള്ള പ്രതിനിധാനമാണ്.
- പ്രാരംഭ ഘട്ടത്തിൽ പഠനപുരോഗതി മന്ദീഭവിക്കുകയും പിന്നീട് ദ്രുത പുരോഗതിയിൽ എത്തിച്ചേരുകയും ചെയ്യുന്ന പഠന വക്രമാണ് നതമധ്യ വക്രം.
- പഠന വക്രങ്ങൾ - ഋജുരേഖാ വക്രം, നത മധ്യ വക്രം, സമ്മിശ്ര വക്രം, ഉന്മധ്യ വക്രം
- പഠന പീഠ സ്ഥലിയിൽ എത്തുമ്പോൾ പഠന വക്രം X അക്ഷത്തിന് സമാന്തരമായിരിക്കും.

## 6. പഠനപീഠസ്ഥലി എന്നാൽ എന്ത് ?

A) പ്രകടമായ പഠനപുരോഗതി രേഖപ്പെടുത്താൻ കഴിയാത്ത ഒരു ഘട്ടത്തെ സൂചിപ്പിക്കുന്നത്

B) ആവർത്തിച്ചുള്ള പരിശീലനത്തിലൂടെ സിദ്ധിക്കുന്ന പഠന പുരോഗതിയെ ചിത്രീകരിക്കുന്ന രീതിയാണ്

C) ഇംഗ്ലീഷ് അക്ഷരമാലയിലെ 'S ' എന്ന അക്ഷരത്തിനു സമാനമായ പഠനവക്രം

D) ഇവയെല്ലാം

**Solution:**

- വ്യക്തിയുടെ വ്യവഹാര പരിവർത്തനത്തിൽ നിന്ന് അനുമാനിക്കാവുന്ന പ്രക്രിയയാണ് പഠനം.
- ആവർത്തിച്ചുള്ള പരിശീലനത്തിലൂടെ സിദ്ധിക്കുന്ന പഠന പുരോഗതിയെ ചിത്രീകരിക്കുന്ന രീതിയാണ് പഠനവക്രം.
- ഒരു വിദ്യാർത്ഥിക്ക് പഠനകാലത്ത് അനുഭവപ്പെടുന്ന പുരോഗതിയുടെ ഏറ്റക്കുറച്ചിലുകൾ പഠനക്രമത്തിൽ നിന്ന് മനസ്സിലാക്കാൻ സാധിക്കുന്ന പഠനവക്രം - പഠനപീഠസ്ഥലി
- ഇംഗ്ലീഷ് അക്ഷരമാലയിലെ 'S ' എന്ന അക്ഷരത്തിനു സമാനമായ പഠനവക്രം - സമ്മിശ്രവക്രം

## 7. പഠന പ്രക്രിയയുടെ ഭാഗമായി സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഇടം നൽകുന്ന തന്ത്രം ഏത് ?

A) സർഗാത്മക പഠനതന്ത്രങ്ങൾ

B) ചലനാപര ശൈലി

C) നിർമാണാത്മക പഠനതന്ത്രങ്ങൾ

D) പ്രോജക്റ്റ്

**Solution:**

സർഗാത്മക പഠനതന്ത്രങ്ങൾ

- പഠന പ്രക്രിയയുടെ ഭാഗമായി സർഗ്ഗാത്മക പ്രവർത്തനങ്ങൾക്ക് ഇടം നൽകുന്ന തന്ത്രം ആണിത്.
- പാഠഭാഗങ്ങളിലെ ആശയം നാടകം ആക്കൽ, റോൾപ്ലേ , പാവനാടകം , സംഗീത ആവിഷ്കാരം , ചിത്ര വൽക്കരണം, നൃത്താവിഷ്കാരം, ശില്പശാലകൾ എന്നിങ്ങനെ സർഗ്ഗാത്മക സാധ്യതകളെ പ്രയോജനപ്പെടുത്തുന്നതാകാം സർഗ്ഗവാസന കുട്ടികളെ കണ്ടെത്തി പരിപോഷിപ്പിക്കാൻ ഈ രീതി സഹായകമാണ്.

## 8. ചലനാപര ശൈലിയുടെ മികവുകൾ തിരഞ്ഞെടുക്കുക:

1. പഠിതാവിൻറെ ഏകാഗ്രതയോടെയുള്ള പഠനം ഉറപ്പാക്കാൻ സാധിക്കും.

2. പഠനത്തിൻറെ ഭാഗമായി മൂർത്തമായ ബോധന തന്ത്രങ്ങൾ രൂപപ്പെടുന്നു.
3. സർഗ്ഗവാസന കുട്ടികളെ കണ്ടെത്തി പരിപോഷിപ്പിക്കാൻ ഈ രീതി സഹായകമാണ്.

A) 1,2 B) 2,3 C) 1,2,3 D) 1,3

**Solution:**

ചലനാപര ശൈലി (kinesthetic method)

- പഠനത്തിൽ പ്രയോജനപ്പെടുന്ന പഠിതാക്കൾക്ക് ഈ രീതി പ്രയോജനകരമാണ് .

മികവുകൾ

- പഠിതാവിൻറെ ഏകാഗ്രതയോടെയുള്ള പഠനം ഉറപ്പാക്കാൻ സാധിക്കും.
- പഠനത്തിൻറെ ഭാഗമായി മൂർത്തമായ ബോധന തന്ത്രങ്ങൾ രൂപപ്പെടുന്നു.
- ആത്മവിശ്വാസവും ആനന്ദവും ലഭിക്കുന്ന

**9. നിർമാണാത്മക പഠനതന്ത്രങ്ങളിൽ ഉൾപെടുന്നവ തിരഞ്ഞെടുക്കുക:**

1. മോഡലുകൾ നിർമ്മാണം
2. പഠനോപകരണങ്ങൾ പ്രയോജനപ്പെടുത്തി ഉള്ള പഠനം

A) 1 B) 2 C) 1,2 D) ഇവയൊന്നുമല്ല

**Solution:**

നിർമാണാത്മക പഠനതന്ത്രങ്ങൾ

- പഠിതാവിൻറെ ശാരീരികമായ ശേഷി ഉൾക്കൊള്ളുന്ന പ്രവർത്തനങ്ങളാണ് ഈ വിഭാഗത്തിൽ ഉണ്ടാവുക.
- മോഡലുകൾ നിർമ്മാണം ,പഠനോപകരണങ്ങൾ , രൂപങ്ങൾ പ്രയോജനപ്പെടുത്തി തയ്യാറാക്കുന്ന സാമഗ്രികൾ എന്നിവ ഉദാഹരണങ്ങളാണ്.

**10. സർവേയിലെ ഘട്ടങ്ങൾ ക്രമപ്പെടുത്തുക:**

1. വിവരശേഖരണം
2. ആസൂത്രണം
3. നിഗമനങ്ങളിൽ എത്തൽ

4. സാമ്പിൾ തിരഞ്ഞെടുക്കൽ
5. വിവരവിശകലനം

A) 1,2,4,5,3 B) 2,4,1,5,3 C) 1,2,4,3,5 D) 2,3,1,4,5

**Solution:**

സർവ്വേ

വലിയൊരു ഗ്രൂപ്പിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ പഠിക്കുന്നതിന് ഉപയോഗിക്കുന്ന പ്രധാന പഠന തന്ത്രം .

സർവേയിലെ ഘട്ടങ്ങൾ.

1. ആസൂത്രണം
2. സാമ്പിൾ തിരഞ്ഞെടുക്കൽ
3. വിവരശേഖരണം
4. വിവരവിശകലനം
5. നിഗമനങ്ങളിൽ എത്തൽ

**11. സെമിനാറുമായി ബന്ധപ്പെട്ട് ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. ഒന്നിൽ കൂടുതൽ പേർ വിഷയം അവതരിപ്പിക്കുന്നുണ്ടെങ്കിലും പ്രസ്തുത വിഷയത്തിൽ വിവിധ വശങ്ങൾ അവതരിപ്പിക്കാൻ നിർദ്ദേശിക്കാം.
2. തുടർന്ന് ചോദ്യോത്തര സമയവും ചർച്ചയും നടക്കും.
3. ഒടുവിൽ മോഡറേറ്റർ സെമിനാറിലെ ആശയങ്ങൾ ക്രോഡീകരിക്കും.

A) 1,2 B) 1,2,3 C) 2,3 D) 1,3

**Solution:**

സെമിനാർ

- ഒന്നിൽ കൂടുതൽ പേർ വിഷയം അവതരിപ്പിക്കുന്നുണ്ടെങ്കിലും പ്രസ്തുത വിഷയത്തിൽ വിവിധ വശങ്ങൾ അവതരിപ്പിക്കാൻ നിർദ്ദേശിക്കാം
- തുടർന്ന് ചോദ്യോത്തര സമയവും ചർച്ചയും നടക്കും
- ഒടുവിൽ മോഡറേറ്റർ സെമിനാറിലെ ആശയങ്ങൾ ക്രോഡീകരിക്കും.

സംവാദം

- പഠിതാവിൻ്റെ ആശയ വിനിമയ ശേഷി വികസിപ്പിക്കാനും പ്രതിപക്ഷ ബഹുമാനം വളർത്താനും സഹായിക്കും.
- കുട്ടികളുടെ വിമർശന ചിന്തയെ വളർത്തുകയും ഒരു വിഷയത്തിൻ്റെ വിവിധ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യാൻ പ്രാപ്തമാക്കുകയും ചെയ്യും.

**12. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. പഠിതാവിൻ്റെ ആശയ വിനിമയ ശേഷി വികസിപ്പിക്കാനും പ്രതിപക്ഷ ബഹുമാനം വളർത്താനും സംവാദം സഹായിക്കും.
2. സംവാദം കുട്ടികളുടെ വിമർശന ചിന്തയെ വളർത്തുകയും ഒരു വിഷയത്തിൻ്റെ വിവിധ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യാൻ പ്രാപ്തമാക്കുകയും ചെയ്യും.

A) 1 ശരി, 2 ശരി
B) 1 തെറ്റ്, 2 തെറ്റ്
C) 1 ശരി, 2 തെറ്റ്
D) 1 തെറ്റ്, 2 ശരി

**Solution:**

സെമിനാർ

- ഒന്നിൽ കൂടുതൽ പേർ വിഷയം അവതരിപ്പിക്കുന്നുണ്ടെങ്കിലും പ്രസ്തുത വിഷയത്തിൽ വിവിധ വശങ്ങൾ അവതരിപ്പിക്കാൻ നിർദ്ദേശിക്കാം.
- തുടർന്ന് ചോദ്യോത്തര സമയവും ചർച്ചയും നടക്കും.
- ഒടുവിൽ മോഡറേറ്റർ സെമിനാറിലെ ആശയങ്ങൾ ക്രോഡീകരിക്കും.

സംവാദം

- പഠിതാവിൻ്റെ ആശയ വിനിമയ ശേഷി വികസിപ്പിക്കാനും പ്രതിപക്ഷ ബഹുമാനം വളർത്താനും സഹായിക്കും.
- കുട്ടികളുടെ വിമർശന ചിന്തയെ വളർത്തുകയും ഒരു വിഷയത്തിൻ്റെ വിവിധ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യാൻ പ്രാപ്തമാക്കുകയും ചെയ്യും.

**13. താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ ഏതുതരം പഠനതന്ത്രത്തെ കുറിച്ചുള്ളതാണ്**

- രണ്ടോ അതിലധികമോ പഠിതാക്കൾ ഒരു വിഷയത്തെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ യുക്തിസഹമായി അവതരിപ്പിക്കുന്ന ചർച്ച രൂപം.
- വളരെ ജനാധിപത്യ സ്വഭാവമുള്ള ഒരു ആശയവിനിമയ രീതി.

A) സംവാദം B) സെമിനാർ
C) വിശകലനം D) പ്രോജക്ട്

**Solution:**

- സംവാദാത്മക പഠന തന്ത്രമാണ് സംവാദം.
- ജനാധിപത്യ സ്വഭാവമുള്ള ആശയവിനിമയ രീതിയാണിത്.
- കുട്ടികളെ പ്രചോദിപ്പിക്കുകയും ശേഷി വികാസത്തിന് സഹായിക്കുകയും ചെയ്യുന്നു.
- പഠിതാവിൻറെ ആശയ വിനിമയ ശേഷി വികസിപ്പിക്കാനും പ്രതിപക്ഷ ബഹുമാനം വളർത്താനും സംവാദം സഹായിക്കും.
- സംവാദം - കുട്ടികളുടെ വിമർശന ചിന്തയെ വളർത്തുകയും ഒരു വിഷയത്തിൻറെ വിവിധ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യാൻ പ്രാപ്തമാക്കുകയും ചെയ്യും.

**14. ഔപചാരിക ചർച്ച രൂപങ്ങൾ ഏതെല്ലാം:**

1. സംവാദം
2. പാനൽ ചർച്ചകൾ
3. സെമിനാർ
4. സിമ്പോസിയം

A) 1,2 B) 1,2,3,4 C) 2,3,4 D) 1,4,3

**Solution:**

ഒരു നിശ്ചിത ലക്ഷ്യം നേടുന്നതിന് ആശയങ്ങളും വിവരങ്ങളും മുഖാമുഖം കൈമാറുക പ്രക്രിയയാണ് ചർച്ച ചർച്ചകൾ രണ്ടുതരം

1. ഔപചാരികം
2. അനൗപചാരികം

ക്ലാസ് മുറികളിൽ സാധാരണയായി അനൗപചാരിക ചർച്ചകൾ ആണ് നടക്കുന്നത്

## 15. സംവാദാത്മക പഠനതന്ത്രങ്ങൾ ഏതെല്ലാം:

1. ചർച്ച
2. പ്രോജക്ട്
3. സംവാദം
4. സെമിനാർ

A) 1,2,3 B) 1,3,4 C) 2,3,4 D) 1,2,3,4

**Solution:**

- കുട്ടികളുടെ വ്യക്തി വ്യത്യാസം, അഭിരുചി, പഠന ശേഷി എന്നിവ പരിഗണിച്ചുള്ള പഠനതന്ത്രങ്ങൾ ക്ലാസ് റൂമിൽ അധ്യാപകർ സജ്ജമാക്കണം.
- സംവാദാത്മകവും ഗവേഷണാത്മകവും നിർമാണാത്മകവും സർഗാത്മകവുമായ പഠനതന്ത്രങ്ങൾ ആണ് ആവിഷ്കരിക്കേണ്ടത്.

സെമിനാർ

- ഒന്നിൽ കൂടുതൽ പേർ വിഷയം അവതരിപ്പിക്കുന്നുണ്ടെങ്കിലും പ്രസ്തുത വിഷയത്തിൽ വിവിധ വശങ്ങൾ അവതരിപ്പിക്കാൻ നിർദ്ദേശിക്കാം.
- തുടർന്ന് ചോദ്യോത്തര സമയവും ചർച്ചയും നടക്കും.
- ഒടുവിൽ മോഡറേറ്റർ സെമിനാറിലെ ആശയങ്ങൾ ക്രോഡീകരിക്കും.

സംവാദം

- പഠിതാവിൻറെ ആശയ വിനിമയ ശേഷി വികസിപ്പിക്കാനും പ്രതിപക്ഷ ബഹുമാനം വളർത്താനും സഹായിക്കും.
- കുട്ടികളുടെ വിമർശന ചിന്തയെ വളർത്തുകയും ഒരു വിഷയത്തിൻറെ വിവിധ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യാൻ പ്രാപ്തമാക്കുകയും ചെയ്യും.

## 16. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:

1. ഒരു വിഷയത്തിൻറെ ആഴത്തിലുള്ള പഠനമാണ് സംവാദാത്മക പഠനത്തിലൂടെ സാധ്യമാകുന്നത്.
2. ഗ്രൂപ്പ് ചർച്ച , സംവാദം, സെമിനാർ, പാനൽ ചർച്ച , സിമ്പോസിയം തുടങ്ങിയ പഠനതന്ത്രങ്ങളെ സംവദാതമക പ്രവർത്തനങ്ങൾ എന്ന് കരുതി വരുന്നു.

A) 1 ശരി, 2 ശരി
B) 1 തെറ്റ്, 2 തെറ്റ്
C) 1 ശരി, 2 തെറ്റ്
D) 1 തെറ്റ്, 2 ശരി

**Solution:**

- സംവാദത്തിന് വഴിയൊരുക്കുകയും വേദിയൊരുക്കുകയും ചെയ്യുന്ന പഠന രൂപമാണ് സംവാദാത്മക പഠനം.
- ഒരു വിഷയത്തിൻറെ ആഴത്തിലുള്ള പഠനമാണ് സംവാദാത്മക പഠനത്തിലൂടെ സാധ്യമാകുന്നത്.
- തർക്കം, സംവാദം എന്നത് മാത്രമല്ല സംവാദാത്മക പഠനം. രണ്ടോ അതിൽ കൂടുതലോ പേർ അന്യോന്യം അവരുടെ അഭിപ്രായം യുക്തി പൂർവം അവതരിപ്പിക്കുന്നു.അതിന് ബലം നൽകുന്ന സിദ്ധാന്തങ്ങളും തെളിവുകളും നിരത്തുന്നു .
- ഗ്രൂപ്പ് ചർച്ച , സംവാദം, സെമിനാർ, പാനൽ ചർച്ച , സിമ്പോസിയം തുടങ്ങിയ പഠനതന്ത്രങ്ങളെ സംവദാതമക പ്രവർത്തനങ്ങൾ എന്ന് കരുതി വരുന്നു.

**17. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. പഠനാന്തരീക്ഷം , പഠന പ്രക്രിയയെ സ്വാധീനിക്കുന്നില്ല.
2. ഭൗതികവും വൈകാരികവുമായ ശിശു സൗഹൃദ അന്തരീക്ഷം ഓരോ വിദ്യാലയത്തിലും ഉണ്ടാകണം.
3. പഠനാന്തരീക്ഷം സംബന്ധിച്ച സമീപനം പുരോഗമന പരവും പഠനപ്രക്രിയയ്ക്ക് അനുയോജ്യവും ആകണം.

A) 1,2
B) 2,3
C) 1,3
D) 1,2,3

**Solution:**

- പഠന പ്രക്രിയയെ സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകമാണ് ആണ് പഠനാന്തരീക്ഷം അഥവാ (learning Atmosphere)
- ഭൗതികവും വൈകാരികവുമായ ശിശു സൗഹൃദ അന്തരീക്ഷം ഓരോ വിദ്യാലയത്തിലും ഉണ്ടാകണം.
- പഠനാന്തരീക്ഷം സംബന്ധിച്ച സമീപനം പുരോഗമന പരവും പഠനപ്രക്രിയയ്ക്ക് അനുയോജ്യവും ആകണം.
- പഠന പ്രക്രിയ ഫലപ്രദമായി നടക്കണമെങ്കിൽ ക്ലാസ്സ് റൂമിൽ പഠന പ്രവർത്തനം ആസൂത്രണം ചെയ്യണം.
- പ്രവർത്തനാധിഷ്ഠിത പാഠ്യ പദ്ധതിയാണ് കേരളത്തിൽ നിലനിൽക്കുന്നത്.

**18. തന്നിരിക്കുന്ന പ്രസ്താവനകൾ ഏതു തരം പഠന തന്ത്രത്തെ കുറിച്ചുള്ളതാണ് എന്ന് തിരിച്ചറിയുക:**

1. വളരെ ജനാധിപത്യ സ്വഭാവമുള്ള ഒരു ആശയവിനിമയ രീതിയാണ്.
2. കുട്ടികളെ പ്രചോദിപ്പിക്കുകയും ശേഷി വികാസത്തിന് സഹായിക്കുകയും ചെയ്യുന്നു.
3. പഠിതാവിൻറെ ആശയ വിനിമയ ശേഷി വികസിപ്പിക്കാനും പ്രതിപക്ഷ ബഹുമാനം വളർത്താനും സഹായിക്കുന്നു.

A) സംവാദം
B) പാനൽ ചർച്ചകൾ
C) സെമിനാർ
D) സിമ്പോസിയം

**Solution:**

സംവാദം

- രണ്ടോ അതിലധികമോ പഠിതാക്കൾ ഒരു വിഷയത്തെ സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങൾ യുക്തിസഹമായി അവതരിപ്പിക്കുന്ന ചർച്ച രൂപം ആണ് സംവാദം.
- വളരെ ജനാധിപത്യ സ്വഭാവമുള്ള ഒരു ആശയവിനിമയ രീതിയാണ്.
- കുട്ടികളെ പ്രചോദിപ്പിക്കുകയും ശേഷി വികാസത്തിന് സഹായിക്കുകയും ചെയ്യും
- പഠിതാവിൻറെ ആശയ വിനിമയ ശേഷി വികസിപ്പിക്കാനും പ്രതിപക്ഷ ബഹുമാനം വളർത്താനും സഹായിക്കും.
- കുട്ടികളുടെ വിമർശന ചിന്തയെ വളർത്തുകയും ഒരു വിഷയത്തിൻറെ വിവിധ കാഴ്ചപ്പാടുകൾ വിശകലനം ചെയ്യാൻ പ്രാപ്തമാക്കുകയും ചെയ്യും.

**19. ശരിയായ പ്രസ്താവന തിരഞ്ഞെടുക്കുക:**

1. സംയോജിത വിദ്യാഭ്യാസം, സങ്കലിത വിദ്യാഭ്യാസം, ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസം എന്നെല്ലാം പറയുന്നത് സവിശേഷ പരിഗണന അർഹിക്കുന്ന കുട്ടികളെ മറ്റു കുട്ടികൾക്കൊപ്പമിരുത്തി വിദ്യാഭ്യാസം നൽകുന്നതിനെയാണ്.
2. സമൂഹവുമായി ഇടപഴകി ജീവിക്കുന്നതിന് സഹായകമായ പരിശീലനമാണ് ഉൾപ്പെടുത്തിയുള്ള വിദ്യാഭ്യാസത്തിലൂടെ കുട്ടിക്ക് ലഭിക്കുക.
3. ആലേഖനവൈകല്യം പഠനവൈകല്യത്തിൽ പെടുന്നു.

A) 1,2,3 B) 2,3 C) 1,3 D) 1,2

**Solution:**

- വിവരങ്ങൾ സ്വീകരിക്കുന്നതിനും അവ സംവിധാനം ചെയ്യുന്നതിനുമുള്ള തലച്ചോറിൻറെ കഴിവിനെ ബാധിക്കുന്ന തകരാറാണ് പഠനവൈകല്യം.
- പഠനവൈകല്യം ന്യൂറോളജിപരമായ വൈകല്യമുള്ളതുമൂലമാണ് സംഭവിക്കുന്നത്.
- വായനയിലുള്ള വൈകല്യം ഡിസ്ലെക്സിയ (Dyslexia) ഡിസ് ലെക്സിയ എന്ന ഗ്രീക്ക് പദത്തിൻറെ അർഥം 'വാക്കുകളുമായി ബന്ധപ്പെട്ട ബുദ്ധിമുട്ട്' എന്നാണ്.
- വാക്കിലെ അക്ഷരങ്ങൾ മാത്രമായും വാചകത്തിലെ വാക്കുകൾ മാത്രമായും വായിക്കുക , വാക്കുകൾ തെറ്റിച്ചു വായിക്കുക, പിന്നിലേക്ക് വായിക്കുക, എവടെ നിറുത്തണമെന്ന് അറിയാത്ത രീതിയിൽ വായിക്കുക എന്നിങ്ങനെ പല രീതിയിലാണ് ഡിസ്ലെക്സിയ

**20. ഡിസ്ലെക്സിയയുമായി ബന്ധപ്പെട്ട പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. ഇത് ഒരു പഠനവൈകല്യമാണ്.
2. വായനയിലുള്ള വൈകല്യം.
3. എഴുതുന്നതിലുള്ള വൈകല്യം.
4. വാക്കിലെ അക്ഷരങ്ങൾ മാത്രമായും വാചകത്തിലെ വാക്കുകൾ മാത്രമായും വായിക്കുക.

A) 1,2,3,4 B) 1,2,4 C) 2,3,4 D) 1,3,4

**Solution:**

- വായനയിലുള്ള വൈകല്യം ഡിസ്ലെക്സിയ (Dyslexia) ഡിസ് ലെക്സിയ എന്ന ഗ്രീക്ക് പദത്തിൻറെ അർഥം 'വാക്കുകളുമായി ബന്ധപ്പെട്ട ബുദ്ധിമുട്ട്' എന്നാണ്.
- വാക്കിലെ അക്ഷരങ്ങൾ മാത്രമായും വാചകത്തിലെ വാക്കുകൾ മാത്രമായും വായിക്കുക , വാക്കുകൾ തെറ്റിച്ചു വായിക്കുക, പിന്നിലേക്ക് വായിക്കുക, എവടെ നിറുത്തണമെന്ന് അറിയാത്ത രീതിയിൽ വായിക്കുക എന്നിങ്ങനെ പല രീതിയിലാണ് ഡിസ്ലെക്സിയ.

**21. ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. കുട്ടികളിൽ കാണുന്ന വായന വൈകല്യത്തിന് പറയുന്ന പേര് : ഡിസ്ലെക്സിയ
2. ഡിസ്ഫാസിയ : കുട്ടികളിൽ കാണുന്ന ആശയപ്രകടന വൈകല്യം
3. ഡിസ് കാൽക്കുലിയ : ഗണിത ക്രിയകൾ ചെയ്യാനുള്ള വൈകല്യം

A) 1,2,3 B) 1,2 C) 2,3 D) 1,3

**Solution:**

- പഠന വൈകല്യത്തിൻറെ ലക്ഷണങ്ങൾ - വായനാവൈകല്യം,എഴുത്തിലെ വൈകല്യങ്ങൾ,രചനാവൈകല്യം,കണക്കിൽ വൈഷ്യമം,നാമ വൈകല്യം
- വായനയിലുള്ള വൈകല്യം ആണ് ഡിസ്ലക്സിയ എന്ന പദത്തിൻറെ അർത്ഥം.
- പദം രൂപം കൊണ്ടത് ഗ്രീക്ക് ഭാഷയിൽ നിന്നാണ്.
- വാക്കിലെ അക്ഷരങ്ങൾ മാത്രമായും, വാചകത്തിലെ വാക്കുകൾ മാത്രമായും,വാക്കുകൾ തെറ്റിച്ച് വായിക്കുക, പിന്നിലേക്ക് വായിക്കുക ഇവയാണ് ലക്ഷണങ്ങൾ .

**22. തന്നിരിക്കുന്നവയിൽ നിന്നും ഒരു അധ്യാപകന് പഠിതാവിന്റെ പഠന വൈകല്യം പരിഹരിക്കുവാൻ ചെയ്യാവുന്ന കാര്യങ്ങൾ തിരഞ്ഞെടുക്കുക:**

1. പഠിതാവിന്റെ പഠന വൈകല്യം അവലോകനം ചെയ്യുക.
2. പഠനത്തിൽ പ്രചോദനം/ ആത്മവിശ്വാസം നൽകുക.
3. പഠന വൈകല്യത്തെ കുറിച്ചുള്ള മുൻവിധികളെ മാറ്റി നിർത്തുവാൻ കൗൺസിലിംഗ് നൽകുക.

A) 1,2,3 B) 1,2 C) 2,3 D) 1,3

**Solution:**

പഠന വൈകല്യം എന്നു പറയുന്നത് ഒരു കുട്ടിയുടെ നല്ല കഴിവുകളും അവന്റെ താഴ്ന്ന പഠന നിലവാരവും തമ്മിലുള്ള അന്തരമാണ്. പഠിതാവിന്റെ പഠന വൈകല്യം പരിഹരിക്കുന്ന നടപടി ക്രമങ്ങളെ 4 വിധം തരംതിരിക്കാം

1. പഠിതാവിന്റെ പഠന വൈകല്യം അവലോകനം ചെയ്യുക, റീ -ടീച്ചിംഗ് ചെയ്യുക.

2. പഠനത്തിൽ പ്രചോദനം/ ആത്മവിശ്വാസം നൽകുക.
3. പഠന വൈകല്യത്തെ കുറിച്ചുള്ള മുൻവിധികളെ മാറ്റി നിർത്തുവാൻ കൗൺസിലിംഗ് നൽകുക.
4. വർഷാവസാനമോ ടേമനുസരിച്ചോ പരീക്ഷകളിലോ പ്രവർത്തനങ്ങളിലോ പഠിതാക്കൾ എത്രമാത്രം അറിവ് കൈവരിച്ചു എന്ന് അവലോകനം ചെയ്യുക.

## 23. ശരിയായ പ്രസ്താവനകൾ ഏതെല്ലാം

1. പഠന വൈകല്യം എന്നു പറയുന്നത് ഒരു കുട്ടിയുടെ നല്ല കഴിവുകളും അവന്റെ താഴ്ന്ന പഠന നിലവാരവും തമ്മിലുള്ള അന്തരമാണ്.
2. പഠനത്തിൽ പിന്നാക്കമായ കുട്ടികളെ നേരത്തെ കണ്ടെത്തി അവർക്കു ഉതകുന്ന രീതിയിൽ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങൾ ക്രമീകരിക്കുന്ന മൂല്യനിർണ്ണയ രീതിയാണ് ഡയഗ്നോസ്റ്റിക് ഇവാലുവേഷൻ.
3. പഠിതാവിന്റെ പഠന വൈകല്യം പരിഹരിക്കുന്ന നടപടി ക്രമങ്ങളെ 2 വിധം തരംതിരിക്കാം

A) ഒന്ന് മാത്രം
B) ഒന്നും രണ്ടും മാത്രം
C) രണ്ട് മാത്രം
D) എല്ലാം ശരിയാണ്

**Solution:**

പഠിതാവിന്റെ പഠന വൈകല്യം പരിഹരിക്കുന്ന നടപടി ക്രമങ്ങളെ 4 വിധം തരംതിരിക്കാം

1. പഠിതാവിന്റെ പഠന വൈകല്യം അവലോകനം ചെയ്യുക, റീ -ടീച്ചിംഗ് ചെയ്യുക.
2. പഠനത്തിൽ പ്രചോദനം/ ആത്മവിശ്വാസം നൽകുക.
3. പഠന വൈകല്യത്തെ കുറിച്ചുള്ള മുൻവിധികളെ മാറ്റി നിർത്തുവാൻ കൗൺസിലിംഗ് നൽകുക.
4. വർഷാവസാനമോ ടേമനുസരിച്ചോ പരീക്ഷകളിലൂടെയോ പ്രവർത്തനങ്ങളിലൂടെയോ പഠിതാക്കൾ എത്രമാത്രം അറിവ് കൈവരിച്ചു എന്ന് അവലോകനം ചെയ്യുക.

**24. പഠന വൈകല്യം പ്രകടിപ്പിക്കുന്ന ഒരു കുട്ടിയുടെ സ്വഭാവസവിശേഷതകൾ തിരഞ്ഞെടുക്കുക:**

1. വസ്തുതകളും പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിനും സംയോജിപ്പിക്കുന്നതിനും വിഷമം നേരിടുന്നു.
2. വേഗത്തിൽ വൈകാരിക സംഘർഷങ്ങൾക്ക് അടിമപ്പെടുന്നു.
3. ഏകാഗ്രത ഇല്ലായ്മ.
4. സംസാരത്തിനും പഠനത്തിനും കാര്യമായ ന്യൂനതകൾ ദർശിക്കാൻ കഴിയില്ല

A) 1,2,3,4 B) 1,2,3 C) 2,3,4 D) 1,3,4

**Solution:**

പഠന വൈകല്യം എന്നു പറയുന്നത് ഒരു കുട്ടിയുടെ നല്ല കഴിവുകളും അവന്റെ താഴ്ന്ന പഠന നിലവാരവും തമ്മിലുള്ള അന്തരമാണ്. പഠിതാവിന്റെ പഠന വൈകല്യം പരിഹരിക്കുന്ന നടപടി ക്രമങ്ങളെ 4 വിധം തരംതിരിക്കാം

1. പഠിതാവിന്റെ പഠന വൈകല്യം അവലോകനം ചെയ്യുക, റീ -ടീച്ചിംഗ് ചെയ്യുക.
2. പഠനത്തിൽ പ്രചോദനം/ ആത്മവിശ്വാസം നൽകുക.
3. പഠന വൈകല്യത്തെ കുറിച്ചുള്ള മുൻവിധികളെ മാറ്റി നിർത്തുവാൻ കൗൺസിലിംഗ് നൽകുക.
4. വർഷാവസാനമോ ടേമനുസരിച്ചോ പരീക്ഷകളിലോ പ്രവർത്തനങ്ങളിലോ പഠിതാക്കൾ എത്രമാത്രം അറിവ് കൈവരിച്ചു എന്ന് അവലോകനം ചെയ്യുക.

**25. 10-13 വയസ്സ് വരെ ഉള്ളവരിൽ കാണപ്പെടുന്ന പഠന വൈകല്യങ്ങൾ:**

1. എല്ലാം അടുക്കി വെക്കാൻ കഴിയാതിരിക്കുക
2. ഉച്ചാരണ ശബ്ദങ്ങളും വാക്കുകളും തമ്മിൽ ബന്ധപ്പെടുത്താൻ കഴിയാതെ വരുക
3. വായനയോടും എഴുത്തിനോടും വിമുഖത കാണിക്കുക

A) 1,2,3 B) 1,2 C) 2,3 D) 1,3

**Solution:**

10-13 വയസ്സ് വരെ ഉള്ളവരിൽ കാണപ്പെടുന്ന പഠന വൈകല്യങ്ങൾ:

1. കൂട്ടി വായിക്കാനുള്ള ബുദ്ധിമുട്ട്
2. ഗണിതത്തിൽ പിന്നോട്ട് പോകുക.
3. വായനയോടും എഴുത്തിനോടും വിമുഖത കാണിക്കുക.
4. ഉറക്കെ വായിക്കാൻ വിസമ്മതിക്കുക.
5. മോശം കൈയ്യെഴുത്ത്.
6. എല്ലാം അടുക്കി വെക്കാൻ കഴിയാതിരിക്കുക.
7. ഒരേ എഴുത്തിൽ തന്നെ ഒരു വാക്ക് പല രീതിയിലാകുക.

**26. 10-13 വയസ്സ് വരെ ഉള്ളവരിൽ കാണപ്പെടുന്ന പഠന വൈകല്യങ്ങളിൽ പെടാത്തത് ഏവ:**

1. ഉറക്കെ വായിക്കാൻ വിസമ്മതിക്കുക. മോശം കൈയ്യെഴുത്ത്.
2. ശബ്ദങ്ങൾ കൂട്ടിച്ചേർക്കാൻ ബുദ്ധിമുട്ട്.
3. വായിക്കുമ്പോൾ ചെറിയ വാക്കുകൾ കൊണ്ട് പോലും ആശയക്കുഴപ്പമുണ്ടാകുന്നു.
4. എല്ലാം അടുക്കി വെക്കാൻ കഴിയാതിരിക്കുക.

A) 1,2 B) 2,3 C) 3,4 D) 1,4

**Solution:**

10-13 വയസ്സ് വരെ ഉള്ളവരിൽ കാണപ്പെടുന്ന പഠന വൈകല്യങ്ങൾ:

- കൂട്ടി വായിക്കാനുള്ള ബുദ്ധിമുട്ട്.
- ഗണിതത്തിൽ പിന്നോട്ട് പോകുക.
- വായനയോടും എഴുത്തിനോടും വിമുഖത കാണിക്കുക.
- ഉറക്കെ വായിക്കാൻ വിസമ്മതിക്കുക.
- മോശം കൈയ്യെഴുത്ത്.
- എല്ലാം അടുക്കി വെക്കാൻ കഴിയാതിരിക്കുക.
- ഒരേ എഴുത്തിൽ തന്നെ ഒരു വാക്ക് പല രീതിയിലാകുക.

**27. തന്നിരിക്കുന്നവയിൽ നിന്നും 5-9 വയസ്സ് വരെയുള്ള കുട്ടികളുടെ പഠന വൈകല്യങ്ങൾ തിരഞ്ഞെടുക്കുക:**

1. ഉറക്കെ വായിക്കാൻ വിസമ്മതിക്കുക. മോശം കൈയ്യെഴുത്ത്.
2. എല്ലാം അടുക്കി വെക്കാൻ കഴിയാതിരിക്കുക.
3. ഒരേ എഴുത്തിൽ തന്നെ ഒരു വാക്ക് പല രീതിയിലാകുക.

A) 1,2,3 B) 1,2 C) 2,3 D. 1,3

**Solution:**

5-9 വയസ്സ് വരെയുള്ള കുട്ടികളുടെ പഠന വൈകല്യങ്ങൾ

- കുട്ടി വായിക്കാനുള്ള ബുദ്ധിമുട്ട്.
- ഗണിതത്തിൽ പിന്നോട്ട് പോകുക.
- വായനയോടും എഴുത്തിനോടും വിമുഖത കാണിക്കുക.
- ഉറക്കെ വായിക്കാൻ വിസമ്മതിക്കുക.
- മോശം കൈയ്യെഴുത്ത്.
- എല്ലാം അടുക്കി വെക്കാൻ കഴിയാതിരിക്കുക.
- ഒരേ എഴുത്തിൽ തന്നെ ഒരു വാക്ക് പല രീതിയിലാകുക.

**28. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനു വേണ്ടി ചുവടെകൊടുത്തിരിക്കുന്നവയിൽ ഏതൊക്കെ സൗകര്യങ്ങൾ ആണ് ഒരുക്കേണ്ടത് ?**

A) അനുരൂപീകരിച്ച പാഠപുസ്തകങ്ങൾ

B) പ്രവർത്തനപുസ്തകങ്ങൾ

C) റിസോഴ്സ് അധ്യാപകർ

D) ഇവയെല്ലാം

**Solution:**

- ഭിന്നശേഷിക്കാരായവർക്ക് പൊതുവിദ്യാഭ്യാസവും പുന:രധിവാസവും അന്യമായിരുന്ന ഒരു കാലഘട്ടം തന്നെ ഉണ്ടായിരുന്നു.
- പിന്നീട് ആഗോളാടിസ്ഥാനത്തിൽ തന്നെ ഉടലെടുത്ത ചിന്തകളുടെയും ധാരണകളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്കും അനുയോജ്യമായ വിദ്യാഭ്യാസം നൽകണമെന്ന ധാരണ ഉടലെടുത്തു.
- അതിൻറെ ഫലമായി സവിശേഷ വിദ്യാഭ്യാസം (Special Education ) സവിശേഷ വിദ്യാലയങ്ങൾ (Special School )എന്നിവ ആരംഭിച്ചു.

**29. വാചികവും അവാചികവുമായ ആശയവിനിമയവും അതോടൊപ്പം സാമൂഹ്യപരമായ ഇടപെടലിനും പ്രതികൂലമായി ബാധിക്കുന്ന വികാസ വൈകല്യമാണ് ?**

A) സെറിബ്രൽ പാൾസി

B) എപിലെപ്സി

C) ഓട്ടിസം

D) ഇവയൊന്നുമല്ല

**Solution:**

- കുട്ടികളിലെ ബുദ്ധിവികാസവുമായി ബന്ധപ്പെട്ട് കാണുന്ന ഒരു മാനസിക വ്യതിയാനമാണ് ഓട്ടിസം.
- ഓട്ടിസം ബാധിച്ച കുട്ടികളുടെ പ്രധാന ലക്ഷണം തനിച്ചിരിക്കാനുള്ള ഇഷ്ടമാണ്.
- ഇത് കുട്ടികളുടെ ആശയവിനിമയ ശേഷിയെയും സഹവർത്തിത്വ ശേഷിയെയുമാണ് കാര്യമായി ബാധിക്കുന്നത്.
- സവിശേഷമായ ചില പ്രത്യേക കഴിവുകൾ ഓട്ടിസത്തെ ഒരു മാനസിക വൈകല്യത്തിനേക്കാൾ ഒരു മാനസിക അവസ്ഥയായി കാണാൻ മനശാസ്ത്രജ്ഞരെ പ്രേരിപ്പിക്കുന്നു.

**30. അശ്രദ്ധാപരമായി ക്ലാസിൽ ഇരിക്കുന്ന ഒരു കുട്ടിയെ എങ്ങനെ കൈകാര്യം ചെയ്യാം?**

A) കുട്ടിയെ അവഗണിക്കുക

B) കുട്ടിയെ മുൻനിരയിൽ ഇരിക്കാൻ അനുവദിക്കുക

C) പരമാവധി പഠനോപകരണങ്ങൾ ക്ലാസിൽ ഉപയോഗിക്കുക

D) ചെറിയ ഇടവേളകളിലൂടെ വൈവിധ്യമാർന്ന പഠനസാഹചര്യങ്ങൾ ഒരുക്കുക

**Solution:**

- ഭിന്നശേഷിക്കാരായവർക്ക് പൊതുവിദ്യാഭ്യാസവും പുന:രധിവാസവും അന്യമായിരുന്ന ഒരു കാലഘട്ടം തന്നെ ഉണ്ടായിരുന്നു.
- പിന്നീട് ആഗോളാടിസ്ഥാനത്തിൽ തന്നെ ഉടലെടുത്ത ചിന്തകളുടെയും ധാരണകളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്കും അനുയോജ്യമായ വിദ്യാഭ്യാസം നൽകണമെന്ന ധാരണ ഉടലെടുത്തു.
- അതിൻറെ ഫലമായി സവിശേഷ വിദ്യാഭ്യാസം (Special Education ) സവിശേഷ വിദ്യാലയങ്ങൾ (Special School )എന്നിവ ആരംഭിച്ചു.

**31. ഭിന്നശേഷിക്കാരായ വ്യക്തികളുടെ അവകാശങ്ങൾക്ക് പിന്തുണയേകുന്ന ആക്ട് ?**

A) ആർ ടി ഇ ആക്ട്

B) ആർ ടി ഐ ആക്ട്

C) പി ഡബ്ല്യു ഡി ആക്ട്

D) പോക്സോ ആക്ട്

**Solution:**

- പേഴ്സൺ വിത്ത് ഡിസെബിലിറ്റി ആക്ട് ( PWD Act )പ്രാബല്യത്തിൽ വന്നത് - 1996
- ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഐക്യരാഷ്ട്രസംഘടന(UNO) 2006 ൽ നടത്തിയ ആഗോള സമ്മേളനത്തിൻറെ റിപ്പോർട്ടിൽ ഉൾച്ചേർന്ന വിദ്യാഭ്യാസത്തെ കുറിച്ച് പരാമർശിക്കുന്നു.
- സമപ്രായക്കാരായ സാധാരണ വിദ്യാർത്ഥികളും ഭിന്നശേഷിക്കാരായവരും ഒരു ക്ലാസ് മുറിയിൽ ഒരുമിച്ചിരുന്ന് പഠനം നിർവഹിക്കുമ്പോൾ അറിവിന്റെയും താൽപര്യത്തിൻറെയും അഭിപ്രേരണ യുടെയും തലത്തിൽ കൂടുതൽ ഉയർച്ച വരുന്നു.

**32. കാഴ്ചക്കുറവുള്ള കുട്ടികൾക്ക് പഠനപ്രവർത്തനങ്ങൾ നൽകുമ്പോൾ ഊന്നൽ നൽകേണ്ടത് ഏതിനാണ്?**

A) കുട്ടികളെ തനിച്ചിരുത്തി പ്രവർത്തനങ്ങൾ നൽകണം

B) ധാരാളം ശ്രവണസന്ദർഭങ്ങൾ ഒരുക്കണം

C) സംഘപ്രവർത്തനങ്ങൾ കൂടുതലായി നൽകണം

D) അച്ചടി സാമഗ്രികൾ കൂടുതലായി ഉപയോഗിക്കണം

**Solution:**

പ്രത്യേക പരിഗണന അർഹിക്കുന്നവരെ പല വിഭാഗങ്ങളായി തരംതിരിക്കാം-

1. കാഴ്ചാ പരിമിതി (Visual impairment )
2. കേൾവിക്കുറവ് (Hearing impairment )
3. ശാരീരിക വെല്ലുവിളി (Loco motor impairment)
4. മാനസീക വെല്ലുവിളി
5. പഠനവൈകല്യം
6. ഓട്ടിസം
7. ബുദ്ധിപരമായ പരിമിതി
8. Attention Deficit and Hyperactivity Disorder (ADHD)

**33. ഭാഷാ പഠനം, സ്വീകരണ പഠനം, വിശദീകരണ പഠനം എന്നീ സജ്ഞകൾക്ക് ഊന്നൽ കൊടുത്ത മനശാസ്ത്രജ്ഞൻ?**

A) ഒസുബെൽ
B) പിയാഷെ
C) പാവ്ലോവ്
D) ഇവയൊന്നുമല്ല

**Solution:**

- ഭാഷാ പഠനം,സ്വീകരണ പഠനം,വിശദീകരണ പഠനം എന്നീ സംജ്ഞകൾ ഊന്നിപ്പറഞ്ഞത് ഒസബെൽ ആണ്.
- മനഃപാഠമാക്കൽ പഠിതാക്കളുടെ വിജ്ഞാനാർജ്ജന ശേഷികളെ നശിപ്പിക്കുന്നതിനും സ്വീകരിക്കുന്ന വിജ്ഞാനം മറന്നു പോകുന്നതിനും ഇടവരുത്തുമെന്നും ചൂണ്ടിക്കാട്ടിയത് ഒസബെൽആണ്.
- അർത്ഥപൂർണ്ണമായ ഭാഷാപഠനം എങ്ങനെ നിർവ്വഹിക്കണമെന്ന് വിശദമാക്കാൻ വേണ്ട ഒസബെൽ രൂപകൽപ്പന ചെയ്ത അടിസ്ഥാന ധാരണയാണ് അഡ്വാൻസ്ഡ് ഓർഗനൈസർ.
- പുതിയ പാഠ്യവസ്തുക്കളെ മുമ്പ് പഠിപ്പിച്ച പാഠ്യവസ്തുക്കളുമായി ബന്ധിപ്പിക്കുന്ന പാലമായാണ് അഡ്വാൻസ്ഡ് ഓർഗനൈസർ വർത്തിക്കുന്നത്.

**34. തന്നിരിക്കുന്നവയിൽ ആഗമനരീതി പ്രയോജനപ്പെടുത്തുന്ന പഠനരീതികൾ ഏതൊക്കെ ?**

1. അന്വേഷണാത്മക പഠനം
2. പ്രശ്നാധിഷ്ഠിത പഠനം
3. പ്രോജക്റ്റ് രീതിയിലുള്ള പഠനം

A) 1 & 2
B) 2 & 3
C) 2 & 3
D) 1, 2 & 3

**Solution:**

- അന്വേഷണാത്മക പഠനം, പ്രശ്നാധിഷ്ഠിത പഠനം, പ്രോജക്റ്റ് രീതിയിലുള്ള പഠനം എന്നിവയിൽ ആഗമന രീതി പ്രയോജനപ്പെടുത്തുന്നു.
- അന്വേഷണാത്മക പഠനം, പ്രശ്നാധിഷ്ഠിത പഠനം, പ്രോജക്റ്റ് രീതിയിലുള്ള പഠനം എന്നിവ ശിശുകേന്ദ്രീകൃത പഠനരീതികൾ ആണ്.

- ആഗമന രീതി അദ്ധ്യാപക കേന്ദ്രീകൃതമാണ്. നിരവധി ഉദാഹരണങ്ങളിലൂടെ ഒരു പൊതു തത്വത്തിൽ എത്തുന്നതാണ് ആഗമനരീതി.

## 35. താഴെ പറയുന്ന മനശാസ്ത്ര ശാഖകളിൽ കേവല മനശാസ്ത്ര ശാഖയുമായി ബന്ധമില്ലാത്തത് ഏത് ?

A) സാമാന്യ മനശാസ്ത്രം
B) സാമൂഹ്യ മനശാസ്ത്രം
C) പരീക്ഷണ മനശാസ്ത്രം
D) വിദ്യാഭ്യാസ മനശാസ്ത്രം

**Solution:**

- സാമാന്യ മനശാസ്ത്രം,സാമൂഹ്യ മനശാസ്ത്രം, പരീക്ഷണ മനശാസ്ത്രം എന്നിവ കേവല മനശ്ശാസ്ത്രത്തിൻെറ ശാഖകളാണ്.
- വിദ്യാഭ്യാസ മനശാസ്ത്രം പ്രയുക്ത മനശാസ്ത്ര ശാഖയാണ്.

## 36. പ്രയോഗതലത്തിൽ ഉപയോഗിക്കുന്ന മനശാസ്ത്ര ശാഖയാണ്?

A) പരീക്ഷണ മനശാസ്ത്രം
B) കേവല മനശാസ്ത്രം
C) പ്രയുക്ത മനശാസ്ത്രം
D) സാമൂഹിക മനശാസ്ത്രം

**Solution:**

- പ്രയുക്ത മനശാസ്ത്രം.
- ശാസ്ത്രം മനുഷ്യന് ഉപയോഗപ്രദമാവുമ്പോൾ പ്രയോഗതലത്തിൽ ആവശ്യമായി വരുമ്പോൾ ആ ശാസ്ത്രം പ്രയുക്ത മനശാസ്ത്രമായി.
- മനശാസ്ത്രം പ്രയോഗ തലത്തിൽ അധിഷ്ഠിതമാണ്.

## 37. ഗാർഡനറിൻെറ ബഹുമുഖ ബുദ്ധി സിദ്ധാന്തപ്രകാരം എത്ര തരം ബുദ്ധി നിർവചിച്ചിരിക്കുന്നു ?

A) 10
B) 11
C) 9
D) ഇവയൊന്നുമല്ല

**Solution:**

ബഹുമുഖ ബുദ്ധി സിദ്ധാന്തം

- മനുഷ്യൻറെ ബുദ്ധി ബഹുമുഖമാണെന്ന അഭിപ്രായക്കാരനായിരുന്നു ജ്ഞാതൃവാദിയായ ഗാർഡ്നർ.
- മസ്തിഷ്കാഘാതം സംഭവിച്ചവർ, പ്രതിഭാശാലികൾ, പ്രത്യേക മേഖലകളിൽ വൈദഗ്ദ്ധ്യമുള്ളവർ എന്നിവരടക്കം നൂറ് കണക്കിനാളുകളിൽ നടത്തിയ പഠനത്തിലൂടെയാണ് ഗാർഡ്നർ ഈ നിഗമനത്തിലെത്തിയത്.
- അദ്ദേഹത്തിൻറെ അഭിപ്രായത്തിൽ താഴെ ചേർക്കുന്ന ഒൻപത് തരം ബൗദ്ധികശേഷികളാണ് ഉള്ളത്.

1. ഭാഷാപരമായ ബുദ്ധി
2. യുക്തിചിന്താപരവും ഗണിത പരവുമായ ബുദ്ധി
3. ദൃശ്യ - സ്ഥലപരമായ ബുദ്ധി
4. ശാരീരിക - ചലനപരമായ ബുദ്ധി
5. സംഗീതപരമായ ബുദ്ധി
6. വ്യക്ത്യാന്തര ബുദ്ധി
7. ആന്തരിക വൈയക്തിക ബുദ്ധി
8. പ്രകൃതിപരമായ ബുദ്ധി
9. അസ്തിത്വപരമായ ബുദ്ധി

**38. ഒരു വ്യക്തി ഗണിതത്തിൽ പ്രകടിപ്പിക്കുന്ന ബുദ്ധി, പൊതുവായ ബുദ്ധിയുടെയും ഗണിതത്തിലെ പ്രത്യേക ബുദ്ധിയുടെയും സങ്കലിതഫലമാണ്.**

ഈ പ്രസ്താവന താഴെ പറയുന്ന ഏതു ബുദ്ധി സിദ്ധാന്തവുമായി ബന്ധപ്പെട്ടിരിക്കുന്നു?

A) ബഹുഘടക സിദ്ധാന്തം
B) ദ്വിഘടക സിദ്ധാന്തം
C) മനോഘടക സിദ്ധാന്തം
D) സംഘഘടക സിദ്ധാന്തം

**Solution:**

- രണ്ട് ഘടകങ്ങളുടെ സിദ്ധാന്തം പറയുന്നത് ജോലിസ്ഥലത്ത് തൊഴിൽ സംതൃപ്തിക്ക് കാരണമാകുന്ന ചില ഘടകങ്ങളുണ്ടെന്നും ഒരു പ്രത്യേക ഘടകങ്ങൾ അസംതൃപ്തിക്ക് കാരണമാകുമെന്നും ഇവയെല്ലാം പരസ്പരം സ്വതന്ത്രമായി പ്രവർത്തിക്കുന്നു .
- ദ്വിഘടക സിദ്ധാന്തം ,ഹെർസ്ബെർഗിൻറെ പ്രചോദനം-ശുചിത്വ സിദ്ധാന്തം, ഇരട്ട-ഘടക സിദ്ധാന്തം എന്നും ഇത് അറിയപ്പെടുന്നു.
- സൈക്കോളജിസ്റ്റ് ഫ്രെഡറിക് ഹെർസ്ബർഗ് ആണ് ഇത് വികസിപ്പിച്ചെടുത്തത്.

**39. സമജാത ഇരട്ടകളിൽ ഒരാളുടെ വ്യക്തിത്വം മറ്റേയാളുടെ വ്യക്തിത്വമായി**

A) ബന്ധമില്ലാത്തതാണ്
B) അനുരൂപമാണ്
C) പരസ്പര വിരുദ്ധമാണ്
D) ഇവയൊന്നുമല്ല

**Solution:**

- സമജാത ഇരട്ടകളിൽ ഒരാളുടെ വ്യക്തിത്വം മറ്റേയാളുടെ വ്യക്തിത്വമായി അനുരൂപമാണ്.

**40. കർട്ട് ലെവിൻറെ അഭിപ്രായത്തിൽ വ്യക്തിത്വം രൂപപ്പെടുന്നത് ?**

A) ഒരു വ്യക്തിയും അവൻറെ മാനസിക ചുറ്റുപാടുകളും തമ്മിലുള്ള പ്രവർത്തനം മൂലം
B) ഒരു വ്യക്തിയും അവൻറെ മാനസിക ചുറ്റുപാടുകളും തമ്മിലുള്ള പ്രതിപ്രവർത്തനം മൂലം
C) ഒരു വ്യക്തിയും അവൻറെ ഭൗതിക ചുറ്റുപാടുകളും തമ്മിലുള്ള പ്രവർത്തനം മൂലം
D) ഒരു വ്യക്തിയും അവൻറെ മാനസിക ചുറ്റുപാടുകളും തമ്മിലുള്ള പ്രവർത്തനവും പ്രതിപ്രവർത്തനവും മൂലം

**Solution:**

- കർട്ട് ലെവിൻറെ സിദ്ധാന്തം അറിയപ്പെടുന്നത് - ക്ഷേത്ര സിദ്ധാന്തം
- കർട്ട് ലെവിൻറെ ക്ഷേത്ര സിദ്ധാന്തത്തിൽ പ്രാധാന്യം നൽകുന്നത് - കേന്ദ്ര ആശയത്തിന്
- കർട്ട് ലെവിൻറെ അഭിപ്രായത്തിൽ വ്യക്തിത്വം രൂപപ്പെടുന്നത് - ഒരു വ്യക്തിയും അവൻറെ മാനസിക ചുറ്റുപാടുകളും തമ്മിലുള്ള പ്രവർത്തനവും പ്രതിപ്രവർത്തനവും മൂലം

**41. വൈജ്ഞാനിക വികാസ ഘട്ടമേത്?**

A) ശാരീരികാനുപാതം
B) അസ്ഥി വികാസം
C) ആശയ രൂപീകരണം
D) ഭാരം, ഉയരം

**Solution:**
വൈജ്ഞാനിക വികാസം
- കുട്ടികളുടെ വൈജ്ഞാനികവികാസം വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകുന്നു.
- ആശയ രൂപീകരണ ഘട്ടങ്ങൾ .
- സംവേധനവും പ്രത്യക്ഷണവും.
- ആശയ രൂപീകരണം
- യുക്തി ചിന്ത
- പ്രശ്ന പരിഹരണം

## 42. വൈകാരിക വികാസ ഘട്ടം ഏത്?

A) കൗമാരം B) ആദിബാല്യം
C) ശാരീരിക വളർച്ച D) ബുദ്ധി വികാസം

**Solution:**
വൈകാരിക വികാസം
a) ആദിബാല്യം / ശൈശവം
ജനനം തൊട്ട് പലതരം വികാരങ്ങൾ ആദ്യകാലത്ത് പൊതുവായ വികാരപ്രകടനം. അതാകട്ടെ ചെറിയ സമയത്തേക്ക് ആറു മാസം വരെ
b) കുട്ടിക്കാലം
സ്വന്തം സുഖത്തെ ആസ്പദമാക്കി മാത്രം ക്രമേണ തീവ്രത കുറയുന്നു. നിയന്ത്രണം ഉണ്ടായിത്തുടങ്ങുന്നു.
c) കൗമാരം
വീണ്ടും വികാരംങ്ങൾ തീവ്രത കൈവരിക്കുന്നു പെട്ടെന്നു നിയന്ത്രിക്കാൻ പ്രയാസകരമാവുന്നു ഒരു വികാരത്തിൽ നിന്ന് പെട്ടെന്ന് മറ്റൊന്നിലേക്ക് മാറുന്നു .
d) മുതിർന്ന ഘട്ടം
വൈകാരികപക്വത കൈവരിക്കുന്നു സമൂഹത്തിന് യോജിച്ച രീതിയിൽ വികാരം പ്രകടിപ്പിക്കാനാവുന്നു വികാരം മറച്ചുവെക്കാനും സാധിക്കുന്നു ചിന്ത, യുക്തി എന്നിവ ഉപയോഗിക്കുന്ന്

## 43. മനോ സാമൂഹിക വികാസ ഘട്ടത്തെക്കുറിച്ച് പ്രതിപാദിച്ച ശാസ്ത്രജ്ഞൻ?

A) എറിക് എറിക്സൺ B) പിയാഷെ
C) ബ്രൂണർ D) പാവ്ലോവ്

**Solution:**

സാമൂഹ്യവികാസം

- എറിക് എറിക്സൺ (Eric Erikson) 8 മനോസാമൂഹ്യ വികാസഘട്ടങ്ങളെ കുറിച്ചു പറയുന്നു. ഓരോന്നും ഓരോ പ്രതിസന്ധിഘട്ടങ്ങൾ ആയാണ് അനുഭവപ്പെടുക.
- വിശ്വാസം Vs അവിശ്വാസം ( Trust Vs Mistrust ) - (0-1) വയസ്സ് സ്നേഹം, പരിചരണം, സുരക്ഷിത്വം എന്നിവ ലഭിക്കണം. മറ്റുള്ളവരിൽ വിശ്വാസം വളരണം.
- സ്വേച്ഛാപ്രവർത്തനം Vs സംശയം ( Autonomy Vs Doubt or Shame ) - (1-2) വയസ്സ് സ്വന്തം ഇഷ്ടമനുസരിച്ച് പ്രവർത്തിക്കാനുള്ള താത്പര്യം. അത് തടയപ്പെട്ടാൽ അസ്വാതന്ത്ര്യം അനുഭവപ്പെടുന്നു
- സന്നദ്ധത Vs കുറ്റബോധം ( Initiative Vs Guilt ) - (3-5) വയസ്സ് പുതിയ കാര്യങ്ങൾ ചെയ്തുനോക്കാനും പരാജയത്തെ നേരിടാനുമുള്ള കഴിവുകൾ വികസിക്കുന്ന ഘട്ടം
- കർമോത്സുകത Vs അപകർഷതാബോധം ( Industry Vs Inferiority ) - (6-10) വയസ്സ് കൂട്ടായ പ്രവർത്തനങ്ങൾക്കുള്ള ശേഷികളുടെ വികസനം
- സ്വത്വബോധം Vs വ്യക്തിത്വശങ്ക ( Identity Vs Identity confusion ) - (10-20) വയസ്സ് അവനവനെ കുറിച്ചുള്ള ബോധം വികസിക്കുന്നു. സ്വന്തം കഴിവുകൾ തിരിച്ചറിഞ്ഞ് ഭാവി രൂപപ്പെടുത്തുന്നു
- അടുപ്പം Vs ഏകാകിത ( Intimacy Vs Isolation ) - (20-30) വയസ്സ് മറ്റുള്ളവരുമായി അടുത്തിടപഴകേണ്ട ഘട്ടം. നല്ല പങ്കാളി / സുഹൃത്ത് ആവശ്യമാണ്
- ക്രിയാത്മകത Vs മന്ദത ( Creativity Vs Stagnation )- (40-50) വയസ്സ് കുഞ്ഞുങ്ങളെ പരിചരിച്ചുകൊണ്ട് അടുത്ത തലമുറക്കായി പ്രവർത്തിക്കാൻ ആഗ്രഹിക്കുന്ന ഘട്ടം
- സമ്പൂർണതാബോധം Vs നിരാശ ( Integrity Vs Despair ) - (60 നു മുകളിൽ) സ്വന്തം ജീവിതത്തെ തിരിഞ്ഞുനോക്കി വിലയിരുത്തുന്നു. തൃപ്തികരമായി അനുഭവപ്പെട്ടാൽ നന്ന്

**44. ഒരു വ്യക്തിയുടെ പാരമ്പര്യം മാതാപിതാക്കളിൽ നിന്നും പിതാമഹന്മാരിൽ നിന്നും വംശത്തിൽ നിന്നും ആർജ്ജിച്ച എല്ലാ ഘടകങ്ങളേയും, ശാരീരിക സവിശേഷതകളെയും, ധർമ്മങ്ങളേയും , കഴിവുകളെയും ഉൾകൊള്ളുന്നു, എന്ന് അഭിപ്രായപ്പെട്ടത് ആര്?**

A) ഡഗ്ലസ് B) ഹോളണ്ട് C) A&B D) വുഡ്‌വർത്ത്

**Solution:**

- ഒരു വ്യക്തിയുടെ പാരമ്പര്യം മാതാപിതാക്കളിൽ നിന്നും പിതാമഹന്മാരിൽ നിന്നും വംശത്തിൽ നിന്നും ആർജ്ജിച്ച എല്ലാ ഘടകങ്ങളേയും ശാരീരിക സവിശേഷതകളെയും, ധർമ്മങ്ങളേയും, കഴിവുകളെയും ഉൾകൊള്ളുന്നു. എന്ന് അഭിപ്രായപ്പെട്ടത് ഡഗ്ലസ്, ഹോളണ്ട് എന്നിവർ ആണ്.
- ജീവിതം ആരംഭിച്ച ശേഷം വ്യക്തിയുടെമേൽ പ്രതിവർത്തിച്ചിട്ടുള്ള എല്ലാ ബാഹ്യഘടകങ്ങളും പരിസ്ഥിതിയിൽ പെടുന്നു, എന്നവകാശപ്പെട്ടത് വുഡ്‌വർത്ത് ആണ്.

**45. താഴെ കൊടുത്തിരിക്കുന്നവയിൽ അഭിക്ഷമത / Aptitude പരിശോധിക്കുന്നതിനുള്ള ശോധകം ഏത് ?**

A) റോഷാമഷിയൊപ്പുകൾ (RIB)

B) തീമാറ്റിക് അപ്പർസെപ്ഷൻ ടെസ്റ്റ് (TAT)

C) പദാനുബന്ധ പരീക്ഷ (WAT)

D) വിരൽ വേഗത പരീക്ഷ (FDT)

**Solution:**

- ഒരു വ്യക്തിയുടെ വൈജ്ഞാനിക കഴിവുകളും നൈപുണ്യവും വിലയിരുത്താൻ സഹായിക്കുന്ന പരിശോധനകളാണ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ്.
- ഏറ്റവും സാധാരണമായ അഭിരുചി പരിശോധന DAT, MAB എന്നിവയാണ്.

**46. പ്രധാനമായും എത്ര തരം അഭിക്ഷമത ശോധകങ്ങൾ ഉണ്ട് ?**

A) ഒന്ന് B) രണ്ട് C) മൂന്ന് D) നാല്

**Solution:**

- അഭിക്ഷമത അഥവാ പ്രത്യേക വാസന പലർക്കും പലവിധത്തിലായിരിക്കും.
- ചിലരിൽ ഇത് ചെറുപ്പത്തിൽ തന്നെ പ്രകടമായെന്നുവരും. മറ്റു ചിലരിൽ കണ്ടെത്തലിൻറെയും തേച്ചുമിനുക്കലിൻറെയും ഫലമായി പിന്നീടാണ് അഭിക്ഷമത വികസിതമാവുക.
- പ്രധാനമായും അഭിക്ഷമത /അഭിരുചി ശോധകങ്ങൾ 3 തരം ഉണ്ട്.

1. സാമാന്യാഭിരുചി ശോധകം
2. സവിശേഷാഭിരുചി ശോധകം
3. കായിക ക്ഷമതാഭിരുചി ശോധകം

**47. അഭിപ്രേരണ കുട്ടികളിൽ സൃഷ്ടിക്കുവാനുള്ള മാർഗ്ഗങ്ങൾ:**

A) ദൃശ്യ- ശ്രവ്യ ഉപകരണങ്ങളുടെ ഉപയോഗം

B) ലക്ഷ്യം നിർ ണ്ണയിയ്ക്കൽ

C) മനശാസ്ത്രപരവും ബോധനശാസ്ത്രപരവുമായ തത്വങ്ങളിൽ അധിഷ്ഠിതവുമായ പ്രവർത്തനം

D) എല്ലാം ശരിയാണ്

**Solution:**

അഭിപ്രേരണ കുട്ടികളിൽ സൃഷ്ടിക്കുവാനുള്ള മാർഗ്ഗങ്ങൾ:

- ലക്ഷ്യം നിർണ്ണയിക്കൽ.
- പഠനത്തെ യഥാർത്ഥ ജീവിതവുമായി ബന്ധിപ്പിക്കുക.
- പഠനസന്ദർഭത്തെ പ്രശ്നങ്ങളായി അവതരിപ്പിക്കുക.
- മാനസികവും ബുദ്ധിപരവുമായ അസന്തുലിതാവസ്ഥ സൃഷ്ടിക്കുക.
- പഠനപ്രശ്നവുമായി ബന്ധപ്പെട്ട് സ്വന്തം അഭിരുചിയ്ക്കും താത്പര്യത്തിനുമനുസരിച്ച് മേഖലകളും ശേഷികളും അവരവരുടെ നിലവാരത്തിനനുസരിച്ച് സ്വയം തിരഞ്ഞെടുക്കുവാൻ വേണ്ട കൈത്താങ്ങലുകൾ നൽകുക.
- ഹൃദ്യമായ അന്തരീക്ഷം സൃഷ്ടിക്കുക

- ശിശുകേന്ദ്രീകൃത പഠനരീതിയുടെ പ്രയോഗം .
- ആകർഷകമായ ഭൌതീക ചുറ്റുപാട്.

**48. അങ്ങാടിയിൽ തോറ്റതിന് അമ്മയോട് എന്നതിനനുയോജ്യമായ സമായോജന തന്ത്രം?**

A) ആദേശം ചെയ്യൽ
B) ശ്രദ്ധാഗ്രഹണം
C) അഹം കേന്ദ്രീകൃതം
D) അന്തർക്ഷേപണം

**Solution:**

ആദേശം ചെയ്യൽ (Displacement)

- പ്രേരകത്തിൻറെ യഥാർഥ സ്വഭാവം മറച്ചുവെച്ച് പ്രതിപ്രവർത്തിക്കുന്ന സ്വഭാവമാണിത്.
- ഉദാഹരണമായി മക്കളോടുള്ള ദേഷ്യം അധ്യാപകർ ചിലപ്പോൾ തങ്ങളുടെ വിദ്യാർഥികളിൽ തീർക്കുന്നു.
- അപസമായോജനത്തിനുള്ള സ്ഥിരപരിഹാരമല്ല പ്രതിരോധതന്ത്രങ്ങൾ.
- അവ ശരിക്കും യഥാർഥ പ്രശ്നങ്ങളെ താൽക്കാലികമായി അബോധരൂപത്തിൽ ഒളിക്കുന്നു എന്നുമാത്രം.

**49. വിദ്യാർത്ഥിയുടെ നേട്ടങ്ങൾ, പഠന പ്രക്രിയ, പഠനത്തിലെ വ്യക്തിഗത വ്യത്യാസങ്ങൾ, പഠന വൈകല്യങ്ങൾ മുതലായവ ഉൾപ്പെടെ ആളുകൾ പഠിക്കുന്ന രീതിയെക്കുറിച്ചുള്ള പഠനം അറിയപ്പെടുന്നത് ?**

A) സാമൂഹിക മന:ശാസ്ത്രം
B) വിദ്യാഭ്യാസ മന:ശാസ്ത്രം
C) ചികിത്സാ മന:ശാസ്ത്രം
D) വ്യവസായ മന:ശാസ്ത്രം

**Solution:**

- വിദ്യാഭ്യാസ മന:ശാസ്ത്രം വിദ്യാഭ്യാസത്തിൻറെ ശാസ്ത്രമാണ് എന്ന് അഭിപ്രായപ്പെട്ടത് - പീൽ
- കുട്ടികളുടെ പഠനവുമായി ബന്ധപ്പെട്ട സമായോജനം, പഠന പ്രവർത്തനങ്ങൾ, പഠന തന്ത്രങ്ങൾ തുടങ്ങിയവയിലെ മന:ശാസ്ത്രപരമായ തിരിച്ചറിവുകൾക്ക് വിദ്യാഭ്യാസ മന:ശാസ്ത്രം സഹായിക്കുന്നു.

- വിദ്യാർത്ഥിയുടെ നേട്ടങ്ങൾ, പഠന പ്രക്രിയ, പഠനത്തിലെ വ്യക്തിഗത വ്യത്യാസങ്ങൾ, പഠന വൈകല്യങ്ങൾ മുതലായവ ഉൾപ്പെടെ ആളുകൾ പഠിക്കുന്ന രീതിയെക്കുറിച്ചുള്ള പഠനമാണ് വിദ്യാഭ്യാസ മന:ശാസ്ത്രം.
- വിദ്യാഭ്യാസ മന:ശാസ്ത്രം മാനവ വ്യവഹാരത്തെയും പഠനത്തിലൂടെയുള്ള അതിൻറെ പരിവർത്തനത്തെയും കൈകാര്യം ചെയ്യുന്നു.

**50. ഒരു ഭാഷാധ്യാപകൻ ഭാഷാ പഠനം നടത്തുമ്പോൾ ആദ്യം __________ എന്ന രീതിയിൽ പഠന പ്രക്രിയ നടത്തുകയാണെങ്കിൽ സരളമായതിൽ നിന്ന് സങ്കീർണ്ണമായതിലേക്ക് എന്ന രീതിയാണ് ആധാരമാക്കുക?**

A) അക്ഷരങ്ങൾ ,വാക്കുകൾ, വാചകങ്ങൾ

B) വാക്കുകൾ, വാചകങ്ങൾ ,അക്ഷരങ്ങൾ

C) വാക്കുകൾ, ,അക്ഷരങ്ങൾ ,വാചകങ്ങൾ

D) വാചകങ്ങൾ ,വാക്കുകൾ, അക്ഷരങ്ങൾ

**Solution:**

- ഒരു ഭാഷാധ്യാപകൻ ഭാഷാ പഠനം നടത്തുമ്പോൾ ആദ്യം അക്ഷരങ്ങൾ ,വാക്കുകൾ, വാചകങ്ങൾ എന്ന രീതിയിൽ പഠന പ്രക്രിയ നടത്തുകയാണെങ്കിൽ സരളമായതിൽ നിന്ന് സങ്കീർണ്ണമായതിലേക്ക് എന്ന രീതിയാണ് ആധാരമാക്കുക.
- ഇവിടെ അദ്ധ്യാപകൻ സ്വീകരിച്ചിരിക്കുന്നത് സരളമായതിൽ നിന്ന് സങ്കീർണ്ണമായതിലേക്ക് എന്ന പ്രമാണമാണ് പഠിതാവിന് ഏറ്റവും ലളിതമായി തോന്നുന്ന അക്ഷരങ്ങളിൽ നിന്ന് അവ ചേർത്ത് നിർമ്മിക്കാവുന്ന വാക്കുകളിലേക്കും പിന്നീട് വാക്കുകൾ ചേർത്ത് വാചകം നിർമ്മിക്കുക എന്ന ശേഷിയിലേക്കും പഠിതാക്കളെ കൊണ്ടെത്തിക്കുന്നു

**51. കേരളത്തിലെ നിലവിലുള്ള സ്കൂൾ പാഠ്യ പദ്ധതിയെ ഏറ്റവും അധികം സ്വാധീനിച്ച മനശാസ്ത്രജ്ഞൻ ?**

A) വൈഗോട്സ്കി

B) ബ്രൂണർ

C) കാൾ റോജേഴ്സ്

D) കാൾ റോജേഴ്സ്

**Solution:**

വൈഗോട്സ്കി

- കേരളത്തിൽ നിലവിലുള്ള സ്കൂൾ പാഠ്യപദ്ധതിയെ ഏറ്റവുമേറെ സ്വാധീനിച്ച മനഃശാസ്ത്രജ്ഞനാണ് ലെവ് സെമിയോണോവിച്ച് വൈഗോട്സ്കി.
- ആദ്യകാലത്ത് ഇവാൻ പാവ് ലോവിൻറെ ആരാധകനായിരുന്ന വൈഗോട്സ്കി പിന്നീട് സ്വന്തം വഴി കണ്ടെത്തി.
- വ്യവഹാരവാദത്തിനും ജ്ഞാനനിർമ്മിതിവാദത്തിനും പകരം സാമൂഹ്യജ്ഞാനനിർമ്മിതിവാദത്തിൽ അധിഷ്ഠിതമായ ഒരു മനഃശാസ്ത്രപദ്ധതിക്ക് തുടക്കം കുറിച്ചത് ഇദ്ദേഹമാണ്.
- മനുഷ്യൻറെ വികാസത്തിൽ സാമൂഹ്യവും സാംസ്കാരികവുമായ ഘടകങ്ങൾ വഹിക്കുന്ന പങ്കിനെ കുറിച്ചാണ് തൻറെ ഹ്രസ്വജീവിതത്തിനിടയിൽ വിഗോട്സ്കി ആഴത്തിൽ പഠനം നടത്തിയത്.

**52. വളരെ സാർവ്വത്രികമായി കണ്ടുവരുന്ന വികാസ പരമായ വൈകല്യം ഏത് ?**

A) ബുദ്ധി വൈകല്യം
B) കാഴ്ചാ വൈകല്യം
C) ശ്രവണവൈകല്യം
D) കായിക -ചലനപര വൈകല്യം

**Solution:**

- ബുദ്ധിവൈകല്യമെന്നാൽ ബൗദ്ധികമായി വളരുന്നതിൽ പരാജയപ്പെടുക.
- പുതിയ സാഹചര്യങ്ങളുമായി പൊരുത്തപ്പെടുന്നതിൽ പരാജയം.
- സംസാരിക്കാൻ പഠിക്കുന്നതിൽ മന്ദത ,സംസാരിക്കാൻ തുടങ്ങിയതിനു ശേഷം സംസാരത്തിലും ഭാഷാവൈദഗ്ധ്യത്തിലുമുള്ള ബുദ്ധിമുട്ടുകൾ.

**53. ശിശു കേന്ദ്രീകൃത രീതി പഠനരീതികൾ ഏതെല്ലാം:**

1. അന്വേഷണാത്മക രീതി
2. പ്രശ്ന പരിഹാരണ രീതി
3. പ്രഭാഷണ രീതി
4. അപഗ്രഥന രീതി

A) 1,2,3,4
B) 1,2,3
C) 1,2,4
D) 1,3,4

**Solution:**

- അന്വേഷണാത്മക രീതിയെ (Heuristic Method) ഹ്യൂറിസ്റ്റിക് രീതി , കണ്ടെത്തൽ രീതി എന്നീ പേരുകളിലും അറിയപ്പെടുന്നു.
- കുട്ടികൾ സ്വയം പ്രശ്നപരിഹാരം കണ്ടെത്തുകയും കണ്ടു പിടിക്കുകയും ചെയ്യുന്ന രീതിയാണിത്.
- കുട്ടി തൻറെ പഠന സന്ദർഭത്തിലോ ജീവിത സന്ദർഭത്തിലോ നേരിടുന്ന ഒരു പ്രശ്നത്തെ പരിഹരിക്കുന്നതിനുള്ള അവസരം ഒരുക്കുകയും പ്രശ്നം വിശകലനം ചെയ്ത് പരിഹാര പ്രവർത്തങ്ങൾ നടത്തി പ്രശ്നം പരിഹരിക്കുകയും ചെയ്യുന്ന രീതി - പ്രശ്ന പരിഹാരണ രീതി
- പ്രഭാഷണ രീതി- അധ്യാപകൻ സംസാരിക്കുകയും കുട്ടികൾ കേട്ടിരിക്കുകയുമാണ് ചെയ്യുന്നപഠന രീതി.
- അപഗ്രഥന രീതി- പ്രശ്നത്തെ ഉപപ്രശ്നങ്ങളാക്കി മാറ്റി പരിഹാരം കാണുന്ന പ്രക്രിയയാണിത്.

**54. പ്രോജക്ട് , പരീക്ഷണ രീതി എന്നിവയേക്കാൾ ഉയർന്ന രീതി?**

A) ആഗമന രീതി
B) നിഗമന രീതി
C) പരീക്ഷണ രീതി
D) ഗവേഷണ രീതി

**Solution:**

- പ്രോജക്റ്റ് പരീക്ഷണ രീതി എന്നിവയേക്കാൾ ഉയർന്ന തലത്തിലുള്ള രീതി.
- ഈ രീതിയുടെ ഘട്ടങ്ങൾ ഉദ്ദേശ്യങ്ങൾ ഫലങ്ങൾ എന്നിവ പ്രോജക്റ്റ് പരീക്ഷണ രീതിക്ക് സമാനമാണ്.
- പഠന പ്രക്രിയയിൽ കുട്ടികളുടെ സജീവ പങ്കാളിത്തം ഇതുവഴി സാധിക്കുന്നു.

**55. ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. വ്യക്തിവ്യത്യാസം പരിഗണിക്കുന്ന വൈവിധ്യമാർന്ന പഠനരീതികൾ ഫലപ്രദമായ പഠനത്തിനായി പ്രയോജനപ്പെടുത്തണം.
2. ശിശു കേന്ദ്രീകൃത രീതികൾ - പ്രഭാഷണ രീതി, ആഗമന നിഗമന രീതി
3. അന്വേഷണാത്മക രീതി, കണ്ടെത്തൽ രീതി എന്നും അറിയപ്പെടുന്നു.

A) 1,2,3 B) 1,2 C) 2,3 D) 1,3

**Solution:**

- ശിശു കേന്ദ്രീകൃത രീതികൾ - അന്വേഷണാത്മക രീതി (Inquiry Method),പ്രശ്ന പരിഹാരണ രീതി(Problem solving Method), അപഗ്രഥന രീതി (Analytic Method), പ്രോജക്റ്റ് രീതി(Project Method), കളി രീതി
- അദ്ധ്യാപക രീതി- പ്രഭാഷണ രീതി, ആഗമന നിഗമന രീതി, വിവരണ രീതി

**56. ഇന്ത്യയുടെ വിദ്യാഭ്യാസ പ്രശ്നങ്ങളെ പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും നിയമിക്കപ്പെട്ട കമ്മീഷൻ?**

A) ഡോ. എസ്. രാധാകൃഷ്ണൻ കമ്മീഷൻ

B) എൽ.എസ്. മുതലിയാർ കമ്മീഷൻ

C) കോത്താരി കമ്മീഷൻ

D) യശ്പാൽ കമ്മീഷൻ

**Solution:**

- ഇന്ത്യയുടെ വിദ്യാഭ്യാസ പ്രശ്നങ്ങളെ പഠിക്കുന്നതിനും പരിഹാരങ്ങൾ നിർദ്ദേശിക്കുന്നതിനും നിയമിക്കപ്പെട്ട കമ്മീഷനാണ് കോത്താരി വിദ്യാഭ്യാസ കമ്മീഷൻ (1964-66).
- യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ (U.G.C) ചെയർമാനായിരുന്ന ഡോ. ഡി.എസ്. കോത്താരി ആയിരുന്നു കമ്മീഷൻറെ അദ്ധ്യക്ഷൻ.
- 1964 ജൂലൈ 14 ന് നിയമിക്കപ്പെട്ട കമ്മീഷൻ 1964 ഒക്ടോബർ 2 ന് പ്രവർത്തനം ആരംഭിച്ചു.
- 1966 ജൂൺ 29 ന് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിച്ചു.

**57. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. അറിവ് നിർമ്മാണ പ്രകിയയിലെ അവിഭാജ്യ ഘടകമാണ് വായന.
2. കുട്ടികൾക്കു എളുപ്പത്തിൽ അറിവ് ശേഖരിക്കാൻ വായനയിലൂടെ കഴിയുന്നു.
3. അന്തർ ജ്ഞാന പരമായ അറിവ് ആർജ്ജിക്കുന്നത് ഭാവന യിലൂടെയാണ്.

A) 1 ശരി, 2 ശരി, 3 തെറ്റ്
B) 1 തെറ്റ്, 2 തെറ്റ്, 3 ശരി
C) 1 ശരി. 2 ശരി, 3 ശരി
D) 1 തെറ്റ്, 2 തെറ്റ്, 3 തെറ്റ്

**Solution:**

- അറിവ് നിർമ്മാണ പ്രകിയയിലെ അവിഭാജ്യ ഘടകമാണ് വായന.
- കുട്ടികൾക്കു എളുപ്പത്തിൽ അറിവ് ശേഖരിക്കാൻ വായനയിലൂടെ കഴിയുന്നു .
- ബ്ലാക്ക് ബോർഡ് ,മണിച്ചട്ടം ,ചാർട്ട് ,മാതൃകകൾ എന്നിവ പഠനബോധന സാമഗ്രികൾ ആയി ഉപയോഗിക്കുന്നു .
- അന്തർ ജ്ഞാന പരമായ അറിവ് ആർജ്ജിക്കുന്നത് ഭാവന യിലൂടെയാണ്
- യുക്തി ശാസ്ത്രപരമായ അറിവിൻറെ അടിസ്ഥാനം ധിഷണയാണ്.
- ആശയങ്ങൾക്ക് രൂപം നൽകുന്ന അറിവ് -യുക്തി ശാസ്ത്രം
- ബിംബങ്ങൾക്ക് രൂപം നൽകുന്ന അറിവ് -അന്തർജ്ഞാനപരം.

## 58. ആശയങ്ങൾക്ക് രൂപം നൽകുന്ന അറിവ്?

A) യുക്തി ശാസ്ത്രപരം
B) അന്തർജ്ഞാനപരം
C) കാൽപ്പനികത
D) വൈകാരികത

**Solution:**

- ആശയങ്ങൾക്ക് രൂപം നൽകുന്ന അറിവ് - യുക്തി ശാസ്ത്ര പരം
- ബിംബങ്ങൾക്ക് രൂപം നൽകുന്ന അറിവ് - അന്തർജ്ഞാനം പരം

## 59. താഴെപ്പറയുന്നവയിൽ ഒരേ വിചാരധാരയിൽ പെടുന്ന മനശാസ്ത്രജ്ഞർ ആരെല്ലാം:

1. വാട്സൺ
2. പിയാഷെ
3. വില്യം ജയിംസ്
4. ബ്രൂണർ
5. വില്യം വുണ്ട്
6. വൈഗോഡ്സ്കി

A) 1,2,3
B) 4,5,6
C) 1,3,5
D) 2,4,6

**Solution:**

- ശാരീരികം (തോംസൺ, ഹർലോക്ക്)
- വൈജ്ഞാനികം (പിയാഷെ, ബ്രൂണർ, വൈഗോട്സ്കി)
- വൈകാരികം (ബ്രിഡ്ജസ്, ബെൻഹാം)
- സാമൂഹികം (എറിക്സൺ, ബന്ദൂര)
- ഭാഷാപരം (ചോംസ്കി, വൈഗോട്സ്കി, ബ്രൂണർ) നൈതികം (കോൾബർഗ്)

**60. കുട്ടി തൻറെ മുന്നറിവിൻറെയും അനുഭവത്തിൻറെയും അടിസ്ഥാനത്തിൽ പുതിയ അറിവിനെ അഥവാ പുതിയ അനുഭവത്തെ വ്യാഖ്യാനിക്കുന്നതിന് പിയാഷേ ഉപയോഗിക്കുന്ന പദം ഏത് ?**

A) സ്വാംശീകരണം B) സംസ്ഥാപനം

C) അനുരൂപീകരണം D) സംയോജനം

**Solution:**

- പ്രധാനപ്പെട്ട വൈജ്ഞാനിക സിദ്ധാന്ത വക്താൾ - ജീൻ പിയാഷെ , ജെറോം എസ് ബ്രൂണർ , വൈടോസ്കി , ഡേവിഡ് അസുബൽ
- കണ്ടെത്തൽ പഠനം - ജെറോം എസ് ബ്രൂണർ
- വൈജ്ഞാനിക പഠനം - ജീൻ പിയാഷെ
- സ്വീകരണ പഠനം - ഡേവിഡ് അസുബൽ
- വൈജ്ഞാനിക മന:ശാസ്ത്രജ്ഞരുടെ അഭിപ്രായത്തിൽ പഠനം എന്നത് വൈജ്ഞാനിക വികസനം തന്നെ ആണ്.

**61. അനുബന്ധിത ചോദകം എന്നറിയപ്പെടുന്നത് ?**

A) നൈസർഗിക ചോദകം B) നൈസർഗികപ്രതികരണം

C) കൃത്രിമ ചോദകം D) A & C

**Solution:**

- നൈസർഗ്ഗിക ചോദകത്തെ അനുബന്ധനം ചെയ്യാത്ത ചോദകം എന്ന്പറയുന്നു
- നൈസർഗ്ഗിക പ്രതികരണത്തെ അനുബന്ധനം ചെയ്യാത്ത പ്രതികരണം എന്ന് പറയുന്നു.
- കൃത്രിമ ചോദകം അനുബന്ധിത ചോദകം എന്നറിയപ്പെടുന്നു.

- അനുബന്ധിത ചോദകത്തിൻറെ പ്രതികരണത്തെ അനുബന്ധിത പ്രതികരണം എന്ന് വിളിക്കുന്നു.

**62. പ്രോജക്ട് പഠന തന്ത്രവുമായി ബന്ധപ്പെട്ട പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. ഒരു പഠന രീതിയും പഠന തന്ത്രം ആയും പ്രയോജനപ്പെടുത്താം.
2. വലിയൊരു ഗ്രൂപ്പിനെ സംബന്ധിച്ചുള്ള കാര്യങ്ങൾ പഠിക്കുന്നതിന് ഉപയോഗിക്കുന്ന പ്രധാന പഠന തന്ത്രം.
3. ഇതിൽ അധ്യാപിക ഒരു പഠനലക്ഷ്യം നിശ്ചയിക്കുന്നു.

A) 1,2,3 B) 2,3 C) 1,3 D) 1,2

**Solution:**

പ്രോജക്ട് ഒരു പഠന തന്ത്രം

- പ്രോജക്ട് ഒരു പഠന രീതിയും പഠന തന്ത്രം ആയും പ്രയോജനപ്പെടുത്തുന്നുണ്ട്.
- വിശാലമായ അർത്ഥത്തിൽ പ്രോജക്ട് ഒരു രീതിശാസ്ത്രമാണ്.
- എന്നാൽ പഠന പ്രക്രിയയുടെ ഭാഗമായി ക്ലാസിൽ ഒരു പഠന തന്ത്രം ആയും പ്രയോഗിക്കുന്നുണ്ട്.
- ഇതിൽ അധ്യാപിക ഒരു പഠനലക്ഷ്യം നിശ്ചയിക്കുന്നു.
- പഠിതാവ് പഠന വിഷയം ആഴത്തിൽ പഠിക്കുകയും പ്രോജക്ട് സമയബന്ധിതമായി തയ്യാറാക്കി നൽകുകയും ചെയ്യുന്നു.

**63. വൈഗോസ്കി മുന്നോട്ടു വെക്കുന്ന ആശയങ്ങൾ ഏതെല്ലാം:**

1. സഹകരണാത്മക പഠനം
2. കണ്ടെത്തൽ പഠനം
3. സഹവർത്തിത പഠനം
4. സംഘ പഠനം

A) 1,2,3,4 B) 1,2,3 C) 2,3,4 D) 1,3,4

**Solution:**

- നിലവിലുള്ള പാഠ്യപദ്ധതി ജ്ഞാനനിർമ്മിതിയിലധിഷ്ഠിതമാണ്.
- ക്ലാസ് മുറിയിൽ കുട്ടി - അറിവു നിർമ്മാണ പ്രക്രിയയിൽ ഏർപ്പെട്ടാണ് പഠനം നടത്തുന്നത്.

- വൈഗോസ്കി മുന്നോട്ടു വെക്കുന്ന ആശയങ്ങൾ സഹകരണാത്മക പഠനം , സഹവർത്തിത പഠനം , സംഘ പഠനം, പ്രതിക്രിയാധ്യാപനം , സംവാദാത്മക പഠനം എന്നിവയാണ്.

**64. ടീച്ചർ കേൾവിയിലൂടെ പഠനം, കാഴ്ചയിലൂടെ പഠനം, പ്രവർത്തിയിലൂടെ പഠനം, അനുഭവത്തിലൂടെ പഠനം എന്നിവയ്ക്ക് ക്ലാസ് മുറിയിൽ എല്ലായ്പ്പോഴും അവസരം നൽകുന്നു ഇപ്രകാരം വ്യത്യസ്തങ്ങളായ അനുഭവങ്ങൾ ടീച്ചർ നൽകുന്നത്?**

A. ഓരോ കുട്ടിയുടെയും വ്യക്തിഗത ആവശ്യങ്ങൾ സാധ്യമാക്കാൻ വേണ്ടിയാണ്

B) കുട്ടികളുടെ വ്യക്തി വ്യത്യാസത്തെ പരിഗണിക്കാൻ വേണ്ടിയാണ്

C) കുട്ടികളുടെ വ്യക്തിഗത ആവശ്യങ്ങളും വ്യക്തി വ്യത്യാസവും പരിഗണിക്കാൻ വേണ്ടിയാണ്

D) കുട്ടികൾക്ക് നല്ല സ്കോർ ലഭിക്കുന്നതിനാണ്

**Solution:**

- കുട്ടികളുടെ വ്യക്തിഗത ആവശ്യങ്ങളും വ്യക്തി വ്യത്യാസവും പരിഗണിക്കാൻ വേണ്ടിയാണ് ഇപ്രകാരം വ്യത്യസ്തങ്ങളായ അനുഭവങ്ങൾ ടീച്ചർ നൽകുന്നത്.

**65. ________ വൈജ്ഞാനിക വികസനം ഒരു സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിലാണ് സംഭവിക്കുന്നതെന്നും , കുട്ടിയുടെ സാമൂഹിക ഇടപെടലിൽ നിന്ന് പരിണമിക്കുകയും ചെയ്യുന്നുവെന്ന് കണ്ടെത്തി.**

A) കോൾബെർഗ്

B) സ്കിന്നർ

C) ബ്രൂണർ

D) വൈഗോട്സ്കി

**Solution:**

- വൈഗോട്സ്കി ,വൈജ്ഞാനിക വികസനം ഒരു സാമൂഹിക-സാംസ്കാരിക പശ്ചാത്തലത്തിലാണ് സംഭവിക്കുന്നതെന്നും , കുട്ടിയുടെ സാമൂഹിക ഇടപെടലിൽ നിന്ന് പരിണമിക്കുകയും ചെയ്യുന്നുവെന്ന് കണ്ടെത്തി.

- ലെവ് വൈഗോട്സ്കിയുടെ പഠനത്തിൻറെ സാമൂഹ്യ-സാംസ്കാരിക വീക്ഷണം പഠന പ്രക്രിയയിൽ സാംസ്കാരിക ഉപകരണത്തിൻറെ പ്രാധാന്യം ഊന്നിപ്പറയുന്നു.
- വൈഗോട്സ്ക്കിയുടെ സിദ്ധാന്ത പ്രകാരം പഠനം സാമൂഹിക പശ്ചാത്തലത്തിൽ നിന്ന് വേർതിരിക്കാനാവില്ല.

**66. ആദ്യമായി മനശാസ്ത്ര പരീക്ഷണശാല തുടങ്ങിയ ചിന്തകൻ?**

A) സ്കിന്നർ
B) വില്യം വൂണ്ട്
C) കാൾ റോജേഴ്സ്
D) എബ്ബിങ് ഹോസ്

**Solution:**

- വില്യം വൂണ്ട് (William Wundt): മനശാസ്ത്രം ഒരു ഔപചാരിക ശാസ്ത്ര ശാഖയായി മാറിയത് 1879ൽ വില്യം വൂണ്ട് എന്ന ജെർമ്മൻകാരൻ ലിപ്സിഗ് യുണിവേഴ്സിറ്റിയിൽ ആദ്യത്തെ മനശാസ്ത്ര പരീക്ഷണശാല സ്ഥാപിച്ചതോടെയാണ്.
- സംവേദനം, പ്രത്യക്ഷണം, സ്മൃതി, വികാരം, ഉദ്ദേശ്യം ഇവയെല്ലാം ശാസ്ത്രീയമായ അപഗ്രഥനത്തിന് വിധേയമാക്കി, ആധുനിക പരീക്ഷണമനഃശാസ്ത്രത്തിൻറെ സ്ഥാപകനും വില്യം വൂണ്ട് ആണ്.

**67. വിദ്യാഭ്യാസത്തിൽ പ്രകൃതിവാദത്തിന് തുടക്കം കുറിച്ചത്?**

A) വില്യം ജയിംസ്
B) സിഗ്മണ്ട് ഫ്രോയിഡ്
C) വില്യം വുണ്ട്
D) റൂസ്സോ

**Solution:**

- ഈ രീതി തുടക്കം കുറിച്ചത് റൂസോ ആണ്.
- പ്രകൃതിയെ പിന്തുടരൽ ആണ് വിദ്യാഭ്യാസം എന്നാണ് അദ്ദേഹത്തിൻറെ പക്ഷം.

**68. ഭാഷാപരം ബുദ്ധി ഏത് ബുദ്ധി സിദ്ധാന്തവുമായി ബന്ധപ്പെട്ടതാണ് ?**

A) ബഹുമുഖ ബുദ്ധി സിദ്ധാന്തം
B) ദ്വിഘടക സിദ്ധാന്തം
C) ത്രിഘടക സിദ്ധാന്തം
D) ഫാക്കൽറ്റി സിദ്ധാന്തം

**Solution:**

- 1983 ൽ 'ഫ്രെയിംസ് ഓഫ് മൈൻഡ് ' എന്ന പുസ്തകത്തിലൂടെ ഹോവാർഡ് ഗാർഡ്നർ ബുദ്ധിയെ കുറിച്ച് അവതരിപ്പിച്ച സിദ്ധാന്തമാണിത്

### 69. സ്പിയർമാൻറെ അഭിപ്രായത്തിൽ " ബുദ്ധി" എന്നത്

A) പരസ്പര ബന്ധങ്ങളുടെ പരിശീലനം

B) അമൂർത്ത ചിന്തക്കുള്ള കഴിവ്

C) പുതിയ സാഹചര്യങ്ങളുമായി ഒത്തുപോകാനുള്ള കഴിവ്

D) ഇവയെല്ലാം

**Solution:**

സ്പിയർമാൻറെ അഭിപ്രായത്തിൽ "ബുദ്ധി" എന്നത് പരസ്പര ബന്ധങ്ങളുടെ പരിശീലനമാണ്.

### 70. വ്യക്തിത്വം എന്നാൽ

A) നിർവചിക്കാൻ സാധിക്കുന്ന ഒന്നാണ്

B) താളനിബന്ധത ഉള്ളതാണ്

C) പരിസ്ഥിതിയോടുള്ള വ്യക്തിയുടെ സമായോജനമാണ്

D) പരിസ്ഥിതിയോടുള്ള വ്യക്തിയുടെ അപസമായോജനമാണ്

**Solution:**

- വ്യക്തിത്വം എന്നാൽ പരിസ്ഥിതിയുമായുള്ള സമായോജനമാണ്.
- പരിസ്ഥിതി മാറ്റമനുസരിച്ച് ഒരു വ്യക്തിയുടെ വ്യക്തിത്വത്തിനും മാറ്റം സംഭവിക്കും.
- ഒരു വ്യക്തിയുടെ സവിശേഷമായ വ്യവഹാരത്തെയും ചിന്തയേയും നിർണയിക്കുന്ന കായിക മാനസിക വ്യവസ്ഥയുടെ ചലനാത്മകമായ അന്തരിക ഘടനയാണ് വ്യക്തിത്വം.

### 71. വികാസ തത്വങ്ങളിൽ ഉൾപെടാത്തത്

A) വികാസം ക്രമീകൃതമാണ്

B) വികാസം വിശേഷതയിൽ നിന്ന് സാമാന്യതയിലേക്ക് കടക്കുന്നു

C) വികാസം പ്രവചനാതീതമാണ്

D) വികാസം സഞ്ചിത സ്വഭാവത്തോടു കൂടിയാണ്

**Solution:**

1. വികസനം തുടർച്ചയാണ്.
2. വികസനം ക്രമാനുഗതമാണ്.
3. വികസനത്തിൻറെ നിരക്ക് ഓരോ വ്യക്തിക്കും വ്യത്യാസപ്പെടുന്നു.
4. വികസനം വിശേഷതയിൽ നിന്ന് സാമാന്യതയിലേക്ക് കടക്കുന്നു.
5. മിക്ക സ്വഭാവങ്ങളും വികസനത്തിലും മറ്റുള്ളവയിലും പരസ്പരബന്ധിതമാണ്.

## 72. വൈജ്ഞാനിക വികാസ സിദ്ധാന്തം ആവിഷ്കരിച്ചത്?

A) പിയാഷെ
B) സ്കിന്നർ
C) പാവ്ലോവ്
D) വൈഗോട്സ്കി

**Solution:**

- മനുഷ്യൻ തൻറെ അനുഭവങ്ങളിലൂടെയും ആശയങ്ങളിലൂടെയും അറിവ് നിർമ്മിക്കുമെന്ന ഒരു മനശാസ്ത്ര തത്ത്വമാണ് ജ്ഞാനനിർമ്മിതിവാദം.
- ജ്ഞാനനിർമ്മിതിവാദത്തിൻറെ പ്രധാനവക്താവ് ജീൻ പിയാഷെയാണ്.

## 73. വികാസ തത്വങ്ങളുടെ വിദ്യാഭ്യാസപരമായ പ്രസക്തി ?

A) ശിശുവികാസത്തിൽ പാരമ്പര്യത്തിനും പരിസ്ഥിതിക്കും പ്രധാന പങ്കുണ്ടെന്ന് മനസിലാക്കാൻ സഹായിക്കുന്നു
B) പരിസരവുമായി പൊരുത്തപ്പെടാൻ ശ്രമിക്കണം എന്ന് ബോധ്യപ്പെടുത്തുന്നു
C) കുട്ടികളെ കുറിച്ച് അമിത പ്രതീക്ഷ ഇല്ലാതാക്കാൻ സഹായിക്കുന്നു
D) ഇവയെല്ലാം

**Solution:**

വികാസ തത്വങ്ങളുടെ വിദ്യാഭ്യാസപരമായ പ്രസക്തി

- ശിശുവികാസത്തിൽ പാരമ്പര്യത്തിനും പരിസ്ഥിതിക്കും പ്രധാന പങ്കുണ്ടെന്ന് മനസിലാക്കാൻ സഹായിക്കുന്നു.
- പരിസരവുമായി പൊരുത്തപ്പെടാൻ ശ്രമിക്കണം എന്ന് ബോധ്യപ്പെടുത്തുന്നു.

- കുട്ടികളെ കുറിച്ച് അമിത പ്രതീക്ഷ ഇല്ലാതാക്കാൻ സഹായിക്കുന്നു.
- പഠനാനുകൂല നിമിഷങ്ങളെ കുറിച്ച് അറിയാനും പഠനക്രമം നിശ്ചയിക്കാനും.

**74. ബ്രൂണറുടെ വൈജ്ഞാനിക വികാസ ഘട്ടങ്ങളുടെ ക്രമം കണ്ടെത്തുക ?**

A) പ്രതിരൂപാത്മക ഘട്ടം, പ്രവർത്തന ഘട്ടം, മനോചിത്രണ ഘട്ടം

B) പ്രവർത്തന ഘട്ടം, മനോചിത്രണ ഘട്ടം, പ്രതിരൂപാത്മക ഘട്ടം

C) മനോചിത്രണ ഘട്ടം, പ്രവർത്തന ഘട്ടം, പ്രതിരൂപാത്മക ഘട്ടം

D) പ്രവർത്തന ഘട്ടം, പ്രതിരൂപാത്മക ഘട്ടം, മനോചിത്രണ ഘട്ടം

**Solution:**

- കുട്ടികളുടെ വൈജ്ഞാനികവികാസം വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകുന്നതായി വിദ്യാഭ്യാസ ഗവേഷകൻമാർ സിദ്ധാന്തിക്കുന്നു.
- ബ്രൂണറുടെ വൈജ്ഞാനിക വികാസ ഘട്ടങ്ങളുടെ ക്രമം - പ്രവർത്തന ഘട്ടം, മനോചിത്രണ ഘട്ടം, പ്രതിരൂപാത്മക ഘട്ടം

**75. അഭിക്ഷമത അളന്ന് നിർണയിക്കുന്നത് _________ ഉപയോഗിച്ചാണ് ?**

A) ബുദ്ധി

B) ശോധകങ്ങൾ

C) സമവാക്യങ്ങൾ

D) ഇവയൊന്നുമല്ല

**Solution:**

- ഓരോ വ്യക്തിയിലും അന്തർലീനമായ അഭിക്ഷമത അഥവാ ഏത് പ്രവർത്തനമേഖലയിലാണ് നൈപുണ്യം നേടാൻ സാധ്യതകൂടുതലുള്ളത് എന്ന് കണ്ടെത്തുവാൻ സഹായിക്കുന്ന മാനസിക പരീക്ഷകൾ അഭിക്ഷമതാപരീക്ഷകൾ എന്ന പേരിൽ അറിയപ്പെടുന്നു.
- അഭിക്ഷമത/അഭിരുചി അഥവാ പ്രത്യേക വാസന പലർക്കും പലവിധത്തിലായിരിക്കും. ചിലരിൽ ഇത് ചെറുപ്പത്തിൽ തന്നെ പ്രകടമായെന്നുവരും. മറ്റു ചിലരിൽ കണ്ടെത്തലിന്റേയും തേച്ചുമിനുക്കലിന്റേയും ഫലമായി പിന്നീടാണ് അഭിക്ഷമത വികസിതമാവുക.

- അഭിരുചി അളന്ന്നിർണയിക്കുന്നത് അഭിരുചി ശോധകങ്ങൾ ഉപയോഗിച്ചാണ്.

**76. അഭിപ്രേരണയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ ഏതെല്ലാം:**

1. പരാജയഭീതി
2. അഭിക്ഷമത
3. മത്സരം
4. അഭിരുചി

A) 1,2,3    B) 2,3,4    C) 1,3,4    D) 1,2,4

**Solution:**

- അഭിപ്രേരണ രണ്ടുതരം- ആന്തരിക പ്രചോദനം ,ബാഹ്യ പ്രചോദനം
- അഭിപ്രേരണയെ സ്വാധീനിക്കുന്ന ഘടകങ്ങൾ -
- അഭിരുചി
- ബാഹ്യ പ്രചോദകങ്ങൾ
- മത്സരം , സഹകരണം
- പുരോഗതിയെക്കുറിച്ചുള്ള അറിവ്
- പരാജയ/ വിജയബോധം
- അഭിലാഷനില ( അഭിലാഷ സ്തരം)

**77. താഴെപ്പറയുന്നവയിൽ ഏതെല്ലാമാണ് അഭിപ്രേരണ:**

1. മാനസിക അഭിപ്രേരണ
2. ബാഹ്യ അഭിപ്രേരണ
3. ആന്തരിക അഭിപ്രേരണ

A) 1,2    B) 2,3    C) 1,3    D) 1,2,3

**Solution: B.**

- ഒരു ജീവിയുടെ ഉള്ളിൽ നിന്നും പുറപ്പെടുന്ന അഭിപ്രേരണയാണ് ആന്തരിക അഭിപ്രേരണ.
- ഇത് നൈസർഗിക അഭിപ്രേരണ എന്നും അറിയപ്പെടുന്നു.
- പുറമേ നിന്നും ലഭിക്കുന്ന അഭിപ്രേരണയാണ് ആണ് ബാഹ്യ അഭിപ്രേരണ.
- ഇത് കൃത്രിമ അഭിപ്രേരണ എന്നും അറിയപ്പെടുന്നു.

**78. മോഹഭംഗത്തിൽ നിന്നും ഉടലെടുക്കുന്ന സമായോജന തന്ത്രമാണ് __________ ?**

A) പാശ്ചാത്ഗമനം B) നിഷേധവൃത്തി

C) ആക്രമണം D) പ്രതിസ്ഥാപനം

**Solution: C.**

ആക്രമണം (Aggression)

- മോഹഭംഗത്തിൽനിന്ന് ഉടലെടുക്കുന്ന സമായോജനതന്ത്രമാണ് ആക്രമണം. ഇത് രണ്ടുതരത്തിലുണ്ട്, പ്രത്യക്ഷവും പരോക്ഷവും.
- തന്നെ അവഹേളിച്ച കുട്ടിയെ ശാരീരികമായി ആക്രമിക്കുന്നത് പ്രത്യക്ഷ ആക്രമണവും അച്ഛൻ വഴക്കു പറഞ്ഞതിന് ഗ്ലാസ് എറിഞ്ഞുടച്ചത് പരോക്ഷാക്രമണവുമാണ്.

**79. അധ്യാപന-പഠന പ്രക്രിയ അടിസ്ഥാനപരമായി പൂർത്തീകരിക്കുന്നത് എന്തിലാണ്?**

A) ക്ലാസ് മുറി B) സ്കൂൾ C) സമൂഹം D) വീട്

**Solution: A.**

- ആസൂത്രണം, നടപ്പാക്കൽ, മൂല്യനിർണ്ണയം, പുനരവലോകനം എന്നിവ ഉൾപ്പെടെ അടിസ്ഥാനപരമായി ഒരു പ്രക്രിയയാണ് അധ്യാപനം.
- അദ്ധ്യാപകൻ പഠന ആവശ്യങ്ങൾ വിലയിരുത്തുകയും, പ്രത്യേക പഠന ലക്ഷ്യങ്ങൾ സ്ഥാപിക്കുകയും, അധ്യാപന, പഠന തന്ത്രങ്ങൾ വികസിപ്പിക്കുകയും, പ്രവർത്തന പദ്ധതി നടപ്പിലാക്കുകയും, പ്രബോധനത്തിൻറെ ഫലങ്ങൾ വിലയിരുത്തുകയും ചെയ്യുന്ന ഒരു സംയോജിത പ്രക്രിയയാണ് അധ്യാപന പഠന പ്രക്രിയ.

**80. കുട്ടികളിൽ പഠനത്തിൽ താൽപര്യം ജനിപ്പിച്ചശേഷം അധ്യാപന - പഠന പ്രക്രിയ ആരംഭിക്കുന്ന രീതി ?**

A. മൂർത്തമായതിൽ നിന്ന് അമൂർത്തമായതിലേക്ക്

B. മനശാസ്ത്രപരമായതിൽ നിന്ന് യുക്തിപരമായതിലേക്ക്

C. യാഥാർത്ഥമായതിൽ നിന്ന് പ്രാതിനിധ്യമുള്ളതിലേക്ക്

D. അപഗ്രഥനത്തിൽ നിന്ന് ഉദ്ഗ്രഥനത്തിലേക്ക്

**Solution: B.**

- പഠനവേളയിൽ കുട്ടികളിൽ മാനസികമായ താൽപര്യം ഉണ്ടായിരിക്കണം.
- എങ്കിൽ മാത്രമേ അധ്യാപകൻ പഠിപ്പിക്കുമ്പോൾ കുട്ടികളിൽ ശ്രദ്ധയും , പ്രതികരണവും കാര്യക്ഷമമായി ഉണ്ടാകൂ.
- കുട്ടികളിൽ പഠനത്തിൽ താൽപര്യം ജനിപ്പിക്കുക എന്നതാണ് അധ്യാപകൻ നേരിടുന്ന പ്രധാന വെല്ലുവിളി

**81. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് യോജിക്കുന്ന രീതിയിൽ പഠന പ്രക്രിയ മാറ്റി എടുക്കുന്ന രീതിക്ക് പറയുന്ന പേരെന്ത്?**

A) അപനിർമ്മാണം
B) ആശയാനുവാദം
C) അനുരൂപീകരണം
D) ആശയ രൂപീകരണം

**Solution: C.**

- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് യോജിക്കുന്ന രീതിയിൽ പഠന പ്രക്രിയ മാറ്റി എടുക്കുന്ന രീതിയാണ് അനുരൂപീകരണം.
- സ്കൂളിൻറെ ഭൗതിക സാഹചര്യത്തിലും മാറ്റം വരുത്തുന്നു.

**82. പാഠ്യ പദ്ധതി സമീപനത്തിൻറെ സവിശേഷതകളിൽ പെടാത്തത് ഏത്?**

A) പ്രവർത്തനാധിഷ്ഠിതം
B) പഠനം ഉറപ്പാക്കുന്നത്
C) പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തമായത്
D) അധ്യാപക കേന്ദ്രീകൃതം

**Solution: D.**

- ലോകത്തെ പുതിയ രീതിയിൽ നോക്കിക്കാണാനും മനസ്സിലാക്കാനും ഇടപഴകാനും വിലയിരുത്താനുമുള്ള സാധ്യതകളാണ് വിദ്യാലയത്തിലെ ഔപചാരിക പഠനം വഴി കുട്ടിക്ക് ലഭിക്കുന്നത്.
- ജ്ഞാനനിർമിതിവാദത്തിലധിഷ്ഠിതമായ പഠനരീതിയാണ് പാഠ്യപദ്ധതിയുടെ ആധാരം.

പാഠ്യ പദ്ധതി സമീപനത്തിൻറെ സവിശേഷതകൾ :

1. പ്രവർത്തനാധിഷ്ഠിതം
2. പ്രക്രിയബന്ധിതം
3. പഠനം ഉറപ്പാക്കുന്നത്
4. പഠനനേട്ടങ്ങൾ കൈവരിക്കുന്നതിന് പ്രാപ്തമായത്
5. പരിസ്ഥിതി സൗഹൃദപരമായത്
6. വികാസമേഖലകളെ പരിഗണിക്കുന്നത്
7. പഠിതാവിൻറെ പ്രകൃതത്തിന് യോജിച്ചത്
8. പഠനത്തോടൊപ്പം വിലയിരുത്തലും ഒത്തുചേർന്നു പോകുന്നത്

**83. താഴെ നല്കിയിരിക്കുന്നവയിൽ പഠന വൈകല്യങ്ങളിൽ പെടാത്തത് ഏതെല്ലാം:**

1. ഉച്ചാരണ വൈകല്യം
2. ആലേഖന വൈകല്യം
3. ഉദ്വേഗ വൈകല്യം
4. സ്വഭാവ വൈകല്യം

A) 1,4　　B) 2,3　　C) 1,3,4　　D) 2

**Solution: C.**

- ശരാശരിയോ അതിലുമധികമോ ബുദ്ധി നിലവാരം ഉണ്ടാകുകയും പഠന സംബന്ധമല്ലാത്ത കാര്യങ്ങളിൽ അതായത് കളി, അന്വേഷണം തുടങ്ങി അസാധാരണ മികവ് കാണിക്കുകയും എന്നാൽ വായന, എഴുത്ത്, കണക്ക് എന്നിവയിൽ മികവ് കാണിക്കാതെ ബുദ്ധിമുട്ട് പ്രകടിപ്പിക്കുയും ചെയ്യുമ്പോൾ അതിനെ പഠന വൈകല്യമായി ശാസ്ത്രം പരിഗണിക്കുന്നു.
- പഠന വൈകല്യത്തിൻറെ ലക്ഷണങ്ങൾ - വായനാവൈകല്യം,എഴുത്തിലെ വൈകല്യങ്ങൾ,രചനാവൈകല്യം,കണക്കിൽ വൈഷ്യമം,നാമ വൈകല്യം

**84. കുട്ടികളിൽ കാണുന്ന എഴുത്ത് വൈകല്യം അറിയപ്പെടുന്നത് ?**

A) ഡിസ് കാൽക്കുലിയ　　B) ഡിസ്ഗ്രാഫിയ

C) ഡിസ്ഫാസിയ　　D) ഡിസ്‌ലെക്സിയ

**Solution: B.**

- കുട്ടികളിൽ കാണുന്ന വായന വൈകല്യത്തിന് പറയുന്ന പേര് : ഡിസ്‌ലെക്സിയ
- ഡിസ്ഫാസിയ : കുട്ടികളിൽ കാണുന്ന ആശയപ്രകടന വൈകല്യം
- ഡിസ് കാൽക്കുലിയ : ഗണിത ക്രിയകൾ ചെയ്യാനുള്ള വൈകല്യം

## 85. തന്നിരിക്കുന്നവയിൽ നിന്നും അധ്യാപക പഠന രീതിക്ക് ഉദാഹരണങ്ങൾ തിരഞ്ഞെടുക്കുക:

1. അപഗ്രഥന രീതി
2. ആഗമന നിഗമന രീതി
3. പ്രഭാഷണ രീതി
4. കളി രീതി

A) 1,2 B) 1,2,3 C) 2,3 D) 1,3

**Solution: C.**

- വ്യക്തി വ്യത്യാസം പരിഗണിക്കുന്ന വൈവിധ്യമാർന്ന പഠന രീതികൾ ഫലപ്രദമായ പഠനത്തിനായി പ്രയോജനപെടുത്തണം.
- നിലവിലുള്ള പഠ്യപദ്ധതിയാണ് പഠന രീതി ഏതാവണമെന്ന് നിശ്ചയിക്കുന്നത്.
- പഠനരീതികൾ - ശിശുകേന്ദ്രീകൃത രീതി , അധ്യാപക രീതി.

## 86. ശരിയായ ജോഡിയേത് ?

1. 1. ഹണ്ടർ വിദ്യാഭ്യാസ കമ്മീഷൻ - റിപ്പൺ പ്രഭു
2. 2. സാഡ്‌ലർ വിദ്യാഭ്യാസ കമ്മീഷൻ - ചെംസ്ഫോർഡ്
3. 3. സർജന്റ് വിദ്യാഭ്യാസ കമ്മീഷൻ - വേവൽ പ്രഭു

A) 2 മാത്രം B) 2,4 മാത്രം C) 1,2,3 എന്നിവ D) 1,3 മാത്രം

**Solution: C.**

| കമ്മീഷൻ | വൈസ്രോയി | വർഷം |
|---|---|---|
| ഹണ്ടർ വിദ്യാഭ്യാസ കമ്മീഷൻ | റിപ്പൺ പ്രഭു | 1882 |
| സാഡ്‌ലർ വിദ്യാഭ്യാസ കമ്മീഷൻ | ചെംസ്ഫോർഡ് | 1917 |
| സർജന്റ് വിദ്യാഭ്യാസ കമ്മീഷൻ | വേവൽ പ്രഭു | 1944 |
| ക്ഷാമ കമ്മീഷൻ | ലിട്ടൺ പ്രഭു | 1878 |

**87. സെക്കണ്ടറി വിദ്യഭ്യാസ മേഖലയെക്കുറിച്ചുള്ള പഠനം നടത്തിയ വിദ്യാഭ്യാസ കമ്മീഷൻ ?**

A) ഡോ . ലക്ഷ്മണ സ്വാമി മുതലിയാർ കമ്മീഷൻ

B) കോത്താരി കമ്മീഷൻ

C) ത്രിഭാഷ പദ്ധതി കമ്മീഷൻ

D) ഹണ്ടർ കമ്മീഷൻ

**Solution: A.**

- ഡോ ലക്ഷ്മണ സ്വാമി മുതലിയാരുടെ നേതൃത്വത്തിൽ കേന്ദ്ര ഗവണ്മെന്റ് രൂപം നൽകിയ 1952 -ലെ സെക്കന്ററി വിദ്യാഭ്യാസ കമ്മീഷൻ ഇന്റെർമീഡിയറ്റിനു പകരം, 8 മുതൽ 12 വരെയുള്ള ഒരു ഹയർ സെക്കന്ററി ഘട്ടമാണ് മുന്നോട്ടു വച്ചത്.
- എന്നാലും കോളേജിലേക്കു പോകുന്നതിനു മുൻപായി ഒരു വർഷത്തെ പ്രീ യൂണിവേഴ്സിറ്റി പഠനം വേണമെന്ന കാര്യത്തിനു അതിലും മാറ്റമില്ല.
- തൊഴിലധിഷ്ഠിത പഠനത്തിനു പോകാൻ ആഗ്രഹിക്കുന്നവർ ഒരു വർഷത്തെ പ്രീ പ്രൊഫഷണൽ കോഴ്സ് കൂടി പൂർത്തിയാക്കണം.

**88. അധ്യാപക പരിശീലനവുമായി ബന്ധപ്പെട്ട ദേശിയ ഏജൻസി ഏത് ?**

A) NCTE  B) SCERT  C) NCERT  D) SETT

**Solution: A.**

- പഠിപ്പിക്കുന്നയാൾ അഥവാ അദ്ധ്യാപനം നടത്തുന്നയാളെ അദ്ധ്യാപകൻ എന്നുപറയുന്നു.
- അദ്ധ്യാപകൻ വിദ്യാഭ്യാസത്തിൻറെ മർമപ്രധാനമായ ഒരു ഘടകമാണ്.
- രാജ്യത്തെ മുഴുവൻ അധ്യാപക വിദ്യാഭ്യാസം ചിട്ടയായും ഏകോപിതമായും വികസിപ്പിക്കുക, രാജ്യം മുഴുവൻ പിന്തുടരേണ്ട അധ്യാപക വിദ്യാഭ്യാസത്തിന്റെ മാനദണ്ഡങ്ങളും നിയമങ്ങളും നിർണ്ണയിക്കുന്നു.

**89. കുട്ടികൾക്ക് അറിവ് പുറത്തുനിന്ന് നൽകേണ്ടതില്ലെന്നും അവർ അറിവ് സ്വയം സൃഷ്ടിക്കുകയാണ് ചെയ്യുന്നതെന്നു മുള്ള ആശയം ഉൾക്കൊള്ളുന്ന വാദം ഏത് ?**

A) ചേഷ്ടാവാദം  B) ജ്ഞാനനിർമ്മിതിവാദം
C) വ്യവഹാരവാദം  D) ഘടനാ വാദം

**Solution: B.**

ജ്ഞാനനിർമ്മിതിവാദം

- പഠിതാവിനെ കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസം
- പ്രക്രിയാധിഷ്ഠിത പാഠ്യപദ്ധതി
- ഉൾപ്രേരണ പഠനത്തിലേക്ക് നയിക്കുന്നു
- പഠനം എന്നത് അനുരൂപീകരണ പ്രക്രിയയാണ്.
- അറിവിൻറെ നിർമ്മിതിയാണ്

**90. ആധുനിക വിദ്യാഭ്യാസ മേഖലയ്ക്ക് ബ്രൂണർ നൽകിയ സംഭാവന ?**

A) സഹവർത്തിത പഠനം  B) പഠിക്കാൻ പഠിപ്പിക്കൽ
C) സഹകരണാത്മക പഠനം  D) സമസംഘ പഠനം

**Solution: B.**

- സഹവർത്തിത പഠനം, സഹകരണാത്മക പഠനം, സമസംഘ പഠനം എന്നീ മൂന്ന് പഠന രീതികൾ മുന്നോട്ട് വച്ചത് - വൈഗോഡ്സ്കി
- ജെറോം ബ്രൂണറുടെ ഏറ്റവും അറിയപ്പെടുന്ന സിദ്ധാന്തങ്ങളിലൊന്നാണ് കണ്ടെത്തൽ പഠനം.
- ജെറോം എസ് ബ്രൂണറുടെ സിദ്ധാന്ത പ്രകാരമുള്ള മൂന്ന് ഘട്ടങ്ങൾ - പ്രവർത്തന ഘട്ടം, ബിംബന ഘട്ടം, പ്രതീകാത്മക ഘട്ടം.

**91. മനോവ്യാപാരത്തിൻറെ അടിസ്ഥാനമായി പിയാഷെ കരുതുന്നത് എന്തിനെ ?**

A) അഹം
B) സചേതന ചിന്ത
C) ഇച്ഛാശക്തി
D) പ്രത്യാപ്രവർത്തനം

**Solution: D.**

- പ്രത്യാപ്രവർത്തനം (reversibility) എന്ന് പറയുന്നത് പുതിയ പ്രശ്ന സന്ദർഭങ്ങളെ പൂർവ്വാനുഭവങ്ങളുമായി യുക്തിപൂർവ്വം ബന്ധിപ്പിക്കാനുള്ള ശേഷിയാണ്.
- ഇതാണ് മനോവ്യാപാരത്തിൻറെ അടിസ്ഥാനം.

**92. ഒരു ചോദകം നൽകി ജീവിയെക്കൊണ്ട് പുറപ്പെടുവിക്കുന്ന പ്രതികരണങ്ങളിലൂടെ പഠനത്തെ കുറിച്ച് ചിന്തിക്കുന്ന സിദ്ധാന്തം?**

A) പ്രവർത്തനാനുബന്ധന സിദ്ധാന്തം
B) ബന്ധസിദ്ധാന്തം
C) പൗരാണികനുബന്ധന സിദ്ധാന്തം
D) ഇവയൊന്നുമല്ല

**Solution: C.**

- ഏറ്റവും ആദ്യം ചോദക പ്രതികരണങ്ങളുടെ ബന്ധത്തെ കുറിച്ച് ചിന്തിച്ച പരീക്ഷണങ്ങളിൽ ഏർപ്പെട്ട് ആവിഷ്ക്കരിച്ചെടുത്ത സിദ്ധാന്തമായത് കൊണ്ടാണ് പൗരാണികനുബന്ധന സിദ്ധാന്തം എന്ന് ഈ സിദ്ധാന്തം അറിയപ്പെടുന്നത്.
- പാവ്‌ലോ ആണ് ഈ സിദ്ധാന്തം രൂപീകരിച്ചത്. ഒരു ചോദകം നൽകി ജീവിയെക്കൊണ്ട് പുറപ്പെടുവിക്കുന്ന പ്രതികരണങ്ങളിലൂടയാണ് പൗരാണികനുബന്ധന സിദ്ധാന്തം പഠനത്തെ കുറിച്ച് ചിന്തിക്കുന്നത്.

- ചോദകവും പ്രതികരണവും തമ്മിൽ സുവ്യക്തമായ ബന്ധം കാണിക്കുന്നുണ്ട് ഈ സിദ്ധാന്തം.

**93. താഴെപ്പറയുന്നവയിൽ ബുദ്ധിപരമായ പരിമിതിയുള്ള കുട്ടികളെ സഹായിക്കുന്നതിനു ഗുണകരമല്ലാത്ത സമീപനമേത് ?**

A) പ്രവർത്തനാധിഷ്ഠിത പഠനരീതി സ്വീകരിക്കൽ

B) പഠനബോധനസമയം പരമാവധി വർധിപ്പിക്കൽ

C) കുട്ടിയുടെ പോസിറ്റീവായ ഏതു പ്രകടനത്തെയും പ്രോത്സാഹിപ്പിക്കുക

D) അനുക്രമമായി കാര്യങ്ങൾ ചെയ്യാൻ അവസരം നൽകുക

**Solution:**

- സമപ്രായക്കാരായ സാധാരണ വിദ്യാർത്ഥികളും ഭിന്നശേഷിക്കാരായവരും ഒരു ക്ലാസ് മുറിയിൽ ഒരുമിച്ചിരുന്ന് പഠനം നിർവഹിക്കുമ്പോൾ അറിവിൻറെയും താൽപര്യത്തിൻറെയും അഭിപ്രേരണ യുടെയും തലത്തിൽ കൂടുതൽ ഉയർച്ച വരുന്നു.
- ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി ഐക്യരാഷ്ട്രസംഘടന(UNO) 2006 ൽ നടത്തിയ ആഗോള സമ്മേളനത്തിൻറെ റിപ്പോർട്ടിൽ ഉൾച്ചേർന്ന വിദ്യാഭ്യാസത്തെ കുറിച്ച് പരാമർശിക്കുന്നു.
- ഉൾച്ചേർന്ന വിദ്യാഭ്യാസം എന്നത് ക്ലാസ്മുറിയിൽ ഒതുങ്ങേണ്ട ഒരു ആശയമല്ല, മറിച്ച് വിദ്യാലയ പ്രവർത്തനങ്ങൾക്കൊപ്പം സാമൂഹിക തലങ്ങളിലേക്ക് അലയടിക്കേണ്ട ഒരു സംസ്കാരം കൂടിയാണ്.

**94. താഴെ നല്കിയിരിക്കുന്നവയിൽ , കാഴ്ചാപരിമിതിയുള്ള കുട്ടികളെ പരിഗണിക്കുന്നതിന് ഏറ്റവും യോജിച്ച സമീപനം ഏത്?**

A) ആശയാവതരണത്തിന് അധ്യാപിക മാഗ്നിഫയറുകൾ ഉപയോഗിക്കുക

B) ആകർഷകമായ ചിത്രങ്ങൾ കൂടുതലായി ഉപയോഗിക്കുക

C) ഓരോ വാക്കും പലവട്ടം ആവർത്തിച്ച് എഴുതിക്കുക

D) പഠനത്തിൽ മറ്റ് ഇന്ദ്രിയങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക

**Solution:**

കാഴ്ചക്കുറവുള്ളവർക്കായി സ്വീകരിക്കുന്ന പഠനോപാധികൾ

1. മാഗ്നിഫെയറുകൾ
2. ലാർജ് പ്രിൻറ് പുസ്തകങ്ങൾ
3. കണ്ണടകൾ

കാഴ്ചാപരിമിതിയുള്ള കുട്ടികളെ പരിഗണിക്കുന്നതിന് ഏറ്റവും യോജിച്ച സമീപനം- പഠനത്തിൽ മറ്റ് ഇന്ദ്രിയങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്

### 95. കാഴ്ചക്കുറവുള്ളവർക്കായി സ്വീകരിക്കുന്ന പഠനോപാധികളിൽ പെടാത്തത് ഏത്?

A) മാഗ്നിഫെയറുകൾ

B) ലാർജ് പ്രിൻറ് പുസ്തകങ്ങൾ

C) കണ്ണടകൾ

D) ബ്രെയിൽ ലിപിയിൽ അച്ചടിച്ച പുസ്തകങ്ങൾ

**Solution:**

- കാഴ്ചാപരിമിതിയുള്ള കുട്ടികളെ പരിഗണിക്കുന്നതിന് ഏറ്റവും യോജിച്ച സമീപനം- പഠനത്തിൽ മറ്റ് ഇന്ദ്രിയങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക.

### 96. കേൾവി പരമായ വെല്ലുവിളി നേരിടുന്ന കുട്ടികൾ ഉൾപ്പെടുന്ന ക്ലാസിലേക്കായി പഠനപ്രവർത്തനം ആസൂത്രണം ചെയ്യുമ്പോൾ പരിഗണിക്കേണ്ട കാര്യം എന്താണ്?

A) സംഘപ്രവർത്തനസാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തണം

B) പാഠപുസ്തകം എല്ലാവർക്കും ഉറപ്പാക്കുക

C) പാഠഭാഗവുമായി ബന്ധപ്പെട്ട ചിത്രങ്ങളും മറ്റ് ദൃശ്യസാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തുക

D) ഗൃഹപാഠങ്ങൾ പ്രത്യേകം തയ്യാറാക്കി നൽകുക

**Solution:**

- കോക്ലിയാർ ഇംപ്ലാൻറ് എന്ന ചികിത്സാരീതി സ്വീകരിക്കുന്നത് ശ്രവണപരിമിതി പരിമിതി പരിഹരിക്കാനാണ്.

- കാഴ്ചക്കുറവുള്ള കുട്ടികൾക്ക് പഠനപ്രവർത്തനങ്ങൾ നൽകുമ്പോൾ ഊന്നൽ നൽകേണ്ടത് ധാരാളം ശ്രവണസന്ദർഭങ്ങൾ ഒരുക്കുന്നതിലാണ്.
- ഭിന്നശേഷിക്കാരായവർക്ക് പൊതുവിദ്യാഭ്യാസവും പുനഃരധിവാസവും അന്യമായിരുന്ന ഒരു കാലഘട്ടം തന്നെ ഉണ്ടായിരുന്നു.
- പിന്നീട് ആഗോളാടിസ്ഥാനത്തിൽ തന്നെ ഉടലെടുത്ത ചിന്തകളുടെയും ധാരണകളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിക്കാർക്കും അനുയോജ്യമായ വിദ്യാഭ്യാസം നൽകണമെന്ന ധാരണ ഉടലെടുത്തു.
- അതിൻറെ ഫലമായി സവിശേഷ വിദ്യാഭ്യാസം (Special Education ) സവിശേഷ വിദ്യാലയങ്ങൾ (Special School )എന്നിവ ആരംഭിച്ചു.

**97. അനുവിന് കൂട്ടുക, കുറയ്ക്കുക, ഹരിക്കുക, ഗുണിക്കുക, എന്നിങ്ങനെയുള്ള ക്രിയകൾ ചെയ്യാൻ കഴിയുന്നില്ല. അനുവിന് ഏതു തരം പഠന വൈകല്യമാണ് ഉള്ളത് ?**

A) ഡിസ്ഗ്രാഫിയ
B) ഡിസ്ലെക്സിയ
C) ഡിസ് കാൽക്കുലിയ
D) ഡിസ്പ്രാക്സിയ

**Solution:**

- വായനയിലുള്ള വൈകല്യം - ഡിസ് ലെക്സിയ
- എഴുതുന്നതിലുള്ള വൈകല്യം- ഡിസ്ഗ്രാഫിയ
- സൂക്ഷ്മവും തുടർച്ചയും ആയ പ്രവൃത്തികൾ ചെയ്യാൻ കഴിയാത്ത അവസ്ഥ - ഡിസ്പ്രാക്സിയ
- ഗണിതശാസ്ത്രപരമായ ആശയങ്ങൾ പഠിക്കുന്നതിനുള്ള വൈകല്യം- ഡിസ് കാൽക്കുലിയ (Dyscalculia).
- കൂട്ടുക, കുറയ്ക്കുക, ഹരിക്കുക, ഗുണിക്കുക, എന്ന അടിസ്ഥാനപാഠം ഡിസ് കാല്കുലിയ ഉള്ള കുട്ടികൾക്ക് മനസ്സിലാകില്ല.

**98. താഴെ നൽകിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. ഒരു പഠിതാവ് താൻ അഭിമുഖീകരിക്കുന്ന പ്രശ്നത്തിൻറെ പരിഹരണത്തിന് നടത്തുന്ന അന്വേഷണത്തിലൂടെ ശേഖരിച്ച വിവരങ്ങളെ അപഗ്രഥിച്ചു എത്തിച്ചേരുന്ന നിഗമനങ്ങളാണ് അറിവായി രൂപപ്പെടുന്നത്.
2. ആർജ്ജിത അറിവിനെ പ്രയോജപ്പെടുത്തിയാണ് കുട്ടി പുതിയ അറിവുകൾ നിർമ്മിക്കുന്നത്.

A) ഒന്ന് മാത്രം
B) രണ്ടും ശരിയാണ്
C) രണ്ട് മാത്രം
D) രണ്ടും തെറ്റാണ്

**Solution:**

- പഠനം എന്നത് അറിവു നിർമ്മാണ പ്രക്രിയയാണ്.
- സ്വന്തം അറിവിൻറെ അടിത്തറയിൽ നിന്നുകൊണ്ട് പ്രശ്നപരിഹരണത്തിന് സഹായകമായ ചിന്ത നടത്തുകയും അത് പങ്കുവെക്കപ്പെടുകയും കൂടുതൽ തെളിവുകൾ ശേഖരിക്കുന്നതിനായി സമൂഹത്തെയും പരിസ്ഥിതിയെയും പ്രയോജനപ്പെടുത്തുകയും ചെയ്തുകൊണ്ടാണ് അറിവു നിർമ്മാണം പൂർത്തിയാവുന്നത്.

**99. താഴെ നല്കിയിരിക്കുന്നവയിൽ പഠനം ഉന്മേഷപ്രദമാക്കാൻ കൂടുതൽ സഹായകമാകുന്ന രീതി ഏത് ?**

A) തനിക്ക് അന്യമായതോ ഒന്നും സംഭാവന ചെയ്യാൻ ഇല്ലാത്തതോ ആയ മേഖലയെ സംബന്ധിച്ച വിവരങ്ങൾ കുത്തി നിറക്കുന്ന രീതിയിലുള്ള പഠനം

B) തന്നെ ബാധിക്കുന്ന പ്രശ്നങ്ങളിലൂന്നിയ അന്വേഷണത്തിലൂടെയുള്ള പഠനം

C) സജീവമായ ഇടപെടലുകളില്ലാത്ത മേഖലയെ കുറിച്ചുള്ള പഠനം

D) ഇവയൊന്നുമല്ല

**Solution:**

- സ്വന്തം ജീവിതാനുഭവങ്ങളായി ബന്ധിപ്പിക്കുന്ന പഠനാനുഭവങ്ങൾ ഉയർന്ന ചിന്തകൾക്കും ഭാവി ജീവിതത്തിൻറെ തയ്യാറെടുപ്പിനും കുട്ടിയെ സഹായിക്കുന്നു.

- സജീവമായ ഇടപെടലിൻറെ മേഖലയായി മാറുമ്പോഴാണ് ഏതൊരു പഠനവും ഉൾക്കാഴ്ചയുടെ തലങ്ങളിലേക്ക് വളരുന്നത്.
- തനിക്ക് അന്യമായതോ ഒന്നും സംഭാവന ചെയ്യാൻ ഇല്ലാത്തതോ ആയ മേഖലയെ സംബന്ധിച്ച വിവരങ്ങൾ കുത്തി നിറക്കുന്ന പ്രക്രിയക്ക് പകരം തന്നെ ബാധിക്കുന്ന പ്രശ്നങ്ങളിലൂന്നിയ അന്വേഷണത്തിലൂടെയുള്ള പഠനം ഉന്മേഷപ്രദമാകുന്നു. താഴെ

**100. തന്നിരിക്കുന്നവയിൽ നിന്നും പഠനത്തെക്കുറിച്ചുള്ള ശരിയായ കാഴ്ചപ്പാട് തിരഞ്ഞെടുക്കുക ?**

A) പഠനം എന്നത് അറിവു നിർമ്മാണ പ്രക്രിയയാണ്

B) പഠിതാവിൻറെ ജീവിതപരിസരത്തു നിന്നാണ് പഠനം ആരംഭിക്കേണ്ടത്

C) പഠിതാവും ചുറ്റുപാടും തമ്മിലുള്ള നിരന്തരം സമ്പർക്കത്തിലൂടെയാണ് ജ്ഞാനം നിർമ്മിക്കപ്പെടുന്നത്

D) എല്ലാം ശരിയാണ്

**Solution:**

പഠനത്തെക്കുറിച്ചുള്ള കാഴ്ചപ്പാട്

- പഠനം എന്നത് അറിവു നിർമ്മാണ പ്രക്രിയയാണ്.
- പഠിതാവിൻറെ ജീവിതപരിസരത്തു നിന്നാണ് പഠനം ആരംഭിക്കേണ്ടത്.
- പഠിതാവും ചുറ്റുപാടും തമ്മിലുള്ള നിരന്തരം സമ്പർക്കത്തിലൂടെയാണ് ജ്ഞാനം നിർമ്മിക്കപ്പെടുന്നത്.
- പഠിതാവിനു കിട്ടുന്ന ഓരോ നൂതന അനുഭവവും ഒരു പുതിയ ആശയ രൂപീകരണത്തിന് കാരണമാകുന്നു.
- ഇങ്ങനെ നേടിയ ആശയങ്ങൾ നേരത്തെ നേടിയ ആശയങ്ങളോട് കൂട്ടിച്ചേർത്ത് സ്വയം അറിവു നിർമ്മിക്കുകയാണ് പഠിതാക്കൾ ചെയ്യുന്നത്.

**101. അധ്യാപക കേന്ദ്രീകൃതമായിരുന്ന വിദ്യാഭ്യാസം ശിശു കേന്ദ്രീകൃത വിദ്യാഭ്യാസത്തിലേക്ക് വഴിമാറാൻ കാരണമായവർ:**

1. പിയാഷെ
2. ബ്രൂണർ
3. ഗസ്റ്റാൾട്ട്

A) 1,2,3 B) 2,3 C) 1,2 D) 1,3

**Solution:**

- പ്രക്രിയാ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പഠനം കുട്ടിയെ അറിവ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിധേയമാക്കുന്നു.
- പിയാഷെ ബ്രൂണർ എന്നിവരുടെ വരവോടെ നൂറ്റാണ്ടുകളായി അധ്യാപക കേന്ദ്രീകൃതമായിരുന്ന വിദ്യാഭ്യാസം ശിശു കേന്ദ്രീകൃത വിദ്യാഭ്യാസത്തിലേക്ക് വഴിമാറി.
- കുട്ടി നേടാമെന്ന് ലക്ഷ്യമിടുന്ന ശേഷികൾ നേടാൻ അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ അധ്യാപകൻ ആസൂത്രണം ചെയ്യണം.

**102. പഠനാന്തരീക്ഷം സംബന്ധിച്ച് കേരള പാഠ്യപദ്ധതി മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാടുകൾ ഏതെല്ലാം:**

1. കുട്ടിയുടെ പ്രകൃതത്തെ പരിഗണിക്കുന്നത്
2. അവകാശങ്ങളെ സംരക്ഷിക്കുന്നത്
3. കുട്ടികളെ ആകർഷിക്കുന്നത്

A) 1,2,3 B) 2,3 C) 1,3 D) 1,2

**Solution:**

പഠനാന്തരീക്ഷം സംബന്ധിച്ച് കേരള പാഠ്യപദ്ധതി മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാടുകൾ താഴെ പറയുന്നു.

1. കുട്ടിയുടെ പ്രകൃതത്തെ പരിഗണിക്കുന്നത്
2. അവകാശങ്ങളെ സംരക്ഷിക്കുന്നത്
3. പഠന സമീപനത്തിന് യോജിച്ചത്
4. ജനാധിപത്യ മതേതര മൂല്യങ്ങൾ പരിഗണിക്കുന്നത്
5. അവസര തുല്യത ഉറപ്പാക്കുന്നത്
6. കുട്ടികളെ ആകർഷിക്കുന്നത്
7. പുറം വാതിൽ പഠനത്തിന് സാധ്യതയുള്ളത്
8. കളിയുപകരണങ്ങൾ, പഠനോപകരണങ്ങൾ എന്നിവ ആവശ്യത്തിനുള്ളത്
9. പ്രീ സ്കൂൾ അനുഭവങ്ങൾക്ക് തുടർച്ച ലഭിക്കുന്നതിന്
10. മാതൃഭാഷയിൽ പഠിക്കാനുള്ള അവസരം ഉറപ്പാക്കുന്നതിന്
11. ഭയ രഹിതവും സൗഹൃദ പൂർണ്ണവുമായ അന്തരീക്ഷം ഉറപ്പാക്കൽ

12. സ്വതന്ത്രമായ ക്ലാസ് പ്രവർത്തനത്തിന് വഴങ്ങുന്ന ഇരിപ്പിട സൗകര്യം, ക്ലാസ് മുറി പദ്ധതി
13. കാറ്റും വെളിച്ചവും ലഭിക്കുന്ന അടച്ചുറപ്പുള്ള ക്ലാസ് മുറി
14. കുടിവെള്ള ലഭ്യത
15. ഐസിടി അധിഷ്ഠിത പഠനസൗകര്യം
16. കെട്ടിടത്തെ പഠനോപകരണമാക്കി മാറ്റുന്ന പദ്ധതി (Building as Learning Aid)
17. സമൂഹവും വിദ്യാഭ്യാസവും തമ്മിലുള്ള ഊഷ്മളമായ ബന്ധം

**103. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. പഠന പ്രക്രിയ ഫലപ്രദമായി നടക്കണമെങ്കിൽ ക്ലാസ്സ് റൂമിൽ പഠന പ്രവർത്തനം ആസൂത്രണം ചെയ്യണം.
2. പ്രവർത്തനാധിഷ്ഠിത പാഠ്യ പദ്ധതിയാണ് കേരളത്തിൽ നിലനിൽക്കുന്നത്.
3. കേരള പാഠ്യ പദ്ധതിപ്രകാരം പഠിതാവ് നേടേണ്ട ആശയങ്ങൾ , ധാരണകൾ , മൂല്യങ്ങൾ എന്നിവ കൃത്യമായി അധ്യാപകർ എത്തിച്ച് നൽകുന്നു.

A) 1,2,3 B) 2,3 C) 1,2 D) 1,3

**Solution:**

- പഠന പ്രക്രിയ ഫലപ്രദമായി നടക്കണമെങ്കിൽ ക്ലാസ്സ് റൂമിൽ പഠന പ്രവർത്തനം ആസൂത്രണം ചെയ്യണം.
- പ്രവർത്തനാധിഷ്ഠിത പാഠ്യ പദ്ധതിയാണ് കേരളത്തിൽ നിലനിൽക്കുന്നത്.
- കേരള പാഠ്യ പദ്ധതിപ്രകാരം പഠിതാവ് നേടേണ്ട ആശയങ്ങൾ , ധാരണകൾ , മൂല്യങ്ങൾ എന്നിവ പഠന പ്രവർത്തനങ്ങളിലൂടെ വേണം നേടിയെടുക്കാൻ.
- 1996 ലെ പുതിയ പാഠ്യ പദ്ധതിയാണ് പ്രവർത്തനാധിഷ്ഠിത കേരളത്തിൽ ഉറപ്പാക്കിയത്.
- ഇതിൻറെ ഭാഗമായി പാഠപുസ്തകങ്ങൾ, കൈ പുസ്തകങ്ങൾ , പരിശീലനങ്ങൾ അനുബന്ധ സാമഗ്രികൾ എല്ലാ പഠന പ്രവർത്തനങ്ങൾക്കും അനുകൂലമാക്കാൻ നടപടികൾ ഉണ്ടായി.

**104. ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. പുതിയ പാഠ്യപദ്ധതിയിൽ പഠനം നടക്കുന്നത് മനപ്പാഠം ആക്കുന്നതിലൂടെ ആണ്.
2. സംവാദം വൈജ്ഞാനിക ഘടനയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു.
3. ഇന്നത്തെ കേരള പാഠ്യപദ്ധതിയെ ഏറ്റവുമധികം സ്വാധീനിച്ച വ്യക്തിയാണ് ആണ് വൈഗോട്സ്കി.

A) 1,2,3 B) 1,2 C) 2,3 D) 1,3

**Solution:**

പഠനബോധന പ്രക്രിയ

- പുതിയ പാഠ്യപദ്ധതിയിൽ പഠനം നടക്കുന്നത് സമൂഹവുമായുള്ള സംവാദത്തിലൂടെ ആണ്.
- സംവാദം വൈജ്ഞാനിക ഘടനയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു
- അസന്തുലിതാവസ്ഥ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങൾ നിർമ്മിതിക്ക് വഴിയൊരുക്കുന്നു
- ഇന്നത്തെ കേരള പാഠ്യപദ്ധതിയെ ഏറ്റവുമധികം സ്വാധീനിച്ച വ്യക്തിയാണ് ആണ് വൈഗോട്സ്കി.

**105. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. കേരളം സമൂഹം നേരിടുന്ന കാതലായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതാവണം നമ്മുടെ പാഠ്യപദ്ധതി
2. സ്വന്തം ജീവിതാനുഭവങ്ങളായി ബന്ധിപ്പിക്കുന്ന പഠനാനുഭവങ്ങൾ ഉയർന്ന ചിന്തകൾക്കും ഭാവി ജീവിതത്തിൻറെ തയ്യാറെടുപ്പിനും കുട്ടിയെ സഹായിക്കുന്നു.

A) 1 മാത്രം B) 2 മാത്രം

C) രണ്ടും ശരിയാണ് D) രണ്ടും തെറ്റാണ്

**Solution:**

പ്രശ്നാധിഷ്ഠിത പഠനം

- കേരളം സമൂഹം നേരിടുന്ന കാതലായ പ്രശ്നങ്ങളെ അഭിസംബോധന ചെയ്യുന്നതാവണം നമ്മുടെ പാഠ്യപദ്ധതി.
- സ്വന്തം ജീവിതാനുഭവങ്ങളായി ബന്ധിപ്പിക്കുന്ന പഠനാനുഭവങ്ങൾ

ഉയർന്ന ചിന്തകൾക്കും ഭാവി ജീവിതത്തിൻറെ തയ്യാറെടുപ്പിനും കുട്ടിയെ സഹായിക്കുന്നു.

- സജീവമായ ഇടപെടലിൻറെ മേഖലയായി മാറുമ്പോഴാണ് ഏതൊരു പഠനവും ഉൾക്കാഴ്ചയുടെ തലങ്ങളിലേക്ക് വളരുന്നത്.
- തനിക്ക് അന്യമായതോ ഒന്നും സംഭാവന ചെയ്യാൻ ഇല്ലാത്തതോ ആയ മേഖലയെ സംബന്ധിച്ച വിവരങ്ങൾ കുത്തി നിറക്കുന്ന പ്രക്രിയക്ക് പകരം തന്നെ ബാധിക്കുന്ന പ്രശ്നങ്ങളിലൂന്നിയ അന്വേഷണത്തിലൂടെയുള്ള പഠനം ഉന്മേഷപ്രദമാകുന്നു.

### 106. കുട്ടി വേണ്ട ശേഷികൾ ആർജിക്കാൻ ഒരു അദ്ധ്യാപകൻ ചെയ്യേണ്ടത്?

A) കുട്ടിക്ക് വേണ്ട അറിവ് പകർന്ന് നൽകണം

B) അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ അധ്യാപകൻ ആസൂത്രണം ചെയ്യണം

C) കുട്ടിയുമായി സഹകരിക്കരുത്

D) എല്ലാം ശരിയാണ്

**Solution:**

- പ്രക്രിയാ ബന്ധിതവും പ്രവർത്തനാധിഷ്ഠിതവുമായ പഠനം കുട്ടിയെ അറിവ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിധേയമാക്കുന്നു.
- പിയാഷെ ബ്രൂണർ എന്നിവരുടെ വരവോടെ നൂറ്റാണ്ടുകളായി അധ്യാപക കേന്ദ്രീകൃതമായിരുന്ന വിദ്യാഭ്യാസം ശിശു കേന്ദ്രീകൃത വിദ്യാഭ്യാസത്തിലേക്ക് വഴിമാറി.
- കുട്ടി നേടാമെന്ന് ലക്ഷ്യമിടുന്ന ശേഷികൾ നേടാൻ അനുയോജ്യമായ പഠന പ്രവർത്തനങ്ങൾ അധ്യാപകൻ ആസൂത്രണം ചെയ്യണം.

### 107. തന്നിരിക്കുന്ന സൂചനകൾ വായിച്ച് പഠന രീതി ഏതെന്ന് തിരിച്ചറിയുക:

- അധ്യാപക കേന്ദ്രീകൃത പഠനരീതി.
- അധ്യാപകൻ സംസാരിക്കുകയും കുട്ടികൾ കേട്ടിരിക്കുകയുമാണ് ചെയ്യുന്നത്.
- കുട്ടികളുടെ ക്രിയാത്മകമായ പങ്കാളിത്തം ഇല്ല.

A) പ്രഭാഷണ രീതി

B) അന്വേഷണാത്മക രീതി

C) അപഗ്രഥന രീതി D) പ്രശ്ന പരിഹരണ രീതി

**Solution:**
പ്രഭാഷണ രീതി
പ്രഭാഷണ രീതി മികച്ചതാക്കുന്നത് :-

- പ്രഭാഷകൻറെ ഉള്ളടക്ക ധാരണ.
- ഭാഷാ നൈപുണി.
- അവതരണത്തിലെ സുതാര്യത.
- ദൃശ്യ - ശ്രാവ്യ ഉപകരണങ്ങളുടെ ഉപയോഗം.
- കുട്ടികളുടെ ശ്രദ്ധയും ബൗദ്ധിക പങ്കാളിത്തവും.
- ഗുണങ്ങൾ :-
- ചെലവ് കുറഞ്ഞതാണ്.
- കൂടുതൽ പേരെ ഒരേ സമയം ഉൾക്കൊള്ളുന്നു.

**108. പ്രഭാഷണ രീതിയുമായി യോജിക്കാത്ത പ്രസ്താവന തിരഞ്ഞെടുക്കുക:**

A) അധ്യാപക കേന്ദ്രീകൃത പഠനരീതി

B) അധ്യാപകൻ സംസാരിക്കുകയും കുട്ടികൾ കേട്ടിരിക്കുകയുമാണ് ചെയ്യുന്നത്

C) സ്വാശ്രയ ശീലം വളർത്തുന്നു

D) കുട്ടികളുടെ ക്രിയാത്മകമായ പങ്കാളിത്തം ഇല്ല

**Solution:**
പ്രഭാഷണ രീതിയുടെ ലക്ഷ്യങ്ങൾ

- ഒരു വിഷയത്തെ കുറിച്ച് പൊതു വിവരം നൽകാൻ.
- അവതരിപ്പിക്കുന്ന പുതിയ ആശയത്തിന് അംഗീകാരവും വ്യക്തതയും വരുത്താൻ.
- അടിസ്ഥാന മനോഭാവത്തിൽ മാറ്റം വരുത്താൻ.
- പ്രത്യേക ശേഷികൾ നേടുന്നതിനാവശ്യമായ നിർദ്ദേശം നൽകാൻ.
- പ്രഭാഷണ രീതിയുടെ ഗുണങ്ങൾ
- ചെലവ് കുറഞ്ഞതാണ്.
- കൂടുതൽ പേരെ ഒരേ സമയം ഉൾക്കൊള്ളുന്നു.

**109. പ്രശ്നത്തെ ഉപപ്രശ്നങ്ങളാക്കി മാറ്റി പരിഹാരം കാണുന്ന പഠന രീതി അറിയപ്പെടുന്നത് ?**

A) അന്വേഷണാത്മക രീതി
B) പ്രശ്ന പരിഹാരണ രീതി
C) പ്രഭാഷണ രീതി
D) അപഗ്രഥന രീതി

**Solution:**

അപഗ്രഥന രീതി

- പ്രശ്നത്തെ ഉപപ്രശ്നങ്ങളാക്കി മാറ്റി പരിഹാരം കാണുന്ന പ്രക്രിയയാണിത്.
- ഇതിൻറെ ഫലമായി പ്രശ്നത്തിൻറെ വിവിധ വശങ്ങളും പ്രശനകാരണവും തിരിച്ചറിയാൻ സാധിക്കും .
- ഇത് പ്രശ്നത്തെ തലനാരിഴ കീറി പരിശോധിക്കുന്നതിനും അന്തർലീനമായ ആശയങ്ങളിൽ തിരിച്ചറിയാനും സഹായിക്കും .

**110. ഹ്യൂറിസ്റ്റിക് രീതി, കണ്ടെത്തൽ രീതി എന്നീ പേരുകളിലും അറിയപ്പെടുന്ന പഠനരീതി ?**

A) അന്വേഷണാത്മക രീതി
B) പ്രശ്ന പരിഹാരണ രീതി
C) പ്രഭാഷണ രീതി
D) അപഗ്രഥന രീതി

**Solution:**

അന്വേഷണാത്മക രീതി

- ഉപജ്ഞാതാവ് - പ്രൊഫസർ .ഹെൻറി എഡ്വേഡ് ആംസ്ട്രോങ്
- കുട്ടികൾ സ്വയം പ്രശ്നപരിഹാരം കണ്ടെത്തുകയും കണ്ടു പിടിക്കുകയും ചെയ്യുന്ന രീതിയാണിത്.
- കുട്ടിയുടെ പ്രകൃതവുമായി ഇണങ്ങുന്ന രീതിയാണിത്.
- ഒരു സന്ദർഭവുമായോ അനുഭവവുമായോ ബന്ധപ്പെട്ട് ഉണ്ടാകുന്ന സംശയ നിവാരണത്തിനിയുള്ള അന്വേഷണമാണ് ഈ രീതിയുടെ കാതൽ .
- ഇതിൻറെ ഫലമായി ധാരാളം അർത്ഥപൂർണ്ണമായ ചോദ്യങ്ങൾ ഉയർന്നുവരും.
- തുടർന്നുള്ള അന്വേഷണ പ്രക്രിയയുടെ ഭാഗമായി സ്വയം ഉത്തരങ്ങളിലെത്തുകയും മാനസികമായി സംതൃപ്തി നേടുകയും ചെയ്യും.

**111. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും അന്വേഷണാത്മക രീതിയുടെ മേന്മകൾ തിരഞ്ഞെടുക്കുക:**

1. പഠനോപകരണങ്ങൾ, ലാബ് ,ലൈബ്രറി ഇവയൊന്നും ആവശ്യമില്ല.
2. സ്വന്തം അന്വേഷണത്തിലൂടെയും അനുഭവത്തിലൂടെയും അറിവുനേടുക .
3. പ്രശ്ന പരിഹാരത്തിൽ ആനന്ദമനുഭാവിക്കുന്നു .

A) 1,2,3 B) 1,2 C) 2,3 D) 1,3

**Solution:**

അന്വേഷണാത്മക രീതിയുടെ മേന്മകൾ

- സ്വന്തം അന്വേഷണത്തിലൂടെയും അനുഭവത്തിലൂടെയും അറിവുനേടുക .
- പ്രശ്ന പരിഹാരത്തിൽ ആനന്ദമനുഭവിക്കുന്നു.
- സ്വന്തമായി കൽപ്പിക്കുന്ന വിധിയിൽ വിശ്വസിക്കുന്നു.
- തെറ്റിനെ ഭയപ്പെടുന്നില്ല .
- കാഴ്ചപ്പാടിൽ അയവുണ്ടാകുന്നു .
- എല്ലാ ചോദ്യങ്ങൾക്കും അന്തിമ ഉത്തരം വേണമെന്ന് ശഠിക്കുന്നില്ല
- ഉത്തരത്തോടൊപ്പം കടന്നുപോയ പ്രക്രിയയും പ്രധാനമാണ്, ഇത് തുടർപഠനത്തെ സഹായിക്കുന്നു .
- സ്വയം പഠനത്തിൻറെ രീതി ശാസ്ത്രം തിരിച്ചറിയുന്നു .

**112. കുട്ടി തൻറെ പഠന സന്ദർഭത്തിലോ ജീവിത സന്ദർഭത്തിലോ നേരിടുന്ന ഒരു പ്രശ്നത്തെ പരിഹരിക്കുന്നതിനുള്ള അവസരം ഒരുക്കുകയും പ്രശ്നം വിശകലനം ചെയ്ത് പരിഹാര പ്രവർത്തങ്ങൾ നടത്തി പ്രശ്നം പരിഹരിക്കുകയും ചെയ്യുന്ന രീതി ?**

A) അന്വേഷണാത്മക രീതി B) പ്രശ്ന പരിഹരണ രീതി
C) പ്രഭാഷണ രീതി D) അപഗ്രഥന രീതി

**Solution:**

പ്രശ്ന പരിഹരണ രീതി

- ഇവിടെ പ്രശ്നപരിഹാരകൻ , താൻ ഇപ്പോൾ നേരിടുന്ന പ്രശ്നവും മുന്നനുഭവവും തമ്മിലുള്ള ബന്ധം കണ്ടെത്തി വേണം പരിഹാരത്തിനായി ശ്രമം തടയുവാൻ .

- 1984 ൽ ഫ്രാൻസ് ഫോർഡ് & സ്റ്റെയിൻ പ്രശ്നപരിഹരണത്തിനായി ഐഡിയൽ മോഡൽ ( Ideal Model ) അവതരിപ്പിച്ചു.
- പ്രശ്നപരിഹരണ രീതി അമൂർത്തമായ പ്രശ്നപരിഹരണശേഷി വികസിപ്പിക്കുന്നതിന് സഹായകമാണ്.

**113. ആഗമന രീതിയുടെ മേന്മകൾ തിരഞ്ഞെടുക്കുക:**

1. നിരീക്ഷിച്ച വസ്തുക്കളെ കുറിച്ച് യുക്തി പരമായ നിഗമനം രൂപപ്പെടുത്തുന്ന സ്വാഭാവികമായ രീതി.
2. ജീവിതവുമായി നേരിട്ട് ബന്ധമുള്ള സംഭവങ്ങളേയും സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന് സഹായിക്കുന്നു.
3. നടപ്പിലാക്കുന്നതിന് കൂടുതൽ അധ്യാപക വൈവിധ്യം ആവശ്യമാണ്.

A) 1,2,3 B) 1,2 C) 2,3 D) 1,3

**Solution:**

ആഗമന രീതി മേന്മകൾ

- നിരീക്ഷിച്ച വസ്തുക്കളെ കുറിച്ച് യുക്തി പരമായ നിഗമനം രൂപപ്പെടുത്തുന്ന സ്വാഭാവികമായ രീതി.
- ജീവിതവുമായി നേരിട്ട് ബന്ധമുള്ള സംഭവങ്ങളേയും സംബന്ധിച്ച് വിവരങ്ങൾ ശേഖരിക്കുന്നതിന് സഹായിക്കുന്നു.
- നിരീക്ഷിച്ച വിവരങ്ങളെ കുറിച്ച് കുട്ടികൾക്ക് വികസനാത്മകമായി ചിന്തിക്കാനും വിലയിരുത്താനും ബോധ്യപ്പെടുത്താനും അതുവഴി യുക്തിപരമായ നിഗമനങ്ങൾ രൂപീകരിക്കാനും സഹായിക്കുന്നു .
- അന്വേഷണാത്മക പഠനം, പ്രശ്നാധിഷ്ഠിത പഠനം , പ്രൊജെക്റ്റ് രീതിയിലുള്ള പഠനം - എന്നിവയിൽ പ്രയോജനപ്പെടുന്നത് ആഗമന രീതിയിലെ പ്രക്രിയയാണ് .

പരിമിതികൾ

- ആഗമന രീതിയിലുള്ള പഠന പ്രക്രിയ സമയകൂടുതൽ ഭാവന സർഗ്ഗാത്മകത എന്നിവ ആവശ്യപ്പെടുന്നു.
- നടപ്പിലാക്കുന്നതിന് കൂടുതൽ അധ്യാപക വൈവിധ്യം ആവശ്യമാണ് .

**114. ആദ്യം സിദ്ധാന്തം അഥവാ നിയമം അവതരിപ്പിക്കുകയും പിന്നെ സന്ദർഭങ്ങളിലൂടെയും ഉദാഹരണത്തിലൂടെയും അവ വിശദമാക്കുകയും ചെയ്യുന്ന പഠന രീതി ?**

A) അപഗ്രഥന രീതി
B) പ്രശ്ന പരിഹാരണ രീതി
C) നിഗമന രീതി
D) ആഗമന രീതി

**Solution:**

നിഗമന രീതി

- അധ്യാപക കേന്ദ്രീകൃതമാണിത്.
- കുട്ടി സ്വയം അറിവിലേക്ക് നയിക്കപ്പെടുകയില്ല .
- ഈ രീതിയിൽ വിനിമയം ചെയ്യപ്പെടുന്ന ആശയങ്ങൾ മുൻകൂട്ടി നിശ്ചയിച്ചതായിരിക്കും.
- വ്യവാസായ വാദത്തിലധിഷ്ഠിതമായ പാഠ്യപദ്ധതി പൻതുടരുന്ന ക്ലാസ് മുറിയിൽ ഈ രീതിയാണ് പ്രയോജനപ്പെടുന്നത്.
- കുട്ടികളിൽ ആശ്രിതത്വം വളർത്തുന്ന രീതിയാണിത് .

**115. ചേരുംപടി ചേർക്കുക:**

1. ആഗമന രീതി
2. നിഗമന രീതി

A. ശിശുകേന്ദ്രീകൃതം

B. അദ്ധ്യാപക കേന്ദ്രീകൃതം

C. സ്വാശ്രയ ശീലം വളർത്തുന്നു

D. ആശ്രിതത്വം വളർത്തുന്നു

A) 1 -A,C, 2- B,D
B) 1-B,D, 2-A,C
C) 1- A,D, 2- B,C
D) 1- B,C, 2- A,D

**Solution:**

| ആഗമന രീതി | നിഗമന രീതി |
|---|---|
| ശിശുകേന്ദ്രീകൃതം | അദ്ധ്യാപക കേന്ദ്രീകൃതം |
| അറിവ് - ഉദാരത്തിൽ നിന്ന് പൊതു തത്വത്തിലേയ്ക്ക് | അറിവ്- പൊതു തത്വത്തിൽ നിന്ന് ഉദാരങ്ങളിലേക്ക് |
| സ്വാശ്രയ ശീലം വളർത്തുന്നു | ആശ്രിതത്വം വളർത്തുന്നു |
| വിഗലാത്മക ചിന്ത വളർത്തുന്നു | ആശയങ്ങൾ കേട്ടു പഠിക്കുന്നു |
| പുതിയ അറിവിലേക്ക് നയിക്കുന്നു | അദ്ധ്യാപകൻ അറിവ് പകർന്ന് കൊടുക്കുന്നു |
| പ്രവർത്തനത്തിലൂടെ പുതിയ ആശയത്തിൽ എത്തിച്ചേരുന്നു | അദ്ധ്യാപകൻ ആശയം വിശദീകരിക്കുന്നു |
| സമയം അധികം വേണ്ടിവരുന്നു | കുറിച്ച് സമയമേ ആവശ്യമൊള്ളൂ |
| കുട്ടികളുടെ കാഴ്ചപ്പാടിന് യോജിച്ചത് | മുൻകൂട്ടി നിശ്ചയിക്കപ്പെട്ടത് |

**116. ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. വ്യക്തിവ്യത്യാസം പരിഗണിക്കുന്ന വൈവിധ്യമാർന്ന പഠനരീതികൾ ഫലപ്രദമായ പഠനത്തിനായി പ്രയോജനപ്പെടുത്തണം.
2. ശിശു കേന്ദ്രീകൃത രീതികൾ - പ്രഭാഷണ രീതി, ആഗമന നിഗമന രീതി
3. അന്വേഷണാത്മക രീതി, കണ്ടെത്തൽ രീതി എന്നും അറിയപ്പെടുന്നു.

A) 1,2,3  B) 1,2  C) 2,3  D) 1,3

**Solution:**

- ശിശു കേന്ദ്രീകൃത രീതികൾ - അന്വേഷണാത്മക രീതി (Inquiry Method),പ്രശ്ന പരിഹാരണ രീതി(Problem solving Method), അപഗ്രഥന രീതി (Analytic Method), പ്രോജക്റ്റ് രീതി(Project Method), കളി രീതി

- അദ്ധ്യാപക രീതി- പ്രഭാഷണ രീതി, ആഗമന നിഗമന രീതി, വിവരണ രീതി

**117. ആഗമന നിഗമന രീതിയുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. പഠന പ്രക്രിയയിൽ ധാരാളമായി പ്രയോജനപ്പെടുത്തുന്ന ഒരു പഠന രീതിയാണ് ആഗമന നിഗമന രീതികൾ.
2. ജോൺ ഡ്യൂയിയുടെ പ്രായോഗിക വാദവുമായി ബന്ധമുള്ള രീതിയാണിത്.
3. ആഗമന രീതിയിൽ ഉദാഹരണങ്ങളിൽ നിന്നും പൊതു തത്വത്തിലേയ്ക്ക് എത്തിച്ചേരുന്നു.

A) 1,2 B) 1,3 C) 2,3 D) 1,2,3

**Solution:**

ആഗമന നിഗമനം രീതി

- പഠന പ്രക്രിയയിൽ ധാരാളമായി പ്രയോജനപ്പെടുത്തുന്ന ഒരു പഠന രീതിയാണ് ആഗമന നിഗമന രീതികൾ .
- ആഗമന രീതിയിൽ ഉദാഹരണങ്ങളിൽ നിന്നും പൊതു തത്വത്തിലേയ്ക്കും നിഗമന രീതിയിൽ പൊതു തത്വത്തിൽ ഉദാഹരണത്തിലേയ്ക്കും എത്തിച്ചേരുന്നു.
- ആഗമന രീതിയിൽ പഠിതാവിൻറെ നിരീക്ഷണത്തിലൂടെയും വിശകലനത്തിലൂടെയുമാണ് ആശയ രൂപീകരണം നടക്കുന്നത് .
- നിഗമന രീതികളിൽ ആദ്യം സിദ്ധാന്തം അഥവാ നിയമം അവതരിപ്പിക്കുകയും പിന്നെ സന്ദർഭങ്ങളിലൂടെയും ഉദാഹരണത്തിലൂടെയും അവ വിശദമാക്കുകയും ചെയ്യുന്നു .

**118. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. ആഗമന രീതിയിൽ പഠിതാവ് സ്വയം അറിവ് നിർമിക്കുന്നു.
2. നിഗമന രീതിയിൽ അദ്ധ്യാപകൻ അറിവ് പകർന്ന് നൽകുന്നു .

A) ഒന്ന് മാത്രം ശരി B) രണ്ട് മാത്രം ശരി

C) രണ്ടും ശരിയാണ് D) രണ്ടും തെറ്റാണ്

**Solution:**

ആഗമന നിഗമനം രീതി

- പഠന പ്രക്രിയയിൽ ധാരാളമായി പ്രയോജനപ്പെടുത്തുന്ന ഒരു പഠന രീതിയാണ് ആഗമന നിഗമന രീതികൾ .
- ആഗമന രീതിയിൽ ഉദാഹരണങ്ങളിൽ നിന്നും പൊതു തത്വത്തിലേയ്ക്കും നിഗമന രീതിയിൽ പൊതു തത്വത്തിൽ ഉദാഹരണത്തിലേയ്ക്കും എത്തിച്ചേരുന്നു.
- ആഗമന രീതിയിൽ പഠിതാവിൻറെ നിരീക്ഷണത്തിലൂടെയും വിശകലനത്തിലൂടെയുമാണ് ആശയ രൂപീകരണം നടക്കുന്നത് .
- നിഗമന രീതികളിൽ ആദ്യം സിദ്ധാന്തം അഥവാ നിയമം അവതരിപ്പിക്കുകയും പിന്നെ സന്ദർഭങ്ങളിലൂടെയും ഉദാഹരണത്തിലൂടെയും അവ വിശദമാക്കുകയും ചെയ്യുന്നു .

**119. താഴെ പറയുന്നവയിൽ നിന്നും പ്രധാന വിദ്യാഭ്യാസ പ്രോജക്റ്റുകൾ തിരഞ്ഞെടുക്കുക:**

1. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്
2. നവോദയ വിദ്യാലയങ്ങൾ
3. സർവ്വശിക്ഷാ അഭിയാൻ SSA
4. അനൗപചാരിക വിദ്യാഭ്യാസ പരിപാടി

A) 1,2,3 B) 2,3,4 C) 1,2,4 D) 1,2,3,4

**Solution:**

- ഗുണമേന്മയുള്ള വിദ്യാഭ്യാസം ലക്ഷ്യമിടുന്ന ദേശീയ വിദ്യാഭ്യാസം വിവിധ കാലങ്ങളിലായി അക്കാദമികൾ നിലവാരം ഉയർത്തുന്നതിനു വേണ്ടി വിവിധതരം പ്രോജക്ടുകൾ സംഭാവന ചെയ്തിട്ടുണ്ട്.
- ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് - പ്രാഥമിക വിദ്യാലയങ്ങളുടെ അടിസ്ഥാനപരമായി ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന പരിപാടിയാണിത്.
- സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള തീരുമാനമുണ്ടായി.
- കേന്ദ്രസർക്കാരിന് കീഴിലാണ് നവോദയ വിദ്യാലയം.
- SSA കേന്ദ്ര സർക്കാർ വിഭാവനം ചെയ്ത ഒരു ഉദ്ഗ്രഥിത പ്രാഥമിക വിദ്യാഭ്യാസ പരിപാടിയാണ് .

- സാമൂഹിക സാമ്പത്തിക പ്രയാസങ്ങളാൽ മുഴുവൻ സമയ വിദ്യാലയങ്ങളിൽ പ്രവേശനം കിട്ടാത്ത നിരവധി കുട്ടികൾ ഉണ്ട്. അവർക്ക് വേണ്ടിയുള്ള ഇതര പരിപാടിയായി അംഗീകരിച്ചിട്ടുള്ളത് അനൗപചാരിക വിദ്യാഭ്യാസ പരിപാടിയാണ്.

**120. സെക്കൻഡറി വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരത്തെ വർധിപ്പിക്കുന്നതിനായി 2009 മാർച്ചിൽ നിലവിൽ വന്ന പദ്ധതി ?**

A) ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്

B) നവോദയ വിദ്യാലയങ്ങൾ

C) സർവ്വശിക്ഷാ അഭിയാൻ SSA

D) രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ RMSA

**Solution:**

രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ RMSA

- സെക്കൻഡറി വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരത്തെ വർധിപ്പിക്കുന്നതിനായി 2009 മാർച്ചിൽ നിലവിൽ വന്ന പദ്ധതി.
- 2009 - 2010 അധ്യയന വർഷം മുതൽ ഈ പദ്ധതി നടപ്പിലാക്കി തുടങ്ങി.
- സെക്കൻഡറി സ്കൂൾ പ്രവേശന ശതമാനം 75% ആക്കുക.
- അതിനുവേണ്ടി അഞ്ചുവർഷം കൊണ്ട് ഏത് പ്രദേശത്തു നിന്നും സാമാന്യ ദൂര പരിധി ഒരു സെക്കൻഡറി സ്കൂൾ എന്നതാണ് ഉദ്ദേശം.
- 2017 ഓടുകൂടി സെക്കൻഡറി വിദ്യാഭ്യാസത്തിന് നിലവാരം ഉയർത്തുകയും ലിംഗ സാമൂഹ്യ-സാമ്പത്തിക വൈകല്യ വ്യത്യാസങ്ങൾ നിർമാർജനം ചെയ്യുകയും ആണ് പദ്ധതിയുടെ ലക്ഷ്യം.

**121. ജാതി, മതം, പ്രദേശം, ലിംഗഭേദം തുടങ്ങിയ പരിഗണനകൾക്ക് അതീതമായി എല്ലാ കുട്ടികൾക്കും താരതമ്യേന തൃപ്തികരമായ നിലവാരത്തിൽ പഠനം ലഭിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതി ?**

A) അനൗപചാരിക വിദ്യാഭ്യാസ പരിപാടി

B) M L L പദ്ധതി

C) ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്

D) ഇവയൊന്നുമല്ല

**Solution:**

- ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് - പ്രാഥമിക വിദ്യാലയങ്ങളുടെ അടിസ്ഥാനപരമായി ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന പരിപാടിയാണിത്.
- സാമൂഹിക സാമ്പത്തിക പ്രയാസങ്ങളാൽ മുഴുവൻ സമയ വിദ്യാലയങ്ങളിൽ പ്രവേശനം കിട്ടാത്ത നിരവധി കുട്ടികൾ ഉണ്ട്. അവർക്ക് വേണ്ടിയുള്ള ഇതര പരിപാടിയായി അംഗീകരിച്ചിട്ടുള്ളത് അനൗപചാരിക വിദ്യാഭ്യാസ പരിപാടിയാണ്.
- അവശ്യ പഠന നിലവാരം - M L L
- ജാതി, മതം, പ്രദേശം, ലിംഗഭേദം തുടങ്ങിയ പരിഗണനകൾക്ക് അതീതമായി എല്ലാ കുട്ടികൾക്കും താരതമ്യേന തൃപ്തികരമായ നിലവാരത്തിൽ പഠനം ലഭിക്കേണ്ടതുണ്ട്. ഈ പ്രശ്നത്തിനുള്ള പരിഹാരമാണ് M L L പദ്ധതി.

**122. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും ഓപ്പറേഷൻ ബ്ലാക്ക് ബോർഡിൻറെ കീഴിൽ വരുന്നവ തിരഞ്ഞെടുക്കുക:**

1. അറ്റകുറ്റപ്പണികൾക്ക് ഗ്രാൻഡ് നൽകുന്നു.
2. ലൈബ്രറി ആവശ്യ അധ്യാപന ഉപകരണങ്ങൾ ഇവ നൽകുന്നു.
3. കഴിവുള്ള കുട്ടികളെ സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് പരിധികൾ ഇല്ലാതെ സ്വാംശീകരികരിക്കുകയും സംയോജിപ്പിക്കുകയും ചെയ്യുന്നു.

A) 1,2,3 B) 2,3 C) 1,2 D) 1,3

**Solution:**

ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്

- പ്രാഥമിക വിദ്യാലയങ്ങളുടെ അടിസ്ഥാനപരമായി ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന പരിപാടിയാണിത്.
- വിദ്യാഭ്യാസത്തിൻറെ പ്രാഥമികഘട്ടത്തിൻറെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് ആരംഭിച്ചത്.
- ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് ആരംഭിച്ച പ്രധാനമന്ത്രി - രാജീവ് ഗാന്ധി , വർഷം - 1987
- ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക ആയിരുന്നു ലക്ഷ്യം.

**123. പ്രീസ്കൂൾ മുതൽ സീനിയർ സെക്കൻഡറി തലംവരെ ഒരു കുടക്കീഴിൽ കൊണ്ടുവരാനായി സ്കൂളിനെ വിഭാവനം ചെയ്യത്തക്ക വിധത്തിൽ സ്കൂൾ വിദ്യാഭ്യാസത്തെ കുറിച്ചുള്ള ഒരു സംയോജിത പദ്ധതിയാണ് _________?**

A) രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ

B) M L L പദ്ധതി

C) സർവ ശിക്ഷാ അഭിയാൻ

D) സമഗ്ര ശിക്ഷാ അഭിയാൻ

**Solution:**

സമഗ്ര ശിക്ഷാ അഭിയാൻ

- സ്കൂൾ വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന സർവ ശിക്ഷാ അഭിയാനും രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാനും ലയിപ്പിച്ചു സമഗ്ര ശിക്ഷാ അഭിയാൻ നിലവിൽ വന്നു.
- ഇതനുസരിച്ച് 1 മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കാര്യങ്ങൾ സമഗ്ര ശിക്ഷയുടെ കീഴിലാവും.
- ആഗോള നിലവാരത്തിലുള്ള അടിസ്ഥാന വിദ്യാഭ്യാസത്തിലൂന്നിയ ഭാരത സർക്കാർ പദ്ധതിയാണിത്.
- 2000- 2001 വർഷത്തിലാണ് ആരംഭിച്ചതെങ്കിലും ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി DPEP എന്ന പേരിൽ ഇതിന് സമാനമായ പദ്ധതി 1993-94 വർഷം മുതൽ നിലവിലുണ്ടായിരുന്നു.

**124. ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് ആരംഭിച്ച വർഷം ?**

A) 1987 B) 1994 C) 2008 D) 2001

**Solution:**

ഓപ്പറേഷൻ ബ്ലാക്ക് ബോർഡ്

- പ്രാഥമിക വിദ്യാലയങ്ങളുടെ അടിസ്ഥാനപരമായി ആവശ്യമായ പഠനോപകരണങ്ങൾ വിതരണം ചെയ്യുന്ന പരിപാടിയാണിത്.
- വിദ്യാഭ്യാസത്തിൻറെ പ്രാഥമികഘട്ടത്തിൻറെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയാണ് ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് ആരംഭിച്ചത്.
- ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് ആരംഭിച്ച പ്രധാനമന്ത്രി - രാജീവ് ഗാന്ധി
- ഓപ്പറേഷൻ ബോർഡ് ആരംഭിച്ച വർഷം - 1987

**125. ദേശീയ വിദ്യാഭ്യാസ നയം 1986 വിഭാവനം ചെയ്ത പദ്ധതിയാണ് __________?**

A) രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ

B) നവോദയ വിദ്യാലയങ്ങൾ

C) സർവ ശിക്ഷാ അഭിയാൻ

D) സമഗ്ര ശിക്ഷാ അഭിയാൻ

**Solution:**

നവോദയ വിദ്യാലയങ്ങൾ

- സമർത്ഥരായ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട ഗുണനിലവാരമുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നവോദയ വിദ്യാലയങ്ങൾ സ്ഥാപിക്കാനുള്ള തീരുമാനമുണ്ടായി.
- കേന്ദ്രസർക്കാരിന് കീഴിലാണ് നവോദയ വിദ്യാലയം.
- ഇന്ത്യയിലാകെ 661 ജവഹർ നവോദയ വിദ്യാലയങ്ങൾ ഉണ്ട്.
- കേരളത്തിൽ എല്ലാ ജില്ലകളിലും ഓരോ നവോദയ വിദ്യാലയം ആണ് ഉള്ളത്.
- ദേശീയ വിദ്യാഭ്യാസ നയം 1986 വിഭാവനം ചെയ്ത പദ്ധതിയാണ് നവോദയ വിദ്യാലയങ്ങൾ.

**126. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും സമഗ്ര ശിക്ഷാ അഭിയാൻ പ്രത്യേകതകൾ തിരഞ്ഞെടുക്കുക:**

1. വ്യക്തമായ പുറംചട്ടയോടുകൂടിയ ആഗോള അടിസ്ഥാന വിദ്യാഭ്യാസം.
2. രാജ്യത്തുടനീളം ഗുണനിലവാരമുള്ള വിദ്യാഭ്യാസം.
3. അടിസ്ഥാന വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ നീതിയുടെ വിഭാവനം.
4. കേന്ദ്ര സംസ്ഥാന തദ്ദേശ സർക്കാരുകളുടെ കൂട്ടായ പ്രവർത്തനം.

A) 1,2,3 B) 2,3,4 C) 1,2,4 D) 1,2,3,4

**Solution:**

സമഗ്ര ശിക്ഷാ അഭിയാൻ പ്രത്യേകതകൾ:-

- വ്യക്തമായ പുറംചട്ടയോടുകൂടിയ ആഗോള അടിസ്ഥാന വിദ്യാഭ്യാസം.
- രാജ്യത്തുടനീളം ഗുണനിലവാരമുള്ള വിദ്യാഭ്യാസം.
- അടിസ്ഥാന വിദ്യാഭ്യാസത്തിലൂടെ സാമൂഹ്യ നീതിയുടെ വിഭാവനം.
- കേന്ദ്ര സംസ്ഥാന തദ്ദേശ സർക്കാരുകളുടെ കൂട്ടായ പ്രവർത്തനം.

- സംസ്ഥാന ഭരണകൂടത്തിൻറെ അടിസ്ഥാനവിദ്യാഭ്യാസ നയങ്ങളേയും ലക്ഷ്യങ്ങളേയും പരിപോഷിപ്പിക്കാനുള്ള അവസരം.

ലക്ഷ്യങ്ങൾ:-

- 2005 വർഷം വരെ മുഴുവൻ വിദ്യാലയങ്ങളിലും നടപ്പാക്കുക.
- സന്തോഷജനകമായ ജീവിതത്തിനായി വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.
- സാമൂഹിക ലിംഗ വിവേചനങ്ങൾ തുടച്ചു നീക്കി ഏവർക്കും അടിസ്ഥാന വിദ്യാഭ്യാസം.
- സ്കൂളുകൾ നിലവിൽ ഇല്ലാത്ത സ്ഥലങ്ങളിൽ വിദ്യാലയങ്ങൾ സ്ഥാപിക്കുക.
- സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുകയും നിലവിലുള്ളവ മെച്ചപ്പെടുത്തുകയും ചെയ്യുക.

**127. രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ നടപ്പിലാക്കി തുടങ്ങിയത് ഏതു വർഷം മുതൽ ആണ് ?**

A) 2009 B) 2001 C) 1994 D) 1987

**Solution:**

| പദ്ധതി | വർഷം |
|---|---|
| സർവശിക്ഷാ അഭിയാൻ (SSA) | 2001 |
| ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് | 1987 |
| ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പരിപാടി (DPEP) | 1993 |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷാ അഭിയാൻ (RMSA) | 2009 |

**128. ചേരുംപടി ചേർക്കുക:**

1. ഭാഷയെ നിർണ്ണയിക്കുന്നത് ചിന്തയാണ്.
2. മുതിർന്നവരുടെ ഭാഷാപ്രയോഗത്തെ അനുകരിച്ചാണ് കുട്ടി ഭാഷ പഠിക്കുന്നത്.
3. ഭാഷ നിർമ്മിക്കപ്പെടുന്നതാണ് എന്നും, ഭാഷയുടെ പ്രാഗ് രൂപം നമ്മുടെ മസ്തിഷ്കത്തിൽ ആണ്.

A - പിയാഷെ
B- സ്കിന്നർ
C -നോം ചോംസ്ക്കി

A) 1 A, 2 B, 3 C
B) 1 B, 2 A, 3 C
C) 1 C, 2 B, 3 A
D) 1 A, 2 C, 3 B

**Solution:**

- ഭാഷയെ നിർണ്ണയിക്കുന്നത് ചിന്തയാണ് എന്ന് അഭിപ്രായപ്പെട്ടത് - പിയാഷെ
- മുതിർന്നവരുടെ ഭാഷാപ്രയോഗത്തെ അനുകരിച്ചാണ് കുട്ടി ഭാഷ പഠിക്കുന്നത് എന്ന് അഭിപ്രായപ്പെട്ടത്- സ്കിന്നർ
- ഭാഷ നിർമ്മിക്കപ്പെടുന്നതാണ് എന്നും, ഭാഷയുടെ പ്രാഗ് രൂപം നമ്മുടെ മസ്തിഷ്കത്തിൽ ആണ് എന്നും അഭിപ്രായപ്പെട്ടത് - നോം ചോംസ്ക്കി.
- ബോധനത്തിലൂടെ ത്വരിതപ്പെടുത്താനും മന്ദീഭവിപ്പിക്കാനും കഴിയുന്ന വികാസം എന്ന് പിയാഷെ സിദ്ധാന്തിക്കുന്നു.
- ഓരോ ഘട്ടത്തിലും എത്തിച്ചേരുന്ന മുറക്ക് മാത്രമേ കുട്ടികളെ ഓരോ ആശയവും പഠിപ്പിക്കാവൂ എന്നാണ് പിയാഷെ പറയുന്നത്.

**129. ഭാഷാ വികാസത്തെക്കുറിച്ചുള്ള ചില കണ്ടെത്തലുകൾ താഴെ നൽകിയിരിക്കുന്നു. ഇവയെല്ലാം ആരുടെ കണ്ടെത്തലുകൾ ആണ്:**

- ചിന്തയുടെ / ഭാഷയുടെ വികാസം വ്യക്തിയിൽ നിന്നും സമൂഹത്തിലേക്ക്
- പ്രവർത്തനങ്ങളുടെ അകമ്പടി എന്ന നിലയിലാണ് സ്വയം ഭാഷണമുണ്ടാകുന്നത്.
- സ്വയം ഭാഷണമാണ് ആദ്യം പ്രത്യക്ഷപ്പെടുന്നത്. ഇത് അസ്തമിച്ചതിന് ശേഷമാണ് സാമൂഹിക ഭാഷണം തുടങ്ങുന്നത്.

A) പിയാഷെ B) സ്കിന്നർ C) നോം ചോംസ്ക്കി D) ബ്രൂണർ

**Solution:**

- ഭാഷയെ നിർണ്ണയിക്കുന്നത് ചിന്തയാണ് എന്ന് അഭിപ്രായപ്പെട്ടത് - പിയാഷെ
- മുതിർന്നവരുടെ ഭാഷാപ്രയോഗത്തെ അനുകരിച്ചാണ് കുട്ടി ഭാഷ പഠിക്കുന്നത് എന്ന് അഭിപ്രായപ്പെട്ടത്- സ്കിന്നർ

- ഭാഷ നിർമ്മിക്കപ്പെടുന്നതാണ് എന്നും, ഭാഷയുടെ പ്രാഗ് രൂപം നമ്മുടെ മസ്തിഷ്കത്തിൽ ആണ് എന്നും അഭിപ്രായപ്പെട്ടത് - നോം ചോംസ്കി.

**130. താഴെ നൽകിയിരിക്കുന്നത് ചില മനശാസ്ത്രജ്ഞരുടെ ഭാഷാപഠനത്തെ കുറിച്ചുള്ള അഭിപ്രായങ്ങളാണ്. ഇതിൽ സ്കിന്നറുമായി ബന്ധപ്പെട്ടത് ഏത് ?**

A) ചിന്തയുടെ / ഭാഷയുടെ വികാസം വ്യക്തിയിൽ നിന്നും സമൂഹത്തിലേക്ക് എന്ന ക്രമത്തിലാണ്

B) ഭാഷയെ നിർണ്ണയിക്കുന്നത് ചിന്തയാണ്

C) മുതിർന്നവരുടെ ഭാഷാപ്രയോഗത്തെ അനുകരിച്ചാണ് കുട്ടി ഭാഷ പഠിക്കുന്നത്

D) ഭാഷ നിർമ്മിക്കപ്പെടുന്നതാണ്

**Solution:**

- ഭാഷയെ നിർണ്ണയിക്കുന്നത് ചിന്തയാണ് എന്ന് അഭിപ്രായപ്പെട്ടത് - പിയാഷെ
- മുതിർന്നവരുടെ ഭാഷാപ്രയോഗത്തെ അനുകരിച്ചാണ് കുട്ടി ഭാഷ പഠിക്കുന്നത് എന്ന് അഭിപ്രായപ്പെട്ടത്- സ്കിന്നർ
- ചിന്തയുടെ / ഭാഷയുടെ വികാസം വ്യക്തിയിൽ നിന്നും സമൂഹത്തിലേക്ക് എന്ന ക്രമത്തിലാണ് എന്ന് അഭിപ്രായപ്പെട്ടത് - പിയാഷെ
- ഭാഷ നിർമ്മിക്കപ്പെടുന്നതാണ് എന്നും, ഭാഷയുടെ പ്രാഗ് രൂപം നമ്മുടെ മസ്തിഷ്കത്തിൽ ആണ് എന്നും അഭിപ്രായപ്പെട്ടത് - നോം ചോംസ്കി.

**131. ഭാഷയോട് കൂടിയാണ് കുട്ടി ജനിക്കുന്നതെന്ന ആശയം മുന്നോട്ട് വെക്കുന്ന സിദ്ധാന്തം ഏത് ?**

A) ജ്ഞാതൃമനോശാസ്ത്രം

B) സർവ്വഭാഷ സിദ്ധാന്തം

C) ഭാഷ സമഗ്രത ദർശനം

D) ഇവയൊന്നുമല്ല

**Solution:**

- ജ്ഞാതൃമനോശാസ്ത്രവും സർവ്വഭാഷ സിദ്ധാന്തവും ഉള്ളിൽ ഭാഷയുള്ള കുട്ടിയെയാണ് പരിചയപ്പെടുത്തുന്നത്.
- ഭാഷയോട് കൂടിയാണ് കുട്ടി ജനിക്കുന്നതെന്ന ആശയം ഭാഷ സമഗ്രത ദർശനം മുന്നോട്ട് വക്കുന്നു.

- ചിന്തയുടെ വികാസം നിശ്ചയിക്കുന്നത് ഭാഷയാണ് എന്ന് വൈഗോട്സ്കി ഊന്നി പറയുന്നു.

**132. ഭാഷയും സംസ്കാരവും മനുഷ്യൻറെ ബൗദ്ധിക വികാസത്തിൽ ഒരു നിർണായക പങ്ക് വഹിക്കുന്നു, എന്ന് അഭിപ്രായപ്പെട്ടത് ആര് ?**

A) പിയാഷെ　　B) സ്കിന്നർ

C) വൈഗോട്സ്കി　　D) നോം ചോംസ്കി

**Solution:**

- 1978-ൽ ലെവ് വൈഗോട്സ്കി അവതരിപ്പിച്ച ഒരു പഠന സിദ്ധാന്തമാണ് സാമൂഹിക ജ്ഞാനനിർമ്മിതിവാദം.
- ഭാഷയും സംസ്കാരവും മനുഷ്യർ യാഥാർത്ഥ്യത്തെ അനുഭവിക്കുകയും ആശയവിനിമയം നടത്തുകയും മനസ്സിലാക്കുകയും ചെയ്യുന്ന ചട്ടക്കൂടുകളാണെന്ന് സിദ്ധാന്തം പറയുന്നു.
- വൈഗോട്സ്കിയുടെ അഭിപ്രായത്തിൽ, ഭാഷയും സംസ്കാരവും മനുഷ്യൻറെ ബൗദ്ധിക വികാസത്തിൽ ഒരു നിർണായക പങ്ക് വഹിക്കുന്നു.
- പഠന സങ്കൽപ്പങ്ങൾ ഭാഷയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നു എന്നാണ് ഇതിനർത്ഥം.
- അവ അനുഭവത്തിലൂടെയും ആശയവിനിമയത്തിലൂടെയും വ്യാഖ്യാനിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു.

**133. ഭാഷാ പഠനവുമായി ബന്ധപ്പെട്ട ചില പ്രസ്താവനകൾ താഴെ നൽകിയിരിക്കുന്നു. ഇവ ആരുമായി ബന്ധപെട്ടിരിക്കുന്നു:**

1. ഭാഷ നിർമ്മിക്കപ്പെടുകയാണ്.
2. ഭാഷയുടെ പ്രാഗ് രൂപം നമ്മുടെ മസ്തിഷ്കത്തിലുണ്ട്.
3. മൃഗങ്ങളുടെ ചേഷ്ട വ്യതിയാനങ്ങളുമായി ഭാഷ പഠനത്തെ തുലനം ചെയ്യുന്നത് ശരിയല്ല, അതിനേക്കാൾ ഉൽകൃഷ്ടമായ ഒന്നാണ് മനുഷ്യൻറെ ഭാഷാ പഠനം.

A) പിയാഷെ　　B) സ്കിന്നർ

C) നോം ചോംസ്കി　　D) വൈഗോട്സ്കി

**Solution:**

- മുതിർന്നവരുടെ ഭാഷാ പ്രയോഗത്തെ അനുകരിച്ചാണ് കുട്ടി ഭാഷാ പഠിക്കുന്നത് എന്ന അനുമാനത്തിലാണ് സ്കിന്നർ എത്തിച്ചേർന്നത്.
- നോം ചോംസ്കിയുടെ സിദ്ധാന്തമനുസരിച്ച് ഭാഷ നിർമ്മിക്കപ്പെടുകയാണ്.
- ഭാഷയുടെ പ്രാഗ് രൂപം നമ്മുടെ മസ്തിഷ്കത്തിലുണ്ട്.
- അതുപയോഗിച്ച് ഭാഷ നിർമ്മിച്ചെടുക്കാനും അറിവ് ആർജിക്കാനുമാണ് കുട്ടിയെ പ്രാപ്തനാക്കേണ്ടത്.
- അറിവ് എന്നത് കേവലം വിവരം (INFORMATION) എന്ന അർത്ഥത്തിലല്ല വിജ്ഞാനം (KNOWLEDGE) എന്ന അർത്ഥത്തിലാണ് ഇവിടെ വിവക്ഷിച്ചിട്ടുള്ളത്.
- മൃഗങ്ങളുടെ ചേഷ്ട വ്യതിയാനങ്ങളുമായി ഭാഷ പഠനത്തെ തുലനം ചെയ്യുന്നത് ശരിയല്ലെന്നും അതിനേക്കാൾ ഉൽകൃഷ്ടമായ ഒന്നാണ് മനുഷ്യൻറെ ഭാഷാ പഠനമെന്നും ചോംസ്കി സമർത്ഥിക്കുന്നു.

**134. ഭാഷാർജ്ജന കൗശലം (LANGUAGE ACQUISITION DEVICE -LAD) എന്ന ആശയത്തിൻറെ ഉപജ്ഞാതാവ് ആര് ?**

A) പിയാഷെ B) സ്കിന്നർ
C) വൈഗോട്സ്കി D) നോം ചോംസ്കി

**Solution:**

- മനസ്സിൽ ഭാഷാ ഘടകമെന്ന വേർതിരിച്ചെടുക്കാവുന്ന ഘടകമുണ്ടെന്നും അതിന് വ്യക്തമായ സവിശേഷതകളും ഘടനയും വ്യവസ്ഥയും ഉണ്ടെന്നും ചോംസ്കി അസന്നിദ്ധമായി പ്രസ്താവിക്കുന്നു.
- രചനാന്തരണ പ്രജനന വ്യാകരണം (TRANSFORMATIONAL GENERATIVE GRAMMAR) എന്ന അദ്ദേഹത്തിൻറെ ആശയവും പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.
- ഭാഷാ ശാസ്ത്രജ്ഞരിൽ മുൻഗാമിയായ നോം ചോംസ്കിയാണ് ഭാഷാർജ്ജന കൗശലം (LANGUAGE ACQUISITION DEVICE -LAD) എന്ന ആശയത്തിൻറെ ഉപജ്ഞാതാവ്.

**135. ഉള്ളിൽ ഭാഷയുള്ള കുട്ടിയെ പരിചയപ്പെടുത്തുന്ന സിദ്ധാന്തങ്ങൾ:**

1. ജ്ഞാതൃമനോശാസ്ത്രം
2. സർവ്വഭാഷ സിദ്ധാന്തം
3. ഭാഷ സമഗ്രത ദർശനം

A) 1,2 B) 1,3 C) 2,3 D) 1,2,3

**Solution:**

- ജ്ഞാതൃമനോശാസ്ത്രവും സർവ്വഭാഷ സിദ്ധാന്തവും ഉള്ളിൽ ഭാഷയുള്ള കുട്ടിയെയാണ് പരിചയപ്പെടുത്തുന്നത്.
- ഭാഷയോട് കൂടിയാണ് കുട്ടി ജനിക്കുന്നതെന്ന ആശയം ഭാഷ സമഗ്രത ദർശനം മുന്നോട്ട് വക്കുന്നു.
- ചിന്തയുടെ വികാസം നിശ്ചയിക്കുന്നത് ഭാഷയാണ് എന്ന് വൈഗോട്സ്കി ഊന്നി പറയുന്നു.

**136. മൂന്ന് ഘടകങ്ങളായാണ് ഭാഷണം വികസനം പ്രാപിക്കുന്നത്;അതിൽ ഉൾപ്പെടാത്തത് ഏത് ?**

A) സാമൂഹ്യഭാഷണം B) സ്വയം ഭാഷണം
C) ആന്തരിക ഭാഷണം D) സമഗ്ര ഭാഷണം

**Solution:**

- മൂന്ന് ഘടകങ്ങളായാണ് ഭാഷണം വികസനം പ്രാപിക്കുന്നത്;ബാഹ്യമായആശയവിനിമയപര ഭാഷണം / സാമൂഹ്യഭാഷണം ,സ്വയം ഭാഷണം ,ആന്തരിക ഭാഷണം.
- വൈഗോട്സ്കിയെ സംബന്ധിച്ചിടത്തോളം ചിന്തയുടെ സംഘടനത്തിനുള്ള ഉപകരണമാണ് ഭാഷ.
- ഭാഷക്ക് പല ധർമ്മങ്ങൾ ഉണ്ടെങ്കിലും ഭാഷണം മുഖേനയുള്ള ആശയവിനിമയം തന്നെയാണ് പ്രാഥമിക ധർമം.

**137. സർവ്വഭാഷ വ്യാകരണത്തെ കുറിച്ചുള്ള സിദ്ധാന്തം ഏത് ?**

A) സർവ്വഭാഷ സിദ്ധാന്തം B) രചനാന്തരണ പ്രജനന വ്യാകരണം
C) ജ്ഞാതൃമനോശാസ്ത്രം D) ഭാഷ സമഗ്രത ദർശനം

**Solution:**

- രചനാന്തരണ പ്രജനന വ്യാകരണം (TRANSFORMATIONAL GENERATIVE GRAMMAR) എന്ന നോം ചോംസ്കിയുടെ ആശയ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ്.
- ഭാഷാ ശാസ്ത്രജ്ഞരിൽ മുൻഗാമിയായ നോം ചോംസ്കിയാണ് ഭാഷാർജ്ജന കൗശലം (LANGUAGE ACQUISITION DEVICE -LAD) എന്ന ആശയത്തിൻറെ ഉപജ്ഞാതാവ്.
- മനുഷ്യന് ജന്മസിദ്ധമായ ഭാഷാർജ്ജനത്തിനുള്ള കഴിവുണ്ട്. ഇതിനെ ഭാഷാ പഠന സംവിധാനം എന്നാണ് ആദ്യകാലത്ത് വിശേഷിപ്പിച്ചത്.
- പിന്നീട് 1980 കളിലാണ് അത് സർവ്വഭാഷ വ്യാകരണം എന്ന പേരിൽ അറിയപ്പെട്ട് തുടങ്ങിയത്.
- സർവ്വഭാഷ വ്യാകരണത്തെ കുറിച്ചുള്ള സിദ്ധാന്തമാണ് രചനാന്തരണ പ്രജനന വ്യാകരണം (TRANSFORMATIONAL GENERATIVE GRAMMAR).
- ഭാഷാജ്ഞാനോർജ്ജന കൗശലം ജന്മസിദ്ധമായ മനസികശേഷിയാണ്.

**138. ഒരു ജീവിയുടെ ഉള്ളിൽ നിന്നും പുറപ്പെടുന്ന അഭിപ്രേരണയാണ് __________ ?**

A) ബാഹ്യ അഭിപ്രേരണ

B) കൃത്രിമ അഭിപ്രേരണ

C) നൈസർഗിക അഭിപ്രേരണ

D) ഇവയൊന്നുമല്ല

**Solution:**

- ഒരു ജീവിയുടെ ഉള്ളിൽ നിന്നും പുറപ്പെടുന്ന അഭിപ്രേരണയാണ് ആന്തരിക അഭിപ്രേരണ.
- ഇത് നൈസർഗിക അഭിപ്രേരണ എന്നും അറിയപ്പെടുന്നു.
- പുറമേ നിന്നും ലഭിക്കുന്ന അഭിപ്രേരണയാണ് ആണ് ബാഹ്യ അഭിപ്രേരണ.
- ഇത് കൃത്രിമ അഭിപ്രേരണ എന്നും അറിയപ്പെടുന്നു.

**139. പുറമേ നിന്നും ലഭിക്കുന്ന അഭിപ്രേരണയാണ് __________ ?**

A) ആന്തരിക അഭിപ്രേരണ

B) നൈസർഗിക അഭിപ്രേരണ

C) കൃത്രിമ അഭിപ്രേരണ

D) ഇവയൊന്നുമല്ല

**Solution:**

ബാഹ്യ അഭിപ്രേരണ

- ബാഹ്യപ്രേരണയുടെ ഫലമായി ഉണ്ടാകുന്നത്.
- ഏതൊരു വ്യക്തിയുടെയും പ്രവർത്തനത്തിൻറെ ഒരു പ്രധാന ഘടകമാണ് അഭിപ്രേരണ. ലാറ്റിനിൽ നിന്ന്, പല ശാസ്ത്ര മേഖലകളിലും കാണപ്പെടുന്ന ഈ പദം "എന്താണ് മുന്നോട്ട് നീങ്ങുന്നത്" എന്ന് വിവർത്തനം ചെയ്തിരിക്കുന്നത്.
- ശരിയായ ആന്തരികവും ബാഹ്യവുമായ അഭിപ്രേരണ ഒരു വ്യക്തിയെ അവരുടെ സ്വാഭാവിക കഴിവുകൾ പൂർണ്ണമായി മനസ്സിലാക്കാനും അവരുടെ ലക്ഷ്യങ്ങൾ നേടാനും അനുവദിക്കുന്നു.

**140. താഴെ നല്കിയിരിക്കുന്നവയിൽ , ഒരു കുട്ടിയിൽ അഭിപ്രേരണ വളർത്താൻ സഹായകമാകുന്നവ ഏതെല്ലാം:**

1. ഹൃദ്യമായ അന്തരീക്ഷം സൃഷ്ടിക്കുക.
2. ശിശുകേന്ദ്രീകൃത പഠനരീതിയുടെ പ്രയോഗം.
3. രസകരമായ പഠനാനുഭവങ്ങളുടെ ലഭ്യത.
4. പരസ്പര സഹകരണം പ്രോത്സാഹിപ്പിക്കുക.

A) 1,2,3 B) 2,3,4 C) 1,2,4 D) 1,2,3,4

**Solution:**

- ഒരു കുട്ടിയിൽ അഭിപ്രേരണ വളർത്താൻ, പഠനപ്രശ്നവുമായി ബന്ധപ്പെട്ട് സ്വന്തം അഭിരുചിയ്ക്കും താത്പര്യത്തിനുമനുസരിച്ച് മേഖലകളും ശേഷികളും അവരവരുടെ നിലവാരത്തിനനുസരിച്ച് സ്വയം തിരഞ്ഞെടുക്കുവാൻ വേണ്ട കൈത്താങ്ങലുകൾ നൽകുക.
- പഠനത്തെ യഥാർത്ഥ ജീവിതവുമായി ബന്ധിപ്പിക്കുക.
- പഠനസന്ദർഭത്തെ പ്രശ്നങ്ങളായി അവതരിപ്പിക്കുക.
- മാനസികവും ബുദ്ധിപരവുമായ അസന്തുലിതാവസ്ഥ സൃഷ്ടിക്കുക.
- ഹൃദ്യമായ അന്തരീക്ഷം സൃഷ്ടിക്കുക.
- ശിശുകേന്ദ്രീകൃത പഠനരീതിയുടെ പ്രയോഗം.
- രസകരമായ പഠനാനുഭവങ്ങളുടെ ലഭ്യത.
- പരസ്പര സഹകരണം പ്രോത്സാഹിപ്പിക്കുക.

**141. അഭിപ്രേരണയെക്കുറിച്ച് മക് ക്ലല്ലൻഡ് ആവിഷ്കരിച്ച സിദ്ധാന്തത്തിൽ മനുഷ്യരിൽ കാണപ്പെടുന്ന 3 തരം അഭിപ്രേരണകളെക്കുറിച്ച് പറയുന്നു , അവ ഏതെല്ലാം :**

1. നേടാനുള്ള അഭിപ്രേരണ
2. ഒഴിവാക്കാനുള്ള അഭിപ്രേരണ
3. അധികാരത്തിനുള്ള അഭിപ്രേരണ
4. ബന്ധങ്ങളോടുള്ള അഭിപ്രേരണ

A) 1,2,3 B) 1,2,4 C) 2,3,4 D) 1,3,4

**Solution:**

- ഹാർവാർഡ് സർവ്വകലാശാലയിലെ മക് ക്ലല്ലൻഡ് 1951-ൽ നേടാനുള്ള അഭിപ്രേരണാ സിദ്ധാന്തം ആവിഷ്കരിച്ചു.
- പുതിയ നേട്ടങ്ങൾ കൈവരിക്കാനും,തനതായ നേട്ടങ്ങൾ കൈവരിക്കാനും, ഗുണമേന്മ നിലവാരം താരതമ്യം ചെയ്യാനും നേടാനുള്ള അഭിപ്രേരണ ഗുണം ചെയ്യുന്നു അഭിപ്രേരണ ഗുണം ചെയ്യുന്നു.
- അഭിപ്രേരണയെക്കുറിച്ച് അദ്ദേഹം ആവിഷ്കരിച്ച സിദ്ധാന്തത്തിൽ മനുഷ്യരിൽ കാണപ്പെടുന്ന 3 തരം അഭിപ്രേരണകളെക്കുറിച്ചാണ് പറഞ്ഞത്:

1. നേടാനുള്ള അഭിപ്രേരണ
2. അധികാരത്തിനുള്ള അഭിപ്രേരണ
3. ബന്ധങ്ങളോടുള്ള അഭിപ്രേരണ

**142. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. നേടാനുള്ള അഭിപ്രേരണ സിദ്ധാന്തം മക് ക്ലൻഡ് ആണ് ആവിഷ്കരിച്ചത് .
2. നേടാനുള്ള അഭിപ്രേരണ ഉയർന്ന തോതിൽ പുലർത്തുന്ന പഠിതാക്കൾ കഠിനമായി പ്രയത്നിച്ചു പ്രവർത്തനങ്ങൾ നല്ല നിലയിൽ ചെയ്യും .

A) 1 ശരി, 2 തെറ്റ് B) 1 തെറ്റ്, 2 ശരി

C) 1 ശരി, 2 ശരി D) 1 തെറ്റ്, 2 തെറ്റ്

**Solution:**

- ഹാർവാർഡ് സർവ്വകലാശാലയിലെ മക് ക്ലല്ലൻഡ് 1951-ൽ നേടാനുള്ള അഭിപ്രേരണാ സിദ്ധാന്തം ആവിഷ്കരിച്ചു.

- പുതിയ നേട്ടങ്ങൾ കൈവരിക്കാനും,തനതായ നേട്ടങ്ങൾ കൈവരിക്കാനും, ഗുണമേന്മ നിലവാരം താരതമ്യം ചെയ്യാനും നേടാനുള്ള അഭിപ്രേരണ ഗുണം ചെയ്യുന്നു അഭിപ്രേരണ ഗുണം ചെയ്യുന്നു.
- അഭിപ്രേരണയെക്കുറിച്ച് അദ്ദേഹം ആവിഷ്കരിച്ച സിദ്ധാന്തത്തിൽ മനുഷ്യരിൽ കാണപ്പെടുന്ന 3 തരം അഭിപ്രേരണകളെക്കുറിച്ചാണ് പറഞ്ഞത്:നേടാനുള്ള അഭിപ്രേരണ,അധികാരത്തിനുള്ള അഭിപ്രേരണ,ബന്ധങ്ങളോടുള്ള അഭിപ്രേരണ

**143. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. അഭിപ്രേരണ ക്രമം മക് ക്ലല്ലൻഡിൻറെ സംഭാവനയാണ്.
2. ശരിയായ ആന്തരികവും ബാഹ്യവുമായ അഭിപ്രേരണ ഒരു വ്യക്തിയെ അവരുടെ സ്വാഭാവിക കഴിവുകൾ പൂർണ്ണമായി മനസ്സിലാക്കാനും അവരുടെ ലക്ഷ്യങ്ങൾ നേടാനും അനുവദിക്കുന്നു.

A) 1 ശരി, 2 ശരി
B) 1 തെറ്റ്, 2 തെറ്റ്
C) 1 ശരി, 2 തെറ്റ്
D) 1 തെറ്റ്, 2 ശരി

**Solution:**

- അഭിപ്രേരണ ക്രമം എബ്രഹാം മാസ്ലോ വിൻറെ സംഭാവനയാണ്.
- ശാരീരികമായ ആവശ്യങ്ങൾ,സ്വയംരക്ഷ യുമായി ബന്ധപ്പെട്ട ആവശ്യങ്ങൾ, സ്നേഹം സ്വന്തം എന്ന ബോധം എന്നീ ആവശ്യങ്ങൾ, അഭിമാനവും ആയി ബന്ധപ്പെട്ട ആവശ്യങ്ങൾ, ആത്മാവിഷ്കാരപരമായ ആവശ്യങ്ങൾ ഇങ്ങനെയാണ് എബ്രഹാം മാസ്ലോയുടെ അഭിപ്രേരണ ക്രമം.
- മക് ക്ലാലൻഡ് ആണ് നേടാനുള്ള അഭിപ്രേരണ എന്ന സിദ്ധാന്തം ആവിഷ്കരിച്ചത്.
- ശരിയായ ആന്തരികവും ബാഹ്യവുമായ അഭിപ്രേരണ ഒരു വ്യക്തിയെ അവരുടെ സ്വാഭാവിക കഴിവുകൾ പൂർണ്ണമായി മനസ്സിലാക്കാനും അവരുടെ ലക്ഷ്യങ്ങൾ നേടാനും അനുവദിക്കുന്നു.

**144. അഭിപ്രേരണയുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകളിൽ തെറ്റായത് ഏത് ?**

A) നേടാനുള്ള അഭിപ്രേരണ സിദ്ധാന്തം ആവിഷ്കരിച്ചത്- മക് ക്ലല്ലൻഡ്

B) ബാഹ്യപ്രേരണയുടെ ഫലമായി ഉണ്ടാകുന്ന അഭിപ്രേരണ - കൃത്രിമ അഭിപ്രേരണ

C) ഒരു ജീവിയുടെ ഉള്ളിൽ നിന്നും പുറപ്പെടുന്ന അഭിപ്രേരണ - ബാഹ്യ അഭിപ്രേരണ

D) അഭിപ്രേരണ ക്രമം എബ്രഹാം മാസ്ലോവിൻറെ സംഭാവനയാണ്.

**Solution:**

- ഒരു ജീവിയുടെ ഉള്ളിൽ നിന്നും പുറപ്പെടുന്ന അഭിപ്രേരണയാണ് ആന്തരിക അഭിപ്രേരണ.
- ഇത് നൈസർഗിക അഭിപ്രേരണ എന്നും അറിയപ്പെടുന്നു.
- പുറമേ നിന്നും ലഭിക്കുന്ന അഭിപ്രേരണയാണ് ആണ് ബാഹ്യ അഭിപ്രേരണ.
- ഇത് കൃത്രിമ അഭിപ്രേരണ എന്നും അറിയപ്പെടുന്നു.

**145. നേടാനുള്ള അഭിപ്രേരണ സിദ്ധാന്തം മക് ക്ലൻഡ് ആണ് ആവിഷ്കരിച്ചത്.അഭിപ്രേരണയെക്കുറിച്ച് അദ്ദേഹം ആവിഷ്കരിച്ച സിദ്ധാന്തത്തിൽ മനുഷ്യരിൽ കാണപ്പെടുന്ന എത്രതരം അഭിപ്രേരണകളെക്കുറിച്ചാണ് പറഞ്ഞത് ?**

A) 2 B) 3 C) 6 D) 9

**Solution:**

- നേടാനുള്ള അഭിപ്രേരണ സിദ്ധാന്തം മക് ക്ലൻഡ് ആണ് ആവിഷ്കരിച്ചത് .
- നേടാനുള്ള അഭിപ്രേരണ ഉയർന്ന തോതിൽ പുലർത്തുന്ന പഠിതാക്കൾ കഠിനമായി പ്രയത്നിച്ചു പ്രവർത്തനങ്ങൾ നല്ല നിലയിൽ ചെയ്യും .
- അഭിപ്രേരണയെക്കുറിച്ച് അദ്ദേഹം ആവിഷ്കരിച്ച സിദ്ധാന്തത്തിൽ മനുഷ്യരിൽ കാണപ്പെടുന്ന 3 തരം അഭിപ്രേരണകളെക്കുറിച്ചാണ് പറഞ്ഞത്:

1. നേടാനുള്ള അഭിപ്രേരണ
2. അധികാരത്തിനുള്ള അഭിപ്രേരണ
3. ബന്ധങ്ങളോടുള്ള അഭിപ്രേരണ

**146. മക്കളില്ലാത്ത നിരാശ നിറഞ്ഞുനിൽക്കുന്ന വ്യക്തി സാമൂഹ്യ സേവന പ്രവർത്തങ്ങളിൽ ഏർപ്പെട്ട് നിരാശ ഒഴിവാക്കാൻ ശ്രമിക്കും ഈ സമായോജന തന്ത്രമാണ്?**

A) അനുപൂരണം
B) ഉദാത്തീകരണം
C) യുക്തീകരണം
D) താദാത്മീകരണം

**Solution:**

ഉദാത്തീകരണം

- ഫ്രോയിഡ് ആവിഷ്കരിച്ച ഒരാശയമാണ് ഉദാത്തീകരണം.
- അസ്വീകാര്യമായ ആഗ്രഹങ്ങളെ സാമൂഹികാംഗീകാരമുള്ള പാതയിലേയ്ക്ക് തിരിച്ചുവിടുന്ന രീതിയാണിത്.
- മാനസിക സംഘർഷം ഒഴിവാക്കാൻ സമൂഹത്തിന് സ്വീകാര്യമായ ഒരു മാർഗ്ഗം കണ്ടെത്തുകയാണ് ഇതിലൂടെ ചെയ്യുന്നത്.
- ഉദാഹരണമായി മക്കളില്ലാത്ത നിരാശ ഒരാൾ സാമൂഹ്യസേവനങ്ങളിലൂടെ ഒഴിവാക്കുന്നു.
- സൃഷ്ടിപരമായ ഉദാത്തീകരണം, തടസ്സപ്പെട്ടതും അസഹ്യവുമായ ചോദനകൾക്ക് പുറത്തേയ്ക്കുള്ള വഴിതുറക്കുന്നു.
- ഇത് വൈകാരിക സംഘട്ടനങ്ങളെ തടയുകയും മാനസികാരോഗ്യം നിലനിർത്തുകയും വ്യക്തിത്വവികസനത്തിന് സഹായി ക്കുകയും ചെയ്യുന്നു.

**147. അക്കാദമിക വിഷയങ്ങളിൽ പരാജിതനായ കുട്ടി തൻറെ ആത്മാഭിമാനം കായിക പ്രവർത്തനങ്ങളിലെ നേട്ടങ്ങളിലൂടെ വീണ്ടെടുക്കാൻ ശ്രമിക്കുന്നു. ഈ സമായോജന തന്ത്രമാണ് __________ ?**

A) അനുപൂരണം
B) ദമനം
C) പാശ്ചാത്ഗമനം
D) യുക്തീകരണം

**Solution:**

അനുപൂരണം (Compensation)

- ഒരു രംഗത്തുള്ള പോരായ്മ മറ്റൊരു രംഗത്ത് തനിക്കുള്ള മികവിലൂടെ മറക്കാൻ ശ്രമിക്കുന്ന തന്ത്രമാണിത്.
- പഠനവിഷയങ്ങളിൽ പരാജയപ്പെടുന്ന കുട്ടി തൻറെ ആത്മാഭിമാനം കായിക പ്രകടനത്തിലെ നേട്ടത്തിലൂടെ വീണ്ടെടുക്കാൻ ശ്രമിക്കുന്നു.
- ബലഹീനതാ ബോധത്തിൽനിന്നാണ് അനുപൂരണ വാസനയുണ്ടാകുന്നത്.
- പിരിമുറുക്കം കുറച്ച് മാനസികാരോഗ്യത്തെ മെച്ചമാക്കാനും ഇതൊരു നല്ല മാർഗ്ഗമാണ്.

**148. മോഹഭംഗത്തിൽ നിന്നും ഉടലെടുക്കുന്ന സമായോജന തന്ത്രമാണ്__________?**

A) പാശ്ചാത്ഗമനം

B) നിഷേധവൃത്തി

C) ആക്രമണം

D) പ്രതിസ്ഥാപനം

**Solution:**

ആക്രമണം (Aggression)

- മോഹഭംഗത്തിൽനിന്ന് ഉടലെടുക്കുന്ന സമായോജനതന്ത്രമാണ് ആക്രമണം. ഇത് രണ്ടുതരത്തിലുണ്ട്, പ്രത്യക്ഷവും പരോക്ഷവും.
- തന്നെ അവഹേളിച്ച കുട്ടിയെ ശാരീരികമായി ആക്രമിക്കുന്നത് പ്രത്യക്ഷ ആക്രമണവും അച്ഛൻ വഴക്കു പറഞ്ഞതിന് ഗ്ലാസ് എറിഞ്ഞുടച്ചത് പരോക്ഷാക്രമണവുമാണ്.

**149. അധ്യാപകൻ ചോദ്യം ചോദിക്കുമ്പോൾ ഉത്തരം അറിയാത്ത കുട്ടികൾ മറ്റെന്തോ ശ്രദ്ധിക്കുന്ന ഭാവത്തിൽ ഇരിക്കുന്നത് __________ സമയോജനമാണ്?**

A) പ്രതിക്രിയാവിധാനം

B) വൈകാരിക അകൽച്ച

C) ഒട്ടകപക്ഷി മനോഭാവം

D) അന്തർക്ഷേപണം

Solution:

ഒട്ടകപക്ഷി മനോഭാവം (Ostrich Method)

- ഒട്ടകപക്ഷിക്ക് ഒരു പ്രത്യേക സ്വഭാവമുണ്ട്.
- കൊടുങ്കാറ്റ് ഉണ്ടാകുമ്പോൾ അതിൻറെ തല മണലിൽ പൂഴ്ത്തിവയ്ക്കുന്നു.

- വിഷമപ്രശ്നങ്ങൾ നേരിടുമ്പോൾ അറിഞ്ഞില്ലെന്നു നടിക്കാനുള്ള പ്രവണതയാണിത്.
- ഇത് ഭീരുത്വമാണ്. അധ്യാപകൻ ചോദ്യം ചോദിക്കുമ്പോൾ ഉത്തരം അറിയാത്ത കുട്ടികൾ മറ്റെന്തോ ശ്രദ്ധിക്കുന്ന ഭാവത്തിൽ ഇരിക്കുക ഇതിനൊരുദാഹരണമാണ്.

**150. വേദനാജനകമായ അനുഭവങ്ങളും മാനസിക സംഘട്ടനങ്ങളും സാക്ഷാത്കരിക്കാനാകാത്ത ആഗ്രഹങ്ങളും ഒക്കെ അബോധമനസ്സിലേക്ക് തള്ളിവിടുന്ന പ്രക്രിയ ?**

A) ദമനം B) പ്രക്ഷേപണം

C) താദാത്മീകരണം D) യുക്തീകരണം

**Solution:**

ദമനം (Repression)

- വേദനാജനകമായ അനുഭവങ്ങളും മാനസിക സംഘട്ടനങ്ങളും സാക്ഷാത്കരിക്കാനാകാത്ത ആഗ്രഹങ്ങളും ഒക്കെ അബോധമനസ്സിലേക്ക് തള്ളിവിടുന്ന പ്രക്രിയയാണ് ദമനം.
- വ്യക്തി, തന്നെ അസ്വസ്ഥനാക്കിയേക്കാവുന്ന അനുഭവത്തെ മറക്കാൻ ശ്രമിക്കുന്നു.
- പിരിമുറുക്കമോ ഉൽകണ്ഠയോ ഉണ്ടാകുന്ന സാഹചര്യം ഇല്ലെന്നു വിശ്വസിച്ചു ആശ്വസിക്കുന്നു.

**151. സ്വന്തം ബലഹീനതകൾ, കുറ്റങ്ങളുടെയും പരാജയങ്ങളുടെയും കാരണങ്ങൾ മറ്റുള്ളവരിൽ ചുമത്തി രക്ഷപ്പെടുന്ന സമായോജന തന്ത്രമാണ് __________ ?**

A) ദമനം B) പ്രക്ഷേപണം

C) താദാത്മീകരണം D) യുക്തീകരണം

**Solution:**

പ്രക്ഷേപണം (Projection)

- സ്വന്തം ബലഹീനതകൾ, കുറ്റങ്ങളുടെയും പരാജയങ്ങളുടെയും കാരണങ്ങൾ മറ്റുള്ളവരിൽ ചുമത്തി രക്ഷപ്പെടുന്ന തന്ത്രമാണ് പ്രക്ഷേപണം.

- ജീവിതത്തിൽ മിക്കവരും സാധാരണയായി പ്രയോഗിക്കുന്ന തന്ത്രമാണിത്.
- പല പോരായ്മകളുമുള്ള വ്യക്തി മറ്റുള്ളവരിൽ കുറ്റം കണ്ടുകൊണ്ടിരിക്കും.
- പരീക്ഷയിൽ പരാജയപ്പെടുന്ന കുട്ടി ചോദ്യപേപ്പറിനെ കുറ്റം പറയുന്നു.
- നിരാശാബോധത്തിൽനിന്നും സ്വയം മോചിതനാകുന്നതിനുള്ള തന്ത്രമാണിത്.

**152. കുട്ടികൾ പലപ്പോഴും മാതാപിതാക്കളുമായോ, സിനിമാതാരങ്ങളുമായോ കായികതാരങ്ങളുമായോ താദാത്മ്യം നേടി കീർത്തിക്കും അംഗീകാരത്തിനും ഒക്കെയുള്ള തങ്ങളുടെ ആഗ്രഹം സാധിക്കുന്നു. ഇത് ഏതുതരം സമായോജന തന്ത്രമാണ് ?**

A) ദമനം
B) പ്രക്ഷേപണം
C) താദാത്മീകരണം
D) യുക്തീകരണം

**Solution:**

താദാത്മീകരണം (Identification)

- തൻറെ പോരായ്മകളിൽ നിന്നും പരാജയങ്ങളിൽ നിന്നും രക്ഷനേടുന്നതിനായി ഏതെങ്കിലും വ്യക്തിയുമായോ സ്ഥാപനവുമായോ താദാത്മ്യം പ്രാപിച്ച് അവയുടെ വിജയത്തിൽ സ്വയം സംതൃപ്തി നേടുന്നു.
- കുട്ടികൾ പലപ്പോഴും മാതാപിതാക്കളുമായോ, സിനിമാതാരങ്ങളുമായോ കായികതാരങ്ങളുമായോ താദാത്മ്യം നേടി കീർത്തിക്കും അംഗീകാരത്തിനും ഒക്കെയുള്ള തങ്ങളുടെ ആഗ്രഹം സാധിക്കുന്നു.

യുക്തീകരണം (Rationalization)

- വ്യക്തി തൻറെ ബലഹീനതകൾ, പരാജയങ്ങൾ, കഴിവുകേടുകൾ തുടങ്ങിയവയെ തെറ്റായ കാരണങ്ങൾ വഴി ന്യായീകരിക്കുന്ന തന്ത്രമാണിത്.
- നിരാശാ ബോധം കുറയ്ക്കുകയാണ് ലക്ഷ്യം. ഇത് രണ്ടു രീതിയിൽ പ്രകടമാണ്.

**153. വ്യക്തി തൻറെ ബലഹീനതകൾ, പരാജയങ്ങൾ, കഴിവുകേടുകൾ തുടങ്ങിയവയെ തെറ്റായ കാരണങ്ങൾ വഴി ന്യായീകരിക്കുന്ന തന്ത്രം ?**

A) യുക്തീകരണം
B) താദാത്മീകരണം
C) ഉദാത്തീകരണം
D) അനുപൂരണം

**Solution:**

യുക്തീകരണം

- വ്യക്തി തൻറെ ബലഹീനതകൾ, പരാജയങ്ങൾ, കഴിവുകേടുകൾ തുടങ്ങിയവയെ തെറ്റായ കാരണങ്ങൾ വഴി ന്യായീകരിക്കുന്ന തന്ത്രമാണിത്.
- നിരാശാ ബോധം കുറയ്ക്കുകയാണ് ലക്ഷ്യം. ഇത് രണ്ടു രീതിയിൽ പ്രകടമാണ്.

1. പുളിക്കുന്ന മുന്തിരിങ്ങാ ശൈലി' (Sour grapism)- ഈസോപ്പ് കഥയിലെ കുറുക്കന്, മുന്തിരിങ്ങ കിട്ടാതായപ്പോൾ നിരാശ മാറ്റാനായി 'ഏയ് അത് പുളിക്കും' എന്ന് ആശ്വസിച്ചപോലെയാണിത്.
   പരീക്ഷയിൽ താഴ്ന്ന മാർക്ക് വാങ്ങുന്ന കുട്ടി ' കൂടുതൽ മാർക്ക് വാങ്ങിയിട്ടെന്തു ഫലം' എന്ന് ആശ്വസിക്കും.
2. 'മധുരിക്കുന്ന നാരങ്ങ ശൈലി' (Sweet lemonism) ഇതനുസരിച്ച് വ്യക്തി സ്വന്തം നേട്ടത്തിൽ തൃപ്തനല്ലാതെ വരുമ്പോൾ അത് തൻറെ ഉയർന്ന് നേട്ടമായി കരുതി ആശ്വസിക്കുന്നു.
   ഡിസ്മിസ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻ എനിക്കിപ്പോൾ കുടുംബം നോക്കാൻ ഇഷ്ടംപോലെ സമയം കിട്ടുന്നു. ഭാഗ്യമായി എന്നു പറയുന്നതുപോലെ.

**154. പ്രശ്നങ്ങൾ നേരിട്ട് കൈകാര്യം ചെയ്യാതെ പിൻവാങ്ങി മുൻകാല സമായോജനത്തിലേയ്ക്ക് തിരിച്ചുപോകുന്ന പ്രവൃത്തി ?**

A) പശ്ചാത്ഗമനം
B) അനുപൂരണം
C) ഉദാത്തീകരണം
D) ആക്രമണം

**Solution:**

പശ്ചാത്ഗമനം (Regression)

- പ്രശ്നങ്ങൾ നേരിട്ട് കൈകാര്യം ചെയ്യാതെ പിൻവാങ്ങി മുൻകാല സമായോജനത്തിലേയ്ക്ക് തിരിച്ചുപോകുന്ന പ്രവൃത്തിയാണ് പ്രതിഗമനം അഥവാ പശ്ചാത്ഗമനം.
- ഇളയ കുട്ടി ജനിക്കുമ്പോൾ മൂത്ത കുട്ടിക്ക് മുൻപു ലഭിച്ചിരുന്ന ലാളന ലഭിക്കില്ലെന്ന ബോധത്തിൽ മാതാപിതാക്കൾ തന്നെയും കൂടുതൽ ശ്രദ്ധിക്കാൻ വേണ്ടി കരയുക, കിടക്കയിൽ മൂത്ര മൊഴിക്കുക തുടങ്ങിയ പഴയ ചര്യകളിലേക്ക് തിരിച്ചുപോകുന്നത് ഉദാഹരണം.
- പശ്ചാത്ഗമനം കുറഞ്ഞതോതിൽ ഗുണം ചെയ്യുന്നുണ്ട്.
- കാരണം സാമൂഹ്യ പരിതസ്ഥിതിയിൽ മാനസികമായ തുലനാവസ്ഥ പുലർത്താൻ ഇത് സഹായിക്കുന്നു.

**155. അച്ഛൻ വഴക്കു പറഞ്ഞതിന് ഗ്ലാസ് എറിഞ്ഞുടച്ച കുട്ടി പ്രയോഗിച്ച സമായോജനക്രിയാ തന്ത്രം ?**

A) ദമനം
B) പ്രക്ഷേപണം
C) അനുപൂരണം
D) ആക്രമണം

**Solution:**

- മോഹഭംഗങ്ങളിൽനിന്നും മാനസികസംഘർഷങ്ങളിൽനിന്നും രക്ഷപ്പെടാനോ അവയെ പ്രതിരോധിക്കാനോ വേണ്ടി വ്യക്തികൾ സ്വീകരിക്കുന്ന ചില സാധാരണ തന്ത്രങ്ങളുണ്ട്.
- അവയെ പ്രതിരോധതന്ത്രങ്ങളെന്നോ സമായോജന തന്ത്രങ്ങളെന്നോ പറയുന്നു.
- അതായത് മാനസികാസ്വാസ്ഥ്യങ്ങളിൽനിന്നും അപകടങ്ങളിൽ നിന്നും സ്വയം രക്ഷനേടാൻ വേണ്ടി വ്യക്തി അവലംബിക്കുന്ന സംരക്ഷണ തന്ത്രങ്ങളാണ് പ്രതിരോധതന്ത്രങ്ങൾ.
- മോഹഭംഗത്തിൽനിന്ന് ഉടലെടുക്കുന്ന സമായോജനതന്ത്രമാണ് ആക്രമണം. ഇത് രണ്ടുതരത്തിലുണ്ട്.
- പ്രത്യക്ഷവും പരോക്ഷവും.
- തന്നെ അവഹേളിച്ച കുട്ടിയെ ശാരീരികമായി ആക്രമിക്കുന്നത് പ്രത്യക്ഷ ആക്രമണവും അച്ഛൻ വഴക്കു പറഞ്ഞതിന് ഗ്ലാസ് എറിഞ്ഞുടച്ചത് പരോക്ഷാക്രമണവുമാണ്.

**156. താഴെ കൊടുത്തിരിക്കുന്നവയിൽ ക്ലാസ് റൂം വ്യവഹാരങ്ങളെ നിരീക്ഷിക്കാനുപയോഗിക്കുന്ന ഉപകരണം ഏത്?**

A) ശോധകം B) ചോദ്യാവലി

C) റേറ്റിങ്ങ് സ്കെയിൽ D) ചെക് ലിസ്റ്റ്

**Solution:**

ചെക് ലിസ്റ്റ് (check list)

- വിവിധ വ്യവഹാരങ്ങൾ, കഴിവുകൾ, താത്പര്യമേഖലകൾ തുടങ്ങിയവ വിലയിരുത്താനും കണ്ടെത്താനും ഉപയോഗിക്കുന്നു.
- പഠനോദ്ദേശവുമായി ബന്ധപ്പെട്ട ഘടകങ്ങളുടെ / സവിശേഷതകളുടെ ചെക് ലിസ്റ്റ് തയ്യാറാക്കുന്നു.
- ഒരു ഇനം ബാധകമെങ്കിൽ അതിനു നേരെ ടിക് ചെയ്യുന്നു.
- ഇങ്ങനെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൻ ചില നിഗമനങ്ങളിലെത്തുന്നു.

**157. താഴെ തന്നിരിക്കുന്നവയിൽ ചർച്ചാരീതിയുടെ നേട്ടം ഏത് :**

1. വൈകാരിക സംഘർഷമുണ്ടാകുക
2. മികച്ച വിദ്യാർത്ഥി പങ്കളിത്തം
3. പരിമിതമായ വിദ്യാർത്ഥികളുടെ മേധാവിത്വം
4. അനാവശ്യമായ വാദപ്രതിവാദമുണ്ടാക്കുന്ന

A) 1,2 B) 1 C) 2 D) 1,2,3,4

**Solution:**

- ചർച്ചാരീതിയിലൂടെ ഒരു വിഷയത്തിൽ മികച്ച വിദ്യാർത്ഥി പങ്കളിത്തം ഉറപ്പാക്കാൻ കഴിയുന്നു.
- വ്യക്തികൾക്കിടയിൽ നിലനിൽക്കുന്ന ബന്ധങ്ങളെ സംബന്ധിച്ച വിവരം ലഭിക്കാൻ സാമൂഹ്യാലേഖനരീതി പ്രയോജനപ്പെടും.
- വ്യക്തികളുടെ ബുദ്ധി, വ്യക്തിത്വം, വികാരം തുടങ്ങിയവ കണ്ടെത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ ശോധകങ്ങൾ ഉപയോഗിക്കാറുണ്ട്.
- ഇവയാണ് മന:ശാസ്ത്രശോധകങ്ങൾ.
- ഇവ വാചികം, ലിഖിതം,നിർവഹണം എന്നിങ്ങനെ മൂന്നു രീതികളിലാവാം.

**158. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. വിവിധ വ്യവഹാരങ്ങൾ, കഴിവുകൾ, താത്പര്യമേഖലകൾ തുടങ്ങിയവ വിലയിരുത്താനും കണ്ടെത്താനും ചെക് ലിസ്റ്റ് ഉപയോഗിക്കുന്നു.
2. വ്യക്തികൾക്കിടയിൽ നിലനിൽക്കുന്ന ബന്ധങ്ങളെ സംബന്ധിച്ച വിവരം ലഭിക്കാൻ സാമൂഹ്യാലേഖനരീതി പ്രയോജനപ്പെടും.

A) 1 ശരി, 2 ശരി
B) 1 തെറ്റ്, 2 തെറ്റ്
C) 1 ശരി, 2 തെറ്റ്
D) 1 തെറ്റ്, 2 ശരി

**Solution:**

ചെക്ക് ലിസ്റ്റ് (check list)

- വിവിധ വ്യവഹാരങ്ങൾ, കഴിവുകൾ, താത്പര്യമേഖലകൾ തുടങ്ങിയവ വിലയിരുത്താനും കണ്ടെത്താനും ഉപയോഗിക്കുന്നു.
- പഠനോദ്ദേശവുമായി ബന്ധപ്പെട്ട ഘടകങ്ങളുടെ / സവിശേഷതകളുടെ ചെക് ലിസ്റ്റ് തയ്യാറാക്കുന്നു.
- ഒരു ഇനം ബാധകമെങ്കിൽ അതിനു നേരെ ടിക് ചെയ്യുന്നു.
- ഇങ്ങനെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചില നിഗമനങ്ങളിലെത്തുന്നു.

സാമൂഹ്യാലേഖനരീതി ( sociometry)

- വ്യക്തികൾക്കിടയിൽ നിലനിൽക്കുന്ന ബന്ധങ്ങളെ സംബന്ധിച്ച വിവരം ലഭിക്കാൻ ഈ രീതി പ്രയോജനപ്പെടും.
- വ്യക്തികൾ തങ്ങൾക്ക് ചേർന്നു പ്രവർത്തിക്കാൻ താത്പര്യമുള്ളവരുടെ പേരുകൾ എഴുതുകയാണെങ്കിൽ കൂടുതൽ പേർ ആരെയാണ് തെരഞ്ഞെടുത്തതെന്ന് അറിയാനാകും.

**159. നിരീക്ഷണം എന്ന മന:ശാസ്ത്ര പഠനരീതിയുമായി ബന്ധപ്പെടുത്താൻ കഴിയുന്നവ ഏതെല്ലാം:**

1. പഞ്ചേന്ദ്രിയങ്ങളിലൂടെയുള്ള നേരിട്ടുള്ള വിവരശേഖരണം.
2. ഒരാൾ തൻറെ മനസ്സിലുള്ള കാര്യങ്ങൾ സ്വയം വിവരിക്കുന്ന രീതി.
3. സ്വാഭാവികമായ വിവരശേഖരണം.

A) 1,2,3
B) 1,2
C) 2,3
D) 1,3

**Solution:**

നിരീക്ഷണം ( observation)

- പഞ്ചേന്ദ്രിയങ്ങളിലൂടെയുള്ള നേരിട്ടുള്ള വിവരശേഖരണം.
- വിവരശേഖരണത്തിന് പല രീതികൾ അനുവർത്തിക്കാം.
- നേരിട്ടുള്ളത് /അല്ലാത്തത്, നിയന്ത്രിതം / അനിയന്ത്രിതം, പങ്കാളിത്തപരം /അല്ലാത്തത് എന്നിവ ഉദാഹരണം.
- സ്വാഭാവികമായ വിവരശേഖരണം എന്ന മികവ് ഈ രീതിക്കുണ്ട്.

**160. തന്നിരിക്കുന്ന പ്രസ്താവനകൾ വായിച്ച് അത് ഏത് മന:ശാസ്ത്ര പഠനരീതിയെ കുറിച്ച് ആണ് പറയുന്നത് എന്ന് തിരിച്ചറിയുക:**

- ഒരാൾ തൻറെ മനസ്സിലുള്ള കാര്യങ്ങൾ സ്വയം വിവരിക്കുന്ന രീതി.
- ഇതിലൂടെ അയാളുടെ മനസ്സിൽ നടക്കുന്നത് എന്തെന്ന് അറിയാനാവും എന്ന് കരുതപ്പെടുന്നു.
- വില്യം വുണ്ടും വില്യം ജെയിംസും ഈ രീതി ഉപയോഗിക്കുകയുണ്ടായിരുന്നു.

A) അന്തർദർശനം　　B) നിരീക്ഷണം

C) അഭിമുഖം　　D) ഉപാഖ്യാനരീതി

**Solution:**

അന്തർദർശനം ( introspection)

- ഒരാൾ തൻറെ മനസ്സിലുള്ള കാര്യങ്ങൾ സ്വയം വിവരിക്കുന്ന രീതി.
- ഇതിലൂടെ അയാളുടെ മനസ്സിൽ നടക്കുന്നത് എന്തെന്ന് അറിയാനാവും എന്ന് കരുതപ്പെടുന്നു.
- വില്യം വുണ്ടും വില്യം ജെയിംസും ഈ രീതി ഉപയോഗിക്കുകയുണ്ടായി.
- എന്നാൽ ഈ രീതി ഒട്ടും വിശ്വസനീയമല്ലെന്ന് മറ്റു പലരും കരുതി.
- കുട്ടികൾ, അബ് നോർമലായ മുതിർന്നവർ, വൈകാരികമായ അവസ്ഥയിൽ അകപ്പെട്ടവർ എന്നിവർക്ക് വസ്തുനിഷ്ഠമായ ഒരു വിവരണം നൽകാൻ കഴിയണമെന്നില്ല.
- അതുകൊണ്ടുതന്നെ അവർ നൽകുന്ന വിവരങ്ങൾ വിശ്വസനീയമല്ല.

**161. ഒരാൾ ചില പ്രത്യേകസന്ദർഭങ്ങളിൽ എങ്ങനെ പെരുമാറുന്നു എന്ന് പഠിക്കുന്നതിന് ഉപയോഗിക്കുന്ന രീതി ?**

A) പരീക്ഷണരീതി
B) സഞ്ചിതരേഖാരീതി
C) ഉപാഖ്യാനരീതി
D) ഏകവ്യക്തിപഠനം

**Solution:**

ഉപാഖ്യാനരീതി ( anecdotal method)

- ഒരാൾ ചില പ്രത്യേകസന്ദർഭങ്ങളിൽ എങ്ങനെ പെരുമാറുന്നു എന്ന് പഠിക്കുന്നത് ഉപാഖ്യാനരീതിക്ക് ഉദാഹരണമാണ്.
- ഇതിലൂടെ അയാളുടെ വ്യക്തിത്വത്തെ സംബന്ധിച്ച പല വിലപ്പെട്ട സൂചനകളും ലഭിക്കുന്നു.
- ഇങ്ങനെ ലഭിക്കുന്ന വിവരങ്ങൾ നിരീക്ഷകൻ അപ്പപ്പോൾ രേഖപ്പെടുത്തുന്നു.
- ഇത് രണ്ട് കോളത്തിൽ ചെയ്യാം, ഒന്നാം കോളത്തിൽ സംഭവവിവരണവും രണ്ടാം കോളത്തിൽ അതിൻറെ വ്യാഖ്യാനവും.
- സ്കൂൾ അധ്യാപകരെ സംബന്ധിച്ച് കുട്ടികളെ മനസ്സിലാക്കാൻ വളരെ ഉപകാരപ്പെടുന്ന രീതിയാണിത്.

**162. ഒരു വിഭാഗം ആൾക്കാർക്കിടയിൽ ഒരു പ്രത്യേക കാര്യത്തോടുള്ള സമീപനം എന്തെന്നു മനസ്സിലാക്കാൻ ഉപയോഗിക്കാവുന്ന മനശാസ്ത്ര ഗവേഷണ രീതി ഏത് ?**

A) ഏകവ്യക്തിപഠനം
B) സർവ്വേ
C) ക്രിയാഗവേഷണം
D) പരീക്ഷണരീതി

**Solution:**

സർവ്വേ (survey)

- ഒരുവിഭാഗം ആൾക്കാർക്കിടയിൽ ഒരു പ്രത്യേക കാര്യത്തോടുള്ള സമീപനം എന്തെന്നു മനസ്സിലാക്കാൻ സർവെ ഉപകരിക്കുന്നു.
- രക്ഷിതാക്കൾക്ക് / ഉപഭോക്താക്കൾക്ക് ഇടയിലൊക്കെ സർവെ നടത്താറുണ്ട്.
- സർവെയിലൂടെ ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

**163. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. ഏതെങ്കിലും പ്രത്യേകമേഖലയിൽ പ്രവർത്തിക്കുന്നവർ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടത്തുന്ന ഗവേഷണപ്രവർത്തനമാണ് ക്രിയാ ഗവേഷണം.
2. ഒരുവിഭാഗം ആൾക്കാർക്കിടയിൽ ഒരു പ്രത്യേക കാര്യത്തോടുള്ള സമീപനം എന്തെന്നു മനസ്സിലാക്കാൻ ഏകവ്യക്തിപഠന രീതി.

A) 1 ശരി, 2 ശരി
B) 1 തെറ്റ്, 2 തെറ്റ്
C) 1 തെറ്റ്, 2 ശരി
D) 1 ശരി, 3 തെറ്റ്

**Solution:**

- ഒരു വ്യക്തിയെ സംബന്ധിച്ച ആഴത്തിലുള്ള പഠനമാണ് ഏകവ്യക്തിപഠനം .
- ഇതിനായി പല തന്ത്രങ്ങളും ഉപയോഗിക്കേണ്ടതായി വരും.
- പലതരം വിവരങ്ങൾ ശേഖരിക്കേണ്ടതായി വരും. ചില പ്രത്യേകതകളുള്ള കുട്ടികളെ സംബന്ധിച്ച് പഠിക്കാൻ ഇത് സഹായിക്കും. ഉദാഹരണമായി അന്തർമുഖനായ ഒരു കുട്ടി.
- ഒരുവിഭാഗം ആൾക്കാർക്കിടയിൽ ഒരു പ്രത്യേക കാര്യത്തോടുള്ള സമീപനം എന്തെന്നു മനസ്സിലാക്കാൻ സർവ്വേ ഉപകരിക്കുന്നു.
- രക്ഷിതാക്കൾക്ക് / ഉപഭോക്താക്കൾക്ക് ഇടയിലൊക്കെ സർവ്വേ നടത്താറുണ്ട്.
- സർവെയിലൂടെ ലഭിക്കുന്ന വിവരങ്ങളെ അടിസ്ഥാനമാക്കി നിഗമനങ്ങളിൽ എത്തിച്ചേരുന്നു.

**164. താഴെ നല്കിയിരിക്കുന്നവയിൽ ഒരു വലിയ പ്രശ്നത്തിൻറെ വിശദാംശങ്ങൾ തേടാൻ ഉപയോഗിക്കുന്ന മന:ശാസ്ത്ര പഠനോപാധി ഏത് ?**

A) ചെക് ലിസ്റ്റ്
B) റേറ്റിങ്ങ് സ്കെയിൽ
C) ചോദ്യാവലി
D) സാമൂഹ്യാലേഖനരീതി

**Solution:**

ചോദ്യാവലി ( questionnaire)

- ഒരു വലിയ പ്രശ്നത്തിൻറെ വിശദാംശങ്ങൾ തേടാൻ കുറേയേറെ ചോദ്യങ്ങൾ തയ്യാറാക്കിയാൽ ചോദ്യാവലിയായി.
- സർവേകളിൽ ഇത്തരം ചോദ്യാവലികളാണ് ഉപയോഗിക്കുന്നത്.
- പ്രതികരിക്കുന്ന വ്യക്തിക്ക് എഴുതിയോ പറഞ്ഞോ മറുപടി നൽകാം.

**165. താഴെ തന്നിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏത് ?**

A) ചെക് ലിസ്റ്റ് -വിവിധ വ്യവഹാരങ്ങൾ, കഴിവുകൾ, താത്പര്യമേഖലകൾ തുടങ്ങിയവ വിലയിരുത്താനും കണ്ടെത്താനും ഉപയോഗിക്കുന്നു

B) സർവേകളിൽ ചോദ്യാവലികളാണ് ഉപയോഗിക്കുന്നത്.

C) ഏതെങ്കിലും പ്രത്യേകമേഖലയിൽ പ്രവർത്തിക്കുന്നവർ അവർ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടത്തുന്ന ഗവേഷണപ്രവർത്തനമാണ് ക്രിയാഗവേഷണം.

D) ഒരു വ്യക്തിയെ സംബന്ധിച്ച വിവിധ വിവരങ്ങൾ തുടർച്ചയായി രേഖപ്പെടുത്തുന്ന മന:ശാസ്ത്ര പഠനരീതി -അന്തർദർശനം

**Solution:**

- അന്തർദർശനം ( introspection) - ഒരാൾ തൻറെ മനസ്സിലുള്ള കാര്യങ്ങൾ സ്വയം വിവരിക്കുന്ന രീതി.
- ഇതിലൂടെ അയാളുടെ മനസ്സിൽ നടക്കുന്നത് എന്തെന്ന് അറിയാനാവും എന്ന് കരുതപ്പെടുന്നു.
- ഏകവ്യക്തിപഠനം ( case study)- ഒരു വ്യക്തിയെ സംബന്ധിച്ച ആഴത്തിലുള്ള പഠനമാണിത്.
- ഇതിനായി പല തന്ത്രങ്ങളും ഉപയോഗിക്കേണ്ടതായി വരും.
- പലതരം വിവരങ്ങൾ ശേഖരിക്കേണ്ടതായി വരും.
- ചില പ്രത്യേകതകളുള്ള കുട്ടികളെ സംബന്ധിച്ച് പഠിക്കാൻ ഇത് സഹായിക്കും. ഉദാഹരണമായി അന്തർമുഖനായ ഒരു കുട്ടി.

**166. തന്നിരിക്കുന്ന പ്രസ്താവാനകൾക്ക് യോജിക്കുന്ന ഉത്തരം തിരഞ്ഞെടുക്കകെ:**

1. ഒരാൾ തൻറെ മനസ്സിലുള്ള കാര്യങ്ങൾ സ്വയം വിവരിക്കുന്ന രീതി.
2. പഞ്ചേന്ദ്രിയങ്ങളിലൂടെയുള്ള നേരിട്ടുള്ള വിവരശേഖരണം.

A) 1 അന്തർദർശനം, 2 അന്തർദർശനം

B) 1 അന്തർദർശനം, 2 നിരീക്ഷണം

C) 1 നിരീക്ഷണം, 2 അന്തർദർശനം

D) 1 അന്തർദർശനം, 2 അഭിമുഖം

**Solution:**

അന്തർദർശനം ( introspection)

- ഒരാൾ തൻറെ മനസ്സിലുള്ള കാര്യങ്ങൾ സ്വയം വിവരിക്കുന്ന രീതി.

- ഇതിലൂടെ അയാളുടെ മനസ്സിൽ നടക്കുന്നത് എന്തെന്ന് അറിയാനാവും എന്ന് കരുതപ്പെടുന്നു.
- വില്യം വുണ്ടും വില്യം ജെയിംസും ഈ രീതി ഉപയോഗിക്കുകയുണ്ടായി.
- എന്നാൽ ഈ രീതി ഒട്ടും വിശ്വസനീയമല്ലെന്ന് മറ്റു പലരും കരുതി.

നിരീക്ഷണം ( observation)

- പഞ്ചേന്ദ്രിയങ്ങളിലൂടെയുള്ള നേരിട്ടുള്ള വിവരശേഖരണം.
- വിവരശേഖരണത്തിന് പല രീതികൾ അനുവർത്തിക്കാം.
- നേരിട്ടുള്ളത് /അല്ലാത്തത്, നിയന്ത്രിതം / അനിയന്ത്രിതം, പങ്കാളിത്തപരം /അല്ലാത്തത് എന്നിവ ഉദാഹരണം.
- സ്വാഭാവികമായ വിവരശേഖരണം എന്ന മികവ് ഈ രീതിക്കുണ്ട്.

**167. കേരള പാഠ്യപദ്ധതി ചട്ടക്കൂട് തയ്യാറാക്കിയ വർഷം ?**

A) 2005 B) 2006 C) 2007 D) 2017

**Solution:**

- 2005-ൽ രൂപീകരിക്കപ്പെട്ട ദേശീയ പാഠ്യപദ്ധതി രൂപരേഖയുടെ (NCF 2005) ചുവടുപിടിച്ച് 2007-ൽ തയ്യാറാക്കിയ കേരള പാഠ്യപദ്ധതിയാണ് KCF 2007 അഥവാ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്നറിയപ്പെടുന്നത്.
- 1996-97 കാലഘട്ടത്തിൽ തുടങ്ങിവച്ച വിദ്യാഭ്യാസ പരിഷ്കരണത്തിൻറെ സ്വാഭാവികമായ ഒരു തുടർച്ചയായി ഇതിനെ കാണാം.

**168. കേരള പാഠ്യപദ്ധതി ചട്ടക്കൂട് KCF(2007)ൻറെ ഭാഗമായി വന്ന സമീപനങ്ങൾ തിരഞ്ഞെടുക്കുക:**

1. ആശയാവതരണരീതി
2. ഉദ്ഗ്രഥിത സമീപനം
3. ബഹുമുഖബുദ്ധിയുടെ വികാസം
4. അറിവിൻറെ നിർമ്മാണം

A) 1,2,3 B) 2,3,4 C) 1,2,4 D) 1,2,3,4

**Solution:**

- 2005-ൽ രൂപീകരിക്കപ്പെട്ട ദേശീയ പാഠ്യപദ്ധതി രൂപരേഖയുടെ (NCF 2005) ചുവടുപിടിച്ച് 2007-ൽ തയ്യാറാക്കിയ കേരള പാഠ്യപദ്ധതിയാണ് KCF 2007 അഥവാ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്നറിയപ്പെടുന്നത്.
- 1996-97 കാലഘട്ടത്തിൽ തുടങ്ങിവച്ച വിദ്യാഭ്യാസ പരിഷ്കരണത്തിൻറെ സ്വാഭാവികമായ ഒരു തുടർച്ചയായി ഇതിനെ കാണാം.
- ആശയാവതരണരീതി ,ഉദ്ഗ്രഥിത സമീപനം ബഹുമുഖബുദ്ധിയുടെ വികാസം, അറിവിൻറെ നിർമ്മാണം, തുടങ്ങിയ സമീപനങ്ങൾ ഇതിൻറെ ഭാഗമായി വന്നതാണ്.
- കേരളം അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ പ്രശ്നങ്ങളെ വിലയിരുത്തി വിശകലനം ചെയ്ത് എട്ട് പ്രശ്നമേഖലകളായി KCF 2007 ക്രോഡീകരിച്ചു.

**169. കേരളം അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ പ്രശ്നങ്ങളെ വിലയിരുത്തി വിശകലനം ചെയ്ത് എത്ര പ്രശ്നമേഖലകളായാണ് KCF 2007 ക്രോഡീകരിച്ചത് ?**

A) നാല് B) അഞ്ച് C) ഏഴ് D) എട്ട്

**Solution:**

- 2005-ൽ രൂപീകരിക്കപ്പെട്ട ദേശീയ പാഠ്യപദ്ധതി രൂപരേഖയുടെ (NCF 2005) ചുവടുപിടിച്ച് 2007-ൽ തയ്യാറാക്കിയ കേരള പാഠ്യപദ്ധതിയാണ് KCF 2007 അഥവാ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്നറിയപ്പെടുന്നത്.
- 1996-97 കാലഘട്ടത്തിൽ തുടങ്ങിവച്ച വിദ്യാഭ്യാസ പരിഷ്കരണത്തിൻറെ സ്വാഭാവികമായ ഒരു തുടർച്ചയായി ഇതിനെ കാണാം.
- ആശയാവതരണരീതി ,ഉദ്ഗ്രഥിത സമീപനം, ബഹുമുഖബുദ്ധിയുടെ വികാസം, അറിവിൻറെ നിർമ്മാണം തുടങ്ങിയ സമീപനങ്ങൾ ഇതിൻറെ ഭാഗമായി വന്നതാണ്.
- കേരളം അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ പ്രശ്നങ്ങളെ വിലയിരുത്തി വിശകലനം ചെയ്ത് എട്ട് പ്രശ്നമേഖലകളായി KCF 2007 ക്രോഡീകരിച്ചു.

**170. താഴെ നൽകിയിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. പൊതുവിദ്യാഭ്യാസത്തിൻറെ അവസാനഘട്ടമാണ് ഹയർ സെക്കൻററി തലം.
2. ഏകീകൃത ഹയർസെക്കൻററി പാഠ്യപദ്ധതിയാണ് നിലവിൽ അഭികാമ്യം.

A) ഒന്ന് മാത്രമാണ് ശരി
B) രണ്ട് മാത്രമാണ് ശരി
C) ഒന്നും രണ്ടും ശരിയാണ്
D) ഒന്നും രണ്ടും തെറ്റാണ്

**Solution:**

ഹയർ സെക്കൻററിതലം

- പൊതുവിദ്യാഭ്യാസത്തിൻറെ അവസാനഘട്ടമാണ് ഹയർ സെക്കൻററി തലം.
- ഉപരിപഠനത്തിന് പോകുന്നവർക്കും തൊഴിൽ തിരഞ്ഞെടുക്കുന്നവർക്കും അടിത്തറ പാകുന്ന തരത്തിൽ ഈ തലത്തിലുള്ള വിദ്യാഭ്യാസം വൈവിധ്യവത്കരിക്കപ്പെടണം.
- പത്താംക്ലാസ് പൂർത്തിയാകുമ്പോൾ പഠനം നിർത്താൻ നിർബന്ധിതരാകുന്ന വിദ്യാർത്ഥികളെ ഹയർ സെക്കൻററി കോഴ്സിൽ ചേരാൻ അവസരം ഒരുക്കി നിർത്തണം.
- ഏകീകൃത ഹയർസെക്കൻററി പാഠ്യപദ്ധതിയാണ് നിലവിൽ അഭികാമ്യം.

**171. സംസ്ഥാനത്തിൻറെ വിദ്യാഭ്യാസ ലക്ഷണങ്ങൾ രൂപപ്പെടുത്തുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:**

1. ഇന്ത്യയുടെ ജനാധിപത്യ മതേതര സ്വഭാവത്തെ പരിപോഷിപ്പിക്കുവാനും ശക്തിപ്പെടുത്താനും കഴിയുന്ന ഒരു സമൂഹത്തെ വിഭാവനം ചെയ്യണം.
2. ഓരോ മതങ്ങൾക്കും പ്രത്യേകം വികസനം പ്രദാനം ചെയ്യുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് ഒരു സമൂഹം വിഭാവനം ചെയ്യുന്നത്.
3. സമത്വത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സാമൂഹിക ക്രമം പ്രോത്സാഹിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസ സമ്പ്രദായം പ്രാപ്തമായിരിക്കണം.

A) 1,2
B) 1,3
C) 2,3
D. 1,2,3

**Solution:**

- സംസ്ഥാനത്തിൻ്റെ വിദ്യാഭ്യാസ ലക്ഷണങ്ങൾ രൂപപ്പെടുത്തുമ്പോൾ ഇന്ത്യയുടെ ജനാധിപത്യ മതേതര സ്വഭാവത്തെ പരിപോഷിപ്പിക്കുവാനും ശക്തിപ്പെടുത്താനും കഴിയുന്ന ഒരു സമൂഹത്തെ നാം വിഭാവനം ചെയ്യണം.
- ഒരു തരത്തിലുള്ള വിവേചനം ഇല്ലാത്ത എല്ലാവരുടെയും സമ്പൂർണ്ണ വികസനം പ്രദാനം ചെയ്യുന്ന ഒരു വിദ്യാഭ്യാസ സമ്പ്രദായമാണ് അത്തരം ഒരു സമൂഹം വിഭാവനം ചെയ്യുന്നത്.
- സമത്വത്തിലും നീതിയിലും അധിഷ്ഠിതമായ ഒരു സാമൂഹിക ക്രമം പ്രോത്സാഹിപ്പിക്കുന്നതിന് വിഭാവനം ചെയ്യുന്ന വിദ്യാഭ്യാസ സമ്പ്രദായം പ്രാപ്തമായിരിക്കണം.

**172. KCF 2007 യുടെ വിലയിരുത്തലിൽ കേരളം അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ പ്രശ്നങ്ങൾ ഉൾപെടുന്ന മേഖലകൾ :**

1. വിശ്വമാനവനൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ.
2. അധ്വാനശേഷി വികസനത്തിൻ്റെ അഭാവം.
3. സാംസ്കാരിക തനിമയെ കുറിച്ചും അതിൻ്റെ സ്വതന്ത്ര വികാസത്തെ കുറിച്ചുമുള്ള ധാരണകുറവ്.
4. കൃഷി ഒരു സംസ്കാരമായി കണക്കാക്കുന്നു .

A) 1,2,3 B) 2,3,4 C) 1,2,4 D) 1,2,3,4

**Solution:**

കേരളം അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ പ്രശ്നങ്ങളെ വിലയിരുത്തി വിശകലനം ചെയ്ത് എട്ട് പ്രശ്നമേഖലകളായി KCF 2007 ക്രോഡീകരിച്ചു.

1. വിശ്വമാനവനൻ എന്ന കാഴ്ചപ്പാട് രൂപപ്പെടാത്ത അവസ്ഥ.
2. അധ്വാനശേഷി വികസനത്തിൻ്റെ അഭാവം.
3. സാംസ്കാരിക തനിമയെ കുറിച്ചും അതിൻ്റെ സ്വതന്ത്ര വികാസത്തെ കുറിച്ചുമുള്ള ധാരണകുറവ്.
4. കൃഷി ഒരു സംസ്കാരമായി കാണാത്ത അവസ്ഥ.
5. ശാസ്ത്രീയമായി ആരോഗ്യ - പൊതുജനാരോഗ്യ കാഴ്ചപ്പാടിൻ്റെ അഭാവം.
6. പാർശ്വവത്കരിക്കപ്പെട്ടവരോടുള്ള പരിഗണന ഇല്ലായ്മ.

7. ശാസ്ത്രീയമായ സ്ഥല - ജല മാനേജ്മെൻറിൻറെ അഭാവം.
8. പരിസ്ഥിതി സൗഹൃദപരമായ വ്യവസായ വത്കരണത്തിൻറെയും അഭാവം.

**173. കേരളാ പാഠ്യപദ്ധതി ചട്ടക്കൂടിനെതിരെയുള്ള പ്രധാന വിമർശനമായി കണക്കാക്കുന്നത് ?**

A) ഇന്ത്യയുടെ ജനാധിപത്യ മതേതര സ്വഭാവത്തെ പരിപോഷിപ്പിക്കുവാനും ശക്തിപ്പെടുത്താനും കഴിയുന്നില്ല
B) കെ.സി.എഫിൻറെ രൂപീകരണത്തിൽ കേരള ശാസ്ത്രസാഹിത്യപരിഷത്തിൻറെ അമിത സ്വാധീനമുണ്ട്
C) പലതരത്തിലുള്ള വിവേചനം നടപ്പിലാക്കുന്നു
D) ഇവയൊന്നുമല്ല

**Solution:**

- 2005-ൽ രൂപീകരിക്കപ്പെട്ട ദേശീയ പാഠ്യപദ്ധതി രൂപരേഖയുടെ (NCF 2005) ചുവടുപിടിച്ച് 2007-ൽ തയ്യാറാക്കിയ കേരള പാഠ്യപദ്ധതിയാണ് KCF 2007 അഥവാ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്നറിയപ്പെടുന്നത്.
- 1996-97 കാലഘട്ടത്തിൽ തുടങ്ങിവച്ച വിദ്യാഭ്യാസ പരിഷ്കരണത്തിൻറെ സ്വാഭാവികമായ ഒരു തുടർച്ചയായി ഇതിനെ കാണാം.
- ആശയാവതരണരീതി ,ഉദ്ഗ്രഥിത സമീപനം , ബഹുമുഖബുദ്ധിയുടെ വികാസം, അറിവിൻറെ നിർമ്മാണം തുടങ്ങിയ സമീപനങ്ങൾ ഇതിൻറെ ഭാഗമായി വന്നതാണ്.
- കേരളം അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ പ്രശ്നങ്ങളെ വിലയിരുത്തി വിശകലനം ചെയ്ത് എട്ട് പ്രശ്നമേഖലകളായി KCF 2007 ക്രോഡീകരിച്ചു.

**174. KCF 2007 വിദ്യാഭ്യാസ ലക്ഷണങ്ങൾ അനുസരിച്ച് ഏതെല്ലാം ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊള്ളാൻ വിദ്യാഭ്യാസം പഠിതാവിനെ സഹായിക്കണം :**

1. സമത്വം
2. നീതി
3. സ്വാതന്ത്ര്യം മറ്റുള്ളവരുടെ ക്ഷേമത്തിനായുള്ള കരുതൽ
4. മത നിരപേക്ഷത

A) 1,2,3 B) 2,3,4 C) 1,2,4 D) 1,2,3,4

**Solution:**

ജനാധിപത്യ മൂല്യങ്ങൾ

- സമത്വം, നീതി, സ്വാതന്ത്ര്യം മറ്റുള്ളവരുടെ ക്ഷേമത്തിനായുള്ള കരുതൽ, മത നിരപേക്ഷത, മാനുഷിക അന്തസ്സിനോടും, അവകാശങ്ങളോടുമുള്ള ബഹുമാനം, ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊള്ളാൻ വിദ്യാഭ്യാസം പഠിതാവിനെ സഹായിക്കണം.
- പഠിതാവിന് ജനാധിപത്യത്തെ കുറിച്ച് മികച്ച ഉൾകാഴ്ച ലഭിക്കുന്ന തരത്തിലാവണം ഇത് ചെയ്യേണ്ടത്.

**175. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക :**

1. 2005-ൽ രൂപീകരിക്കപ്പെട്ട ദേശീയ പാഠ്യപദ്ധതി രൂപരേഖയുടെ (NCF 2005) ചുവടുപിടിച്ച് തയ്യാറാക്കിയ കേരള പാഠ്യപദ്ധതിയാണ് KCF 2007.
2. 1996-97 കാലഘട്ടത്തിൽ തുടങ്ങിവച്ച വിദ്യാഭ്യാസ പരിഷ്കരണത്തിൻറെ സ്വാഭാവികമായ ഒരു തുടർച്ചയായി KCF 2007 യെ കാണാം.

A) 1 ശരി, 2 ശരി B) 1 തെറ്റ്, 2 തെറ്റ്
C) 1 ശരി, 2 തെറ്റ് D) 1 തെറ്റ്, 2 ശരി

**Solution:**

- 2005-ൽ രൂപീകരിക്കപ്പെട്ട ദേശീയ പാഠ്യപദ്ധതി രൂപരേഖയുടെ (NCF 2005) ചുവടുപിടിച്ച് 2007-ൽ തയ്യാറാക്കിയ കേരള പാഠ്യപദ്ധതിയാണ് KCF 2007 അഥവാ കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2007 എന്നറിയപ്പെടുന്നത്.
- 1996-97 കാലഘട്ടത്തിൽ തുടങ്ങിവച്ച വിദ്യാഭ്യാസ പരിഷ്കരണത്തിൻറെ സ്വാഭാവികമായ ഒരു തുടർച്ചയായി ഇതിനെ കാണാം.
- ആശയാവതരണരീതി ,ഉദ്ഗ്രഥിത സമീപനം, ബഹുമുഖബുദ്ധിയുടെ വികാസം, അറിവിൻറെ നിർമ്മാണം തുടങ്ങിയ സമീപനങ്ങൾ ഇതിൻറെ ഭാഗമായി വന്നതാണ്.
- കേരളം അഭിമുഖീകരിക്കുന്ന സാമൂഹിക സാമ്പത്തിക സാംസ്കാരിക രാഷ്ട്രീയ പ്രശ്നങ്ങളെ വിലയിരുത്തി വിശകലനം ചെയ്ത് എട്ട് പ്രശ്നമേഖലകളായി KCF 2007 ക്രോഡീകരിച്ചു.

**176. കേരളാ പാഠ്യപദ്ധതി ചട്ടക്കൂട് - 2007 ൻറെ കരട് രൂപപ്പെടുത്തിയത് ?**

A) സംസ്ഥാനത്ത് തല വിദ്യാഭ്യാസ സംഘടനകളുമായി നടത്തിയ ചർച്ചകളിലൂടെ

B) സംസ്ഥാന വിദ്യാഭ്യാസ വകുപ്പ് നടത്തിയ സർവേയിലൂടെ

C) 14 ഫോക്കസ് ഗ്രൂപ്പുകളുടെ പഠനത്തിലൂടെയും സംസ്ഥാനതലത്തിൽ രൂപപ്പെടുത്തിയ കോർഗ്രൂപ്പിൻറെ നിരവധി യോഗങ്ങളിലെ ചർച്ചയിലൂടെയും

D) ഇവയൊന്നുമല്ല

**Solution:**

- 2005 ൽ രൂപീകരിക്കപ്പെട്ട ദേശീയ പാഠ്യപദ്ധതി രൂപരേഖയുടെ ( NCF - 2005) ചുവടുപിടിച്ച് 2007 -ൽ തയ്യാറാക്കിയ കേരള പാഠ്യപദ്ധതിയാണ് ( KCF - 2007) കേരളാ പാഠ്യപദ്ധതി ചട്ടക്കൂട് - 2007 എന്നറിയപ്പെടുന്നത്.
- 1996 - 97 കാലഘട്ടത്തിൽ തുടങ്ങിവെച്ച വിദ്യാഭ്യാസ പരിഷ്കരണത്തിൻറെ സ്വാഭാവികമായ ഒരു തുടർച്ചയായി ഇതിനെ കാണാം.
- അന്നുമുതൽ നടപ്പിലായ പല കാര്യങ്ങളും ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആശയാവതരണരീതി , ഉദ്ഗ്രഥിത സമീപനം ബഹുമുഖമായ ബുദ്ധിയുടെ വികാസം , അറിവിൻറെ നിർമ്മാണം തുടങ്ങിയ സമീപനങ്ങൾ ഇതിൻറെ ഭാഗമായി വന്നതാണ്.

**177. സംവാദാത്മക പ്രവർത്തനങ്ങൾ എന്ന് കരുതി വരുന്ന പഠനതന്ത്രങ്ങൾ:**

1. ഗ്രൂപ്പ് ചർച്ച
2. സംവാദം
3. സെമിനാർ
4. പാനൽ ചർച്ച

A) 1,2,3 B) 2,3,4 C) 1,2,4 D) 1,2,34

**Solution:**

- ഗ്രൂപ്പ് ചർച്ച , സംവാദം, സെമിനാർ, പാനൽ ചർച്ച , സിമ്പോസിയം തുടങ്ങിയ പഠനതന്ത്രങ്ങളെ സംവദാതമക പ്രവർത്തനങ്ങൾ എന്ന് കരുതി വരുന്നു.

- സംവാദത്തിന് വഴിയൊരുക്കുകയും വേദിയൊരുക്കുകയും ചെയ്യുന്ന പഠന രൂപമാണ് സംവാദാത്മക പഠനം.
- സഹകരണാത്മക പഠനവും സഹവർത്തിത പഠനവും വികസിതം ആകുന്നത് സംവാദാത്മക പഠനത്തിന് അടിത്തറയിലാണ്.

**178. സംവാദാത്മക പഠനത്തിൻറെ പ്രത്യേകതകൾ തിരഞ്ഞെടുക്കുക:**

1. ഒരു വിഷയത്തിൻറെ / ആശയത്തിന് ആഴത്തിലുള്ള പഠനം സാധ്യമാകുന്നു.
2. രണ്ടോ അതിൽ കൂടുതലോ പേർ അന്യോന്യം അവരുടെ അഭിപ്രായം യുക്തി പൂർവം അവതരിപ്പിക്കുന്നു.അതിന് ബലം നൽകുന്ന സിദ്ധാന്തങ്ങളും തെളിവുകളും നിരത്തുന്നു
3. ക്ലാസ് മുറിയിൽ ഒതുങ്ങിനിൽക്കാതെ സാമൂഹ്യ ചുറ്റുപാടിൽ നിന്ന് വിവരശേഖരണം നടത്തി പഠിതാവ് തൻറെ ലക്ഷ്യം കണ്ടെത്തുന്നു.

A) 1,2 B) 2,3 C) 1,3 D) 1,2,3

**Solution:**

- സഹവർത്തിത പഠനത്തിൽ ക്ലാസ് മുറിയിൽ ഒതുങ്ങിനിൽക്കാതെ സാമൂഹ്യ ചുറ്റുപാടിൽ നിന്ന് വിവരശേഖരണം നടത്തി പഠിതാവ് തൻറെ ലക്ഷ്യം കണ്ടെത്തുന്നു.
- ഒരു വിഷയത്തിൻറെ / ആശയത്തിന് ആഴത്തിലുള്ള പഠനമാണ് സംവാദാത്മക പഠനത്തിലൂടെ സാധ്യമാകുന്നത്.
- തർക്കം, സംവാദം എന്നത് മാത്രമല്ല സംവാദാത്മക പഠനം. രണ്ടോ അതിൽ കൂടുതലോ പേർ അന്യോന്യം അവരുടെ അഭിപ്രായം യുക്തി പൂർവം അവതരിപ്പിക്കുന്നു.
- അതിന് ബലം നൽകുന്ന സിദ്ധാന്തങ്ങളും തെളിവുകളും നിരത്തുന്നു.

**179. സഹവർത്തിത പഠനത്തിൻറെ സവിശേഷതകൾ തിരഞ്ഞെടുക്കുക:**

1. ഗ്രൂപ്പിന് പൊതുവായ ഒരു പഠനലക്ഷ്യം ഉണ്ടായിരിക്കണം.
2. ഭിന്ന നിലവാരത്തിലും സാമൂഹ്യസാഹചര്യത്തിൽ ഉള്ള കുട്ടികളായിരിക്കും ഗ്രൂപ്പിലെ അംഗങ്ങൾ.
3. പഠന പ്രക്രിയയുടെ ഓരോഘട്ടത്തിലും ടീച്ചർ ആവശ്യമായ കൈത്താങ്ങ് നൽകുന്നു.

A) 1,2,3 B) 1,2 C) 2,3 D) 1,3

**Solution:**

- സഹവർത്തിത പഠന രീതിയിൽ അധ്യാപകൻ സൗകര്യ ദാതാവും വഴികാട്ടിയുമാണ്
- സംഘാടന പാഠവും സഹകരണ മനോഭാവവും ഈ പഠനരീതി പ്രോത്സാഹിപ്പിക്കുന്നു.
- പ്രോജക്ട് സർവ്വേ തുടങ്ങിയ ഗവേഷണ പഠനങ്ങൾക്ക് ഈ രീതി വളരെ അനുയോജ്യമാണ്.

## 180. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:

1. പഠന പ്രക്രിയയെ സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകമാണ് പഠനാന്തരീക്ഷം.
2. പുതിയ പാഠ്യപദ്ധതിയിൽ പഠനം നടക്കുന്നത് സമൂഹവുമായുള്ള സംവാദത്തിലൂടെ ആണ്.

A) 1 ശരി, 2 ശരി
B) 1 തെറ്റ്, 2 തെറ്റ്
C) 1 ശരി, 2 തെറ്റ്
D) 1 തെറ്റ്, 2 ശരി

**Solution:**

- പഠന പ്രക്രിയയെ സ്വാധീനിക്കുന്ന ഒരു പ്രധാന ഘടകമാണ് പഠനാന്തരീക്ഷം.
- ഭൗതികവും വൈകാരികവുമായ ശിശു സൗഹൃദ അന്തരീക്ഷം ഓരോ വിദ്യാലയത്തിലും ഉണ്ടാകണം.
- പഠനാന്തരീക്ഷം സംബന്ധിച്ച സമീപനം പുരോഗമന പരവും പഠനപ്രക്രിയയ്ക്ക് അനുയോജ്യവും ആകണം.

## 181. പഠനാന്തരീക്ഷം സംബന്ധിച്ച് കേരള പാഠ്യപദ്ധതി മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാടുകളിൽ ഉൾപ്പെടുന്നവ ഏതെല്ലാം:

1. കുട്ടിയുടെ പ്രകൃതത്തെ പരിഗണിക്കുന്നു
2. പുറം വാതിൽ പഠനത്തിന് അവസരം നൽകുന്നില്ല
3. മാതൃഭാഷയിൽ പഠിക്കാനുള്ള അവസരം ഉറപ്പാക്കുന്നു

A) 1,2 B) 2,3 C) 1,3 D) 1,2,3

**Solution:**

പഠനാന്തരീക്ഷം സംബന്ധിച്ച് കേരള പാഠ്യപദ്ധതി മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാടുകൾ താഴെ പറയുന്നു.

1. കുട്ടിയുടെ പ്രകൃതത്തെ പരിഗണിക്കുന്നത്
2. അവകാശങ്ങളെ സംരക്ഷിക്കുന്നത്
3. പഠന സമീപനത്തിന് യോജിച്ചത്
4. ജനാധിപത്യ മതേതര മൂല്യങ്ങൾ പരിഗണിക്കുന്നത്
5. അവസര തുല്യത ഉറപ്പാക്കുന്നത്
6. കുട്ടികളെ ആകർഷിക്കുന്നത്
7. പുറം വാതിൽ പഠനത്തിന് സാധ്യതയുള്ളത്
8. കളിയുപകരണങ്ങൾ, പഠനോപകരണങ്ങൾ എന്നിവ ആവശ്യത്തിനുള്ളത്
9. പ്രീ സ്കൂൾ അനുഭവങ്ങൾക്ക് തുടർച്ച ലഭിക്കുന്നതിന്
10. മാതൃഭാഷയിൽ പഠിക്കാനുള്ള അവസരം ഉറപ്പാക്കുന്നതിന്
11. ഭയ രഹിതവും സൗഹൃദ പൂർണ്ണവുമായ അന്തരീക്ഷം ഉറപ്പാക്കൽ
12. സ്വതന്ത്രമായ ക്ലാസ് പ്രവർത്തനത്തിന് വഴങ്ങുന്ന ഇരിപ്പിട സൗകര്യം, ക്ലാസ് മുറി പദ്ധതി
13. കാറ്റും വെളിച്ചവും ലഭിക്കുന്ന അടച്ചുറപ്പുള്ള ക്ലാസ് മുറി
14. കുടിവെള്ള ലഭ്യത
15. ഐസിടി അധിഷ്ഠിത പഠനസൗകര്യം
16. കെട്ടിടത്തെ പഠനോപകരണമാക്കി മാറ്റുന്ന പദ്ധതി (Building as Learning Aid)
17. സമൂഹവും വിദ്യാഭ്യാസവും തമ്മിലുള്ള ഊഷ്മളമായ ബന്ധം

**182. വായനയിലൂടെ ആശയങ്ങൾ ആർജിക്കുന്ന രീതി ?**

A) സംഘപഠനം
B) പ്രതി ക്രിയാധ്യാപനം
C) സഹകരണാത്മക പഠനം
D) സഹവർത്തിത പഠനം

**Solution:**

പ്രതി ക്രിയാധ്യാപനം

- വായനയിലൂടെ ആശയങ്ങൾ ആർജിക്കുന്ന രീതിയാണിത്.
- അധ്യാപകർ അടങ്ങുന്ന ഒരു ഗ്രൂപ്പ് ക്ലാസിൽ രൂപീകരിക്കുന്നു.
- നിർദ്ധിഷ്ട പാഠഭാഗം ഒരാൾ ഉറക്കെ വായിക്കുന്നു.
- സംഘത്തിൽ ഒരാൾ വായിച്ച ഭാഗത്തെ ഉള്ളടക്കത്തെ കുറിച്ച് ചോദ്യങ്ങൾ ചോദിക്കുന്നു.

- ഗ്രൂപ്പിൽ ഉള്ളവർ തന്നെ ഉത്തരങ്ങൾ പറയുന്നു.
- ആ ഉത്തരം വീണ്ടും ചർച്ചക്ക് വിധേയമാക്കുന്നു.
- സംശയ ദൂരീകരണവും വ്യാഖ്യാനവും ഈ ഘട്ടത്തിൽ പ്രയോഗിക്കപ്പെടുന്നു
- വൈഗോട്സ്കിയുടെ social constructivism ത്തിൻറെ ഭാഗമായാണ് പ്രതിക്രിയ അധ്യാപനം വികസിതമായത്.

## 183. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:

1. സമവായ സംഘങ്ങൾ പൊതുവായ ഒരു ലക്ഷ്യത്തിനായി സഹകരിച്ചും പരസ്പരം കൈത്താങ്ങ് നൽകിയും നടത്തുന്ന സംഘപഠനം ആണ് പ്രതിക്രിയ അധ്യാപനം.
2. പഠനത്തിൽ ഒരു ഗ്രൂപ്പിലെ അംഗങ്ങൾ ഓരോരുത്തരും വ്യത്യസ്ത ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്ന പഠന രീതി- സഹകരണാത്മക പഠനം

A) 1 ശരി, 2 ശരി
B) 1 തെറ്റ്, 2 തെറ്റ്
C) 1 ശരി, 2 തെറ്റ്
D) 1 തെറ്റ്, 2 ശരി

**Solution:**

- സമവയ സംഘങ്ങൾ പൊതുവായ ഒരു ലക്ഷ്യത്തിനായി സഹകരിച്ചും പരസ്പരം കൈത്താങ്ങ് നൽകിയും നടത്തുന്ന സംഘപഠനം ആണ് സഹകരണാത്മക പഠനം.
- സഹകരണാത്മക പഠനത്തിൽ ആദ്യാവസാനം അധ്യാപക സാന്നിധ്യം ആവശ്യമില്ല.
- സഹകരണാത്മക പഠനത്തിൽ ഒരു ഗ്രൂപ്പ് ഏക ലക്ഷ്യം മുൻനിർത്തി പഠനം നടത്തുമ്പോൾ സഹവർത്തിത പഠനത്തിൽ ഒരു ഗ്രൂപ്പിലെ അംഗങ്ങൾ ഓരോരുത്തരും വ്യത്യസ്ത ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നു.
- സഹവർത്തിത പഠനത്തിൽ ക്ലാസ് മുറിയിൽ ഒതുങ്ങിനിൽക്കാതെ സാമൂഹ്യ ചുറ്റുപാടിൽ നിന്ന് വിവരശേഖരണം നടത്തി പഠിതാവ് തൻറെ ലക്ഷ്യം കണ്ടെത്തുന്നു.

## 184. താഴെ നല്കിയിരിക്കുന്ന പ്രസ്താവനകൾ ഏതുതരം പഠനരീതിയുമായി ബന്ധപ്പെട്ടിരിക്കുന്നു:

1. സംവാദത്തിന് വഴിയൊരുക്കുകയും വേദിയൊരുക്കുകയും ചെയ്യുന്ന പഠന രൂപം.

2. അന്വേഷണാത്മകമായ ഒരു പഠനരീതി.
3. ഫലപ്രദമായി നടപ്പാക്കപ്പെടുന്ന കൊടുക്കൽ വാങ്ങൽ പ്രക്രിയയിലൂടെ അറിവും വീക്ഷണവും കൂടുതൽ ആഴവും പരപ്പും ഉള്ളതായി മാറുന്നു.

A) സഹകരണാത്മക പഠനം
B) സഹവർത്തിത പഠനം
C) സംവാദാത്മക പഠനം
D) പ്രതി ക്രിയാധ്യാപനം

**Solution:**

സംവാദാത്മക പഠനം

- ഒരു വിഷയത്തിൻറെ / ആശയത്തിന് ആഴത്തിലുള്ള പഠനമാണ് സംവാദാത്മക പഠനത്തിലൂടെ സാധ്യമാകുന്നത്.
- തർക്കം, സംവാദം എന്നത് മാത്രമല്ല സംവാദാത്മക പഠനം. രണ്ടോ അതിൽ കൂടുതലോ പേർ അന്യോന്യം അവരുടെ അഭിപ്രായം യുക്തി പൂർവം അവതരിപ്പിക്കുന്നു.അതിന് ബലം നൽകുന്ന സിദ്ധാന്തങ്ങളും തെളിവുകളും നിരത്തുന്നു
- പല വഴികളിലൂടെയും തെളിവുകളിലൂടെയും യുക്തിയുടെയും അടിസ്ഥാനത്തിൽ തൻറെ വാദഗതികൾ അവതരിപ്പിക്കുന്നു.
- വിജ്ഞാനത്തിൻറെ ക്രിയവിക്രിയം ആണ് ഇവിടെ നടക്കുന്നത് .
- ഇതിലൂടെ ഒരു ആശയത്തിൻറെ പഠന പ്രശ്നത്തിൻറെ വ്യത്യസ്ത മുഖങ്ങൾ അനാവരണം ചെയ്യപ്പെടുന്നു.

**185. ഒരു ഗ്രൂപ്പ് ഏക ലക്ഷ്യം മുൻനിർത്തി പഠനം നടത്തുന്ന പഠന രീതി?**

A. സഹകരണാത്മക പഠനം
B. സഹവർത്തിത പഠനം
C. സംവാദാത്മക പഠനം
D. ഇവയൊന്നുമല്ല

**Solution:**

- സഹകരണാത്മക പഠനത്തിൽ ഒരു ഗ്രൂപ്പ് ഏക ലക്ഷ്യം മുൻനിർത്തി പഠനം നടത്തുന്നു.
- സഹവർത്തിത പഠനത്തിൽ ഒരു ഗ്രൂപ്പിലെ അംഗങ്ങൾ ഓരോരുത്തരും വ്യത്യസ്ത ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നു.
- സഹവർത്തിത പഠനത്തിൽ ക്ലാസ് മുറിയിൽ ഒതുങ്ങിനിൽക്കാതെ സാമൂഹ്യ ചുറ്റുപാടിൽ നിന്ന് വിവരശേഖരണം നടത്തി പഠിതാവ് തൻറെ ലക്ഷ്യം കണ്ടെത്തുന്നു.

**186. തന്നിരിക്കുന്ന പ്രസ്താവനകൾ വായിച്ച് പഠന രീതി ഏതെന്ന് തിരിച്ചറിയുക:**

1. സമവായ സംഘങ്ങൾ പൊതുവായ ഒരു ലക്ഷ്യത്തിനായി സഹകരിച്ചും പരസ്പരം കൈത്താങ്ങ് നൽകിയും നടത്തുന്ന സംഘപഠനം
2. ആദ്യാവസാനം അധ്യാപക സാന്നിധ്യം ആവശ്യമില്ല.
3. കുട്ടികളിൽ നേതൃത്വ ഗുണവും പ്രശ്നപരിഹരണ ശേഷിയും വളരാൻ സഹായിക്കുന്ന പഠന രീതി

A) പ്രതി ക്രിയാധ്യാപനം
B) സഹകരണാത്മക പഠനം
C) സഹവർത്തിത പഠനം
D) ഇവയൊന്നുമല്ല

**Solution:**

- സമവായ സംഘങ്ങൾ പൊതുവായ ഒരു ലക്ഷ്യത്തിനായി സഹകരിച്ചും പരസ്പരം കൈത്താങ്ങ് നൽകിയും നടത്തുന്ന സംഘപഠനം ആണ് സഹകരണാത്മക പഠനം.
- സഹകരണാത്മക പഠനത്തിൽ ആദ്യാവസാനം അധ്യാപക സാന്നിധ്യം ആവശ്യമില്ല.
- സഹകരണാത്മക പഠനത്തിൽ ഒരു ഗ്രൂപ്പ് ഏക ലക്ഷ്യം മുൻനിർത്തി പഠനം നടത്തുമ്പോൾ സഹവർത്തിത പഠനത്തിൽ ഒരു ഗ്രൂപ്പിലെ അംഗങ്ങൾ ഓരോരുത്തരും വ്യത്യസ്ത ലക്ഷ്യങ്ങൾക്കായി പ്രവർത്തിക്കുന്നു.
- സഹവർത്തിത പഠനത്തിൽ ക്ലാസ് മുറിയിൽ ഒതുങ്ങിനിൽക്കാതെ സാമൂഹ്യ ചുറ്റുപാടിൽ നിന്ന് വിവരശേഖരണം നടത്തി പഠിതാവ് തൻറെ ലക്ഷ്യം കണ്ടെത്തുന്നു.

**187. പെരുമാറ്റ ശാസ്ത്രം ആരംഭിച്ചത് ആര് ?**

A) എറിക് എറിക്സൺ
B) നോം ചോംസ്കി
C) ജെ . ബി . വാട്ട്സൺ
D) ലിവ് വൈഗോട്സ്കി

**Solution**

- പെരുമാറ്റ രീതികൾ ഒരു വ്യക്തിക്ക് , ഒരു ബാഹ്യ ഉത്തേജകത്തിന് മുന്നിൽ അവതരിപ്പിക്കാൻ കഴിയുന്ന വ്യത്യസ്ത വഴികളാണ്.
- അതായത് അവരുടെ പരിതസ്ഥിതിയിലെ മാറ്റം.

- മന:ശാസ്ത്രം, നരവംശശാസ്ത്രം, സാമൂഹ്യശാസ്ത്രം തുടങ്ങിയ വിഷയങ്ങളുടെ പ്രധാന ലക്ഷ്യങ്ങളിലൊന്നാണ് പെരുമാറ്റത്തെക്കുറിച്ചുള്ള പഠനം.

**188. മനസിൻ്റെ ഘടനയെ കൃത്യമായി നിർവചിച്ച മനശാസ്ത്രജ്ഞൻ ആര് ?**

A) ജെറോം എസ്.ബ്രൂണർ
B) അബ്രഹാം മാസ്ലോ
C) കാൾ റോജേഴ്സ്
D) സിഗ്മണ്ട് ഫ്രോയിഡ്

**Solution**

- ലോക വിഖ്യാതനായ മനശാസ്ത്രജ്ഞനാണ് സിഗ്മണ്ട് ഫ്രോയിഡ്.
- ജീവിതകാലം: മേയ് 6, 1856 - സെപ്റ്റംബർ 23, 1939.
- ഓസ്ട്രിയൻ ന്യൂറോളജിസ്റ്റായിരുന്ന ഇദ്ദേഹം മനശാസ്ത്രത്തിന്റെ പിതാവ് എന്നറിയപ്പെടുന്നു.
- മനസിന് അബോധം എന്നൊരു വശമുണ്ടെന്ന് ആദ്യമായി സിദ്ധാന്തിച്ച വ്യക്തിയാണ് ഫ്രോയിഡ്.

**189. മറ്റുള്ളവരെ മനസിലാക്കാനും അവരുടെ കാഴ്ചപ്പാടിൽ നിന്ന് നോക്കിക്കാണാനുമുള്ള കഴിവ്, സഹകരണാത്മകത, അനുതാപം, പ്രതിപക്ഷബഹുമാനം, എന്നിവ എന്തിൻ്റെ സൂചനയാണ് ?**

A) ആത്മബുദ്ധിമാനം
B) വൈകാരികമാനം
C) വൈകാരികബുദ്ധി
D) പ്രകൃതിപരമായ ബുദ്ധി

**Solution**

വൈകാരികമാനം

- മറ്റുള്ളവരെ മനസ്സിലാക്കാനും അവരുടെ കാഴ്ചപ്പാടിൽ നിന്ന് നോക്കിക്കാണാനുമുള്ള കഴിവ്.
- സഹകരണാത്മകത.
- അനുതാപം.
- പ്രതിപക്ഷബഹുമാനം.
- സമന്വയപാടവം.
- സംഘർഷങ്ങൾക്കു പരിഹാരം കാണൽ.
- കൂടിയാലോചനകളിലൂടെ പൊതുധാരണകളിൽ എത്തിച്ചേരൽ.

- തീരുമാനങ്ങളെടുക്കൽ.
- മറ്റുള്ളവരുമായി നല്ല ബന്ധങ്ങൾ സ്ഥാപിക്കൽ.
- എന്നിവ മികച്ച വൈകാരികശേഷിയുടെ ലക്ഷണങ്ങളായി കരുതപ്പെടുന്നു.

**190. താഴെ പറയുന്നവയിൽ പഠന ശൈലിയിൽ ഉൾപ്പെടുന്നവ ഏവ :**

1. കണ്ടു പഠിക്കൽ
2. കേട്ടു പഠിക്കൽ
3. ഉരുവിട്ടു പഠിക്കൽ
4. ചെയ്തു പഠിക്കൽ

A) 1,2,3 B) 2,3,4 C) 1,2,4 D) 1,2,3,4

**Solution**

പഠന ശൈലിയിൽ (Learning Style) ഉൾപ്പെടുന്നവ

- കണ്ടു പഠിക്കൽ (Visual Learning)
- കേട്ടു പഠിക്കൽ (Auditory Learning)
- ചെയ്തു പഠിക്കൽ (Kinesthetic Learning)

**191. 3+2=5, എന്നു അറിയാവുന്ന കുട്ടിയോട് 5 – 3 = എത്രയെന്നു ചോദിച്ചാൽ 2 എന്നു പറയാൻ കഴിഞ്ഞാൽ ആകുട്ടിക്ക് _______ഉണ്ട് ?**

A) പ്രത്യാവർത്തന ശേഷി B) പ്രതീകാത്മക ചിന്തനം

C) കൺസർവേഷൻ D) സചേതനചിന്ത

**Solution**

- കൺസർവേഷൻ-ഏതെങ്കിലും ഒരു വസ്തു രൂപാന്തരണത്തിന് വിധേയമാക്കിയാലും അവയ്ക് പഴയ അളവ് തന്നെയുണ്ടെന്ന ധാരണ .
- പ്രത്യാവർത്തനം ( റിവേഴ്സിബിലിറ്റി) തിരിച്ചു ചിന്തിക്കാനുള്ള കഴിവെന്നു പറയാം.
- ഉദാഹരണത്തിലൂടെ വ്യക്തമാക്കാം, നിനക്ക് ഒരു സഹോദരനുണ്ടോ? ഉണ്ട്. നിന്റെ സഹോദരന് ഒരു സഹോദരനുണ്ടോ? ഉണ്ട് എന്നു പറയുകയാണെങ്കിൽ ആ കുട്ടിക്ക് പ്രത്യാവർത്തനശേഷിയുണ്ട്.

- 3+2=5, എന്നു അറിയാവുന്ന കുട്ടിയോട് 5 – 3 = എത്രയെന്നു ചോദിച്ചാൽ 2 എന്നു പറയാൻ കഴിയുന്നു .
- നാല് അമ്പതു പൈസ ചേർന്നാൽ രണ്ടു രൂപയാകും എങ്കിൽ രണ്ടു രൂപയിൽ എത്ര അമ്പതു പൈസ ഉണ്ടെന്ന് ചോദിച്ചാൽ മറുപടി പറയാൻ കഴിയുന്നു

**192. ഓരോ വ്യക്തിക്കും, ഏത് പ്രവർത്തനമേഖലയിലാണ് നൈപുണ്യം നേടാൻ സാധ്യതകൂടുതലുള്ളത് എന്ന് കണ്ടെത്തുവാൻ സഹായിക്കുന്ന മാനസിക പരീക്ഷകൾ അറിയപ്പെടുന്നത് ?**

A) അഭിക്ഷമതാപരീക്ഷകൾ
B) വിരൽ വേഗത പരീക്ഷ
C) റോഷാ മഷിയൊപ്പ് പരീക്ഷ
D) നിദാന ശോധകം

**Solution**

- അഭിക്ഷമത / Aptitude പരിശോധിക്കുന്നതിനുള്ള ശോധകം - വിരൽ വേഗത പരീക്ഷ
- ഓരോ വ്യക്തിയിലും അന്തർലീനമായ അഭിക്ഷമത അഥവാ ഏത് പ്രവർത്തനമേഖലയിലാണ് നൈപുണ്യം നേടാൻ സാധ്യതകൂടുതലുള്ളത് എന്ന് കണ്ടെത്തുവാൻ സഹായിക്കുന്ന മാനസിക പരീക്ഷകൾ അഭിക്ഷമതാപരീക്ഷകൾ എന്ന പേരിൽ അറിയപ്പെടുന്നു.
- ഒരർഥത്തിൽ അഭിക്ഷമതാ പരീക്ഷകളെ പ്രവചന പരീക്ഷകൾ (Prognostic tests) എന്നു പറയാം.

**193. സർഗാത്മകതയ്ക്ക് നാലു ഘടകങ്ങൾ ഉണ്ടെന്ന് ടോറെൻസ് അഭിപ്രായപ്പെടുന്നു. താഴെ പറയുന്നവയിൽ നിന്നും അവ ഏതൊക്കെയെന്ന് കണ്ടെത്തുക?**

A) ഒഴുക്ക് ,വഴക്കം , മൗലികത , വിപുലനം
B) ഒഴുക്ക് ,വഴക്കം , വാചാലത , വിപുലനം
C) വാചാലത , വിപുലനം , ഭംഗി , മൗലികത
D) ഒഴുക്ക് ,വഴക്കം , ഭംഗി , പുതുമ

**Solution**

- സർഗാത്മകതയ്ക്ക് നാലു ഘടകങ്ങൾ ഉണ്ടെന്ന് ടോറെൻസ് അഭിപ്രായപ്പെടുന്നു.

- ഒഴുക്ക് ,വഴക്കം , മൗലികത , വിപുലനം എന്നിവയാണ് അവ.
- അമൂർത്തമായ ആശയങ്ങൾ ഗ്രഹിക്കുന്നതിലും യുക്തിപരമായി ചിന്തിക്കുന്നതിലും നേടിയ അറിവ് പുതിയ സന്ദർഭങ്ങളിൽ പ്രയോഗിക്കുന്നതിലും സർഗാത്മകമായ പ്രവർത്തനങ്ങൾ കാഴ്ചവെക്കുന്നതിലുമൊക്കെ വ്യക്തികൾ തമ്മിൽ അന്തരം കാണാം.
- ഈ അന്തരത്തിന് കാരണം അവരുടെ 'ബുദ്ധി'യിലുള്ള വ്യത്യാസമാണ്.

### 194. ഫ്രോയിഡിൻറെ അഭിപ്രായത്തിൽ യാഥാർത്ഥ്യ തത്വം, സന്മാർഗ തത്വം എന്നിവ വ്യക്തിത്വത്തിൻറെ ഏതൊക്കെ ഘടകങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവയാണ് ?

A) ഇദ്ദ്, ഈഗോ
B) ഇദ്ദ്, ഈഗോ, സൂപ്പർ ഈഗോ
C) ഈഗോ, സൂപ്പർ ഈഗോ
D) ഇദ്ദ്, ഈഗോ, ലിബിഡോ

**Solution**

മനോവിശ്ലേഷണ സിദ്ധാന്തം

- ആസ്ട്രിയൻ മന:ശാസ്ത്രജ്ഞനായ സിഗ്മണ്ട് ഫ്രോയിഡാണ് ഇതിൻറെ ആവിഷ്കർത്താവ്.
- ബോധതലമല്ല മറിച്ച്, അബോധതലമാണ് ശരിയായ യാഥാർഥ്യമെന്ന് അദ്ദേഹം കരുതി.
- അബോധതലത്തിലുള്ള കാര്യങ്ങളാണ് ചിന്തയിലൂടെയും സ്വപ്നങ്ങളിലൂടെയുമൊക്കെ പ്രകാശിതമാവുന്നതെന്ന് അദ്ദേഹം വിശദീകരിച്ചു.
- ഇദ്ദ്, ഈഗോ, സൂപ്പർ ഈഗോ എന്നിങ്ങനെയുള്ള വ്യക്തിത്വത്തിൻറെ മൂന്നു ഭാഗങ്ങളെ കുറിച്ചും അദ്ദേഹം വിശദീകരിച്ചു.
- കാൾ യുങ്ങ്, ആൽഫ്രഡ് അഡ്‌ലർ എന്നിവരാണ് മറ്റു വക്താക്കൾ.

### 195. അഭിപ്രേരണയെ നിയന്ത്രിക്കുന്ന ഘടകങ്ങൾ ഏതെല്ലാം:

1. പരാജയഭീതി
2. അഭിക്ഷമത
3. മത്സരം
4. അഭിരുചി

A) 1,2,3 B) 2,3,4 C) 1,3,4 D) 1,2,4

**Solution**

- അഭിപ്രേരണ രണ്ടുതരം- ആന്തരിക പ്രചോദനം ,ബാഹ്യ പ്രചോദനം
- അഭിപ്രേരണയെ സ്വാധീനിക്കുന്ന ഘടകങ്ങൾ -
- അഭിരുചി
- ബാഹ്യ പ്രചോദകങ്ങൾ
- മത്സരം , സഹകരണം
- പുരോഗതിയെക്കുറിച്ചുള്ള അറിവ്
- പരാജയ/ വിജയബോധം
- അഭിലാഷനില ( അഭിലാഷ സ്തരം)

## 196. താഴെ നല്കിയിരിക്കുന്നവയിൽ വ്യക്ത്യാന്തര ബുദ്ധിയിൽ പെടാത്തത് ?

A) തന്നെക്കുറിച്ചുള്ള ബോധം

B) മറ്റുള്ളവരുടെ വികാരങ്ങൾ മനസിലാക്കൽ

C) അന്യരുടെ പ്രയാസങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കൽ

D) സ്നേഹ നന്മയ്ക്ക് വേണ്ടി ജീവിക്കൽ

**Solution**

വ്യക്ത്യാന്തര ബുദ്ധി

- മറ്റുള്ളവരുമായി നല്ലരീതിയിൽ ഇടപഴകുന്നതിനും അവരുടെ പ്രയാസങ്ങൾ തിരിച്ചറിയുന്നതിനും നല്ല ബന്ധങ്ങൾ വികസിക്കുന്നതിനുമൊക്കെ സഹായിക്കുന്ന ബുദ്ധി.
- മികച്ച സാമൂഹ്യ, രാഷ്ട്രീയ പ്രവർത്തകർ എന്നിവർ ഈ ബുദ്ധിയിൽ മുന്നിൽ നിൽക്കുന്നു.
- ചർച്ചകൾ, സംവാദങ്ങൾ, സംഘപ്രവർത്തനങ്ങൾ, സഹകരണാത്മക-സഹവർത്തിത പ്രവർത്തനങ്ങൾ, പഠനയാത്ര, അഭിമുഖം, ആതുരശുശ്രൂഷ, സർവേ, സാമൂഹികപഠനങ്ങൾ, പരസ്പരവിലയിരുത്തൽ എന്നിവ ഇതിനു സഹായിക്കും.

## 197. ഗസ്റ്റാൾട്ട് എന്ന ജർമൻ പദത്തിൻറെ അർത്ഥം എന്ത് ?

A) ബുദ്ധി B) വികാസം C) ആകൃതി D) മനസ്

**Solution**

- ഗസ്റ്റാൾട്ട് എന്ന ജർമൻ പദത്തിൻറെ അർത്ഥം രൂപം അല്ലെങ്കിൽ ആകൃതി എന്നൊക്കെയാണ്.
- ജർമൻ മന:ശാസ്ത്രജ്ഞനായ മാക്സ് വർതീമറാണ് ഇതിൻറെ പ്രധാന വക്താവ്.
- കർട്ട് കൊഫ്ക, വുൾഫ്ഗാങ്ങ് കൊഹ്‌ലർ എന്നിവരാണ് ഇക്കാര്യത്തിൽ അദ്ദേഹത്തിൻറെ കൂട്ടുകാർ.

**198. സമഗ്രതാവാദം അറിയപ്പെടുന്ന മറ്റൊരു പേര് ?**

A) ഗസ്റ്റാൾട്ട് സിദ്ധാന്തം
B) ധർമവാദം
C) ജ്ഞാതൃവാദം
D) മാനവികതാവാദം

**Solution**

- ഗസ്റ്റാൾട്ട് എന്ന ജർമൻ പദത്തിൻറെ അർത്ഥം രൂപം അല്ലെങ്കിൽ ആകൃതി എന്നൊക്കെയാണ്.
- ജർമൻ മന:ശാസ്ത്രജ്ഞനായ മാക്സ് വർതീമറാണ് ഇതിൻറെ പ്രധാന വക്താവ്.
- കർട്ട് കൊഫ്ക, വുൾഫ്ഗാങ്ങ് കൊഹ്‌ലർ എന്നിവരാണ് ഇക്കാര്യത്തിൽ അദ്ദേഹത്തിൻറെ കൂട്ടുകാർ.

**199. 'അർത്ഥപൂർണ്ണമായ ഒരു തുടർ രേഖയോ രൂപമാതൃകയോ കിട്ടാൻ പാകത്തിൽ നാം വസ്തുക്കളെ ശ്യംഖലനം ചെയ്യുന്നു' എന്ന് സ്ഥാപിക്കുന്ന നിയമം ഏത് ?**

A) തുടർച്ചാ നിയമം
B) സംപൂരണ നിയമം
C) സാമീപ്യ നിയമം
D) സാമത്യാ നിയമം

**Solution**

തുടർച്ചാ നിയമം( Law Of Continuity)
'അർത്ഥപൂർണ്ണമായ ഒരു തുടർ രേഖയോ രൂപമാതൃകയോ കിട്ടാൻ പാകത്തിൽ നാം വസ്തുക്കളെ ശ്യംഖലനം ചെയ്യുന്നു' എന്ന് ഈ നിയമത്തിൽ സൂചിപ്പിക്കുന്നു.

**200. വർഗീകരണ തലങ്ങൾ നിജപ്പെടുത്തി വർഗീകരണത്തിന് ശാസ്ത്രീയമായ അടിത്തറ നൽകിയത് ?**

A) കാൾ ലിനേയസ്
B) അരിസ്റ്റോട്ടിൽ
C) തിയോഫ്രാസ്റ്റസ്
D) ജോൺ റെ

**Solution: A. കാൾ ലിനേയസ്**

- ജീവികളെ തിരിച്ചറിഞ്ഞു സമാനതകളുടെയും വ്യത്യാസങ്ങളുടെയും അടിസ്ഥാനത്തിൽ തരം തിരിക്കുകയും ശാസ്ത്രീയമായി പേര് നൽകുകയും ചെയ്യുന്ന ശാസ്ത്ര ശാഖ -വർഗീകരണ ശാസ്ത്രം
- വർഗ്ഗീകരണ ശാസ്ത്രത്തിൻറെ പിതാവ് - കാൾ ലിനേയസ്
- ജീവജാലങ്ങളെ ആദ്യമായി ജന്തുലോകം എന്നും സസ്യലോകം എന്നും രണ്ടായി തരംതിരിച്ചത് ഇദ്ദേഹമാണ്.
- ജീവശാസ്ത്രത്തിൻറെ പിതാവ് - അരിസ്റ്റോട്ടിൽ
- സസ്യശാസ്ത്രത്തിൻറെ പിതാവ് - തിയോഫ്രാസ്റ്റസ്

**201. ജീവ ശാസ്ത്ര നിർവചന പ്രകാരം സ്വാഭാവിക ലൈംഗിക പ്രജനനത്തിലൂടെ പ്രത്യുൽപ്പാദന ശേഷിയുള്ള സന്താനങ്ങളെ സൃഷ്ടിക്കാൻ കഴിയുന്ന ജീവികളുടെ ഗണം ?**

A) ഫാമിലി
B) കിങ്ഡം
C) സ്പീഷീസ്
D) ക്ലാസ്

**Solution: C. സ്പീഷീസ്**

- ജീവികളെ തിരിച്ചറിഞ്ഞു സമാനതകളുടെയും വ്യത്യാസങ്ങളുടെയും അടിസ്ഥാനത്തിൽ തരം തിരിക്കുകയും ശാസ്ത്രീയമായി പേര് നൽകുകയും ചെയ്യുന്ന ശാസ്ത്ര ശാഖ -വർഗീകരണ ശാസ്ത്രം
- വർഗ്ഗീകരണ ശാസ്ത്രത്തിൻറെ പിതാവ് - കാൾ ലിനേയസ്
- കാൾ ലിനേയസ് നിർദേശിച്ച വർഗീകരണ തലങ്ങൾ സ്പീഷീസ് - - ജീനസ് - ഫാമിലി - ഓർഡർ - ക്ലാസ് - ഫൈലം - കിങ്ഡം

**202. നിയമങ്ങൾ വ്യാഖ്യാനിക്കാൻ ഉത്തരവാദിത്വമുള്ള ഗവൺമെൻറിൻറെ ഘടകം?**

A) നിയമ നിർമാണ വിഭാഗം
B) കാര്യ നിർവഹണ വിഭാഗം
C) നീതി ന്യായ വിഭാഗം
D) ഇവയെല്ലാം

**Solution: C. നീതി ന്യായ വിഭാഗം**

- നിയമ നിർമാണ വിഭാഗം - നിയമങ്ങൾ നിർമിക്കുവാൻ ഉത്തരവാദിത്വമുള്ള ഗവൺമെൻറിൻറെ ഘടകം
- കാര്യ നിർവഹണ വിഭാഗം - നിയമങ്ങൾ നടപ്പിലാക്കാൻ ഉത്തരവാദിത്തപ്പെട്ട ഗവൺമെൻറിൻറെ ഘടകം
- നീതി ന്യായ വിഭാഗം - നിയമങ്ങൾ വ്യാഖ്യാനിക്കാൻ ഉത്തരവാദിത്വമുള്ള ഗവൺമെൻറിൻറെ ഘടകം

**203. രാഷ്ട്രപതിയുടെ ചുമതലകൾ എന്തെല്ലാം ?**

1. പ്രധാനമന്ത്രിയെയും മന്ത്രിമാരെയും നിയമിക്കൽ
2. പാർലമെന്റ് പാസാക്കിയ ബില്ലുകൾക്ക് അംഗീകാരം നൽകുക
3. രാജ്യസഭ സമ്മേളനത്തിന് അധ്യക്ഷത വഹിക്കുക

A) 1,3
B) 1,2,3
C) 1,2
D) 2,3

**Solution: C. 1,2**

രാജ്യസഭ സമ്മേളനത്തിന് അധ്യക്ഷത വഹിക്കുന്നത് - ഉപരാഷ്ട്രപതി
രാഷ്ട്രപതിയുടെ ചുമതലകൾ

- പ്രധാനമന്ത്രിയെയും മന്ത്രിമാരെയും നിയമിക്കൽ
- പാർലമെന്റ് പാസാക്കിയ ബില്ലുകൾക്ക് അംഗീകാരം നൽകുക
- സുപ്രീംകോടതിയിലെയും ഹൈകോടതിയിലെയും ചീഫ്ജസ്റ്റിസിനെയും മറ്റ് ജഡ്ജിമാരെയും നിയമിക്കൽ
- ആവശ്യമായി വന്നാൽ രാജ്യത്ത് അടിയന്തിരാവസ്ഥ പ്രഖ്യാപിക്കൽ
- ദയാഹർജി തീർപ്പ് കൽപ്പിക്കൽ

**204. ശരിയായ പ്രസ്താവന ഏതാണെന്ന് കണ്ടെത്തുക :**

1. ആദ്യ ശ്രീലങ്കൻ യാത്രയിൽ ശ്രീനാരായണ ഗുരുവിൻറെ വേഷം: വെള്ള.
2. ശ്രീ നാരായണ ഗുരു സമാധി സമയത്ത് ധരിച്ചിരുന്ന വസ്ത്രത്തിൻറെ നിറം: മഞ്ഞ

3. ശിവഗിരി തീർത്ഥാടനത്തിന് പോകുന്നവർക്ക് ശ്രീനാരായണ ഗുരു നിർദേശിച്ച വസ്ത്രം കാവി വസ്ത്രം

A) 1,2 B) 2,3 C) 1,2,3 D) എല്ലാം തെറ്റാണ്

**Solution: D. എല്ലാം തെറ്റാണ്**

- ശിവഗിരി തീർത്ഥാടനത്തിന് പോകുന്നവർക്ക് ശ്രീനാരായണ ഗുരു നിർദേശിച്ച വസ്ത്രം :മഞ്ഞ
- ആദ്യ ശ്രീലങ്കൻ യാത്രയിൽ ശ്രീനാരായണ ഗുരുവിൻറെ വേഷം : കാവി വസ്ത്രം
- ശ്രീ നാരായണ ഗുരു സമാധി സമയത്ത് ധരിച്ചിരുന്ന വസ്ത്രത്തിൻറെ നിറം : വെള്ള
- ശ്രീ നാരായണ ഗുരു രണ്ടുതവണ ശ്രീലങ്ക സന്ദർശിക്കുകയും അവിടെ ക്ഷേത്ര പ്രതിഷ്ഠ നടത്തുകയും ചെയ്തു.

**205. ഘർഷണ ബലം കുറയ്ക്കുവാനായി യന്ത്രങ്ങളിൽ ഖര രൂപത്തിൽ ഉപയോഗിക്കുന്ന സ്നേഹകം ?**

A) വെളിച്ചെണ്ണ B) ഗ്രാഫൈറ്റ്
C) ഗ്രീസ് D) ഐസ്

**Solution: B. ഗ്രാഫൈറ്റ്**

ഘർഷണ ബലം

- ഒരു വസ്തു മറ്റൊരു വസ്തുവിനുമേൽ സ്പർശിച്ചുകൊണ്ട് ചലിക്കുമ്പോൾ അവയ്ക്കിടയിൽ രൂപപ്പെടുന്ന ബലം
- വസ്തുവിൻറെ ഭാരം വർദ്ധിക്കുന്നതിനനുസരിച്ച് ഘർഷണം - കൂടുന്നു
- ഘർഷണ ബലം കുറയ്ക്കുവാൻ ഉപയോഗിക്കുന്ന വസ്തുക്കൾ അറിയപ്പെടുന്നത് - സ്നേഹകങ്ങൾ (ലൂബ്രിക്കന്റ്സ്)
- സ്നേഹകങ്ങൾക്ക് ഉദാഹരണം - വെളിച്ചെണ്ണ, ഗ്രാഫൈറ്റ്, ഗ്രീസ്
- ഘർഷണ ബലം കുറയ്ക്കുവാനായി യന്ത്രങ്ങളിൽ ഖര രൂപത്തിൽ ഉപയോഗിക്കുന്ന സ്നേഹകം - ഗ്രാഫൈറ്റ്

**206. ഘർഷണം കുറയ്ക്കാനായി ചലനത്തിന് അനുകൂലമായ രീതിയിൽ വസ്തുക്കളുടെ ആകൃതി രൂപപ്പെടുത്തുന്ന രീതി?**

A) ഘർഷണം കൂട്ടൽ

B) ധാരാരേഖിതമാക്കൽ

C) കൊഴുപ്പിടൽ

D) മിനുസപ്പെടുത്തൽ

**Solution: B. ധാരാരേഖിതമാക്കൽ**

- പരുക്കൻ ഉപരിതലങ്ങളുടെ ഘർഷണം കുറയ്ക്കാൻ ഉപയോഗിക്കുന്ന രീതി - മിനുസപ്പെടുത്തൽ
- ക്ലോക്ക്, സൈക്കിൾ തുടങ്ങിയ ചെറിയ യന്ത്രങ്ങളിൽ കട്ടികുറഞ്ഞ എണ്ണകൾ ഉപയോഗിച്ച് ഘർഷണം കുറിയ്ക്കുന്ന രീതി- കൊഴുപ്പിടൽ
- യന്ത്രങ്ങളിൽ ഘർഷണം കുറയ്ക്കാൻ ബോൾബെയറിങ്ങുകൾ ഉപയോഗിക്കുന്നു .
- ഉരുളൽ ഘർഷണം നിരങ്ങൽ ഘർഷണത്തേക്കാൾ വളരെ കുറവാണ്.

**207. തന്നിരിക്കുന്നവയിൽ നിന്നും ലായനിയുടെ സവിശേഷതകൾ ഏതാണ് എന്ന് കണ്ടെത്തുക :**

1. ഒരു ഏകാത്മക മിശ്രിതമാണ്.
2. ലീനത്തിലെ തന്മാത്രകളെ നഗ്നനേത്രങ്ങൾ കൊണ്ട് നിരീക്ഷിക്കുവാൻ കഴിയുകയില്ല.
3. ലായനി പെട്ടെന്ന് അസ്ഥിരമാവില്ല.
4. ലീനത്തെ ലായനിയിൽ നിന്നും സാധാരണ അരിപ്പ ഉപയോഗിച്ച് അരിച്ചെടുക്കാൻ കഴിയുകയില്ല.

A) 1,2,4 B) 1,2 C) 2,4 D) 1,2,3,4

**Solution: D. 1,2,3,4**

- ലീനത്തിൻറെ അളവ് കുറഞ്ഞ ലായനി - നേർത്ത ലായനി
- ഒരു ലായനിയിലെ കുറഞ്ഞ അളവിലുള്ള ഘടകം- ലീനം
- ഒരു ലായനിയിലെ കൂടിയ അളവിലുള്ള ഘടകം- ലായകം
- ലേയത്വത്തെ സ്വാധീനിക്കുന്ന ഘടകങ്ങൾ- ലീനത്തിൻറെ സ്വഭാവം, താപനില

**208. ഏതൊരു ലായകത്തിനും അതിൽ ലയിപ്പിക്കാവുന്ന ലീനത്തിന് ഒരു പരിമിതിയുണ്ട്. അതിൽക്കൂടുതൽ ആയാൽ ലീനം ലയിക്കാതെ ലായകത്തിൽ കിടക്കുന്നു. അത്തരത്തിലുള്ള ലായനിയാണ് ..........?**

A) പൂരിതലായനി B) അപൂരിതലായനി

C) ഗാഢ ലായനി D) അതിപൂരിതലായനി

**Solution: A. പൂരിതലായനി**

- പൂരിതലായനി -ഒരു നിശ്ചിത താപനിലയിൽ പരമാവധി ലീനം ലയിച്ചുചേർന്നാൽ കിട്ടുന്ന ലായനി.
- അപൂരിതലായനി - ഒന്നിലധികം തവണ ലീനത്തെ ലയിപ്പിക്കുവാൻ കഴിയുന്ന ലായനി.
- അതിപൂരിതലായനി -പൂരിതമാകാൻ ആവശ്യമായതിലും അധികം ലീനം ലയിച്ചു ചേർന്ന ലായനി.
- ഒരു ലായനിയിൽ ലീനത്തിൻറെ അളവ് കൂടുതലാണെങ്കിൽ അത് ഗാഢ ലായനിയാണ്.

**209. ഡി.എൻ.എ.യിൽ അടങ്ങിയിട്ടുള്ള, പാരമ്പര്യ സ്വഭാവത്തിൻറെ അടിസ്ഥാനവാഹകർ ?**

A) ക്രോമസോം B) ജീൻ

C) ആർ.എൻ,എ D) ഇവയെല്ലാം

**Solution: B. ജീൻ**

- വാൾട്ടർ എസ്. സട്ടൺ ആണ് 'ജീൻ' എന്ന ആശയം ആദ്യമായി കണ്ടെത്തിയത്.
- ജീൻ എന്ന പദം നിർദേശിച്ചത് വില്യം ജോഹാൻസൺ ആണ്.
- ഡി.എൻ.എ ഫിംഗർ പ്രിന്റ്റിങ്ങിൻറെ ഉപജ്ഞാതാവ് അലക് ജഫ്രി ആണ്.
- ഒരു ജീവിയിലെ ക്രോമസോമുകളുടെ എണ്ണമാണ് ആ ജീവിവർഗത്തിൻറെ തനിമ നിലനിർത്തുന്നത്.

**210. ജനിതക എഞ്ചിനീയറിങ്ങിൻറെ ഏറ്റവും ആധുനികമായ തലം ?**

A) ഡി.എൻ.എ ഫിംഗർപ്രിൻറിംഗ് B) ജനിതക എഡിറ്റിങ്

C) ജനിതക മാപ്പ് D) ഇവയൊന്നുമല്ല

**Solution: B. ജനിതക എഡിറ്റിങ്**

- ജനിതക എഞ്ചിനീയറിങ്ങിൻറെ ഏറ്റവും ആധുനികമായ തലം - ജനിതക എഡിറ്റിങ്
- ജനിതക എഡിറ്റിങ്ങിന് ആയി ഉപയോഗിക്കുന്ന ഏറ്റവും കാര്യക്ഷമമായ ജനിതക കത്രിക - CRISPR Cas 9
- CRISPR Cas 9 ൽ അടങ്ങിയിരിക്കുന്ന ഘടകങ്ങൾ - Cas 9 എന്ന എൻസൈമും ഒരു ഗൈഡഡ് RNA യും.
- ജനിതക മാറ്റം വരുത്തി സൃഷ്ടിക്കുന്ന മാരക രോഗാണുക്കളെ ശത്രുക്കളുടെ മേൽ പ്രയോഗിക്കുന്ന യുദ്ധ രീതി - ജൈവായുദ്ധം

**211. ഡി.എൻ.എ.യിൽ അടങ്ങിയിരിക്കുന്ന നൈട്രജൻ ബേസുകൾ ഏതെല്ലാം :**

1. ആഡനീൻ
2. ഗുവനീൻ
3. യുറാസിൽ
4. തൈമീൻ
5. സൈറ്റൊസിൻ

A) 1,2,3,4 B) 1,3,4,5 C) 1,2,4,5 D) 1,2,3,5

**Solution: C. 1,2,4,5**

- ക്രോമസോമിൻറെ അടിസ്ഥാന ഘടകമാണ് ഡി.എൻ.എ. ഓരോ ക്രോമസോമിലും രണ്ടുവിതം ഡി.എൻ.എ. തന്മാത്രകൾ ഉണ്ട്. ജീനുകൾ കാണപ്പെടുന്നത് ഡി.എൻ.എ.യിലാണ്.
- ഡി.എൻ.എ.യിൽ അടങ്ങിയിരിക്കുന്ന നൈട്രജൻ ബേസുകൾ- ആഡനീൻ, ഗുവനീൻ, തൈമീൻ, സൈറ്റൊസിൻ .
- ഡി.എൻ.എ.ക്ക് ചുറ്റുഗോവണിയുടെ ആകൃതിയാണ്. ഇതിൻറെ വശങ്ങൾ ഫോസ്ഫേറ്റ്, ഡി ഓക്സിറൈബോസ് എന്നി തന്മാത്രകളാലും, പടികൾ ഒരു ജോടി നൈട്രജൻ ബേസുകളാലും നിർമിക്കപ്പെട്ടിരിക്കുന്നു.
- ആർ.എൻ.എ. ,ഡി.എൻ.എ.യെപ്പോലെ മറ്റൊരു ന്യൂക്ലിക്ക് അമ്ലമാണ്.
- മാംസ്യ തന്മാത്രകളുടെ നിർമാണമാണ് ആർ.എൻ.എ. യുടെ മുഖ്യധർമം. ആർ.എൻ.എ ക്ക് ഒരു ഇഴ മാത്രമേയുള്ളു. തൈമീൻ എന്ന നൈട്രജൻ ബേസിനു പകരം 'യുറാസിൽ' കാണപ്പെടുന്നു.

**212. ലോകസഭയുടെ ഘടന വ്യക്തമാക്കുന്ന വകുപ്പ് ?**

A) വകുപ്പ് - 18 B) വകുപ്പ് - 65 C) വകുപ്പ് -72 D) വകുപ്പ് - 81

**Solution: D. വകുപ്പ് - 81**

ലോകസഭ

- രാഷ്ട്രപതി, ലോകസഭ, രാജ്യസഭ എന്നിവ അടങ്ങുന്നതാണ് - ഇന്ത്യൻ പാർലമെന്റ്
- ഭരണഘടന പ്രകാരം കേന്ദ്ര നിയമ നിർമ്മാണം അറിയപ്പെടുന്നത് - പാർലമെൻറ്
- ഇന്ത്യൻ പാർലമെന്റിനു എത്ര വിഭാഗങ്ങളുണ്ട് - 2
- ലോകസഭയുടെ മുൻഗാമി - സെൻട്രൽ ലെജിസ്ലേറ്റീവ് അസംബ്ലി
- അധോമണ്ഡലം എന്നറിയപ്പെടുന്ന സഭ - ലോകസഭ
- ലോകസഭയുടെ ഘടന വ്യക്തമാക്കുന്ന വകുപ്പ് - 81
- ലോകസഭയിലെ പരമാവധി അംഗസംഖ്യ - 552

**213. ലോകസഭാ സ്പീക്കറായ രണ്ടാമത്തെ വനിത ?**

A) മീരാകുമാർ B) സുമിത്രാ മഹാജൻ
C) ജി.വി.മാവ്ലങ്കർ D) സരോജിനി നായിഡു

**Solution: B. സുമിത്രാ മഹാജൻ**

- ലോകസഭയുടെ പിതാവ് എന്നറിയപ്പെടുന്നത് - ജി.വി.മാവ്ലങ്കർ
- ലോകസഭയുടെ ക്വോറം - 55 അംഗങ്ങൾ (സഭാധ്യക്ഷൻ ഉൾപ്പെടെ, അതായത് മൊത്തം അംഗസംഖ്യയുടെ പത്തിലൊന്ന്)
- ഏറ്റവും പ്രായം കുറഞ്ഞ ലോകസഭാ സ്പീക്കർ - ജി.എം.സി. ബാലയോഗി
- ലോകസഭയുടെ/നിയമസഭയുടെ അധ്യക്ഷൻ - സ്പീക്കർ
- ലോകസഭാ സ്പീക്കറായ ആദ്യ വനിത - മീരാകുമാർ

**214. ജീവിതം തന്നെ സന്ദേശം എന്നത് ചാവറയച്ചൻറെ ജീവചരിത്രമാണ്. ഇത് ആരുടെ രചനയാണ് ?**

A) എം.കെ. സാനു B) ആനന്ദ്
C) സർദാർ .കെ.എം.പണിക്കർ D) ഇവരാരുമല്ല

**Solution; A. എം.കെ. സാനു**

ചാവറ കുര്യാക്കോസ്

- 1805ൽ ആലപ്പുഴ ജില്ലയിലെ കൈനകരി ഗ്രാമത്തിൽ ജനിച്ചു. 1871 ൽ മരണപ്പെട്ടു.
- കേരള സാക്ഷരതയുടെ പിതാവ് എന്നറിയപ്പെടുന്നു.
- ഓരോ പള്ളിക്കൊപ്പവും ഒരു പള്ളിക്കൂടം എന്ന ആശയം ഇദ്ദേഹത്തിന്റെതായിരുന്നു.
- ആത്മാനുതാപം, അനസ്താസ്യയുടെ രക്തസാക്ഷ്യം, ധ്യാനസല്ലാപങ്ങൾ എന്നീ ഗ്രന്ഥങ്ങൾ രചിച്ചത് അദ്ദേഹമാണ്.
- ജീവിതം തന്നെ സന്ദേശം എന്നത് അദ്ദേഹത്തിൻറെ ജീവചരിത്രമാണ്. (എം.കെ. സാനുവാണ് എഴുതിയത്).
- മാന്നാനത്താണ് അദ്ദേഹത്തിൻറെ ഭൗതികശരീരം അടക്കിയിരിക്കുന്നത്.

**215. ഒരു ചുമർ തള്ളിമാറ്റാൻ ഒരാൾ തുടർച്ചയായി 10 N ബലം പ്രയോഗിച്ചു . പക്ഷേ അതു മാറ്റാൻ സാധിച്ചില്ല . എന്നാൽ അയാൾ എത്ര പ്രവൃത്തി ചെയ്തു?**

A) 20 Nm B) 10 Nm C) 5 Nm D) 0 Nm

**Solution: D. 0 Nm**

- ഒരു വസ്തുവിന്മേൽ ബലം പ്രയോഗിക്കുമ്പോൾ അത് ചലിക്കുന്നു എങ്കിൽ അവിടെ ഒരു പ്രവർത്തി നടക്കുന്നു.
- പ്രവൃത്തിയുടെ നിരക്കിൻറെ യൂണിറ്റ് - വാട്ട്
- പ്രവൃത്തിയുടെ യൂണിറ്റ് ആണ് ജൂൾ അഥവാ ന്യൂട്ടൻമീറ്റർ.
- ഇലക്ട്രിക് പവർ അളക്കുന്നതിനുള്ള യൂണിറ്റ് - വാട്ട്

**216. താഴെ തന്നിരിക്കുന്ന പ്രസ്താവനകളിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുമായി ബന്ധപ്പെട്ടവ ഏതെല്ലാം ആണെന്ന് തിരഞ്ഞെടുക്കുക :**

1. ബാങ്കുകളുടെ ബാങ്ക്
2. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ശാഖകൾ ഉള്ള ബാങ്ക്
3. എസ്.ബി.ഐ. യുടെ മുൻഗാമി
4. അന്താരാഷ്ട്ര നാണയ നിധിയിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്നു

A) 1,2　　B) 3,4　　C) 2,3　　D) 1,4

**Solution: D. 1,4**

- അന്താരാഷ്ട്ര നാണയ നിധിയിൽ ഇന്ത്യയെ പ്രതിനിധാനം ചെയ്യുന്നത് -റിസർവ് ബാങ്ക്.
- കൃഷിക്കും ഗ്രാമവികസനത്തിനും വായ്പകൾ നൽകുന്ന ദേശിയ ബാങ്ക് - നബാർഡ്
- ഇന്ത്യയിൽ ഏറ്റവും കൂടുതൽ ശാഖകൾ ഉള്ള ബാങ്ക് - സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ

**217. ഇരുമ്പാണിയിൽ വെള്ളി പൂശുന്നതിനായി ഉപയോഗിക്കുന്ന ഇലക്ട്രോലൈറ്റ് ഏത് ?**

A) ഹൈഡ്രജൻ ക്ലോറൈഡ് ലായനി
B) സിൽവർ നൈട്രേറ്റ് ലായനി
C) സോഡിയം ക്ലോറൈഡ് ലായനി
D) കാൽസ്യം ഫോസ്ഫേറ്റ് ലായനി

**Solution: B. സിൽവർ നൈട്രേറ്റ് ലായനി**

വൈദ്യുത ലേപനം

- ഒരു ലോഹം മറ്റൊന്നിലേക്ക് പൂശുന്ന പ്രക്രിയ .
- വൈദ്യുതലേപനം ഒരു വൈദ്യുതരാസപ്രവർത്തനം ആണ്.

**218. ഗാൽവനിക് സെല്ലുമായി ബന്ധപ്പെട്ട് ചുവടെ നല്കിയിരിക്കുന്നവയിൽ നിന്നും തെറ്റായ പ്രസ്താവനകൾ കണ്ടെത്തുക:**

1. വൈദ്യുതോർജ്ജം രാസോർജ്ജമാകുന്നു
2. രാസോർജ്ജം വൈദ്യുതോർജ്ജമാകുന്നു
3. ഇലക്ട്രോൺ പ്രവാഹ ദിശ ആനോഡിൽ നിന്നും കാഥോഡിലേക്ക്

A) 1　　B) 1,2　　C) 2,3　　D) 1,3

**Solution: A. 1**

ഗാൽവനിക്ക് സെൽ

- രാസോർജ്ജം വൈദ്യുതോർജ്ജമാകുന്നു.
- ഇലക്ട്രോൺ പ്രവാഹ ദിശ ആനോഡിൽ നിന്നും കാഥോഡിലേക്ക്.
- ആനോഡിൽ ഓക്സീകരണം സംഭവിക്കുന്നു.

**219. ഏറ്റവും കൂടുതൽ കാലം ആർ.ബി.ഐ. യുടെ ഗവർണറായ വ്യക്തി ?**

A) സി.ഡി.ദേശ്മുഖ് B) ഓസ്ബോൺ സ്മിത്ത്
C) ബി.രാമറാവു D) ജെയ്മ്സ് ടെയ്‌ലർ

**Solution: C. ബി.രാമറാവു**

- ഇന്ത്യയിൽ കറൻസി നോട്ടുകൾ അച്ചടിച്ച് വിതരണം ചെയ്യാനുള്ള അവകാശമുള്ളത് - റിസർവ് ബാങ്കിന്
- ആർ.ബി.ഐ.യുടെ ആദ്യ ഗവർണർ -ഓസ്ബോൺ സ്മിത്ത്
- ആർ.ബി.ഐ. യുടെ ഇന്ത്യക്കാരനായ ആദ്യ ഗവർണർ -സി.ഡി. ദേശ്മുഖ്
- ഏറ്റവും കൂടുതൽ കാലം ആർ.ബി.ഐ. യുടെ ഗവർണറായ വ്യക്തി -ബി.രാമറാവു
- ആർ.ബി.ഐ. യുടെ രണ്ടാമത്തെ ഗവർണർ - ജെയ്മ്സ് ടെയ്‌ലർ

**220. താഴെ തന്നിരിക്കുന്നവയിൽ ശരിയായ പ്രസ്താവന ഏത് ?**

1. അന്നജ നിർമാണ സമയത്ത് സസ്യങ്ങൾ സ്വീകരിക്കുന്ന വാതകം - ഓക്സിജൻ
2. പ്രകാശസംശ്ലേഷണ ഫലമായി ലഭിക്കുന്ന ഉത്പന്നം - അന്നജം
3. രാത്രികാലങ്ങളിൽ സസ്യങ്ങൾ പുറത്തുവിടുന്ന വാതകം - ഓക്സിജൻ
4. അന്നജ നിർമാണ സമയത്ത് സസ്യങ്ങൾ പുറന്തള്ളപ്പെടുന്ന വാതകം - കാർബൺ ഡയോക്സൈഡ്

A) 1 B) 1,2,3 C) 2,3,4 D) 2

**Solution: D. 2**

- പ്രകാശസംശ്ലേഷണ ഫലമായി ലഭിക്കുന്ന ഉത്പന്നം - അന്നജം
- അന്നജ നിർമാണ സമയത്ത് സസ്യങ്ങൾ സ്വീകരിക്കുന്ന വാതകം - കാർബൺ ഡയോക്സൈഡ്
- അന്നജ നിർമാണ സമയത്ത് സസ്യങ്ങൾ പുറന്തള്ളപ്പെടുന്ന വാതകം - ഓക്സിജൻ
- രാത്രികാലങ്ങളിൽ സസ്യങ്ങൾ പുറത്തുവിടുന്ന വാതകം - കാർബൺ ഡയോക്സൈഡ്

- സസ്യങ്ങൾ ശ്വസനത്തിനുപയോഗിക്കുന്ന വാതകം - ഓക്സിജൻ
- പ്രകാശസംശ്ലേഷണത്തിൻറെ ഫലമായി ഓക്സിജൻ ഉണ്ടാകുന്നുവെന്നു കണ്ടെത്തിയത് - ജോസഫ് പ്രീസ്റ്റിലി

## 221. രാജ്യസഭ നിലവിൽ വന്നത്?

A) 1952 മെയ് 13 B) 1952 ഏപ്രിൽ 17

C) 1952 മെയ് 17 D) 1952 ഏപ്രിൽ 13

**Solution: A. 1952 മെയ് 13**

രാജ്യസഭ

- രൂപീകരണവുമായി ബന്ധപ്പെട്ട ഭരണഘടനാ വകുപ്പ് - 80 -ാം വകുപ്പ്
- നിലവിൽ വന്നത് - 1952 മെയ് 13
- ഉപയോഗിച്ചിരിക്കുന്ന പരവതാനിയുടെ നിറം - ചുവപ്പ്
- സീറ്റുകൾ സംവിധാനം ചെയ്തിരിക്കുന്നത് - അർദ്ധവൃത്താകൃതിയിൽ

ലോക്സഭ

- നിലവിൽ വന്നത് -1952 ഏപ്രിൽ 17
- പ്രഥമ സമ്മേളനം നടന്നത്-1952 മെയ് 13
- പരവതാനിയുടെ നിറം - പച്ച
- സീറ്റ് സംവിധാനം - കുതിരലാടത്തിൻറെ ആകൃതിയിൽ
- കാലാവധി - അഞ്ച് വർഷം

## 222. ഇന്ത്യൻ തപാൽ വകുപ്പ് അയ്യങ്കാളിയെ അനുസ്മരിച്ചു തപാൽ സ്റ്റാമ്പ് പുറത്തിറക്കിയ വർഷം ?

A) 1863 B) 1941 C) 1911 D) 2002

Solution: D. 2002

- ഇന്ത്യൻ തപാൽ വകുപ്പ് അയ്യങ്കാളിയെ അനുസ്മരിച്ചു തപാൽ സ്റ്റാമ്പ് പുറത്തിറക്കിയത് - 2002 ആഗസ്റ്റ് 12
- അയ്യങ്കാളിയുടെ ജനനം - 1863 ആഗസ്റ്റ് 28
- അയ്യങ്കാളി സമാധിയായത് -1941 ജൂൺ 18
- അയ്യങ്കാളി ശ്രീമൂലം പ്രജാസഭയിൽ അംഗമായ വർഷം - 1911 ഡിസംബർ 5

**223. ഊർജസംരക്ഷണ നിയമത്തിൻറെ ഉപജ്ഞാതാവ് ആര് ?**

A) തോമസ് യങ്	B) ആൽബർട്ട് ഐൻസ്റ്റീൻ
C) ഹോമി .ജെ ബാബ	D) ജൂൾ

**Solution: B. ആൽബർട്ട് ഐൻസ്റ്റീൻ**

- ഊർജം എന്ന വാക്ക് ആദ്യമായി ഉപയോഗിച്ചത് തോമസ് യങ് ആണ്
- ഊർജത്തിൻറെ C.G.S യൂണിറ്റ് എർഗ് ആണ് .
- പ്രവർത്തിയുടെ അളവ് , വസ്തുവിന് ലഭിക്കുന്ന ഗതികോർജത്തിന് തുല്യമായിരിക്കും

**224. തന്നിരിക്കുന്നവയിൽ ശെരിയായ പ്രസ്താവനകൾ ഏതെല്ലാം:**

1. ഒരു നിശ്ചിത കാലയളവിൽ അനുഭവപ്പെടുന്ന ദൈനംദിന ശീതോഷ്ണത്തിൻറെ ശരാശരിയാണ് ആ പ്രദേശത്തിൻറെ കാലാവസ്ഥ.
2. വൃഷ്ടി, സൂര്യപ്രകാശം, കാറ്റ്, നീരാവി, ഊഷ്മാവ് എന്നീ ഘടകങ്ങളാണ് ഒരു പ്രദേശത്തിൻറെ കാലാവസ്ഥയെ നിർണ്ണയിക്കുന്നത്.
3. ഒരു പ്രദേശത്തിൻറെ കാലാവസ്ഥയിൽ പ്രകടമായ വ്യത്യാസങ്ങൾ പെട്ടെന്ന് ദൃശ്യമാകും.

A) 1,2	B) 2,3	C) 1,2	D) 3

**Solution: A. 1,2**

- നമുക്ക് വേനൽക്കാലത്ത് ചൂടും ശീതകാലത്ത് തണുപ്പും അനുഭവപ്പെടുന്നു. ഈ രീതിയിൽ നമുക്ക് വ്യത്യസ്ത കാലാവസ്ഥകൾ അനുഭവപ്പെടുന്നത്.
- ഒരു നിശ്ചിത കാലയളവിൽ അനുഭവപ്പെടുന്ന ദൈനംദിന ശീതോഷ്ണത്തിൻറെ ശരാശരിയാണ്. ആ പ്രദേശത്തിൻറെ കാലാവസ്ഥ.
- വൃഷ്ടി, സൂര്യപ്രകാശം, കാറ്റ്, നീരാവി, ഊഷ്മാവ് എന്നീ ഘടകങ്ങളാണ് ഒരു പ്രദേശത്തിൻറെ കാലാവസ്ഥയെ നിർണ്ണയിക്കുന്നത്.

- ഒരു ദിവസത്തിൻറെ ശീതോഷ്ണസ്ഥിതിയിൽ പെട്ടെന്ന് പ്രകടമായ വ്യത്യാസങ്ങൾ ദൃശ്യമാകാം.
- എന്നാൽ ഒരു പ്രദേശത്തിൻറെ കാലാവസ്ഥയിൽ മാറ്റുങ്ങളുണ്ടാകുന്നത് ക്രമേണയായിരിക്കും, വളരെ പ്രകടമായീരിക്കുകയും ഇല്ല.
- ഈ ഭൂമിയുടെ മൊത്തം കാലാവസ്ഥയിൽ തന്നെ മാറ്റങ്ങൾ ഉണ്ടാകുന്നുണ്ട്, സർവ്വജീവജാലങ്ങളും അങ്ങനെയുള്ള മാറ്റങ്ങളോട് ഇണങ്ങി ചേരുന്നുണ്ട്.

**225. കാലാവസ്ഥ വ്യതിയാനത്തിൻറെ കാരണങ്ങളിൽ മനുഷ്യ നിർമിതമായത് ഏത് ?**

A) ഗ്രീൻഹൗസ് പ്രതിഭാസം

B) ഭൂമിയുടെ ചരിവ്

C) ഭൂഖണ്ഡങ്ങളുടെ സ്ഥാന ചലനം

D) സമുദ്രത്തിലെ ജലപ്രവാഹങ്ങൾ

**Solution: A. ഗ്രീൻഹൗസ് പ്രതിഭാസം**

കാലാവസ്ഥ വ്യതിയാനത്തിൻറെ പ്രകൃതി സംബന്ധ കാരണങ്ങൾ

- ഭൂമിയുടെ ചരിവ്
- ഭൂഖണ്ഡങ്ങളുടെ സ്ഥാന ചലനം
- സമുദ്രത്തിലെ ജലപ്രവാഹങ്ങൾ
- അഗ്നിപർവതങ്ങൾ

**226. താപനില, മർദ്ദം എന്നിവ സ്ഥിരമായിരിക്കുമ്പോളുള്ള വാതകങ്ങളുടെ വ്യാപ്ത്തത്തെ കുറിച്ച് പ്രസ്താവിക്കുന്ന നിയമം ?**

A) ചാൾസ് നിയമം

B) അവൊഗാഡ്രോ നിയമം

C) ബോയിൽ നിയമം

D) പാസ്ക്കൽ നിയമം

**Solution: B. അവൊഗാഡ്രോ നിയമം**

- താപനില, മർദ്ദം എന്നിവ സ്ഥിരമായിരിക്കുമ്പോൾ വാതകങ്ങളുടെ വ്യാപ്തം, തന്മാത്രകളുടെ എണ്ണത്തിന് നേർ അനുപാതത്തിലായിരിക്കും എന്ന് പ്രസ്ഥാവിക്കുന്ന നിയമം - അവൊഗാഡ്രോ നിയമം.

**227. താഴെ തന്നിരിക്കുന്നവയിൽ സെറിബ്രവുമായി ബന്ധപ്പെടുത്താവുന്നത് ഏതെല്ലാം :**

1. മദ്യം ബാധിക്കുന്ന തലച്ചോറിലെ ഭാഗം
2. ലിറ്റിൽ ബ്രെയിൻ
3. തലച്ചോറിലെ വലിയ ഭാഗം
4. പേശി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന മസ്തിഷ്ക ഭാഗം

A) 1,4 B) 2 C) 3 D) 2,3

**Solution: C. 3**

സെറിബ്രം

- തലച്ചോറിലെ ഏറ്റവും വലിയ ഭാഗം.
- ബുദ്ധി, ചിന്ത, ഭാവന, വിവേചനം, ഓർമ്മ, ബോധം എന്നിവയുമായി ബന്ധപ്പെട്ട തലച്ചോറിലെ ഭാഗം.
- ജ്ഞാനേന്ദ്രിയങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്ന തലച്ചോറിലെ ഭാഗം.
- ഐശ്ചിക പ്രവർത്തനങ്ങളെ നിയന്ത്രിക്കുന്ന മസ്തിഷ്ക ഭാഗം.

സെറിബല്ലം

- ലിറ്റിൽ ബ്രെയിൻ എന്നറിയപ്പെടുന്ന തലച്ചോറിലെ ഭാഗം.
- പേശി പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന മസ്തിഷ്ക ഭാഗം.
- ശരീരത്തിൻറെ തുലനാവസ്ഥ നിലനിർത്തുന്ന മസ്തിഷ്ക ഭാഗം.
- മദ്യം ബാധിക്കുന്ന തലച്ചോറിലെ ഭാഗം.

**228. സങ്കീർണമായ ആഹാര പദാർത്ഥങ്ങളെ ആഗിരണത്തിന് ഉതകുന്ന തരത്തിലുള്ള ലഘു ഘടകങ്ങളാക്കി മാറ്റുന്ന പ്രക്രിയയാണ് _______?**

A) ക്ലോമപിധാനം B) ദഹനം
C) പെരിസ്റ്റാളിസിസ് D) ജീർണനം

**Solution: B. ദഹനം**

ദഹന വ്യവസ്ഥ

- മനുഷ്യരിൽ ദഹനം തുടങ്ങുന്നത് വായിൽ നിന്നുമാണ്.
- ഉമിനീരുമായി ചേരുമ്പോൾ ചില ഭക്ഷണ പദാർത്ഥങ്ങൾ വിഘടിക്കുവാൻ തുടങ്ങും, അന്നനാളം വഴി ആമാശയത്തിൽ എത്തി അന്തർഗ്രന്ഥി സ്രാവങ്ങളുമായി ചേർന്ന് വീണ്ടും വിഘടിക്കുന്നു.

- ഇവ ചെറു കുടലിലെത്തുമ്പോൾ പോഷകാംശങ്ങൾ രക്തത്തിലേക്ക് ആഗിരണം ചെയ്യുന്നു.
- ബാക്കി വരുന്നത് വൻകുടലിലേക്കു പോകുന്നു, ഇവ വിസർജ്ജ്യ വസ്തുക്കളായി മാറുന്നു.
- വെള്ളത്തിനും, പഞ്ചസാരക്കും, ഗ്ലൂക്കോസിനും, കള്ളും വീഞ്ഞും ഒഴികെയുള്ള മദ്യങ്ങൾക്കും, ഹോമിയോ മരുന്നുകൾക്കും പല അലോപ്പതി മരുന്നുകൾക്കും ദഹനം ആവശ്യമില്ല.
- ഇവ കഴിച്ച ഉടനെ രക്തത്തിലേക്കു ആഗിരണം ചെയ്യപ്പെടുന്നു.

## 229. രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്ന ഇലക്ട്രൽ കോളേജിൽ ഉൾപ്പെടുന്നത് ആര് ?

A) ലോക സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
B) രാജ്യ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
C) സംസ്ഥാന നിയമ സഭയിലെ തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ
D) ഇവരെല്ലാം

**Solution; D.** **ഇവരെല്ലാം**

- പാർലമെന്റിലെയും സംസ്ഥാനനിയമസഭകളിലെയും കേന്ദ്രഭരണപ്രദേശങ്ങളിലെയും തെരഞ്ഞെടുക്കപ്പെടുന്ന ഒരു വിഭാഗം അംഗങ്ങൾ അടങ്ങുന്ന ഒരു വിഭാഗം വോട്ടർമാരാണ് രാഷ്ട്രപതിയെ തെരഞ്ഞെടുക്കുന്നത്.
- ആനുപാതിക പ്രാതിനിധ്യത്തിലെ ഒറ്റവോട്ട് കൈമാറ്റ സമ്പ്രദായമനുസരിച്ചാണ് തിരഞ്ഞെടുപ്പ് നടക്കുന്നത്.

## 230. താഴെ നല്കിയിരിക്കുന്നവയിൽ നിന്നും വക്കം മൗലവി ആരംഭിച്ച സംഘടനകൾ തിരഞ്ഞെടുക്കുക:

1. ഇസ്ലാം ധർമ്മ പരിപാലന സംഘം
2. ധർമ്മപോഷിണി സഭ
3. മുസ്ലീം ഐക്യ സംഘം

A) 1,2 B) 2,3 C) 1,3 D) 1,2,3

**Solution: D.** **1,2,3**

1. കേരളത്തിലെ മുസ്‌ലിംകൾക്കിടയിലെ സാമൂഹികപരിഷ്കർത്താവും സ്വാതന്ത്ര്യസമര പോരാളിയും പത്രപ്രവർത്തകനും പണ്ഡിതനുമായിരുന്നു വക്കം മൗലവി എന്ന വക്കം അബ്ദുൽ ഖാദർ മൗലവി .

2. അഞ്ചുതെങ്ങിൽ നിന്ന് സ്വദേശാഭിമാനി പ്രതിവാര പത്രം ആരംഭിച്ചത് വക്കം മൗലവി ആയിരുന്നു.
3. ഐക്യ മുസ്ലിം സംഘം, അഖില തിരുവിതാംകൂർ മുസ്ലിം മഹാജനസഭ, ചിറയിൻകീഴ് താലൂക്ക് മുസ്ലിം സമാജം, ധർമ്മപോഷിണി സഭ എന്നീ സംഘടനകൾ സ്ഥാപിച്ചത് - വക്കം അബ്ദുൽ ഖാദർ മൗലവി

## 231. വക്കം അബ്ദുൽ ഖാദർ മൗലവി ഗാന്ധിജിയെ സന്ദർശിച്ച വർഷം ?

A) 1925 B) 1923 C) 1910 D) 1905

**Solution: A. 1925**

വക്കം അബ്ദുൽ ഖാദർ മൗലവി

- 1905 'സ്വദേശാഭിമാനി' തുടങ്ങി
- 1906 'മുസ്ലിം' മാസിക തുടങ്ങി
- 1910 'സ്വദേശാഭിമാനി' നിരോധിച്ചു;
- 1918 'അൽ ഇസ്ലാം' തുടങ്ങി
- 1923 മുസ്ലിം ഐക്യസംഘം രൂപീകരിച്ചു
- 1925 ഗാന്ധിജിയെ സന്ദർശിച്ചു.

## 232. അർബുദത്തിനെതിരെയുള്ള മരുന്നുപയോഗിച്ചുള്ള ചികിത്സയാണ് ............ ?

A) ബൈപ്പാസ് സർജറി B) കീമോതെറാപ്പി
C) ആന്ജിയോഗ്രാം D) ഡോട്ട്

**Solution: B. കീമോതെറാപ്പി**

- അർബുദത്തിനെതിരെയുള്ള മരുന്നുപയോഗിച്ചുള്ള ചികിത്സയാണ് കീമോതെറാപ്പി.
- വിശദമായി പറഞ്ഞാൽ, ചിട്ടപ്രകാരമുള്ള ചികിത്സാപരിപാടിയുടെ ഭാഗമായി ഒന്നോ അതിലധികമോ രസായന മരുന്നുകൾ ഉപയോഗിച്ചുള്ള അർബുദചികിത്സയാണ് കീമോതെറാപ്പി.
- ഈ മരുന്നുകൾ മിക്കവയും സൈറ്റോടോക്സിക് (കോശങ്ങളെ നശിപ്പിക്കുന്നവ) വിഭാഗത്തിൽ ഉൾപ്പെടുന്നു. ഇതിൽത്തന്നെ പല ഉപവിഭാഗങ്ങളുമുണ്ട്.

- പോൾ എറിലിച്ച് എന്ന ജർമ്മൻ ശാസ്ത്രജ്ഞനെ കീമോതെറാപ്പിയുടെ പിതാവായി കരുതുന്നു.

**233. ന്യൂക്ലിയസിൻറെ വിഭജനത്തിൽ പുത്രികാ ക്രോമസോമുകൾ രൂപംകൊള്ളുന്ന ഘട്ടം ഏത് ?**

A) ടീലോഫേസ് B) അനാഫേസ്
C) ഇവയൊന്നുമല്ല D) ഇവരണ്ടും

**Solution; B. അനാഫേസ്**

അനാഫേസ്

- സെൻട്രോമിയറുകൾ വിഭജിച്ച് ക്രോമാറ്റിഡുകൾ വേർപിരിയുന്നു.
- ക്രോമാറ്റിഡുകൾ വിപരീത ധ്രുവങ്ങളിലേക്ക് നീങ്ങുന്നു.

ടീലോഫേസ്

- കീലതന്തുക്കൾ ഉത്ഭവിക്കുന്ന വിപരീത ധ്രുവങ്ങളിൽ ക്രോമസോമുകൾ കൂടിച്ചേരുകയും അവിടെവെച്ച് അവയുടെ വ്യക്തരൂപം നഷ്ടപ്പെടുകയും ചെയ്യുന്നു.
- ഓരോ ധ്രുവത്തിലും ക്രോമസോമുകളുടെ കൂട്ടത്തിന് ചുറ്റുമായി മർമ്മസ്തരം പ്രത്യക്ഷപ്പെട്ട് രണ്ട് പുത്രികാമർമ്മങ്ങളുണ്ടാകുന്നു.

**234. നല്ലൊരു താപ ചാലകവും , എന്നാൽ വൈദ്യുത ചാലകം അല്ലാത്തതുമായ വസ്തു ?**

A) സിലിക്ക B) സിൽവർ C) മൈക്ക D. മെർക്കുറി

**Solution: C. മൈക്ക**

- താപം അഥവാ ചൂടിനെ കടത്തി വിടുന്ന വസ്തുക്കൾ - താപചാലകം
- ലോഹങ്ങൾ സാധാരണയായി നല്ല താപ ചാലകങ്ങൾ ആണ്.
- ഖരവസ്തുക്കൾ കൂടുതൽ താപചാലകത പ്രദർശിപ്പിക്കുന്നു.

**235. താഴെ പറയുന്നവയിൽ താപചാലകങ്ങൾ ഏതെല്ലാം :**

1. സിൽവർ
2. അലുമിനിയം
3. സ്റ്റീൽ
4. സ്വർണ്ണം

A) 1,2 B) 1,2,3 C) 2,3 D) 1,2,3,4

**Solution: D. 1,2,3,4**

- ചൂട് എളുപ്പത്തിൽ കടന്നുപോകുന്ന വസ്തുക്കളാണ് താപ ചാലകങ്ങൾ.
- ചാലകത, അല്ലെങ്കിൽ താപ കൈമാറ്റം, ഒരൊറ്റ വസ്തുവിനുള്ളിൽ അല്ലെങ്കിൽ രണ്ട് വസ്തുക്കൾക്കിടയിൽ സംഭവിക്കാം. ഇത്തരത്തിൽ താപം കൈമാറ്റം ചെയ്യുന്ന വസ്തുക്കളാണ് ചാലകങ്ങൾ.
- വെള്ളി, ചെമ്പ്, സ്വർണ്ണം, അലുമിനിയം തുടങ്ങിയ പല ലോഹങ്ങളും നല്ല താപ ചാലകങ്ങളാണ്.

**236. മെർക്കുറിയുമായി ചേർന്ന് അമാൽഗം ആവാത്ത ലോഹം ?**

A) ഇരുമ്പ് B) സിൽവർ C) സ്വർണ്ണം D) കോപ്പർ

**Solution: A. ഇരുമ്പ്**

- ആവർത്തനപ്പട്ടികയിലെ എൺപതാമത്തെ മൂലകമാണ് മെർക്കുറി.അറ്റോമിക നമ്പർ 80.
- മെർക്കുറി പ്രധാന ഘടകമായിട്ടുള്ള മിശ്രലോഹത്തെ(ലോഹ സങ്കരം) അമാൽഗം എന്ന് വിളിക്കുന്നു.
- അമാൽഗം നിർമ്മിക്കാൻ ഉപയോഗിക്കുന്ന പ്രക്രിയയാണ് അമാൽഗമേഷൻ. സോഡിയം,സിൽവർ,ഗോൾഡ് അമാൽഗങ്ങൾ വർഷങ്ങളായി വിപണിയിലുണ്ട്.

**237. ഇന്ത്യയുടെ ഭൗമനിരീക്ഷണ ഉപഗ്രഹമായ ഇ.ഒ.എസ്.3 വിക്ഷേപിക്കാൻ ഉപയോഗിച്ച വിക്ഷേപണ വാഹനം ഏത് ?**

A) പി.എസ്.എൽ.വി.എഫ് - 10 B) പി.എസ്.എൽ.വി.എഫ് - 31
C) ജി.എസ്.എൽ.വി - എഫ്. 10 D) ജി.എസ്.എൽ.വി - എഫ്. 09

**Solution: C. ജി.എസ്.എൽ.വി - എഫ്. 10**

- റിമോട്ട് സെൻസിംഗ് സാങ്കേതിക വിദ്യയുള്ള ഉപഗ്രഹങ്ങളാണ് ഭൗമ നിരീക്ഷണ ഉപഗ്രഹങ്ങൾ.

- ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ (ഐ.എസ്.ആർ.ഒ.) നിർമ്മിച്ച ഒരുതരം ഉപഗ്രഹവിക്ഷേപണറോക്കറ്റാണ് ജി.എസ്.എൽ.വി.
- ഇന്ത്യയുടെ ഭൗമനിരീക്ഷണ ഉപഗ്രഹം ഇ.ഒ.എസ്-3 യുടെ വിക്ഷേപണം പരാജയപ്പെട്ടു. ആദ്യ രണ്ട് ഘട്ടം വിജയമായിരുന്നു. എന്നാൽ ക്രയോജനിക് എൻജിൻ ഉപയോഗിച്ചുള്ള മൂന്നാം ഘട്ടത്തിൽ തകരാർ സംഭവിക്കുകയായിരുന്നു.

**238. തന്നിരിക്കുന്നവയിൽ പൊയ്കയിൽ യോഹന്നാന്നുമായി ബന്ധമില്ലാത്ത പ്രസ്താവന ഏത് ?**

A) അടിലഹള B) പൊയ്കയിൽ അപ്പച്ചൻ
C) കുമാര ഗുരുദേവൻ D) ഇവയൊന്നുമല്ല

**Solution: D. ഇവയൊന്നുമല്ല**

- തന്നിരിക്കുന്ന പ്രസ്താവനകൾ എല്ലാം പൊയ്കയിൽ യോഹന്നാന്നുമായി ബന്ധപ്പെട്ടിരിക്കുന്നു .
- ഇദ്ദേഹം പൊയ്കയിൽ അപ്പച്ചൻ എന്നും അറിയപ്പെടുന്നു.
- പ്രത്യക്ഷ രക്ഷാ ദൈവ സഭയുടെ സ്ഥാപകനുമാണ്.
- 1921, 1931 എന്നീ വർഷങ്ങളിൽ ശ്രീമൂലം പ്രജാസഭയിലേക്കു തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്.
- 1908 മുതൽ 1913 വരെ കുമാരഗുരുദേവൻറെ നേതൃത്വത്തിൽ മദ്ധ്യതിരുവിതാംകൂറിൽ നടത്തിയ ലഹളകളാണ് അടി ലഹളകൾ എന്നറിയപ്പെടുന്നത്.

**239. ഇനിപ്പറയുന്ന പ്രസ്താവനകളിൽ തെറ്റായ പ്രസ്താവനകൾ ഏതെല്ലാം :**

1. ജലത്തിൽ ഏറ്റവും ലയിക്കുന്ന വാതകമാണ് അമോണിയ
2. അമോണിയ വാതകം വായുവിനേക്കാൾ ഭാരം കുറഞ്ഞതാണ്
3. നിറമില്ലാത്ത വാതകമാണ് അമോണിയ
4. അമോണിയ വാതകം കണ്ടുപിടിച്ചത് ജോസഫ് പ്രീസ്റ്റലി

A) 1,2 B) 2,4 C) 1,3,4 D) എല്ലാം ശരിയാണ്

**Solution: D. എല്ലാം ശരിയാണ്**

- ഫ്രിറ്റ്സ് ഹേബർ ആണ് ആദ്യമായി അമോണിയ നിർമാണ പ്രക്രിയ കണ്ടുപിടിച്ചത് .

- നൈട്രജൻ ഹൈഡ്രജനുമായി ചേർന്നുണ്ടാകുന്ന വ്യാവസായിക പ്രാധാന്യമുള്ള സംയുക്തമാണ് അമോണിയ.
- ഇതിൻറെ രാസസമവാക്യം $NH_{3}$.
- സാധാരണയായി വാതക രൂപത്തിൽ കാണാറുള്ള ഇതിന് രൂക്ഷ ഗന്ധമാണുള്ളത്.

**240. 'വാല സമുദായ പരിഷ്കരിനി സഭ' രൂപീകൃതമായത് എവിടെ നിന്നാണ്?**

A) കൊച്ചി B) കോട്ടയം C) കണ്ണൂർ D) കോഴിക്കോട്

**Solution: A. കൊച്ചി**

- തേവര (കൊച്ചി)യിൽ 1910 ൽ രൂപീകരിച്ച 'വാല സമുദായ പരിഷ്കരിനി സഭ'യ്ക്ക് നേതൃത്വം നൽകിയത് - പണ്ഡിറ്റ് കെ.പി. കറുപ്പൻ
- സ്വദീശാഭിമാനി രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽ നിന്ന് നാടുകടത്തികൊണ്ട് വിളംബരം പുറപ്പെടുവിച്ചത് -1910 സെപ്റ്റംബർ 26
- സാധുജനപരിപാലന സംഘത്തിൻറെ സ്ഥാപകൻ-അയ്യങ്കളി

**241. നമ്പൂതിരിക്ഷേമം ലക്ഷ്യമാക്കി 1908 ൽ ശിവരാത്രി ദിനത്തിന് ആലുവയിൽ ആരംഭിച്ച സംഘടന?**

A) യോഗക്ഷേമസഭ
B) വാല സമുദായ പരിഷ്കരിനി സഭ
C) സാധുജനപരിപാലന സംഘം
D) എസ്.എൻ.ഡി.പി.

**Solution: A. യോഗക്ഷേമസഭ**

- എസ്.എൻ.ഡി.പി. യോഗത്തിൻറെ ആദ്യ സെക്രട്ടറി – കുമാരനാശാൻ
- തേവര (കൊച്ചി)യിൽ 1910 ൽ രൂപീകരിച്ച 'വാല സമുദായ പരിഷ്കരിനി സഭ'യ്ക്ക് നേതൃത്വം നൽകിയത് - പണ്ഡിറ്റ് കെ.പി. കറുപ്പൻ
- സ്വദേശാഭിമാനി രാമകൃഷ്ണപിള്ളയെ തിരുവിതാംകൂറിൽ നിന്ന് നാടുകടത്തികൊണ്ട് വിളംബരം പുറപ്പെടുവിച്ചത് - 1910 സെപ്റ്റംബർ 26

## 242. തന്നിരിക്കുന്നവയിൽ തെറ്റായ പ്രസ്താവന ഏത് ?

A) ഇന്ത്യൻ പാർലമെൻറിൻറെ ഉപരിസഭയാണ് രാജ്യസഭ

B) ഉപരാഷ്ട്രപതി പാർലമെൻറിൻറെ ഇരുസഭകളിലും അംഗമല്ല

C) രാജ്യസഭയുടെ എക്സ്-ഒഫീഷ്യോ ചെയർമാൻ ആണ് രാഷ്ട്രപതി

D) എല്ലാം ശരിയാണ്

**Solution: C. രാജ്യസഭയുടെ എക്സ്-ഒഫീഷ്യോ ചെയർമാൻ ആണ് രാഷ്ട്രപതി**

- ഇന്ത്യൻ പാർലമെൻറിൻറെ ഉപരിസഭയായ രാജ്യസഭയുടെ അധ്യക്ഷനാണ് ഉപരാഷ്ട്രപതി.
- എന്നാൽ അദ്ദേഹം പാർലമെൻറിൻറെ ഇരുസഭകളിലും അംഗമല്ല.
- രാജ്യസഭയുടെ എക്സ്-ഒഫീഷ്യോ ചെയർമാൻ ആണ് ഉപരാഷ്ട്രപതി.
- പ്രതിപാദിക്കുന്ന വകുപ്പ് - ആർട്ടിക്കിൾ 63 .
- പാർലമെന്റിലെ ഇരുസഭകളിലെയും അംഗങ്ങൾ ചേർന്ന ഇലക്ട്രൽ കോളേജ് ആണ് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കുന്നത്.

## 243. ഉപരാഷ്ട്രപതി പദവിയിലിരിക്കെ അന്തരിച്ച വ്യക്തി ?

A) കിഷൻ കാന്ത്

B) ബി. ഡി. ജെട്ടി

C) മുഹമ്മദ് ഹമീദ് അൻസാരി

D) വി. വി. ഗിരി

**Solution: A. കിഷൻ കാന്ത്**

- ഇന്ത്യയുടെ ഉപരാഷ്ട്രപതി രാജ്യസഭയുടെ എക്സ് ഒഫീഷ്യോ ചെയർപേഴ്സണും കൂടെയാണ്.
- ഡോ. എസ്. രാധാകൃഷ്ണൻ ഇന്ത്യയുടെ ആദ്യത്തെ ഉപരാഷ്ട്രപതിയും രാജ്യസഭാ ചെയർമാനുമായിരുന്നു.

## 244. കോൺ വെക്സ് ദർപ്പണം ഉപയോഗിയ്ക്കുന്ന സന്ദർഭം തിരഞ്ഞെടുക്കുക:

A) വാഹനങ്ങളുടെ ഹെഡ് ലൈറ്റുകളിൽ ഉപയോഗിക്കുന്നു

B) വാഹനങ്ങളിൽ റിയർ വ്യൂ മിറർ ആയി ഉപയോഗിക്കുന്നു

C) ഷേവിംഗ് ദർപ്പണമായി ഉപയോഗിക്കുന്നു

D) സെർച്ച് ലൈറ്റുകളിൽ ഉപയോഗിക്കുന്നു

**Solution: B. വാഹനങ്ങളിൽ റിയർ വ്യൂ മിറർ ആയി ഉപയോഗിക്കുന്നു**

കോൺ വെക്സ് ദർപ്പണം ഉപയോഗിക്കുന്ന സന്ദർഭങ്ങൾ

- വാഹനങ്ങളിൽ റിയർ വ്യൂ മിറർ ആയി
- സെർച്ച് ലൈറ്റുകളിൽ റിഫ്ളക്ടറുകൾ ആയി
- മേക്ക് അപ് മിറർ ആയി

## 245. വാഗ്ഭടാനന്ദൻറെ യഥാർത്ഥ പേര്?

A) കുഞ്ഞൻപിള്ള

B) വയലേരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ

C) ആനന്ദ തീർത്ഥൻ

D) കൃഷ്ണൻ നമ്പ്യാതിരി

**Solution: B. വയലേരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾ**

- "ഉണരുവിൻ അഖിലേശനെ സ്മരിപ്പിൻ ക്ഷണമെഴുന്നേൽപ്പിൻ അനീതിയോടെതിർപ്പിൻ"എന്ന് ആഹ്വാനം ചെയ്തത് - വാഗ്ഭടാനന്ദൻ
- വാഗ്ഭടാനന്ദൻറ ബാല്യകാലനാമം - കുഞ്ഞിക്കണ്ണൻ
- വി.കെ ഗുരുക്കൾ എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ - വാഗ്ഭടാനന്ദൻ

## 246. വാഗ്ഭടാനന്ദൻ അറിയപ്പെട്ടിരുന്ന പേരുകൾ തിരഞ്ഞെടുക്കുക:

1. വികെ ഗുരുക്കൾ
2. ബാലഗുരു
3. ശിവരാജയോഗി
4. കുഞ്ഞിക്കണ്ണൻ

A) 1,2 B) 2,3 C) 1,2,3 D) 1,2,4

**Solution: D. 1,2,4**

- യജമാനൻ എന്ന മാസിക ആരംഭിച്ചത് - വാഗ്ഭടാനന്ദൻ
- കോഴിക്കോട്ടു വച്ച് പ്രീതിഭോജനം നടത്തിയ നവോത്ഥാന നായകൻ വാഗ്ഭടാനന്ദൻ
- ഊരാളുങ്കൽ കൂലിവേലക്കാരുടെ പരസ്പര സഹായ സംഘം എന്ന പേരിൽ കർഷക സംഘടന സ്ഥാപിച്ചത് - വാഗ്ഭടാനന്ദൻ

**247. മുകളിലേയ്ക്ക് എറിയപ്പെടുന്ന ഒരു വസ്തുവിൻറെ ഗതികോർജ്ജം ............സ്ഥിതി കോർജ്ജം ...............?**

A) കൂടും, കുറയും
B) കുറയും, കൂടും
C) കൂടും, കൂടും
D) കുറയും, കുറയും

**Solution: B. കുറയും, കൂടും**

- വസ്തുവിൻറെ ഭാരവും വേഗതയും കൂടുന്നതിനനുസരിച്ച് ഗതികോർജ്ജം- കൂടുന്നു
- ഉയരം കൂടുന്നതിനനുസരിച്ച് വസ്തുവിൻറെ സ്ഥിതികോർജ്ജം- കൂടുന്നു
- മുകളിലേയ്ക്ക് എറിയപ്പെടുന്ന ഒരു വസ്തുവിൻറെ ഗതികോർജ്ജം കുറയുന്നു. എന്നാൽ സ്ഥിതി കോർജ്ജം കൂടുന്നു.
- ലംബമായി മുകളിലേയ്ക്ക് എറിയപ്പെടുന്ന ഒരു വസ്തുവിൻറെ ഗതികോർജ്ജം കുറയും എന്നാൽ സ്ഥിതികോർജ്ജം കൂടും.

**248. വൈദ്യുതിയും കാന്തികതയും തമ്മിലുള്ള ബന്ധം ആദ്യമായി കണ്ടെത്തിയ ശാസ്ത്രജ്ഞൻ?**

A) മുറെ ജെൽമാൻ
B) ജോർജ്ജ് സ്വിഗ്
C) ഹാൻസ് ഈഴ്സ്റ്റഡ്
D) ഹിഗ്സ് ബോസോൺ

**Solution: C. ഹാൻസ് ഈഴ്സ്റ്റഡ്**

- 'ബോസോൺ' എന്ന പദം ആദ്യമായി പ്രയോഗിച്ചത് - പോൾ ഡിറാക്
- ദ്രവ്യത്തിൻറെ ക്വാർക്ക് മോഡൽ കണ്ടുപിടിച്ച ശാസ്ത്രജ്ഞൻ - മുറെ ജെൽമാൻ, ജോർജ്ജ് സ്വിഗ്
- 'ദൈവകണം' എന്നറിയപ്പെടുന്നത് -ഹിഗ്സ് ബോസോൺ
- 'ദൈവകണം' എന്ന പദം ആദ്യമായി പ്രയോഗിച്ച ശാസ്ത്രജ്ഞൻ - ലിയോൺ ലിഡെർമാൻ

**249. ഉപഗ്രഹങ്ങൾ വഴി വാർത്താവിനിമയത്തിന് ഉപയോഗിക്കുന്ന തരംഗങ്ങൾ?**

A) ഗാമ കിരണങ്ങൾ
B) മൈക്രോവേവ്
C) അൾട്രാവയലറ്റ്
D) ഇൻഫ്രാറെഡ്

**Solution; B. മൈക്രോവേവ്**

- ടെലിവിഷൻ സംപ്രേഷണങ്ങൾക്കായി ഉപയോഗിക്കുന്ന തരംഗങ്ങൾ - മൈക്രോവേവ്
- ഉപഗ്രഹങ്ങൾ വഴി വാർത്താവിനിമയത്തിന് ഉപയോഗിക്കുന്ന തരംഗങ്ങൾ -മൈക്രോവേവ്
- ടെലിഫോൺ കേബിളിൽകൂടി വാർത്താവിനിമയം സാധ്യമാക്കുന്ന സംവിധാനം -ഫാക്സ്

**250. വേലക്കാരൻ എന്ന പത്രം തുടങ്ങിയതാര് ?**

A) സഹോദരൻ അയ്യപ്പൻ
B) ബരീന്ദ്ര കുമാർ ഘോഷ്
C) രാജാറാം മോഹൻറോയ്
D) വക്കം അബ്ദുൽ ഖാദർ മൗലവി

**Solution: A. സഹോദരൻ അയ്യപ്പൻ**

- സഹോദരൻ അയ്യപ്പൻ ജനിച്ച വർഷം - 1889 ആഗസ്റ്റ് 21
- സഹോദരൻ അയ്യപ്പൻ സ്മാരകം - ചെറായി
- സഹോദരൻ അയ്യപ്പൻ രൂപം നൽകിയ സാംസ്കാരിക സംഘടന - വിദ്യാപോഷിണി
- 'യുഗാന്തർ'എന്ന പത്രം തുടങ്ങിയത് - ബരീന്ദ്ര കുമാർ ഘോഷ്
- മിറാത്ത് ഉൽ അക്ബർ എന്ന പത്രം തുടങ്ങിയതാര് - രാജാറാം മോഹൻറോയ്
- സ്വദേശാഭിമാനി പത്രം തുടങ്ങിയത് - വക്കം അബ്ദുൽ ഖാദർ മൗലവി

**251. തന്നിരിക്കുന്ന പ്രസ്താവനകൾ വിലയിരുത്തുക:**

1. വൈകുണ്ഠ സ്വാമികൾ ജനിച്ചത്- 1809 മാർച്ച് 12
2. കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽ നിന്നും തിരുവിതാംകൂർ രാജാക്കൻമാർ ഒഴിവാക്കിയിരുന്ന നവോത്ഥാന നായകൻ - വൈകുണ്ഠ സ്വാമികൾ

A) ഒന്ന് മാത്രം ശരി
B) രണ്ട് മാത്രം ശരി
C) രണ്ടും ശരിയാണ്
D) രണ്ടും തെറ്റാണ്

**Solution: A. ഒന്ന് മാത്രം ശരി**

- കോടതിയിൽ നേരിട്ട് ഹാജരാകുന്നതിൽ നിന്നും തിരുവിതാംകൂർ രാജാക്കൻമാർ ഒഴിവാക്കിയിരുന്ന നവോത്ഥാന നായകൻ - ശ്രീനാരായണ ഗുരു

- വൈകുണ്ഠ സ്വാമികൾ ജനിച്ചത്- 1809 മാർച്ച് 12, സ്വാമിത്തോപ്പ് നാഗർകോവിൽ
- വൈകുണ്ഠസ്വാമിയുടെ മാതാപിതാക്കൾ- പൊന്നു നാടാർ, വെയിലാൾ
- മേൽമുണ്ട് സമരത്തിന് പ്രചോദനം നൽകിയ സാമൂഹ്യ പരിഷ്കർത്താവ്- വൈകുണ്ഠ സ്വാമി

### 252. മലയാളി മെമ്മോറിയൽ ശ്രീമൂലം തിരുനാളിന് സമർപ്പിച്ച വർഷം

A) 1892 B) 1891 C) 1896 D) 1903

**Solution: B. 1891**

- മലയാളി മെമ്മോറിയലിൽ ഒന്നാമത് ഒപ്പുവെച്ചത് - കെ പി ശങ്കരമേനോൻ
- മലയാളി മെമ്മോറിയൽ (1891), ഒന്നാം ഈഴവ മെമ്മോറിയൽ(1896) എന്നിവ സമർപ്പിക്കപ്പെട്ട തിരുവിതാംകൂർ രാജാവ് - ശ്രീമൂലം തിരുനാൾ
- രണ്ടാം ഈഴവ മെമ്മോറിയൽ കഴ്സൺ പ്രഭുവിന് സമർപ്പിക്കപ്പെട്ട സമയത്തെ തിരുവിതാംകൂർ രാജാവ് - ശ്രീമൂലം തിരുനാൾ (മെമ്മോറിയൽ കാലഘട്ടം)
- വൈക്കം സത്യാഗ്രഹസമയത്ത് നാട് നീങ്ങിയ തിരുവിതാംകൂർ രാജാവ് - ശ്രീമൂലം തിരുനാൾ
- തിരുവിതാംകൂർ ലെജിസ്ലേറ്റിവ് കൗൺസിൽ ശ്രീമൂലം പ്രജാസഭ ആയ വർഷം - 1904
- ശ്രീമൂലം പ്രജാസഭയുടെ ആദ്യ സമ്മേളനം നടന്നത് - VJT ഹാളിൽ വെച്ച്

### 253. തെറ്റായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:

1. മലബാർ കലാപം പൊട്ടി പുറപ്പെടാൻ കാരണമായ കലാപം- കുറിച്യർ കലാപം
2. മലബാർ കലാപം നടന്ന വർഷം -1921
3. മലബാർ കലാപത്തിൻറെ പ്രഭവകേന്ദ്രം - പുരളിമല

A) 1,2 B) 2,3 C) 1,3 D. 1,2,3

**Solution: C. 1,3**

- മലബാർ കലാപം നടന്ന വർഷം -1921
- മലബാർ കലാപം പൊട്ടി പുറപ്പെടാൻ കാരണമായ കലാപം- പൂക്കോട്ടൂർ കലാപം
- മലബാർ കലാപത്തിൻറെ പ്രഭവകേന്ദ്രം -തിരൂരങ്ങാടി
- ഖിലാഫത്ത് കമ്മിറ്റി ചെയർമാൻ വടക്കേ വീട്ടിൽ മുഹമ്മദിനെ പോലീസ് അറസ്റ്റ് ചെയ്തതാതുമായി ബന്ധപ്പെട്ട സംഭവങ്ങളാണ് മലബാർ കലാപത്തിന് വഴിയൊരുക്കിയത് .
- മലബാർ കലാപത്തിൽ കൊല്ലപ്പെട്ട പോലീസ് മേധാവി -ഹച്ച് കോക്ക്

## 254. തെറ്റായ പ്രസ്താവന കണ്ടെത്തുക?

1. ഭഗത് സിംഗിന്റെ സ്മാരകമായ 'ഭഗത് സിംഗ് ചൗക്ക്' സ്ഥിതി ചെയ്യുന്നത് ബംഗാളിൽ ആണ്
2. ഭഗത് സിംഗ് രചിച്ച ഏറ്റവും പ്രധാനപ്പെട്ട പുസ്തകമാണ് Why I am an atheist
3. ഭഗത് സിംഗ് രക്തസാക്ഷികളുടെ രാജകുമാരൻ എന്നറിയപ്പെടുന്നു

A) ഒന്ന് മാത്രം B) ഒന്നും രണ്ടും
C) രണ്ടും മൂന്നും D) എല്ലാം ശരിയാണ്

**Solution: A. ഒന്ന് മാത്രം**

- ഭാരതത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത വിപ്ലവകാരികളിലൊരാളായിരുന്നു ഭഗത് സിംഗ് (28 സെപ്റ്റംബർ 1907 – 23 മാർച്ച് 1931).
- ഭഗത് സിംഗിന്റെ സ്മാരകമായ 'ഭഗത് സിംഗ് ചൗക്ക്' സ്ഥിതി ചെയ്യുന്നത് ലാഹോറിൽ ആണ്.

## 255. ഐ എസ് ആർ ഒ രൂപീകൃതമായത് ?

A) 1969 B) 1917 C) 1869 D) 1900

**Solution: A. 1969**

- ഇന്ത്യയുടെ ദേശീയ ബഹിരാകാശ ഗവേഷണ സ്ഥാപനമാണ് ഐ.എസ്.ആർ.ഒ (ISRO) എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ .
- 1969 ആഗസ്റ്റ് 15ന് നിലവിൽ വന്നു.

- 2012 സെപ്റ്റംബർ 9 രാവിലെ 9:51ന് ഇസ്രോയുടെ നൂറാമത്തെ ദൗത്യമായ, പി.എസ്.എൽ.വി - സി 21 ശ്രീഹരിക്കോട്ടയിലെ സതീഷ് ധവാൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചു.

**256. ഈജിപ്ത്യൻ സംസ്കാരം ,ചൈനീസ് സംസ്കാരം,മെസപ്പൊട്ടേമിയാൻ സംസ്കാരം ഇവയെല്ലാം ഏതു സംസ്കാരത്തിനുദാഹരണമാണ്?**

A) താമ്ര ശിലായുഗം
B) വെങ്കല യുഗം
C) ആധുനിക ശിലായുഗം
D) പുരാതന ശിലായുഗം

**Solution: B. വെങ്കല യുഗം**

- ഈജിപ്ത്യൻ സംസ്കാരം ,ചൈനീസ് സംസ്കാരം,മെസപ്പൊട്ടേമിയൻ സംസ്കാരം,സിന്ധു നദീതട സംസ്കാരം തുടങ്ങിയവയെല്ലാം വെങ്കല യുഗ സംസ്കാരങ്ങളാണ്.
- ഈയം കണ്ടെത്തിയത് ഇയൊരു കാലഘട്ടത്തിലാണ് .
- ഇതിനുശേഷം ഈയവും ചെമ്പും ഉരുക്കിച്ചേർത്തു വെങ്കലം എന്ന ലോഹസങ്കരം നിർമ്മിക്കുന്നത് ഈയൊരു സമയത്താണ് .

**257. ക്ഷേത്ര പ്രവേശന വിളംബരം പുറപ്പെടുവിച്ച ഭരണാധികാരി ?**

A) ശ്രീചിത്തിര തിരുനാൾ
B) ആയില്യം തിരുനാൾ
C) ശ്രീമൂലം തിരുനാൾ
D) സ്വാതി തിരുനാൾ

**Solution: A. ശ്രീചിത്തിര തിരുനാൾ**

- തിരുവതാംകൂറിലെ അവർണ്ണ, ദളിത് , ആദിവാസി ജനവിഭാഗങ്ങൾക്ക് ക്ഷേത്ര പ്രവേശനം അനുവദിച്ചുകൊണ്ട് ശ്രീ ചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവ് പുറപ്പെടുവിച്ച വിളംബരമാണ് ക്ഷേത്ര പ്രവേശന വിളംബരം എന്നറിയപ്പെടുന്നത്.
- തിരുവതാംകൂറിലും പിന്നീടു കേരളമൊട്ടാകെയും സാമൂഹികപുരോഗതിക്കു വഴിമരുന്നിട്ട അതിപ്രധാനമായൊരു നാഴികക്കല്ലായി 1936 നവംബർ 12നു പുറത്തിറങ്ങിയ ഈ വിളംബരം വിശേഷിക്കപ്പെടുന്നു.
- മലബാറിൽ ക്ഷേത്രപ്രവേശന വിളംബരം നടന്നത് - 1947 ജൂൺ 2
- കൊച്ചിയിൽ ക്ഷേത്രപ്രവേശന വിളംബരം നടന്നത് - 1947 ഡിസംബർ 20

**258. കുറിച്യർക്കെതിരേ നികുതി ഏർപ്പെടുത്തിയ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ ?**

A) തോമസ് വാർഡൻ B) വില്യം ലോഗൻ

C) സർ.ആർതർ വെല്ലസ്ലി D) ടി.എച്ച്.ബാബർ

**Solution: A. തോമസ് വാർഡൻ**

- ബ്രിട്ടീഷുകാരുടെ നികുതി വ്യവസ്ഥയെ ചോദ്യം ചെയ്ത കലാപത്തിൽ പങ്കെടുത്ത ഗോത്രവിഭാഗക്കാർ: കുറിച്യർ, കുറുമ്പർ
- കുറിച്യർ ലഹളയ്ക്ക് നേതൃത്വം നൽകിയത്: രാമൻനമ്പി
- കുറിച്യർ ലഹളയുടെ മുദ്രാവാക്യം: വട്ടത്തൊപ്പിക്കാരെ പുറത്താക്കുക
- കുറിച്യർക്കെതിരേ നികുതി ഏർപ്പെടുത്തിയ ബ്രിട്ടീഷ് ഉദ്യോഗസ്ഥൻ: തോമസ് വാർഡൻ

**259. 'കേരള വർമ്മ പഴശ്ശിരാജ ' എന്ന ചിത്രം സംവിധാനം ചെയ്തത് ?**

A) ഹരിഹരൻ B) അടൂർ ഗോപാലകൃഷ്ണൻ

C) കമൽ D) പി. പത്മരാജൻ

**Solution: A. ഹരിഹരൻ**

- എം ടി വാസുദേവൻ നായരുടെ തിരക്കഥയിൽ ഹരിഹരൻ സംവിധാനം ചെയ്ത് മലയാളം ഭാഷയിൽ 2009 ഒക്ടോബർ 16 ന് പുറത്തിറങ്ങിയ ചലച്ചിത്രമാണ് കേരള വർമ്മ പഴശ്ശിരാജ.
- മമ്മൂട്ടി, ശരത് കുമാർ, കനിഹ, പത്മപ്രിയ എന്നിവർ മുഖ്യ വേഷങ്ങൾ കൈകാര്യം ചെയ്തിരിക്കുന്നു.

**260. ഉപ്പ് സത്യഗ്രഹവുമായി ബന്ധപ്പെട്ട് തന്നിരിക്കുന്ന പ്രസ്താവനകൾ നിരീക്ഷിക്കുക:**

1. കേരളത്തിൽ ഉപ്പ് സത്യഗ്രഹത്തിന്റെ പൈലറ്റ് എന്നറിയപ്പെട്ട വ്യക്തിയായിരുന്നു കെ കേളപ്പൻ.
2. 1931 മാർച്ച് 5 ലെ ഗാന്ധി ഇർവിൻ സന്ധിയുടെ ഭാഗമായിട്ടാണ് കേരളത്തിൽ ഉപ്പ് സത്യഗ്രഹം അവസാനിക്കപ്പെടുന്നത്.

A) 1 ശരിയാണ് 2 തെറ്റാണ് B) 2 ശരിയാണ് 1 തെറ്റാണ്

C) 1 ഉം 2 ഉം ശരിയാണ് D) 1 ഉം 2 ഉം തെറ്റാണ്

**Solution: B. 2 ശരിയാണ് 1 തെറ്റാണ്**

- തന്നിരിക്കുന്ന പ്രസ്താവനകളിൽ 2 ശരിയാണ് 1 തെറ്റാണ്.
- കേരളത്തിൽ ഉപ്പ് സത്യഗ്രഹത്തിന്റെ പൈലറ്റ് എന്നറിയപ്പെട്ട വ്യക്തിയായിരുന്നു മൊയ്യാരത്ത് ശങ്കരൻ.
- 1931 മാർച്ച് 5 ലെ ഗാന്ധി ഇർവിൻ സന്ധിയുടെ ഭാഗമായിട്ടാണ് കേരളത്തിൽ ഉപ്പ് സത്യഗ്രഹം അവസാനിക്കപ്പെടുന്നത്.
- കേരളത്തിൽ ഉപ്പ് സത്യഗ്രഹത്തിന്റെ ഭാഗമായി 43 ദിവസം നിരാഹാരം സത്യഗ്രഹം നടത്തി മരണപ്പെട്ട സത്യഗ്രഹിയായിരുന്നു പി സി കുഞ്ഞിരാമൻ അടിയോടി.

## 261. ഗുരുവായൂർ സത്യാഗ്രഹ സമയത്ത് ഗുരുവായൂർ സ്ഥിതിചെയ്തിരുന്ന താലൂക്ക് ?

A) പട്ടാമ്പി B) പാലക്കാട് C) തൃശൂർ D) പൊന്നാനി

**Solution: D. പൊന്നാനി**

- ഗുരുവായൂർ ക്ഷേത്ര പ്രവേശനവുമായി ബന്ധപ്പെട്ട് ഹിതപരിശോദന നടന്ന താലൂക്ക് -പൊന്നാനി
- ഗുരുവായൂർ സത്യാഗ്രഹത്തിന് നേതൃത്വം നൽകിയിരുന്നവർ - കെ. കേളപ്പൻ, പി. കൃഷ്ണപിള്ള, മന്നത്ത് പത്മനാഭൻ, സുബ്രഹ്മണ്യൻ തിരുമുമ്പ് , എ. കെ.ജി
- ഗുരുവായൂർ ക്ഷേത്രം ജാതിഭേദമില്ലാതെ എല്ലാ ഹിന്ദുക്കൾക്കും തുറന്നുകൊടുക്കണമെന്ന് സമരസമിതി ക്ഷേത്രത്തിന്റെ ചുമതലക്കാരനായ സാമൂതിരിയോട് അഭ്യർത്ഥിച്ചിരുന്നു.
- എന്നാൽ സാമൂതിരി സമരക്കാരുടെ ഈ ആവശ്യത്തോട് നിഷേധാത്മക നിലപാടാണ് സ്വീകരിച്ചത്. ഇതിനെ തുടർന്നാണ് ഗുരുവായൂർ ക്ഷേത്രത്തിനു മുന്നിൽ സത്യാഗ്രഹമിരിക്കാൻ സമരക്കാർ തീരുമാനിച്ചത്.

## 262. ചേരുംപടി ചേർക്കുക:

1. വാർത്താ വിനിമയത്തിന് ആശ്രയിക്കുന്ന ഉപഗ്രഹം.
2. ഭൂവിഭവ പഠനം, കാലാവസ്ഥാ പഠനം, മത്സ്യബന്ധനം തുടങ്ങിയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപഗ്രഹം.
3. വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നാം പ്രയോജനപ്പെടുത്തിയിരിക്കുന്ന ഉപഗ്രഹം.

A- എഡ്യൂസാറ്റ്
B- ഐ.ആർ.എസ്
C- ഇൻസാറ്റ്

A) 1-A, 2-B, 3-C
B) 1-C, 2-B, 3-A
C) 1-A, 2-C, 3-B
D) 1-C, 2-A, 3-B

**Solution: B. 1-C, 2-B, 3-A**

- വാർത്താ വിനിമയത്തിന് ആശ്രയിക്കുന്ന ഉപഗ്രഹം - ഇൻസാറ്റ് (INSAT)
- ഭൂവിഭവ പഠനം, കാലാവസ്ഥാ പഠനം, മത്സ്യബന്ധനം തുടങ്ങിയ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്ന ഉപഗ്രഹം - ഐ.ആർ.എസ് (IRS)
- വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി നാം പ്രയോജനപ്പെടുത്തിയിരിക്കുന്ന ഉപഗ്രഹം - എഡ്യൂസാറ്റ്
- ഇന്ത്യയുടെ ചൊവ്വാ ദൗത്യം - മംഗൾയാൻ (2013 നവംബർ 5 )
- ഇന്ത്യയുടെ സൗര ദൗത്യം - ആദിത്യ
- ഇന്ത്യയുടെ പ്രഥമ ചന്ദ്ര ദൗത്യം - ചന്ദ്രയാൻ 1

## 263. നിവർത്തന പ്രക്ഷോഭം എന്ന പദത്തിൻറെ ഉപജ്ഞാതാവ് ?

A) എം. ബ്രഹ്മദത്തൻ
B) സി.കേശവൻ
C) ഐ.സി.ചാക്കോ
D) പി.കെ.കുഞ്ഞ്

**Solution: C. ഐ.സി.ചാക്കോ**

- നിവർത്തന പ്രക്ഷോഭം ആരംഭിച്ച വർഷം - 1932
- കേരളത്തിൽ സാമുദായിക സംവരണം ലഭിക്കുന്നതിന് കാരണമായ പ്രക്ഷോഭം - നിവർത്തന പ്രക്ഷോഭം
- പി.എസ്.സിയുടെ രൂപീകരണത്തിന് കാരണമായ പ്രക്ഷോഭം : നിവർത്തന പ്രക്ഷോഭo

## 264. അയ്യങ്കാളിയുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ഏതൊക്കെയാണ് ശരി ?

1. അയ്യങ്കാളി പ്രതിമ അനാച്ഛാദനം ചെയ്തത് - രാജീവ്ഗാന്ധി
2. അയ്യങ്കാളി പ്രതിമയുടെ ശില്പി - ഇസ്രാ ഡേവിഡ്

3. അയ്യങ്കാളി സ്മാരക സ്റ്റാമ്പ് പുറത്തിറക്കിയ വർഷം - 2006
4. അയ്യങ്കാളി സ്മാരകം സ്ഥിതി ചെയ്യുന്നത് - ചിത്രകൂടം (വെങ്ങാനൂർ)

A) 1,2,3 എന്നിവ B) 2,4 എന്നിവ
C) 1,2,4 എന്നിവ D) എല്ലാം ശരിയാണ്

**Solution: B. 2,4 എന്നിവ**

- അയ്യങ്കാളി അന്തരിച്ചത് - 1941 ജൂൺ 18
- അയ്യൻകാളിയുടെ ശവകുടീരം അറിയപ്പെടുന്നത് - പാഞ്ചജന്യം
- അയ്യങ്കാളി ജയന്തി ആചരിക്കുന്നത് - ആഗസ്റ്റ് 28
- അയ്യങ്കാളി പ്രതിമ സ്ഥാപിച്ചിരിക്കുന്ന സ്ഥലം - കവടിയാർ ( തിരുവനന്തപുരം )
- അയ്യങ്കാളി പ്രതിമ അനാച്ഛാദനം ചെയ്തത് - ഇന്ദിരാഗാന്ധി (1980)
- അയ്യങ്കാളി പ്രതിമയുടെ ശില്പി - ഇസ്രാ ഡേവിഡ്
- സംസ്ഥാന പട്ടികജാതി വികസന വകുപ്പിന്റെ ആസ്ഥാനം - വെള്ളയമ്പലം ( തിരുവനന്തപുരം )
- അയ്യങ്കാളി സ്മാരക സ്റ്റാമ്പ് പുറത്തിറക്കിയ വർഷം - 2002
- അയ്യങ്കാളി സ്മാരകം സ്ഥിതി ചെയ്യുന്നത് - ചിത്രകൂടം ( വെങ്ങാനൂർ)

## 265. ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:

1. മന്നത്ത് പത്മനാഭൻ വിമോചന സമരത്തിൻറെ ഭാഗമായി ജീവശിഖാ ജാഥ നയിച്ചു.
2. മന്നത്ത് പത്മനാഭനും ആർ. ശങ്കറും ചേർന്ന് സ്ഥാപിച്ച രാഷ്ട്രീയ പാർട്ടി - ഹിന്ദു മഹാമണ്ഡലം
3. വൈക്കം സത്യാഗ്രഹത്തിൻറെ ഭാഗമായി സവർണ്ണജാഥ നയിച്ചത് - മന്നത്ത് പത്മനാഭൻ

A) 1,2 B) 1,3 C) 1,2,3 D) 2,3

**Solution: B. 1,3**

- ആർ. ശങ്കറും മന്നത്ത് പത്മനാഭനും ചേർന്ന് സ്ഥാപിച്ച സംഘടന - ഹിന്ദു മഹാമണ്ഡലം
- മന്നത്ത് പത്മനാഭനും ആർ. ശങ്കറും ചേർന്ന് സ്ഥാപിച്ച രാഷ്ട്രീയ പാർട്ടി - ഡെമോക്രാറ്റിക് കോൺഗ്രസ് പാർട്ടി (1950)
- വൈക്കം സത്യാഗ്രഹത്തിൻറെ ഭാഗമായി സവർണ്ണജാഥ നയിച്ചത് - മന്നത്ത് പത്മനാഭൻ

- 1959 ൽ ഇ എം എസ് മന്ത്രിസഭക്കെതിരെ വിമോചന സമരത്തിന് നേതൃത്വം നൽകിയത് : മന്നത്ത് പത്മനാഭൻ.

**266. പണ്ഡിറ്റ് കറുപ്പന് 'വിദ്വാൻ' എന്ന സ്ഥാനപ്പേര് നൽകിയത് ?**

A) കേരളവർമ്മ വലിയ കോയിത്തമ്പുരാൻ

B) കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

C) കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ

D) എ.ആർ. രാജരാജവർമ്മ

**Solution: A. കേരളവർമ്മ വലിയ കോയിത്തമ്പുരാൻ**

പണ്ഡിറ്റ് കെ.പി കറുപ്പൻ

- കേരള ലിങ്കൺ എന്നറിയപ്പെടുന്ന നവോത്ഥാന നായകൻ - പണ്ഡിറ്റ് കെ.പി കറുപ്പൻ
- ജാതീയമായ ഉച്ചനീചത്വങ്ങൾക്കെതിരെ ജനവികാരം വളർത്തുന്നതിൽ സഹായിച്ച കൃതികളാണ് ഉദ്യാനവിരുന്ന്, ബാലാകലേശം എന്നിവ, ഇത് രചിച്ചത് - പണ്ഡിറ്റ് കെ.പി കറുപ്പൻ
- കൊച്ചി രാജാവ് കവിതിലകൻ, സാഹിത്യനിപുണൻ എന്നീ ബഹുമതികളും കേരള വർമ വലിയകോയിത്തമ്പുരാൻ 'വിദ്വാൻ' ബഹുമതിയും നൽകിയ നവോത്ഥാന നായകൻ - പണ്ഡിറ്റ് കെ.പി കറുപ്പൻ

**267. ഈജിപ്ത്യൻ ജനതയുടെ പ്രധാന സംഭാവനകളിൽ പെടാത്തത് ?**

A) സൗരപഞ്ചാംഗം

B) ചന്ദ്രപഞ്ചാംഗം

C) ദശാംശ സമ്പ്രദായം

D) ജല ഘടികാരം

**Solution: B. ചന്ദ്രപഞ്ചാംഗം**

- ഈജിപ്ത്യൻ ജനതയുടെ പ്രധാന സംഭാവനകൾ - സൗരപഞ്ചാംഗം, ദശാംശ സമ്പ്രദായം,ജല ഘടികാരം
- മെസപ്പൊട്ടേമിയൻ ജനതയുടെ സംഭാവനകൾ - ചന്ദ്രപഞ്ചാംഗം, മൺപാത്രം, ഭൂപടം , ജ്യാമിതീയ സമ്പ്രദായം

**268. ലഗൂണുകൾ കാണപ്പെടുന്ന തീരപ്രദേശം ഏത് ?**

A) കൊങ്കൺ തീരം
B) കർണാടക തീരം
C) കൊറമാണ്ടൽ തീരം
D) മലബാർ തീരം

**Solution: D. മലബാർ തീരം**

- ഇന്ത്യയുടെ പടിഞ്ഞാറൻ തീരപ്രദേശത്തിൻറെ തെക്ക് ഭാഗം അറിയപ്പെടുന്നത്-മലബാർ തീരം
- പടിഞ്ഞാറൻ തീരപ്രദേശത്തിൻറെ വടക്ക് ഭാഗം അറിയപ്പെടുന്നത് -കൊങ്കൺ തീരം
- ഇന്ത്യയുടെ കിഴക്കേ തീരപ്രദേശത്തിൻറെ തെക്ക് ഭാഗം -കോറമാണ്ടൽ തീരം
- കിഴക്കേ തീരപ്രദേശത്തിൻറെ വടക്ക് ഭാഗം -വടക്കൻ സിർക്കാർസ്

**269. ഭരണഘടന നിർമാണ സഭയെ ആദ്യമായി അഭിസംബോധന ചെയ്തത് ?**

A) സർദാർ വല്ലഭായി പട്ടേൽ
B) എച്ച്.സി.മുഖർജി
C) ജെ.പി.കൃപലാനി
D) ജവഹർലാൽ നെഹ്റു

**Solution: C. ജെ.പി.കൃപലാനി**

- ഭരണഘടന നിർമാണ സഭയുടെ ആദ്യ സമ്മേളനം നടന്നത് -1946 ഡിസംബർ 9
- ഭരണഘടന നിർമാണ സഭയുടെ ആദ്യ സമ്മേളനത്തിൽ പങ്കെടുത്ത അംഗങ്ങൾ -207
- ഭരണഘടന നിർമാണ സഭയിലെ ആകെ വനിതാ അംഗങ്ങൾ-17
- ഭരണ ഘടന നിർമാണ സഭയുടെ സ്ഥിരം അധ്യക്ഷൻ- ഡോ. രാജേന്ദ്ര പ്രസാദ്

**270. ഇന്ത്യൻ ബാങ്കിംഗ് മേഖലയെ കുറിച്ച് പഠിക്കാൻ നിയോഗിക്കപ്പെട്ട കമ്മിറ്റി?**

A) നരസിംഹം കമ്മിറ്റി
B) രാജാചെല്ലയ്യ കമ്മിറ്റി
C) കപൂർ കമ്മിറ്റി
D) സന്താനം കമ്മിറ്റി

**Solution: A. നരസിംഹം കമ്മിറ്റി**

- നരസിംഹം കമ്മിറ്റി -പുതിയ സ്വകാര്യ ബാങ്കുകൾക്ക് നിർദേശം നൽകി .
- രാജാചെല്ലയ്യ കമ്മിറ്റി -നികുതി പരിഷ്കരണം
- കപൂർ കമ്മിറ്റി -മഹാത്മാഗാന്ധി വധം
- സന്താനം കമ്മിറ്റി -വിജിലൻസ് കമ്മീഷൻ രൂപികരണം

**271. കൻഹ ദേശിയോദ്യാനം സ്ഥിതി ചെയ്യുന്ന നദീതടം ?**

A) ഗംഗ B) യമുന C) നർമദ D) താപ്തി

**Solution: C. നർമദ**

നർമദ

- ഉത്ഭവം - മെയ്കല പാർവത നിരകളിൽ
- നീളം -1312 കിലോമീറ്റർ
- മധ്യപ്രദേശ്, ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങളിലൂടെയാണ് ഈ നദിയൊഴുകുന്നത്.
- നർമദയുടെ തീരങ്ങളിൽ ഇരുമ്പ്, മാംഗനീസ്, ചുണ്ണാമ്പ് എന്നിവയുടെ നിക്ഷേപങ്ങൾ കാണപ്പെടുന്നു.

**272. ഭൂസ്പർശമേഖലയുടെ ഉപരിതല അതിര് അറിയപ്പെടുന്നത് ?**

A) മീസോപോസ് B) സ്ട്രാറ്റോപോസ്
C) ട്രോപോപോസ് D) തെർമ്മോപോസ്

**Solution: C. ട്രോപോപോസ്**

- ഭൂമിയുടെ അന്തരീക്ഷത്തിൻറെ അടിത്തട്ടിലെ മേഖലയാണ് ഭൂസ്പർശമണ്ഡലം അഥവാ ട്രോപോസ്ഫിയർ.
- ഭൂമിയുടെ ഉപരിതലത്തിന് തൊട്ടുകിടക്കുന്ന ഈ അന്തരീക്ഷമേഖലയെ ഭൂസ്പർശമേഖലയെന്നും പറയുന്നു.
- ട്രോപോസ്ഫിയറിൻറെ അതിരിനെ ട്രോപോപാസ് എന്നു വിളിക്കുന്നു.
- ട്രോപോപാസിൻറെ ഉയരം മധ്യരേഖാപ്രദേശങ്ങളിൽ 17 കിലോമീറ്ററിനടുത്തും ധ്രുവപ്രദേശങ്ങളിൽ 12 കിലോമീറ്ററിനടുത്തും കാണപ്പെടുന്നു.

- ട്രോപോപാസ് ട്രോപോസ്ഫിയറിനേയും അതിനു തൊട്ടുമുകളിലുള്ള സ്ട്രാറ്റോസ്ഫിയർ എന്ന അന്തരീക്ഷമേഖലയേയും വേർതിരിക്കുന്നു.

**273. ക്ഷേമ രാഷ്ട്ര സങ്കൽപത്തെ മുൻനിർത്തി ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയ ഭാഗം?**

A) മൗലിക കടമ
B) നിർദ്ദേശക തത്വങ്ങൾ
C) മൗലിക സ്വാതന്ത്ര്യം
D) മൗലികാവകാശം

**Solution: B. നിർദ്ദേശക തത്വങ്ങൾ**

- നിർദ്ദേശകതത്വങ്ങൾ ഇന്ത്യൻ ഭരണ ഘടന കടം കൊണ്ട രാജ്യം -അയർലണ്ട്
- നിർദ്ദേശക തത്വങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഭരണഘടനാ ഭാഗം- ഭാഗം 4
- നിർദ്ദേശക തത്വങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്ന ഭരണഘടനാ അനുഛേദങ്ങൾ -36-51

**274. ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ മരുഭൂമികളിൽ രൂപംകൊള്ളുന്ന പ്രാദേശികവാതം?**

A) കാൽബൈശാഖി
B) മാംഗോഷവർ
C) ലൂ
D) ബ്ലോസം ഷവർ

**Solution: C. ലൂ**

കാൽബൈശാഖി

- അസമിൽ 'ബാർദോയി ചില' എന്നറിയപ്പെടുന്നു.
- കാൽബൈശാഖി അറിയപ്പെടുന്ന മറ്റൊരു പേര് - നോർവെസ്റ്റർ.

ലൂ

- വേനൽക്കാലത്ത് ഇന്ത്യയുടെ ഉത്തര മഹാസമതലങ്ങളിൽ വീശുന്ന ഈർപ്പരഹിത ഉഷ്ണക്കാറ്റ്.
- ഇന്ത്യൻ ഉപഭൂഖണ്ഡത്തിലെ മരുഭൂമികളിൽ രൂപംകൊള്ളുന്ന പ്രാദേശികവാതം.

മാംഗോഷവർ

- കർണ്ണാടക,കേരളം എന്നിവിടങ്ങളിൽ ഉഷ്ണക്കാലത്ത് വീശുന്ന പ്രാദേശികവാതം.
- ചെറിബ്ലോസം എന്നറിയപ്പെടുന്ന പ്രാദേശികവാതം.

ബ്ലോസം ഷവർ

- കേരളത്തിലും സമീപ പ്രദേശങ്ങളിലും കാപ്പിച്ചെടി പൂക്കാൻ കാരണമായ പ്രാദേശികവാതം.

### 275. ഇന്ത്യൻ റെയിൽവേ ആക്റ്റ് പാസാക്കിയ വർഷം?

A) 1853q B) 1890 C) 1905 D) 1951

**Solution: B. 1890**

- ഇന്ത്യയിൽ ആദ്യത്തെ ട്രെയിൻ സർവ്വീസ് ആരംഭിച്ച വർഷം - 1853
- ഇന്ത്യൻ റെയിൽവേ ബോർഡ് സ്ഥാപിതമായത് - 1905
- ഇന്ത്യൻ റെയിൽവേ ദേശസാൽക്കരിച്ചത് - 1951

### 276. ഇന്ത്യയിലെ ചില നദികളും അവയുടെ പോഷക നദികളും താഴെ നൽകുന്നു തെറ്റായ ജോഡി കണ്ടെത്തുക:

A) നർമദ - ഇബ് B) ഗോദവരി - ഇന്ദ്രാവതി
C) കാവേരി - അമരാവതി D) കൃഷ്ണ - തുംഗഭദ്ര

**Solution: A. നർമദ - ഇബ്**

ഇന്ത്യൻ നദികൾ

ഗംഗ:

- ഇന്ത്യയിലെ ഏറ്റവും പ്രധാന നദിയായ ഗംഗയുടെ ഉത്ഭവസ്ഥാനം ഉത്തരാഖണ്ഡിലെ ഗംഗോത്രി ഗ്ലേസിയറിൽ (ഗായ്മുഖ് ഗുഹ) നിന്നാണ്.
- 2,525 കിലോമീറ്ററോളം നീളമുള്ള ഗംഗയുടെ പതനസ്ഥാനം ബംഗാൾ ഉൾക്കടലാണ്.
- പൂർണമായും ഇന്ത്യയിലൂടെ ഒഴുകുന്ന ഏറ്റവും നീളം കൂടിയ നദിയാണ് ഗംഗ.

യമുന:

- ഉത്തരാഖണ്ഡിലെ യമുനോത്രിയിൽ നിന്നും ഉത്ഭവിക്കുന്നു.
- ഡൽഹി, മഥുര, ആഗ്ര എന്നിവിടങ്ങളിലൂടെ ഒഴുകുന്നു.
- ചംബൽ, ബേത്വാ, കെൻ, ടോൺസ് എന്നിവയാണ് യമുനയുടെ പോഷകനദികൾ.

ബ്രഹ്മപുത്ര:

- വടക്കൻ ഹിമാലയത്തിൽ ടിബറ്റിലുള്ള ജിമായാങ് സോങ് മഞ്ഞുപാടത്തിൽ നിന്നാണ് ബ്രഹ്മപുത്രയുടെ ഉത്ഭവം.
- ബ്രഹ്മപുത്ര ഇന്ത്യയിലേക്ക് പ്രവേശിക്കുന്നത് അരുണാചൽ പ്രദേശിലെ "സൗദിയ" എന്ന സ്ഥലം മുതലാണ്.
- സിയാങ്, ദിഹാങ് എന്നീ പേരുകളിൽ അരുണാചൽ പ്രദേശിൽ ബ്രഹ്മപുത്ര അറിയപ്പെടുന്നു

**277. റിസർവ് ബാങ്ക് വാണിജ്യ ബാങ്കുകൾക്ക് നൽകുന്ന കടങ്ങൾക്ക് ഈടാക്കുന്ന പലിശ അറിയപ്പെടുന്നത് ?**

A) ബാങ്ക് നിരക്ക് | B) റിപ്പോ നിരക്ക്
C) റിവേർസ് റിപ്പോ | D) കരുതൽ അനുപാതം

**Solution: B. റിപ്പോ നിരക്ക്**

- ബാങ്ക് നിരക്ക്: റിസർവ് ബാങ്ക് മറ്റു വാണിജ്യ ബാങ്കുകൾക്ക് നൽകുന്ന ഇടക്കാല ധനസഹായത്തിനും, വാണിജ്യ ബാങ്കുകളുടെ കയ്യിലുള്ള ബില്ലുകൾ റിസർവ് ബാങ്കിന് നൽകി പണം വാങ്ങുന്നതിനും ചുമത്തുന്ന പലിശ
- റിപ്പോ നിരക്ക് : റിസർവ് ബാങ്ക് വാണിജ്യ ബാങ്കുകൾക്ക് നൽകുന്ന കടങ്ങൾക്ക് ഈടാക്കുന്ന പലിശ
- റിവേർസ് റിപ്പോ : റിസർവ് ബാങ്ക് വാണിജ്യ ബാങ്കുകളിൽ നിന്നും വാങ്ങുന്ന കടങ്ങൾക്ക് നൽകുന്ന പലിശ
- കരുതൽ അനുപാതം : വാണിജ്യ ബാങ്കുകൾ സ്വീകരിക്കുന്ന നിക്ഷേപങ്ങളുടെ കരുതലായി റിസർവ് ബാങ്കിൽ സൂക്ഷിക്കേണ്ട ഒരു നിശ്ചിത തുക

**278. കബനി നദിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക?**

i) കേരളത്തിൽ നിന്ന് കിഴക്കോട്ട് ഒഴുകുന്ന ഏറ്റവും വലിയ നദി.
ii) മുക്കാലി തടയണ സ്ഥിതി ചെയ്യുന്നത് കബനി നദിയിലാണ്.
iii) നാഗർഹോള ദേശീയോദ്യാനം കബനി നദിയുടെ തീരത്ത് സ്ഥിതി ചെയ്യുന്നു.

A) ഒന്നും രണ്ടും | B) ഒന്നും മൂന്നും
C) രണ്ടും മൂന്നും | D) എല്ലാം ശരി

**Solution: B. ഒന്നും മൂന്നും**

- രണ്ടാമത്തെ പ്രസ്താവന തെറ്റാണു കാരണം മുക്കാലി തടയണ സ്ഥിതി ചെയ്യുന്നത് ഭവാനി നദിയിലാണ്.

കബനി

- കേരളത്തിൽ നിന്ന് കിഴക്കോട്ട് ഒഴുകുന്ന ഏറ്റവും വലിയ നദി – കബനി നദി
- ആകെ നീളം - 240 കി.മീ
- കേരളത്തിൽ കബനി നദിയുടെ നീളം - 56.6 കി.മീ.
- കബനി നദി ഒഴുകുന്ന കേരളത്തിലെ ജില്ല - വയനാട്

## 279. ഒന്നാം ചലന സമവാക്യം?

A) v = u+ tc  B) v = u+ at  C) v = d + at  D) v = u+ dt

**Solution: B. v = u+ at**

- ഒരു വസ്തുവിന്റെ പ്രവേഗത്തിലുണ്ടാകുന്ന മാറ്റത്തിന്റെ നിരക്കിനെയാണ് ത്വരണം എന്ന് പറയുന്നത്.സമാനദിശയിൽ വേഗത്തിന്റെ തോതിലുണ്ടാകുന്ന മാറ്റമാണ് ത്വരണം. അതുപോലെ സദിശം എന്ന നിലയിൽ പ്രവേഗത്തിന്റെ ദിശ മാറുന്നതാണ് ത്വരണം
- ആദ്യ പ്രവേഗം u ഉം അന്ത്യ പ്രവേഗം v യും സമയം t യും ആയാൽ
- ത്വരണം (a)= (v- u )/ t
- അന്ത്യ പ്രവേഗം v = u+at
- ഇത് ഒന്നാം ചലനസമവാക്യം എന്നറിയപ്പെടുന്നു

## 280. ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:

1. മാധ്യമത്തിൻറെ ഒരു ഭാഗത്തുണ്ടാകുന്ന വിക്ഷോഭം മറ്റു ഭാഗങ്ങളിലേയ്ക്ക് വ്യാപിക്കുന്ന രീതിയാണ് തരംഗചലനം.
2. യാന്ത്രിക തരംഗം, വൈദ്യുതകാന്തിക തരംഗം എന്നിങ്ങനെ തരംഗങ്ങളെ രണ്ടായി തരംതിരിക്കുന്നു.
3. വൈദ്യുതകാന്തിക തരംഗങ്ങളെ അനുപ്രസ്ഥ തരംഗം, അനുദൈർഘ്യ തരംഗം എന്നിങ്ങനെ രണ്ടായി തരംതിരിക്കുന്നു.

A) 1,2,3  B) 1,2  C) 2,3  D) 1,3

**Solution: B. 1,2**

- കണികകളുടെ കമ്പനം മൂലം ഒരു മാധ്യമത്തിൻറെ ഭാഗത്തുണ്ടാകുന്ന വിക്ഷോപം മറ്റ് ഭാഗങ്ങളിലേക്ക് വ്യാപിക്കുന്നതാണ് തരംഗചലനം .
- തരംഗങ്ങളെ രണ്ടായി തരംതിരിക്കുന്നു. യാന്ത്രിക തരംഗം, വൈദ്യുതകാന്തിക തരംഗം എന്നിവയാണവ.
- യാന്ത്രികതരംഗ പ്രസരണത്തിന് മാധ്യമം ആവശ്യമാണ്. എന്നാൽ വൈദ്യുതകാന്തിക തരംഗത്തിന് മാധ്യമം ആവശ്യമില്ല.
- യാന്ത്രിക തരംഗങ്ങൾ രണ്ട് വിധമാണ്. അനു പ്രസ്ഥ തരംഗവും അനു ദൈർഘ്യ തരംഗവും.
- ഒരു മാധ്യമത്തിലെ കണികകൾ തരംഗത്തിൻറെ പ്രേക്ഷണ ദിശക്ക് ലംബമായി കമ്പനം ചെയ്യുന്ന തരംഗങ്ങളാണ് അനുപ്രസ്ഥ തരംഗങ്ങൾ.

**281. പ്രവൃത്തി (W ) = ?**

A) മാസ് × സ്ഥാനാന്തരം
B) ത്വരണം × സ്ഥാനാന്തരം
C) ബലം × സ്ഥാനാന്തരം
D) ബലം × ത്വരണം

**Solution: C. ബലം × സ്ഥാനാന്തരം**

- ഒരു വസ്തുവിൽ ബലം പ്രയോഗിക്കുമ്പോൾ, ബലം പ്രയോഗിക്കപ്പെട്ട ദിശയിൽ വസ്തുവിന് സ്ഥാനാന്തരം ഉണ്ടോകുമ്പോഴോണ് പ്രവൃത്തി ചെയ്തതായി കണക്കാക്കുന്നത്
- പ്രവൃത്തിയുടെ അളവ് പ്രയോഗിച്ച ബലത്തെയും (F) ബലത്തിൻറെ ദിശയിൽ വസ്തുവിനുണ്ടായ സ്ഥാനാന്തരത്തെയും (S) ആശ്രയിച്ചരിക്കുന്നു.
- പ്രവൃത്തി W = F × s
- പ്രവൃത്തിയുടെ യൂണിറ്റ് ആണ് ജൂൾ അഥവാ ന്യൂട്ടൻമീറ്റർ.

**282. തന്നിരിക്കുന്ന സൂചനകൾ വായിക്കുക:**

1. ഉപയോഗിച്ചാൽ തീരാത്ത ഊർജ സ്രോതസുകൾ
2. സൗരോർജം, കാറ്റ്, തിരമാല എന്നിവ ഇവയ്ക്ക് ഉദാഹരണങ്ങളാണ്

ഏതുതരം ഊർജസ്രോതസുകളെ കുറിച്ചാണ് പ്രതിബാധിക്കുന്നത്.

A) പാരമ്പര്യേതര ഊർജ സ്രോതസുകൾ
B) പാരമ്പര്യ ഊർജ സ്രോതസുകൾ
C) ഇവ രണ്ടും
D) ഇവയൊന്നുമല്ല

**Solution: A. പാരമ്പര്യേതര ഊർജ സ്രോതസുകൾ**

പാരമ്പര്യേതര ഊർജ സ്രോതസുകൾ

- ഉപയോഗിച്ചാൽ തീരാത്ത ഊർജ സ്രോതസുകളാണ് സൗരോർജം, കാറ്റ്, തിരമാല എന്നിവ.
- ഇവയെ പാരമ്പര്യേതര ഊർജസ്രോതസുകൾ എന്നാണ് വിളിക്കുന്നത്.
- ഇവ മൂലം സൃഷ്ടിക്കപ്പെടുന്ന ഊർജം എത്ര ഉപയോഗിച്ചാലും തീരുന്നില്ല.

പാരമ്പര്യ ഊർജ സ്രോതസുകൾ

- പെട്രോളിയം, കൽക്കരി, ലിഗ്നൈറ്റ്, പ്രകൃതി വാതകം തുടങ്ങിയ ഇന്ധനങ്ങളുടെ ലഭ്യത മനുഷ്യൻറെ വ്യാപകമായ ഉപയോഗം മൂലം നാൾക്കുനാൾ കുറഞ്ഞു വരികയാണ്.
- ഇവ ഉപയോഗിച്ചു കഴിഞ്ഞാൽ പുനഃസ്ഥാപിക്കാൻ കഴിയാറില്ല.
- ഇവയെ പാരമ്പര്യ ഇന്ധനങ്ങൾ എന്നാണ് വിളിക്കുന്നത്.

## 283. യൂണിറ്റ് സമയത്തിൽ ചെയ്ത പ്രവർത്തിയുടെ അളവ് _______ ?

A) ഊർജം    B) പവർ    C) ചലനം    D) സ്ഥാനാന്തരം

**Solution: B. പവർ**

- യൂണിറ്റ് സമയത്തിൽ ചെയ്ത പ്രവർത്തിയുടെ അളവ് - പവർ
- പ്രവൃത്തി ചെയ്യാനുള്ള കഴിവ് - ഊർജം
- പവർ (P) = പ്രവർത്തി /സമയം = W/ t

## 284. ' പെൻസിൽ ജലത്തിൽ മുക്കി ഉയർത്തുമ്പോൾ ജലം പറ്റിപിടിച്ചതായി കാണുന്നു'

താഴെ തന്നിരിക്കുന്ന ബലങ്ങളിൽ എന്തിന് ഉദാഹരണം ആണ് മുകളിൽ നല്കിയിരിക്കുന്നത് ?

A) കൊഹിഷൻ ബലം    B) വിസ്കസ് ബലം
C) പ്രതല ബലം    D) അഡ്ഹിഷൻ ബലം

**Solution: D. അഡ്ഹിഷൻ ബലം**

- വ്യത്യസ്തയിനം തന്മാത്രകൾ തമ്മിലുള്ള ആകർഷണ ബലം : അഡ്ഹിഷൻ ബലം
- ചലിച്ചുകൊണ്ടിരിക്കുന്ന ദ്രാവകപടലങ്ങൾക്കിടയിൽ അവയുടെ ആപേക്ഷിക ചലനത്തെ തടസപ്പെടുത്തുന്ന വിധത്തിൽ പടലങ്ങൾക്ക് സമാന്തരമായി പ്രവർത്തിക്കുന്ന ഘർഷണ ബലമാണ് വിസ്കസ് ബലം
- ദ്രാവകോപരിതലം അതിന്റെ വിസ്തീർണം പരമാവധി കുറയ്ക്കാൻ ഉളവാകുന്ന ബലമാണ് പ്രതല ബലം.
- ഒരേയിനം തന്മാത്രകൾ തമ്മിലുള്ള ആകർഷണ ബലം : കൊഹിഷൻ ബലം

**285. ധാരാ വൈദ്യുതി ഉത്പാദിപ്പിക്കാൻ ഉപയോഗിക്കുന്ന ഉപകരണം?**

A) മോട്ടോർ B) ജനറേറ്റർ C) അമ്മീറ്റർ D) ഗാൽവനോമീറ്റർ

**Solution: B. ജനറേറ്റർ**

- AC ജനറേറ്ററുകൾ :യാന്ത്രികോർജം →വൈദ്യുതോർജം
- മോട്ടോർ : വൈദ്യുതോർജം → യാന്ത്രികോർജം
- ധാര വൈദ്യുതിയെ ,സൂചിപ്പിക്കാനും കണ്ടുപിടിക്കാനും, ഉപയോഗിക്കുന്ന ഉപകരണം -ഗാൽവനോമീറ്റർ
- സർക്യൂട്ടിലൂടെ ഒഴുകുന്ന കറൻറ് അളക്കാൻ ഉപയോഗിക്കുന്ന ഉപകരണം - അമ്മീറ്റർ

**286. ഇലക്ട്രിക് സർക്യൂട്ടിൽ വൈദ്യുതി പ്രവാഹം വിച്ഛേദിക്കാനും പൂർത്തിയാക്കാനും ഉപയോഗിക്കുന്ന ലളിതമായ ഉപകരണമാണ്____ ?**

A) അർധചാലകം B) സ്വിച്ച്
C) വോൾട്ടായിക് സെൽ D) ചാലകം

**Solution: B. സ്വിച്ച്**

- ഇലക്ട്രിക് സർക്യൂട്ടിൽ വൈദ്യുതി പ്രവാഹം വിച്ഛേദിക്കാനും പൂർത്തിയാക്കാനും ഉപയോഗിക്കുന്ന ലളിതമായ ഉപകരണമാണ് സ്വിച്ച്.

- സിങ്ക്, കോപ്പർ ഡിസ്ക്കുകൾ രണ്ട് അട്ടിയായി വച്ച് മുകളിൽ കോപ്പർ പ്ലേറ്റ് കൊണ്ട് ബന്ധപ്പെടുത്തിയശേഷം താഴെ രണ്ട് പാത്രത്തിൽ ശേഖരിച്ച സിങ്ക് ലായനിയിൽ മുക്കി വൈദ്യുതി ഉൽപ്പാദിപ്പിക്കുന്ന സെൽ ആണ് "വോൾട്ടായിക് സെൽ".ഇത് കണ്ടുപിടിച്ചത് അലക്സാണ്ട്രോ വോൾട്ട എന്ന ഇറ്റലിക്കാരനായ ശാസ്ത്രജ്ഞനാണ്.
- വൈദ്യുതി കടത്തി വിടുന്ന വസ്തുക്കളെയാണ് ചാലകങ്ങൾ എന്നുപറയുന്നത്.
- വൈദ്യുതി ഭാഗികമായി കടത്തി വിടുന്ന വസ്തുക്കളെ അർധ ചാലകങ്ങൾ എന്ന് വിളിക്കുന്നത്.

**287. ഇവയിലേതാണ് വൈദ്യുത കാന്തം ഉപയോഗിക്കാതെ പ്രവർത്തിക്കുന്ന ഉപകരണം ?**

A) വൈദ്യുത ഫാൻ B) ഇലക്ട്രിക് ബെൽ

C) വൈദ്യുത ഹീറ്റർ D) വൈദ്യുത മോട്ടോർ

**Solution: C. വൈദ്യുത ഹീറ്റർ**

- വൈദ്യുത കാന്തം ഉപയോഗിച്ചല്ല വൈദ്യുത ഹീറ്റർ പ്രവർത്തിക്കുന്നത് , വൈദ്യുതി മൂലമാണ് ഹീറ്റർ ചൂടാവുന്നത്.
- വൈദ്യുതകാന്തം ഉപയോഗപ്പെടുത്തുന്ന ഉപകരണങ്ങൾ - വൈദ്യുത ഫാൻ , ഇലക്ട്രിക് ബെൽ , വൈദ്യുത മോട്ടോർ
- സ്ഥിര കാന്തം നിർമ്മിക്കാൻ ഉപയോഗിക്കുന്ന വസ്തു - അൽനിക്കോ
- കാന്തം നിർമ്മിക്കാൻ ഉപയോഗിക്കുന്ന മറ്റു പദാർത്ഥങ്ങൾ - നിയോഡിമിയം, സമേറിയം

**288. വൈദ്യുത കാന്തിക പ്രേരണം എന്നാൽ എന്ത് ?**

A) ചുരുളും കാന്തവും തമ്മിലുള്ള ആപേക്ഷിത ചലനം മൂലം ചുരുളിൽ പ്രേരിത വൈദ്യുതി ഉണ്ടാക്കപ്പെടുന്ന പ്രക്രിയയാണ്

B) വൈദ്യുത മോട്ടോറിൻറെ ചുരുൾ കറങ്ങുന്ന പ്രക്രിയയാണ്

C) ഒരു വസ്തുവിനെ ചാർജ് ചെയ്യുന്ന പ്രക്രിയയാണ്

D) ചുരുളിലൂടെ വൈദ്യുതി കടന്ന പോകുമ്പോൾ കാന്തിക മണ്ഡലം ഉണ്ടാക്കപ്പെടുന്നതാണ്

**Solution: A. ചുരുളും കാന്തവും തമ്മിലുള്ള ആപേക്ഷിത ചലനം മൂലം ചുരുളിൽ പ്രേരിത വൈദ്യുതി ഉണ്ടാക്കപ്പെടുന്ന പ്രക്രിയയാണ്**

- സമയത്തിനനുസരിച്ച് കാന്തിക ഫ്ലക്സിനു വ്യതിയാനമുണ്ടായിക്കൊണ്ടിരിക്കുന്ന ഒരിടത്ത് വച്ചിരിക്കുന്ന ഒരു സർക്കീട്ടിൽ പ്രേരിത വൈദ്യുതി രൂപപ്പെടുന്ന പ്രതിഭാസത്തെ വൈദ്യുത കാന്തിക പ്രേരണം എന്നുപറയുന്നു.
- കാന്തിക മണ്ഡലത്തിൻറെ വ്യതിയാനം കമ്പിച്ചുരുളിൻറെയും കാന്തത്തിൻറെയും പരസ്പരം ആപേക്ഷിതമായ ചലനം കൊണ്ടും ആയിരിക്കാം.
- വൈദ്യുതി പ്രവഹിക്കുന്ന ഒരു ചാലകം വൈദ്യുത പ്രവാഹത്തിലെ വ്യത്യാസത്തിനനുസരിച്ച് മാറുന്ന ഒരു കാന്തിക മണ്ഡലം ഉണ്ടാക്കുന്നു.
- അതിനാൽ തന്നെ ഒരു കമ്പിച്ചുരുളിനെ ഒരു വൈദ്യുതി പ്രവഹിക്കുന്ന ചാലകത്തിന് അടുത്ത് വച്ചാൽ ചാലകത്തിലെ വൈദ്യുത പ്രവാഹത്തിലെ വ്യതിയാനങ്ങൽക്കനുസരിച്ച് കമ്പിച്ചുരുളിലും പ്രേരിത വൈദ്യുതി ഉത്പാദിപ്പിക്കപ്പെടും.

## 289. ഇനിപ്പറയുന്നവയിൽ ഏതാണ് വിസരണത്തെ കുറിച്ച് ശരി:

1. കടലിലിന്റെ ജലത്തിന്റെ നീല നിറത്തിന്റെ കാരണം വിസരണം ആണ്.
2. ചുവപ്പ് പ്രകാശത്തിനു നീല പ്രകാശത്തേക്കാൾ വിസരണം കൂടുതൽ ആണ്.

ശരിയായ ഓപ്ഷനുകൾ തിരഞ്ഞെടുക്കുക :

A) 1 മാത്രം B) 2 മാത്രം C) 1 ഉം 2 ഉം D) 1 ഉം 2 ഉം ശരിയല്ല

**Solution: A. 1 മാത്രം**

- പ്രകാശ സ്പെക്ട്രത്തിന്റെ ചുവന്ന ഭാഗത്ത് ജലം നിറങ്ങൾ ആഗിരണം ചെയ്യുന്നതിനാൽ സമുദ്രം നീലയായി കാണപ്പെടുന്നു. സ്റ്റേറ്റ്മെന്റ് 1 ശരിയാണ്.
- വെള്ളത്തിലെ പൊങ്ങിക്കിടക്കുന്ന അവശിഷ്ടങ്ങളിൽ നിന്നും കണികകളിൽ നിന്നും വെളിച്ചം കുതിച്ചുയരുന്നതിനാൽ സമുദ്രം പച്ച, ചുവപ്പ് അല്ലെങ്കിൽ മറ്റ് നിറങ്ങൾ സ്വീകരിച്ചേക്കാം.

- നീല വെളിച്ചം കൂടുതൽ വിസരണത്തിനു വിധേയമാവുന്നതിനാൽ അത് നമ്മുടെ കണ്ണുകളിലേക്ക് പ്രവേശിക്കുകയും സമുദ്രജലത്തിന്റെ നിറം നീലയായി കാണപ്പെടുകയും ചെയ്യുന്നു. പ്രസ്താവന 2 തെറ്റാണ്.

**290. സമതല ദർപ്പണത്തിൽ ആവർത്തന പ്രതിപതനം സംഭവിച്ച് രൂപംകൊണ്ട പ്രതിബിംബങ്ങളുടെ എണ്ണം :**

A) n =360- 1 B) n =360- 1 C) n =360 D) n =360

**Solution : A. n =360- 1**

- സമതല ദർപ്പണത്തിൽ ആവർത്തന പ്രതിപതനം സംഭവിച്ച് രൂപംകൊണ്ട പ്രതിബിംബങ്ങളുടെ എണ്ണം കണ്ടുപിടിക്കാൻ ഉള്ള സമവാക്യം ആണ് , n = 360- 1
- ഈ സമവാക്യത്തിൽ, n സൂചിപ്പിക്കുന്നത് പ്രതിബിംബങ്ങളുടെ എണ്ണത്തെയാണ്, θ സൂചിപ്പിക്കുന്നത് ദർപ്പണങ്ങളുടെ കോണളവിനെയാണ്.
- ഉദാ : രണ്ട് ദർപ്പണങ്ങൾ അവയുടെ അരികുകൾ ചേർന്ന് വരത്തക്ക വിധത്തിൽ ക്രമീകരിക്കുമ്പോൾ, ദർപ്പണങ്ങൾ തമ്മിലുള്ള കോണളവ് 60 ഡിഗ്രിയാണെങ്കിൽ, അവിടെ രൂപം കൊണ്ട പ്രതിബിംബങ്ങളുടെ എണ്ണം : n = 360- 1
  36060- 1 = 6- 1 = 5

**291. താഴെ തന്നിരിക്കുന്നവയിൽ ശരിയായവ ഏതെല്ലാം:**

1. പദാർത്ഥത്തിൻറെ ഘടന മാറുമ്പോൾ രാസമാറ്റം സംഭവിക്കുന്നു.
2. നിലവിലുള്ള രാസബന്ധനങ്ങൾ മുറിക്കപ്പെടുകയും പുതിയവ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്നത് മൂലം രാസമാറ്റം നടക്കുന്നു.
3. രാസമാറ്റം സംഭവിച്ചവയെ തിരിച്ച് പഴയ രൂപത്തിൽ ആക്കാൻ കഴിയുന്നതല്ല.

A) 1,2 B) 2,3 C) 1,3 D) 1,2,3

**Solution :D. 1,2,3**

- രാസമാറ്റം എന്നത് യഥാർത്ഥത്തിൽ നിലവിലുള്ള രാസബന്ധനങ്ങൾ മുറിക്കപ്പെടുകയും പുതിയവ സൃഷ്ടിക്കപ്പെടുകയും ചെയ്യുന്ന പ്രവർത്തനമാണ്.

- ഇവിടെ ഒന്നിലധികം മൂലകങ്ങളോ സംയുക്തങ്ങളോ ചേർന്നു പുതിയ മൂലകങ്ങളോ സംയുക്തങ്ങളോ ഉണ്ടാവുകയോ ഒന്ന് തന്നെ വിഘടിച്ച് പലതായി മാറുകയോ ചെയ്യുന്നു.
- ഇവയെ തിരിച്ച് പഴയ രൂപത്തിൽ ആക്കാൻ കഴിയുന്നതല്ല.
- ഉദാഹരണം :- ഇരുമ്പ് തുരുമ്പിക്കുന്നത് , ഇന്ധനങ്ങൾ കത്തുന്നത്.

**292. പ്രസ്താവന P : സ്ഥിരമായതും പുതിയ പദാർത്ഥങ്ങൾ ഉണ്ടാവുന്നതുമായ മാറ്റമാണ് ഭൗതിക മാറ്റം.**

പ്രസ്താവന Q: ജലം ഐസാവുന്നത് ഭൗതികമാറ്റത്തിനുദാഹരണമാണ്.

A) P യും Q ഉം തെറ്റാണ്.

B) P മാത്രം ശരിയാണ്.

C) P യും Q ഉം ശരിയാണ്.

D) Q മാത്രം ശരിയാണ്.

**Solution: D. Q മാത്രം ശരിയാണ്.**

- പ്രസ്താവന P തെറ്റാണ്. സ്ഥിരമായതും പുതിയ പദാർത്ഥങ്ങൾ ഉണ്ടാവുന്നതുമായ മാറ്റമാണ് രാസ മാറ്റം.
- രാസമാറ്റത്തിനുദാഹരണമാണ് വിറക് കത്തി ചാരമാകുന്നത്.
- പദാർത്ഥങ്ങളിലെ തന്മാത്രാ ക്രമീകരണത്തിൽ മാത്രം വ്യത്യാസം സംഭവിക്കുകയും , പഴയ അവസ്ഥയിലേക്ക് എളുപ്പം മാറ്റാൻ സാധിക്കുകയും ചെയ്യുന്ന തരം മാറ്റമാണ് ഭൗതിക മാറ്റം.
- ഭൗതിക മാറ്റത്തിന് ഉദാഹരണമാണ് ജലം ഐസാവുന്നത്.

**293. ആറ്റം എന്ന പദത്തിനർത്ഥം?**

A) വിഭജിക്കാൻ കഴിയാത്തത്

B) കൂടിച്ചേർന്നത്

C) നശിപ്പിക്കാൻ കഴിയാത്തത്

D) ഇവയൊന്നും അല്ല

**Solution: A. വിഭജിക്കാൻ കഴിയാത്തത്**

- അണു (ആംഗലേയം: atom) അഥവാ ആറ്റം, ഒരു രാസമൂലകത്തിന്റെ എല്ലാ ഗുണങ്ങളും പ്രകടിപ്പിക്കുന്ന ഏറ്റവും ചെറിയ കണികയാണ്.
- പ്രപഞ്ചത്തിൽ ഉള്ള എല്ലാ പദാർത്ഥങ്ങളും നിർമ്മിക്കപ്പെട്ടിരിക്കുന്നത് വിവിധതരം അണുക്കളാലാണ്.
- ആറ്റം എന്ന പദം ലാറ്റിൻ ഭാഷയിൽ നിന്നുമുള്ളതാണ്. 'വിഭജിക്കാൻ സാധിക്കാത്തത്' എന്നാണ് ആറ്റം എന്ന വാക്കിനർത്ഥം.

- അണു അവിഭാജ്യമായ കണികയൊന്നുമല്ല. ഒരു അണുവിൽ കാണപ്പെടുന്ന വിവിധ കണങ്ങളെ സബ് ആറ്റോമിക് കണങ്ങൾ എന്നു പറയുന്നു.

**294. ശരിയായ പ്രസ്താവനകൾ തിരഞ്ഞെടുക്കുക:**

1. ഉൽപ്രേരകം ഉപയോഗിച്ച് രാസപ്രവർത്തന വേഗത വ്യത്യാസപ്പെടുത്തുന്ന പ്രവർത്തനമാണ് ഉൽപ്രേരണം.
2. പോസിറ്റീവ് കാറ്റലിസ്റ്റ് രാസപ്രവർത്തന വേഗത വർദ്ധിപ്പിക്കുന്നു.
3. നെഗറ്റീവ് കാറ്റലിസ്റ്റ് രാസപ്രവർത്തന വേഗത കുറക്കുന്നു.

A) 1,2,3 B) 2,3 C) 1,3 D) 1,2

**Solution: A. 1,2,3**

- അഭികാരകങ്ങളുടെ ഗാഢത കൂടുംതോറും യൂണിറ്റ് വ്യാപ്തത്തിലെ തന്മാത്രകളുടെ എണ്ണവും ഫലവത്തായ കൂട്ടിമുട്ടലുകളുടെ എണ്ണവും കൂടുന്നതിനാൽ രാസപ്രവർത്തന വേഗത കൂടുന്നു.
- ഖരവസ്തുക്കൾ ഉൾപ്പെട്ട രാസപ്രവർത്തനങ്ങളിൽ അവയെ ചെറുകഷ്ണങ്ങളാക്കി മാറ്റുമ്പോൾ അല്ലെങ്കിൽ പൊടിച്ച് ഉപയോഗിക്കുമ്പോൾ അവയുടെ പ്രതലപരപ്പളവ് കൂടുന്നതിനാൽ രാസപ്രവർത്തന വേഗതയും കൂടുന്നു.
- താപനില വർദ്ധിക്കുമ്പോൾ രാസപ്രവർത്തന വേഗത കൂടുന്നു.
- രാസപ്രവർത്തന വേഗത വർദ്ധിപ്പിക്കാൻ ഉപയോഗിക്കുന്ന ഉൽപ്രേരകങ്ങൾ അറിയപ്പെടുന്നത്- പോസിറ്റീവ് ഉൽപ്രേരകങ്ങൾ

**295. ആസിഡ്; ബേസ് എന്നിവയുടെ സാന്നിധ്യം തിരിച്ചറിയാൻ ഉപയോഗിക്കുന്നത്?**

A) നാരങ്ങ B) ലിറ്റ്മസ് പേപ്പർ

C) അമോണിയം ഹൈഡ്രോക്സൈഡ് D) പെറ്റൂണിയ ഇലകൾ

**Solution : B. ലിറ്റ്മസ് പേപ്പർ**

- ആസിഡ്, ബേസ് എന്നിവയുടെ സാന്നിധ്യം അറിയാൻ ഉപയോഗിക്കുന്നത് - ലിറ്റ്മസ് പേപ്പറുകൾ
- pH സ്കെയിൽ കണ്ടുപിടിച്ചത് - സൊറൻ സൊറൻസൺ
- pH മൂല്യം 7 ന് മുകളിൽ വരുന്ന പദാർത്ഥങ്ങൾ - ആൽക്കലികൾ
- pH മൂല്യം 7 ന് താഴെ വരുന്ന പദാർത്ഥങ്ങൾ - ആസിഡുകൾ

**296. ദ്രാവക അവസ്ഥയിൽ ഉള്ള അലോഹം**

A) മെർക്കുറി B) ബ്രോമിൻ C) റാഡോൺ D) ലെഡ്

**Solution: B. ബ്രോമിൻ**

- ദ്രാവക അവസ്ഥയിൽ ഉള്ള ലോഹം - മെർക്കുറി Hg (80)
- ദ്രാവക അവസ്ഥയിൽ ഉള്ള അലോഹം - ബ്രോമിൻ Br (35)
- ഭാരം കുറഞ്ഞ വാതകം - ഹൈഡ്രജൻ H (1)
- ഭാരം കൂടിയ വാതകം - റാഡോൺ Rn (86)
- സ്ഥിരത കൂടിയ ലോഹം - ലെഡ് Pb (82)

**297. ഹൈഡ്രജനും നൈട്രജനും ചേർന്നുണ്ടാകുന്ന ഒരു അലോഹ സംയുക്തം ?**

A) കറിയുപ്പ് B) അമോണിയ

C) സൾഫ്യൂരിക് ആസിഡ് D) ഇവയൊന്നുമല്ല

**Solution: B. അമോണിയ**

- അമോണിയ - NH3
- അമോണിയ വാതകത്തിൻറെ ഭൗതിക ഗുണങ്ങൾ - രൂക്ഷ ഗന്ധം,ജലത്തിൽ ലയിക്കുന്നു,വായുവിനെക്കാൾ സാന്ദ്രത കുറവ്
- അമോണിയ വാതകത്തിൻറെ ഉപയോഗങ്ങൾ - രാസവള നിർമാണം , ശീതികാരിയായി ഉപയോഗിക്കുന്നു .

**298. ' A ' ലായനി ഒരു ഹൈപ്പർടോണിക് / അതിഗാഢ ലായനി ആണ് " ഈ പ്രസ്താവന ഉപയോഗിച്ച് , താഴെ നൽകിയിട്ടുള്ളവയിൽ ശരിയായത് രേഖപ്പെടുത്തുക.**

A) A ലായനിയിൽ ലീനം കൂടുതലായി കാണപ്പെടുന്നു.

B) A ലായനിയിൽ ലായകം കൂടുതലായി കാണപ്പെടുന്നു

C) A ലായനിയുടെ ഗാഢത B ലായനിക്കു സമാനമായി കാണപ്പെടുന്നു

D) B & C ശരിയാണ്

**Solution : A. A ലായനിയിൽ ലീനം കൂടുതലായി കാണപ്പെടുന്നു.**

- A ലായനി ഒരു ഹൈപ്പർടോണിക് / അതിഗാഢ ലായനി ആയതിനാൽ അതിൽ ലീനം കൂടുതലായി കാണപ്പെടുന്നു.
- A ലായനിയിൽ ലായകത്തിൻറെ അളവ് കുറവാണ്.
- ഉദാ : കടൽ വെള്ളം , ഉപ്പിൻറെ അളവ് വളരെ കൂടുതലുള്ള ജലം.

- ലായനിയിൽ ലായകം കൂടുതലായി കാണപ്പെട്ടാൽ അവ ഹൈപ്പോടോണിക് / അൽപഗാഢ ലായനി എന്നറിയപ്പെടുന്നു.
- രണ്ട് ലായനികളുടെ ഗാഢത സമാനമായാൽ അവയെ ഐസോടോണിക് / സമഗാഢ ലായനി എന്നറിയപ്പെടുന്നു.

**299. രാസപ്രവർത്തനം വഴി ഹൈഡ്രജനെ സ്വതന്ത്രമാക്കാൻ കഴിവുള്ള പദാർത്ഥം ?**

A) ആസിഡ് B) ആൽക്കലി C) എസ്റ്റർ D) ലായിനികൾ

**Solution: A. ആസിഡ്**

- ഒരു ലായനി ആസിഡാണോ ബേസ് ആണോ എന്ന് തിരിച്ചറിയുന്നത്-pH മൂല്യം അനുസരിച്ചാണ്.
- pH ന്റെ പൂർണ്ണ രൂപം-പൊട്ടൻഷ്യൽ ഓഫ് ഹൈഡ്രജൻ (ഹൈഡ്രജന്റെ വീര്യം)
- pH സ്കെയിൽ കണ്ടുപിടിച്ചത്-സൊറാൻസൺ
- pH മൂല്യം 7നു താഴെ വരുന്ന പദാർത്ഥങ്ങൾ-ആസിഡ്

**300. താഴെ തന്നിരിക്കുന്നവയിൽ സ്ട്രക്ചറൽ ഐസോമെറിസങ്ങൾ ഏതെല്ലാം:**

1. ചെയിൻ ഐസോമെറിസം
2. പൊസിഷൻ ഐസോമെറിസം
3. മെറ്റാമെറിസം
4. ജോമെട്രിക്കൽ ഐസോമെറിസം

A) 1,2,3 B) 1,2,4 C) 2,3,4 D) 1,2,3,4

**Solution; C. 2,3,4**

- രസതന്ത്രത്തിൽ, ഒരേ തന്മാത്രാവാക്യമുള്ളതും വ്യത്യസ്ത ഘടനാവാക്യവുമുള്ള സംയുക്തങ്ങളെ ഐസോമെർ എന്ന് വിളിക്കുന്നു.
- ഇവ കാണിക്കുന്ന പ്രതിഭാസമാണ് ഐസോമെറിസം (സമാവയവത).
- ഒരേ ഫങ്ഷണൽ ഗ്രൂപ്പുള്ള ഐസോമെറുകൾ മാത്രമേ സാധാരണായായി സമാനമായ രാസ, ഭൗതിക സ്വഭാവങ്ങൾ കാണിക്കാറുള്ളൂ.
- സമാവയവതയെ പ്രധാനമായും സ്ട്രക്ചറൽ ഐസോമെറിസം (Structural Isomerism), സ്റ്റീരിയോ ഐസോമെറിസം (Stereo Isomerism) എന്നിങ്ങനെ രണ്ടായി വിഭാഗീകരിച്ചിരിക്കുന്നു.

# THANK you

GET IT ON
Google Play